ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷൻ പ്രസിദ്ധീകരണം

# കേരള ഇക്കോണമി

ഒക്ടോബർ-ഡിസംബർ 2023 പുസ്തകം 4 ലക്കം 4


കേരള സമ്പദ്ഘടനയുടെ പുനർനിർമ്മാണവും കാതലായ ചില പ്രശ്നങ്ങളും

നികുതിയേതര വരുമാനവും കേരളത്തിന്റെ സാധ്യതകളും : ഒരു വിലയിരുത്തൽ

മദ്യത്തിന്റെ നികുതി ഘടന കേരളത്തിൽ : ഒരു പഠനം

കേന്ദ്രാവിഷ്കൃത പദ്ധതികളിലെ മാറ്റവും കേരളത്തിന്റെ ധനസ്ഥിതിയും

ഉയരുന്ന കടവും കേരളത്തിന്റെ വികസനച്ചെലവിലെ വളർച്ചയും

വരുമാനവും ചെലവും തമ്മിലുള്ള ബന്ധം : കേരളത്തിന്റെ സാഹചര്യത്തിൽ

പണപ്പെരുപ്പം ദേശീയതലത്തിലും കേരളത്തിലും : ഒരു താരതമ്യ പഠനം

ഇന്ത്യയിലെ തൊഴിൽ, വേതനം എന്നിവയിലെ പ്രവണതകൾ: ആനുകാലിക തൊഴിൽ ശക്തി സർവെകളുടെ അടിസ്ഥാനത്തിൽ ഒരു വിശകലനം

സുസ്ഥിര കേരളവും കാലാവസ്ഥ വ്യതിയാനം നേരിടുന്നതിനുള്ള നടപടികളും

കേരളത്തിന്റെ സ്മാർട്ട് ടൂറിസം പദ്ധതിയിൽ നൂതന സാങ്കേതിക വിദ്യയുടെ പ്രയോഗം

ആഗോള പണപ്പെരുപ്പവും പലിശനിരക്കുകളിലെ മാറ്റവും ഇന്ത്യൻ സാഹചര്യവും

ജി എസ് ടി : പ്രധാന നടപടികൾ


GIFT GULATI INSTITUTE OF FINANCE AND TAXATION

# കേരള ഇക്കോണമി

**ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ്
ആന്റ് ടാക്സേഷൻ പ്രസിദ്ധീകരണം
ഒക്ടോബർ-ഡിസംബർ 2023 പുസ്തകം 4 ലക്കം 4**

എഡിറ്റോറിയൽ ബോർഡ്

ചെയർമാൻ
കെ എൻ ബാലഗോപാൽ

എഡിറ്റർ ഇൻ ചീഫ്
കെ ജെ ജോസഫ്

അസോസിയേറ്റ് എഡിറ്റർ
അനിത കുമാരി എൽ

ഉപദേശക സമിതി
എ വി ജോസ്
ഡി നാരായണ
കെ എൻ ഹരിലാൽ
കെ രവിരാമൻ
തങ്കം അരുൺ
രാജേശ്വരി എസ് റൈന
താരാ എസ് നായർ
സി ബാലഗോപാൽ
ഡി ഷൈജൻ
സിദ്ദിഖ് റാബിയാത്ത്
എൻ രാമലിംഗം
സക്കറിയാ സിദ്ദിഖി
അനൂപ് എസ് കുമാർ

കൺസൾട്ടിംഗ് എഡിറ്റേഴ്സ്
ജോർജ് ജോസഫ്
പ്യാരേലാൽ രാഘവൻ

അസിസ്റ്റന്റ് എഡിറ്റർ
യു പി അനിൽകുമാർ

വിലാസം
ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷൻ,
ഗിഫ്റ്റ് കാമ്പസ്, ചാവടിമുക്ക്,
ശ്രീകാര്യം, തിരുവനന്തപുരം, കേരള- 695017.
ഫോൺ : 0471 2596970, 2596980, 2590880, 2593960.
Email : keralaeconomy@gift.res.in www.gift.res.in

Disclaimer: The views expressed in this work are those of the authors and do not reflect the official policy or views of GIFT

---

Printed and published by K J Joseph on behalf of Gulati Institute of Finance and Taxation, Thiruvananthapuram. Printed at Solar Offset, Manvila, Thiruvananthapuram.
For private circulation. Not for sale.

*പുസ്തകം 4 ലക്കം 4*
*ഒക്ടോബർ – ഡിസംബർ 2023*

# ഉള്ളടക്കം

**പേജ് നമ്പർ**

1. **കേരള സമ്പദ്ഘടനയുടെ പുനർനിർമ്മാണവും കാതലായ ചില പ്രശ്നങ്ങളും** 3
   എം എ ഉമ്മൻ

2. **നികുതിയേതര വരുമാനവും കേരളത്തിന്റെ സാധ്യതകളും – ഒരു വിലയിരുത്തൽ** 13
   ബീന പി എൽ, റിതിക ജെയിൻ

3. **മദ്യത്തിന്റെ നികുതി ഘടന കേരളത്തിൽ – ഒരു പഠനം** 30
   പി കെ സന്തോഷ്കുമാർ, ഹസീന അക്ബർ, അഞ്ജലി ഹരിദാസ്

4. **കേന്ദ്രാവിഷ്കൃത പദ്ധതികളിലെ മാറ്റവും കേരളത്തിന്റെ ധനസ്ഥിതിയും** 37
   ബിന്ദു പി വർഗ്ഗീസ്, ബി എം അനിൽകുമാർ

5. **ഉയരുന്ന കടവും കേരളത്തിന്റെ വികസനച്ചെലവിലെ വളർച്ചയും** 46
   സ്റ്റെഫി ആൻറണി, പി എസ് രഞ്ജിത്ത്

6. **വരുമാനവും ചെലവും തമ്മിലുള്ള ബന്ധം : കേരളത്തിന്റെ സാഹചര്യത്തിൽ**
   ഷംന തച്ചപ്പറമ്പൻ 55

7. **പണപ്പെരുപ്പം ദേശീയതലത്തിലും കേരളത്തിലും – ഒരു താരതമ്യ പഠനം** 62
   ആദിത്യ കൃഷ്ണൻ, പി. എസ് രഞ്ജിത്ത്

8. **ഇന്ത്യയിലെ തൊഴിൽ, വേതനം എന്നിവയിലെ പ്രവണതകൾ: ആനുകാലിക തൊഴിൽ ശക്തി സർവെകളുടെ അടിസ്ഥാനത്തിൽ ഒരു വിശകലനം** 76
   ബി എസ് സുമലത

9. **സുസ്ഥിര കേരളവും കാലാവസ്ഥ വ്യതിയാനം നേരിടുന്നതിനുള്ള നടപടികളും** 86
   അനിത വി

10. **കേരളത്തിന്റെ സ്മാർട്ട് ടൂറിസം പദ്ധതിയിൽ നൂതന സാങ്കേതിക വിദ്യയുടെ പ്രയോഗം** 92
ആർ ജെ റീജോ

11. **ആഗോള പണപ്പെരുപ്പവും പലിശനിരക്കുകളിലെ മാറ്റവും ഇന്ത്യൻ സാഹചര്യവും** 104
അശ്വതി റേച്ചൽ വർഗീസ്

12. **GST updates** 113
Relfi Paul

13. **New studies on Kerala** 124
Young scholars' forum, GIFT.

14. **What is new(s) from GIFT** 137

*കേരള ഇക്കോണമി*
*പുസ്തകം 4 ലക്കം 4*
*ഒക്ടോബർ – ഡിസംബർ 2023*

# കേരള സമ്പദ്ഘടനയുടെ പുനർനിർമ്മാണവും കാതലായ ചില പ്രശ്നങ്ങളും

എം എ ഉമ്മൻ

വിശാലാടിസ്ഥാനത്തിൽ ചിന്തിക്കുമ്പോൾ ഒരു സമ്പദ്ഘടനയെന്നാൽ അതിലെ ജനങ്ങളുടെ ഭൗതികമായ ആവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള സാമൂഹ്യമായ ഒരു ക്രമീകരണം എന്ന് വിവക്ഷിക്കാം. അതുകൊണ്ട് അതിന് സാമൂഹ്യമായ ഒരു തലമുണ്ട്. ഇന്ത്യൻ സമ്പദ്ഘടനയുമായി ബന്ധപ്പെട്ട് കിടക്കുന്ന ഒരു സംസ്ഥാനതല സമ്പദ്ഘടനയാണ് കേരളം. ഭരണഘടനയിൽ അധിഷ്ഠിതമായ ഒരു ഫെഡറൽ സംവിധാനത്തിൽ 'പ്രത്യേകമായ നാമത്തോട്' കൂടിയ ഒരു പ്രാദേശിക ജനവിഭാഗമാണ് കേരളീയർ. 1957 ഏപ്രിൽ അഞ്ചിന് ബാലറ്റ് വഴിയായി ആദ്യത്തെ കമ്യൂണിസ്റ്റ് ഭരണം നിലവിൽ വന്നതും ഇവിടെയാണ്. അത് അന്ധവിശ്വാസങ്ങൾക്ക് മേൽ പൊതുബോധം നേടിയ ഒരു വിജയമാണെന്ന് കാണാം. ജാതി – വർഗ്ഗ വിവേചനങ്ങൾക്ക് മേൽ ജനങ്ങൾ കൈവരിച്ച വിജയമെന്നും വിലയിരുത്താം.

അക്കാലം മുതൽക്ക് തന്നെ കേരളം സാമൂഹ്യതലത്തിൽ നിരവധി നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്. പ്രമുഖ ചിന്തകൻ റോബിൻ ജെഫ്രി ചൂണ്ടിക്കാട്ടിയത് പോലെ, കേരളം നിരവധി വിദഗ്ധരുടെയും നയരൂപീകരണ കർത്താക്കളുടെയും ആകർഷകമായ ഒരു വിഷയമായി മാറിയിട്ടുണ്ട്. അങ്ങനെ കേരളം പല കാര്യങ്ങളിലും തല ഉയർത്തി പിടിച്ചു നിൽക്കുമ്പോൾ തന്നെ, സ്ഥിരതയാർന്ന വികസനം കൈവരിക്കുന്ന കാര്യത്തിൽ നിരന്തരമായ ജാഗ്രത പുലർത്തേണ്ടതുണ്ട്. 2018ൽ കേരളം മഹാപ്രളയത്തിന് സാക്ഷ്യം വഹിച്ചപ്പോൾ മുഖ്യമന്ത്രി പിണറായി വിജയൻ കേരളത്തെ എല്ലാ നിലവാരത്തിലും മാറ്റിയെടുക്കുന്നതിനുള്ള ഒരു അവസരവും വെല്ലുവിളിയുമായി അതിനെ ഏറ്റെടുക്കണമെന്ന് ആഹ്വാനം ചെയ്യുകയുണ്ടായി. ചാറ്റ് ജി പി ടി പോലുള്ള നിർമ്മിത ബുദ്ധി, ലാർജ് ലാങ്ഗ്വേജ് മോഡൽ (എൽ എൽ എം) തുടങ്ങിയ സാങ്കേതിക രംഗത്തെ വമ്പൻ മാറ്റങ്ങൾ അവസരങ്ങളുടെ വലിയ ജാലകങ്ങൾ നമുക്ക് മുന്നിൽ തുറന്ന് തരികയാണ്.

***ഇന്ത്യൻ സമ്പദ്വ്യവസ്ഥയുമായി ബന്ധപ്പെട്ടിരിക്കുന്ന ഒരു സംസ്ഥാനമാണ് കേരളം. ഭരണഘടനയുടെ ഫെഡറൽ സംവിധാനത്തിന്റെ അടിസ്ഥാനത്തിൽ 1957 ഏപ്രിൽ 5 നു വോട്ട് പെട്ടിയിലൂടെ അധികാരത്തിലെത്തിയ ആദ്യ കമ്യൂണിസ്റ്റ് ഭരണത്തിന് കീഴിൽ കേരളത്തിന് ഒരു പേരും പ്രാദേശികമായ ജീവിത രീതികളുമുണ്ടെന്ന് കാണാം. അത് അന്ധവിശ്വാസങ്ങൾക്ക് മേൽ നേടിയ വിജയവും ഒപ്പം വർഗ്ഗ, ജാതി അസമത്വങ്ങൾക്ക് മേൽ പൊതുസമൂഹം നേടിയെടുത്ത വിജയവുമാണ്.***

***രാജ്യത്തിൻറെ മറ്റു ഭാഗങ്ങളിൽ നിന്ന് വ്യത്യസ്തമായി കേരളത്തിലെ നെൽകൃഷി നീർ വാഴ്ചയെ അടിസ്ഥാനമാക്കിയാണ്. അതുകൊണ്ട് ലോകത്ത് തന്നെ പ്രതി ഹെക്ടറിൽ ഏറ്റവും കൂടുതൽ പാരിസ്ഥിതിക മൂല്യമുള്ള നെൽകൃഷിയുള്ളത് കേരളത്തിലാണ്.***

**പാരിസ്ഥിതിക പ്രശ്നങ്ങൾ**

പശ്ചിമഘട്ട മലനിരകളും അറബിക്കടലും, 44 നദികളും, കായൽപ്പരപ്പും കടലോരവും വനസമൃദ്ധിയും ചേർന്ന് കേരളത്തെ ഈ ഭൂമുഖത്തെ ഒരു മനോഹര തീരമാക്കി മാറ്റുന്നു. എന്നാൽ പാരിസ്ഥിതികമായ ചില പ്രശ്നങ്ങൾ, ഒരു ഹരിത സമ്പദ്ഘടന എന്ന ആശയസാക്ഷാത്കാരത്തിന്റെ കാര്യത്തിൽ കൃത്യമായ ഇടപെടൽ അനിവാര്യമാക്കുന്നുണ്ട് ഒരു കാലത്ത് മൊത്തം കൃഷിയിടങ്ങളുടെ 35 ശതമാനമായിരുന്ന പാടശേഖരം ഇന്ന് 7 ശതമാനത്തിൽ താഴെയാണ് ഇത് സംസ്ഥാനത്തിന് അപരിഹാര്യമായ ഒരു നഷ്ടം തന്നെയാണ്

ഇന്ത്യയിലെ മറ്റു പ്രദേശങ്ങളിൽ നിന്നും വ്യത്യസ്തമായി കേരളത്തിൽ നെൽകൃഷി നടക്കുന്നത് പ്രധാനമായും മഴയെ ആശ്രയിച്ചാണ്. ഇവിടത്തെ ഓരോ ഹെക്ടറിന്റെയും പാരിസ്ഥിതിക മൂല്യം ലോകത്ത് തന്നെ ഉയർന്ന തോതിലുള്ളതാണ്. ചില റിപ്പോർട്ടുകൾ പറയുന്നത്, വയനാട്ടിലെ 97 ശതമാനം നെൽപ്പാടങ്ങളും കൃഷിയിതര ആവശ്യങ്ങൾക്കായി തരം മാറ്റി എന്നാണ്. ഇതുതന്നെയാണ് കുട്ടനാട്ടിലും തൃശൂരിലെ കോൾ പാടങ്ങളിലും മറ്റു നീർത്തട പ്രദേശങ്ങളിലും സംഭവിച്ചിരിക്കുന്നത് .

ഇത്തരത്തിലുള്ള പ്രവർത്തനങ്ങളാണ് കേരളം ഇന്ന് നേരിടുന്ന ജലദൗർലഭ്യത്തിന്റെ ഒരു പ്രധാന കാരണം. 2008ൽ പാസാക്കിയ നെൽകൃഷി, നീർത്തട സംരക്ഷണ നിയമം ഏറെ വൈകിയാണ് നിലവിൽ വന്നതെന്ന് പറയാം. അതാകട്ടെ പലപ്പോഴും നിയമവിരുദ്ധമായ മാറ്റങ്ങൾക്ക് അംഗീകാരം നൽകുന്ന തരത്തിലുമായി. കായൽപ്പരപ്പ് ചുരുങ്ങുന്നു എന്നതാണ് നാം നേരിടുന്ന മറ്റൊരു പ്രധാന പ്രശ്നം. കൊച്ചി – കളമശേരി വ്യവസായ മേഖല ലോകത്ത് തന്നെ വിഷാംശം ഏറ്റവും ഉയർന്ന തോതിലുള്ള ഒരു പ്രദേശമായി മാറിയിട്ടുണ്ട്. അതുകൊണ്ട് പരിസ്ഥിതിയുടെയും പ്രകൃതിയുടെയും സംരക്ഷണത്തിന് കേരളത്തിന് സമഗ്രമായ ഒരു പദ്ധതി ആവശ്യമാണ്. ഇത്തരം പ്രശ്നങ്ങൾ അവഗണിക്കുന്നത് കേരളത്തിന്റെ സമ്പദ്ഘടനക്കും അതിനെ പുനർനിർമ്മിക്കുന്നതിന് ലക്ഷ്യമിട്ടുകൊണ്ടുള്ള 'നവകേരളം' പദ്ധതിക്കും വലിയ തിരിച്ചടിയാകും.

പാറ ഖനനം, പൊടിക്കൽ, മണ്ണെടുപ്പ് തുടങ്ങിയ പ്രവർത്തനങ്ങൾ പരിസ്ഥിതിക്ക് ഏല്പിക്കുന്ന ആഘാതം ചെറുതല്ല. പക്ഷെ സൗകര്യപൂർവം നാം അത് വിസ്മരിക്കുകയാണ്. ഈ പ്രശ്നത്തെ കുറിച്ചുള്ള നിയമസഭയുടെ പരിസ്ഥിതി കമ്മറ്റികളുടെ റിപ്പോർട്ടുകളൊന്നും അതിന്റെ കാതലായ വശങ്ങളിലേക്ക് കടന്നു പോയിട്ടില്ല. 2019ൽ സമർപ്പിച്ച ഒരു റിപ്പോർട്ടിൽ പറയുന്നത് അംഗീകൃത ക്വാറികളുടെ പത്തിരട്ടിയിലേറെ വരും അനധികൃത പാറ ഖനന കേന്ദ്രങ്ങൾ എന്നാണ്. 2018,2109 എന്നീ വർഷങ്ങളിലെ പ്രളയം, മണ്ണടിച്ചിൽ എന്നിവയുടെ പശ്ചാത്തലത്തിലും കൂടുതൽ ക്വാറികളും പൊടിക്കൽ കേന്ദ്രങ്ങളും അനുവദിക്കുകയാണ് ചെയ്തത്. കേരള നിയമസഭ 2013ലെ മാധവ് ഗാഡ്ഗിൽ കമ്മറ്റി റിപ്പോർട്ട് ഏകകണ്ഠമായി തള്ളിക്കളയുകയാണ് ചെയ്തത്. 2020 ആഗസ്ത് ആറിന് 70 പേരുടെ മരണത്തിനിടയാക്കിയ പെട്ടിമുടി ദുരന്തത്തെ കുറിച്ചുള്ള ഗാഡ്ഗിലിന്റെ പരാമർശങ്ങൾ അവഗണിച്ച് നമുക്ക് മുന്നോട്ട് പോകാൻ കഴിയില്ല.

**കേരളത്തിൽ നടക്കുന്ന പാറ ഖനനം, പാറപ്പൊടി നിർമ്മാണം, മണലൂറ്റ് തുടങ്ങിയ പ്രവർത്തനങ്ങൾ പരിസ്ഥിതിയെ വല്ലാതെ അപകടത്തിലാക്കുന്നുണ്ട്. ഇത് പരിഹരിക്കപ്പെടേണ്ട വിഷയമാണെങ്കിലും പലപ്പോഴും അവഗണിക്കപ്പെടുന്നതാണ് പതിവ്.**

'പരിസ്ഥിതിയോടും ജനങ്ങളോടും അനുഭാവം പുലർത്തുന്ന നിലപാടല്ല സർക്കാരിന്റേത്, മറിച്ച് അത് ഖനന മാഫിയക്കൊപ്പമാണ്. പുതുമല, കവളപ്പാറ, പെട്ടിമുടി ദുരന്തങ്ങൾ സർക്കാരിന്റെ കണ്ണ് തുറപ്പിച്ചിട്ടില്ല' (ദി ഹിന്ദു, ആഗസ്റ്റ് 12,2020) എന്നാണ് അദ്ദേഹം പറഞ്ഞത്.

മഹാപ്രളയം മൂലമുണ്ടായ പ്രതിസന്ധിയോട് ക്രിയാത്മകമായി പ്രതികരിക്കാൻ കേരളത്തിലെ സർക്കാരിന് കഴിഞ്ഞിട്ടുണ്ട് . ലോകബാങ്കിൽ നിന്ന് 370 ദശലക്ഷം ഡോളർ സമാഹരിക്കാൻ കഴിഞ്ഞു. എന്നാൽ 2022 ആഗസ്റ്റ് 31 വരെ അതിന്റെ 6.2 ശതമാനം അതായത്, 23.20 ദശലക്ഷം ഡോളർ മാത്രമാണ് കേരളം ആവശ്യപ്പെട്ടതെന്നത് ആശ്ചര്യജനകമാണ്. ചെലവഴിച്ചതാകട്ടെ കേവലം 3 ശതമാനവും. അമ്പരപ്പിക്കുന്ന ഒരു പ്രശ്നമാണ് ഇത്.

### ധനകാര്യ സുസ്ഥിരതയുടെ പ്രശ്നങ്ങൾ

വിദ്യാഭ്യാസം, ആരോഗ്യം, സാമൂഹ്യ സുരക്ഷ തുടങ്ങിയ മേഖലകളിൽ കേരളം മികച്ച രീതിയിലാണ് ഭരണഘടനയുടെ മാർഗ്ഗനിർദേശക തത്വങ്ങൾ പിന്തുടരുന്നതെന്ന് കാണാം. ആർട്ടിക്കിൾ 243 ജി, 243 ഡബ്ല്യൂ, 243 ഇസഡ് ഡി തുടങ്ങിയ കാര്യങ്ങളും കേരളം മികച്ച രീതിയിൽ തന്നെ നടപ്പാക്കുന്നു. 1991 മുതൽക്കുള്ള 28 വർഷത്തെ സ്ഥിതി പരിശോധിച്ചാൽ മാനവശേഷി വികസന സൂചികകളിൽ ( എച്ച് ഡി ഐ) കേരളം ഇന്ത്യയിൽ തുടർച്ചയായി ഒന്നാം സ്ഥാനത്താണ് എന്ന് കാണാം . ഇക്കാര്യത്തിൽ സംസ്ഥാനങ്ങൾ തമ്മിലുള്ള വ്യത്യാസം കുറയുന്നതും പ്രകടമാണ്. എഫ് ആർ ബി എം നിയമം നിലവിൽ വന്ന 2004–05 നു ശേഷം ഈ സൂചികകളിലെ മാറ്റം പ്രകടമായി കാണാം (ഉമ്മൻ, ചക്രവർത്തി–2023).

എന്നാൽ റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ നാലാം ചാർട്ടിൽ സൂചിപ്പിക്കുന്നത് പോലെ കുരിശേറിയ ഒരു പാപിയെന്ന പോലെയാണ് ഇന്ന് കേരളത്തിന്റെ സ്ഥിതി. സംസ്ഥാനങ്ങളുടെ അഞ്ചു വർഷക്കാലത്തെ (2017–18, 2021–22) ശരാശരി റവന്യൂ ചെലവും മൊത്തം ചെലവും തമ്മിലുള്ള അനുപാതമാണ് റിസർവ് ബാങ്കിന്റെ ഈ രേഖയിലുള്ളത്. പ്രുഡൻഷ്യൽ നിബന്ധനകൾ പാലിക്കുന്ന കാര്യത്തിൽ കേരളത്തിന്റെ ധനകാര്യ മാനേജ്മെന്റ് രംഗത്തുള്ളവർ അത്ര ശുഷ്ക്കാന്തി കാണിക്കുന്നു എന്ന് കരുതാൻ കഴിയില്ല. എന്നാൽ എല്ലാ തരത്തിലുള്ള സാമ്പത്തിക പ്രവർത്തനങ്ങളെയും കടം, കമ്മി എന്നിവയുടെ തോതിനെ ആസ്പദമാക്കി വിലയിരുത്തുന്നത് ശരിയായ ഒരു രീതിയല്ല.

ഇത്തരത്തിൽ പ്രകടമാകുന്ന സാമ്പത്തിക പ്രതിസന്ധിയുടെ ഭാരം പേറേണ്ടി വരുന്നത് ധനകാര്യ മന്ത്രിയാണ്. മുൻപ്, പണമില്ലാത്തത് മൂലം മുഖ്യമന്ത്രിക്ക് ഡൽഹിക്ക് വിമാനത്തിൽ പോകാൻ കഴിയാത്ത സ്ഥിതിയുണ്ടായിരുന്നതായി കേട്ടിട്ടുണ്ട്. എന്നാൽ അത്തരം സാഹചര്യം ഇന്നില്ല. കൊടുത്ത് തീർക്കേണ്ട പണം നൽകാതെ മാറ്റി വയ്ക്കുക എന്നതിനർത്ഥം സാമ്പത്തിക പ്രതിസന്ധിയെ നേരിടാതെ അത് മാറ്റി വയ്ക്കുന്നു എന്നാണ്. കുട്ടികളുടെ ഉച്ചഭക്ഷണത്തിനുള്ള പണം, സപ്ലൈകോയ്ക്ക് നൽകേണ്ട പണം, കരാറുകാർക്കും ആശുപത്രിയിലെ മരുന്നുകൾക്കും മറ്റുമുള്ള പണം തുടങ്ങിയ കാര്യങ്ങൾ ട്രഷറി നിയന്ത്രണം ഏർപ്പെടുത്തുക വഴി മാറ്റി വയ്ക്കുകയാണ് ചെയ്യുന്നത് . യഥാർത്ഥത്തിൽ ഇതൊരു ലിക്വിഡിറ്റി പ്രതിസന്ധിയല്ല. മറിച്ച് ചെലവുകൾക്ക് പണം തികയാതെ വരുന്ന ഒരു വരുമാന പ്രശ്നമാണെന്ന് വിലയിരുത്താം. അത്

ഗൗരവമേറിയ ഒരു വിഷയവുമാണ്. കേരളത്തിന്റെ സമ്പദ്ഘടന ശോഭനമായ ഒന്നാണ്. എന്നാൽ കേരളം പോലുള്ള സംസ്ഥാനങ്ങളുടെ ഇന്നത്തെ സ്ഥിതി വലിയൊരു നിധി കുംഭത്തിന് മുകളിലിരുന്ന് ഭിക്ഷ യാചിക്കേണ്ടി വരുന്ന ഗതികേടാണ്. ഇതിന് എങ്ങനെയാണ് നാം പരിഹാരം കണ്ടെത്തുക. യഥാർത്ഥ വസ്തുത അത് എത്ര പ്രതികൂലമായിരുന്നാലും നാം ചൂണ്ടിക്കാണിക്കേണ്ടതുണ്ട്.

ഗുലാത്തി ഇൻസ്റ്റിട്യൂട്ട് ഓഫ് ഫിനാൻസ് ആൻഡ് ടാക്സേഷനിലെ (ഗിഫ്റ്റ്) രണ്ടു വിദഗ്ദർ കണ്ടെത്തിയ ഒരു കാര്യം ഏറ്റവും നിർണ്ണായകമായ കടം - ജി എസ് ഡി പി അനുപാതം 27.8 ശതമാനമാണ് എന്നതാണ് (രഞ്ജിത്ത് , ജോസഫ് -2023). ഇത് ഒരു ബെഞ്ച്മാർക്ക് എന്ന രീതിയിലെടുത്താൽ സംസ്ഥാനം സാമ്പത്തികമായി ഒരു മാന്ദ്യ ഘട്ടത്തിലാണ്. ബജറ്റിന് പുറത്തുള്ള വായ്പകൾ ഉൾപ്പടെ ഇക്കാര്യത്തിലെ എഫ് ആർ ബി എം പരിധി 29.67 ശതമാനമാണ്. 2021 മാർച്ച് 31 ലെ സി എ ജി റിപ്പോർട്ട് പരിഗണിക്കുമ്പോൾ കടം - ജി എസ് ഡി പി അനുപാതം 42.8 ശതമാനമാണ്. എന്നാൽ 2023-24ലെ ബജറ്റ് രേഖകൾ പരിഗണിക്കുമ്പോൾ ഈ അനുപാതം 36 ശതമാനമാണ് . മൊത്തം 90,675 കോടി രൂപയോളം വരുമിത് .

സാമൂഹ്യ സുരക്ഷാ മേഖലയിൽ ചെലവഴിച്ച തുക മൂലമുണ്ടായ ഭാരം നമുക്ക് അവഗണിക്കാൻ കഴിയുന്ന ഒന്നല്ല . എന്നാൽ സാമൂഹ്യ സുരക്ഷാ പദ്ധതികൾ മികച്ച രീതിയിൽ നമുക്ക് തുടരേണ്ടതുണ്ട്. കേരളത്തിന് ഡോമർ നിബന്ധനകൾ പാലിക്കാൻ കഴിയുന്നുണ്ട് എന്നത് വസ്തുതയാണ്. ചുരുങ്ങിയ പലിശ നിരക്കാണ് ഇതിന് നിദാനം. കടത്തിന്റെ വാർഷികാടിസ്ഥാനത്തിലുള്ള വർധന കഴിഞ്ഞ കുറെ കാലങ്ങളായി സാമ്പത്തിക വളർച്ചയിൽ നിന്ന് ഏറെ ഉയരത്തിലാണ് എന്നതാണ് പ്രതിസന്ധിയുണ്ടാക്കുന്നത്. വളരുന്ന ജി എസ് ഡി പിക്ക് ആനുപാതികമായ മൂലധന ചെലവിനായുള്ള വകയിരുത്തലാണ് നിർണ്ണായകമായ ഘടകം. കഴിഞ്ഞ 11 വർഷക്കാലത്തെ മൂലധന - ജി എസ് ഡി പി അനുപാതമാണ് പട്ടിക ഒന്നിൽ കാണുന്നത് . ഇത് സ്ഥിരത പുലർത്തുന്നതായി കാണുന്നില്ല. 2016-17 വരെ സ്ഥിരമായ ഒരു വളർച്ച പ്രകടമായിരുന്നു. എന്നാൽ 2020-21 മുതൽ മറിച്ചാണ് സംഭവിക്കുന്നത് (പട്ടിക-1). പട്ടിക രണ്ടിലെ പലിശ ചെലവും റവന്യു വരുമാനവും തമ്മിലുള്ള അനുപാതവും പട്ടിക ഒന്നിലെ ഗ്രാഫും പരിശോധിക്കുമ്പോൾ 2017 വരെ സ്ഥിരത പുലർത്തിയിരുന്നതായി കാണാം. അതിനു ശേഷം സ്ഥിതി മോശമാവുമായും ചെയ്തു. 2019-20, 2020-21 എന്നീ വർഷങ്ങളിൽ അത് വീണ്ടും മെച്ചപ്പെടുന്നതായും വ്യക്തമാകുന്നുണ്ട് (പട്ടിക 2), (രേഖാചിത്രം -1) 9.723 ശതമാനം പലിശയോടെ മസാല ബോണ്ട് ഇറക്കിയതും 8 ശതമാനത്തിലധികം പലിശക്ക് റിസർവ് ബാങ്ക് ഓക്ഷൻ വഴി വായ്പയെടു ത്തതുമാകാം കാര്യങ്ങൾ ഈ നിലയിലെത്തിച്ചത്.

അതുകൊണ്ട് ഹ്രസ്വകാലത്തിലും മധ്യകാലത്തിലും ദീർഘകാലത്തിലുമുള്ള പരിഹാരക്രിയകൾ ഇക്കാര്യത്തിൽ സ്വീകരിക്കേണ്ടത് ഏറെ പ്രാധാന്യമുള്ള കാര്യമാണ്. ധനപരവും സാമ്പത്തികവും രാഷ്ട്രീയവുമായ നടപടികൾ ഇതിലുൾപ്പെടുന്നുണ്ട്. മധ്യകാലത്തിൽ സ്വീകരിക്കേണ്ട ചില സാമ്പത്തിക നടപടികൾ മാത്രമാണ് ഇവിടെ പരാമർശിക്കാൻ ഉദ്ദേശിക്കുന്നത്.

ഒന്ന്, സേവന മേഖലയാണ് കേരളത്തിന്റെ സമ്പദ്ഘടനയെ മുന്നിൽ നിന്ന് നയിക്കുന്നത്. ലാംബ, സുബ്രഹ്മണ്യൻ (2020) എന്നിവരുടെ ഒരു പ്രയോഗം കടമെടുത്താൽ 'പ്രിക്കോഷ്യസ് സർവീസിഫിക്കേഷൻ' എന്ന് പറയാം. മറ്റു രാജ്യങ്ങളുടേതു പോലെ കേരളത്തിന്റെ സമ്പദ് വ്യവസ്ഥയുടെ വളർച്ച മാനുഫാക്റ്ററിങ് രംഗത്തെ ആധാരമാക്കിയല്ല. വിപുലമായ ഒരു ഉപഭോക്തൃ സംസ്ഥാനമായ കേരളം വലിയ തോതിലുള്ള വ്യാപാര കമ്മിയാണ് നേരിടുന്നത്. അതായത് കയറ്റുമതി ചെയ്യുന്നതിനേക്കാൾ കൂടുതൽ ഇറക്കുമതി ചെയ്യുന്നു എന്ന് സാരം. സുശീൽ ഖന്ന കണ്ടെത്തിയിരിക്കുന്നത് ഏതാണ്ട് ഒരു ട്രില്യൺ രൂപയുടെ വ്യാപാര കമ്മിയയാണ് (ഖന്ന - 2020)

**Table 1:** Share of kerala's capital outlay to GSDP (2012-13 to 2022-23)

| Year | Capital Outlay (In Crore) | GSDP (In Crore) | Capital Outlay/ GSDP |
|---|---|---|---|
| 2012-13 | 3465.66 | 379417 | 0.91% |
| 2013-14 | 3497.62 | 462916 | 0.76% |
| 2014-15 | 3880.54 | 526002 | 0.74% |
| 2015-16 | 6518.48 | 557947 | 1.17% |
| 2016-17 | 8945.65 | 616357 | 1.45% |
| 2017-18 | 8748.87 | 701577.4 | 1.25% |
| 2018-19 | 7430.54 | 790302.3 | 0.94% |
| 2019-20 | 8454.8 | 824374.2 | 1.03% |
| 2020-21 | 11935.76 | 771008.7 | 1.55% |
| 2021-22 | 13207.68 | 906920.9 | 1.46% |
| 2022-23 (Revised Estimate) | 14079.47 | 1017873 | 1.38% |

*Source: Budget in Brief, Govt of Kerala, Various Years*

**Table 2:** Interest payments and revenue receipts ratio ((2012-13 to 2022-23))

| Year | Interest Payment | Revenue Receipts | Interest Payment/ Revenue Receipts |
|---|---|---|---|
| 2012-13 | 7204.81 | 44137.3 | 16.32% |
| 2013-14 | 8265.38 | 49176.9 | 16.81% |
| 2014-15 | 9769.59 | 57950.5 | 16.86% |
| 2015-16 | 11110.6 | 69032.7 | 16.09% |
| 2016-17 | 12116.5 | 75611.7 | 16.02% |
| 2017-18 | 15119.9 | 83020.1 | 18.21% |
| 2018-19 | 16747.9 | 92854.5 | 18.04% |
| 2019-20 | 19214.7 | 90224.7 | 21.30% |
| 2020-21 | 20975.4 | 97616.8 | 21.49% |
| 2021-22 | 23302.8 | 116640 | 19.98% |
| 2022-23 (Revised Estimate) | 24960.4 | 129268 | 19.31% |

*Source: Budget in Brief, Govt of Kerala, Various Years*

**Figure 1:** Interest payments and revenue receipts ratio ((2012-13 to 2022-23))




*Source: As above*

കേരളം നേരിടുന്നത് എന്നാണ്. കൊച്ചി റിഫൈനറിയിൽ നിന്നുള്ള കയറ്റുമതിയും നാണ്യവിളകളുടെയും സമുദ്രോത്പന്നങ്ങളുടെയും കയറ്റുമതിയും ഒഴിച്ചു നിർത്തിയാൽ സംസ്ഥാനത്തിന്റെ കയറ്റുമതി മേഖല പ്രായേണ ശുഷ്ക്കമാണെന്ന് കാണാം. എന്നാൽ ഇത്ര വിപുലമായ ഒരു ഉപഭോക്തൃ മേഖലയുള്ളപ്പോഴും എന്തുകൊണ്ടാണ് കേരളത്തിൽ കാര്യമായ ഉത്പാദനം നടക്കാതിരുന്നത് എന്നത് അന്വേഷിക്കപ്പെടേണ്ട ഒരു കാര്യമാണ്. സ്കൂൾ, കോളേജ് വിദ്യാഭ്യാസം , ചികിത്സാ രംഗം തുടങ്ങിയ മേഖലകളിലുള്ള വിപുലമായ ആവശ്യങ്ങൾ മുതലാക്കാൻ കേരളത്തിന് കഴിയാതെ പോയി. എഴുതുന്നതിനാവശ്യമായ പെൻസിൽ, പേന തുടങ്ങിയ സാധനങ്ങളുടെ ഉത്പാദനം പോലും സംസ്ഥാനത്തില്ല. പിന്നെ ആശുപത്രി ഉപകരണങ്ങളുടെ കാര്യം പറയേണ്ടതില്ല. ഡിജിറ്റൽ സമ്പദ്ഘടന ഒരു കുതിപ്പിന് വഴി തുറക്കുമോ എന്നാണ് ഇനി അറിയാനുള്ളത്. പണത്തിന്റെ അഭാവമല്ല ഇത്തരമൊരു സ്ഥിതിക്ക് കാരണം. ഗൾഫ് മേഖലയിൽ നിന്നുള്ള പണത്തിന്റെ ഒഴുക്ക് കുറഞ്ഞതോടെ യുവാക്കൾ മറ്റു രാജ്യങ്ങളിലേക്ക് സ്ഥിരമായി ചേക്കേറുകയാണ്. ഇത് കെയർ സേവന മേഖലയുടെ വളർച്ചക്ക് സഹായകമായ സാഹചര്യമൊരുക്കുകയാണ്. അതുകൊണ്ട് കേരളത്തിന്റെ മുൻപോട്ടുള്ള ഗമനത്തെ കുറിച്ച് ഗൗരവപൂർണമായ ആലോചന ആവശ്യമാണ്.

രണ്ട്, കേരളത്തിൽ 163 പൊതുമേഖലാ സ്ഥാപനങ്ങളുണ്ട്. 2021–22ലെ കണക്കുകൾ പ്രകാരം 62,262 കോടി രൂപയുടെ അഥവാ ജി എസ് ഡി പിയുടെ 6.7 ശതമാനം മുതൽമുടക്ക് ഇവയിലുണ്ട്. ഓരോ തൊഴിലാളിക്കുമുള്ള

**Table 3:** Own tax revenue (OTR) as percentage of total revenue receipts (TTR) (2012-13 - 2022-23)

| Year | Own Tax Revenue | Total Revenue Receipts | OTR/TRR |
|---|---|---|---|
| 2012-13 | 30076.6 | 44137.3 | 68.10% |
| 2013-14 | 31995 | 49176.9 | 65.10% |
| 2014-15 | 35232.5 | 57950.5 | 60.80% |
| 2015-16 | 38995.2 | 69032.7 | 56.50% |
| 2016-17 | 42176.4 | 75611.7 | 55.80% |
| 2017-18 | 46459.6 | 83020.1 | 56.00% |
| 2018-19 | 50644.1 | 92854.5 | 54.50% |
| 2019-20 | 50323.1 | 90224.7 | 55.80% |
| 2020-21 | 47660.8 | 97616.8 | 48.80% |
| 2021-22 | 58340.5 | 116640 | 50.00% |
| 2022-23 (Revised Estimate) | 70188.5 | 129268 | 54.30% |

*Source: Budget in Brief, Govt. of Kerala, Various Years*

**Figure 2:** Own tax revenue (OTR) as percentage of total revenue receipts (TRR)




*Source: As above*

***കേരളം പോലെ വളരെ ഉയർന്ന ഉപഭോഗം നടക്കുന്ന സംസ്ഥാനത്ത് ഉത്പാദനം വേണ്ടത്ര ഉണ്ടാകുന്നില്ല എന്നത് പരിശോധിക്കേണ്ട കാര്യമാണ്. ഉദാഹരണത്തിന്, വിദ്യാഭ്യാസ മേഖലയിൽ കേരളത്തിൽ കാര്യമായ ഡിമാന്റുണ്ടെങ്കിലും അത് നേട്ടമാക്കി മാറ്റാൻ സംസ്ഥാനത്തിന് കഴിഞ്ഞട്ടില്ല. പേന, പെൻസിൽ തുടങ്ങിയവ വലിയ തോതിൽ ഉപയോഗിക്കുന്നുണ്ടെങ്കിലും അവയുടെ ഉത്പാദനം ഉണ്ടാകുന്നില്ല. അതുപോലെ തന്നെയാണ് ആശുപത്രി ഉപകരണങ്ങളുടെ കാര്യവും.***

പ്രതിശീർഷ മുതൽമുടക്ക് 2020–21ൽ 41.13 ലക്ഷമായിരുന്നത് 2021–22ൽ 48.87 ലക്ഷമായി ഉയർന്നിട്ടുണ്ട്. എന്നാൽ 1.35 ലക്ഷം രൂപയാണ് ജീവനക്കാരുടെ പ്രതിശീർഷ നഷ്ടം രേഖപെടുത്തപ്പെട്ടിട്ടുള്ളത്. ലാഭത്തിലുള്ളതും അല്ലാത്തതുമായ എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളും ബോണസ് നൽകുന്നുണ്ട്. ഇവയുടെ അറ്റ ആസ്തി മൂല്യം നെഗറ്റീവാണ്. കെ എസ് ഇ ബി, കെ എസ് ആർ ടി സി എന്നിവയുടെ മാത്രം അറ്റനഷ്ടം കണക്കാക്കിയാൽ 30,503.57 കോടി രൂപ വരും. ഇത്തരമൊരു അവസ്ഥയിൽ കഴുത്തിൽ ഒരു വലിയ കല്ല് കെട്ടിയിട്ടുകൊണ്ട് ഒരു ധനകാര്യ മന്ത്രിക്കും നീന്താൻ കഴിയില്ല. ഇനിയും വൈകിയിട്ടില്ല, അടിയന്തിരമായി ചില നടപടികൾ വളരെ ആവശ്യമാണ്.

മൂന്ന്, ലോകത്തെ മിക്കവാറും രാജ്യങ്ങൾക്കൊപ്പം ഇന്ത്യയും പെൻഷൻ സമ്പാദ്യ പദ്ധതിയിലേക്ക് മാറിയിരിക്കുകയാണ്. ഇക്കാര്യത്തിൽ കേരളവും ശക്തമായ നിലപാടിലേക്ക് എത്തേണ്ടിയിരിക്കുന്നു. കഴിഞ്ഞ ബജറ്റിൽ പെൻഷന് വേണ്ടി വരുന്ന തുക മൊത്തം വരുമാനത്തിന്റെ 21 ശതമാനവും തനത് നികുതി വരുമാനത്തിന്റെ 32 ശതമാനവുമാണ്. ഇക്കാര്യത്തിൽ ഒരു തിരുത്തൽ നടപടിക്ക് ഇനിയും അമാന്തം പാടില്ല. കാരണം, 2012–13ൽ തനത് നികുതി വരുമാനം 68.1 ശതമാനമായിരുന്നത് 2020–21ൽ 48.8 ശതമാനാമായി താഴ്ന്നിരിക്കുകയാണ്. (പട്ടിക–3, രേഖാചിത്രം–2 എന്നിവ കാണുക) തനത് നികുതി വരുമാനം വഴിയുള്ള പിന്തുണ കുറഞ്ഞു വരുന്നതിനാൽ വികസനച്ചെലവുകൾ വലിയ പ്രതിസന്ധി നേരിടുകയാണ്. മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫിൽ ഉൾപെട്ടവർക്ക് രണ്ടു വർഷം പൂർത്തിയായാൽ പെൻഷൻ നൽകുന്നത് ഒരു തരത്തിലും ന്യായീകരിക്കത്തക്കതല്ല. പൊതുമേഖലാ സ്ഥാപനങ്ങൾ എടുക്കുന്ന വായ്പകളുടെ ബാധ്യത പേറേണ്ടി വരുന്ന സാഹചര്യം അധികകാലം തുടരാൻ കഴിയുന്നതല്ല. അലാവുദീന്റെ അത്ഭുത വിളക്ക് പോലൊന്ന് കയ്യിലില്ലാതെ ഇത്തരത്തിലുള്ള ബാധ്യതകൾക്ക് പണം നല്കാൻ ആർക്കും കഴിയുന്നതല്ല (പട്ടിക –3), (രേഖാചിത്രം –2).

നാല്, സഹകരണ മേഖല കേരളത്തിന്റെ സമ്പദ്ഘടനക്ക് ശക്തമായ പിന്തുണ നൽകുന്ന ഒന്നാണ്. മൊത്തം എണ്ണത്തിൽ രണ്ടു ശതമാനത്തിൽ താഴെ വരുന്ന പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾ ഇന്ത്യയിലെ മൊത്തം നിക്ഷേപത്തിന്റെ 70 ശതമാനം കയ്യാളുന്നു. ഈ മേഖലയുടെ ചലനാത്മകതക്ക് ഇത് വ്യക്തമായ തെളിവാണ്. സംസ്ഥാന സർക്കാർ സാമൂഹ്യ പെൻഷൻ നൽകുന്നതിനായി പ്രാഥമിക സഹകരണ സംഘങ്ങളുടെ ഒരു കൂട്ടായ്മക്ക് രൂപം നൽകുകയും അതിൽ നിന്ന് വായ്പയെടുക്കുകയും ചെയ്യുന്നുണ്ട് . എന്നാൽ അടുത്തകാലത്തായി പല സഹകരണ ബാങ്കുകൾക്കും നിക്ഷേപകർക്ക് പണം തിരികെ നല്കാൻ കഴിയാതെ വരികയും അവയുടെ വിശ്വാസ്യതക്ക് കോട്ടം തട്ടുകയും ചെയ്തതായി കാണാം. അത് വീണ്ടെടുക്കുക എന്നത് കേരളത്തിന്റെ സമ്പദ്ഘടനക്ക് അനിവാര്യമായ ഒന്നാണ്. കാരണം, പാവപ്പെട്ട ജനങ്ങൾക്ക്

***കേരളത്തിൽ 163 പൊതുമേഖല സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. 2021–22ലെ കണക്കുകൾ പ്രകാരം 62,262 കോടി രൂപയുടെ മുതൽമുടക്ക് ഇതിലുണ്ടായിട്ടുണ്ട്. സംസ്ഥാനത്തിന്റെ ജി എസ് ഡി പിയുടെ 6.7 ശതമാനം. എന്നാൽ കെ എസ് ഇ ബി, കെ എസ് ആർ ടി സി എന്നിവയുടെ മാത്രം മൊത്തം നഷ്ടം 30,503.57 കോടി രൂപയാണ്.***

സഹായം നല്കാൻ കഴിയുന്ന ഒരു രംഗമാണ് സഹകരണം.

കേന്ദ്ര –സംസ്ഥാന ബന്ധങ്ങളെ കുറിച്ചുള്ള ഒരു വിചിന്തനം ഇവിടെ പ്രസക്തമല്ലെങ്കിലും ധനഉത്തരവാദിത്വ, ബജറ്റ് മാനേജ്മെന്റ് (എഫ് ആർ ബി എം) നിയമത്തിൽ ഒരു പുനർവിചിന്തനം ആവശ്യമാണ്. കടബാധ്യത – കമ്മി അനുപാതം സംബന്ധിച്ച ഒരു പുനർവിചിന്തനവും ആവശ്യമാണ്. സംസ്ഥാനങ്ങൾക്ക് മതിയായ പ്രാതിനിത്യമുള്ള ഒരു ഫെഡറൽ സംവിധാനം ഇത് നിയന്ത്രിക്കേണ്ടതുണ്ട്. ഭരണഘടനയുടെ 246 വകുപ്പ് പ്രകാരമുള്ള അധികാര വിഭജനവും ഏഴാം പട്ടികയും കാലാനുസൃതമായി പരിഷ്കരിക്കേണ്ടതുണ്ട്. വിപണികൾ നിയന്ത്രിക്കുന്ന ഗവേണൻസ് രീതികൾ, സംസ്ഥാന പാർട്ടികളുടെ ആധിക്യം, സാങ്കേതിക രംഗത്തെ വികാസം, ജനസംഖ്യ രംഗത്തെ മാറ്റങ്ങൾ, കൺകറന്റ് ലിസ്റ്റ്, സംസ്ഥാനങ്ങൾക്ക് കൂടി അധികാരമുള്ള വിഷയങ്ങളിൽ കേന്ദ്രം നടത്തുന്ന നിയമ നിർമ്മാണങ്ങൾ, സംസ്ഥാനങ്ങൾക്ക് മേലുള്ള അമിതമായ ഭാരം തുടങ്ങിയ വളരെ പ്രധാനപ്പെട്ട ചില വിഷയങ്ങളെ കുറിച്ച് കാര്യമായി ചിന്തിക്കേണ്ടുന്ന സാഹചര്യമുണ്ട്. ഇത് ഭരണഘടനയുടെ ഏഴാം പട്ടികയുടെ കാര്യത്തിൽ ഒരു പുനർവിചിന്തനം അനിവാര്യമാക്കുന്നുണ്ട്. 11,12 എന്നീ പട്ടികകൾ കൂടി വന്നതോടെ ത്രിതല പഞ്ചായത്ത് സമ്പ്രദായത്തിലെ അധികാര വികേന്ദ്രീകരണത്തിന്റെ കാര്യത്തിൽ ആശയക്കുഴപ്പം ഉണ്ടാക്കുന്നുണ്ട് .

സബ്സിഡിയറിറ്റി തത്വങ്ങളുടെ അടിസ്ഥാനത്തിൽ ആര് എന്തൊക്കെ അധികാരങ്ങൾ വിനിയോഗിക്കണം എന്ന വലിയ ചോദ്യം ഇന്ത്യൻ ഫെഡറേഷന്റെ മുന്നിലുയരുന്നുണ്ട് . ഒരു ലെവലിൽ ഏറ്റവും മികച്ച രീതിയിൽ നിർവഹിക്കാൻ കഴിയുന്ന കാര്യങ്ങൾ ആ തലത്തിൽ തന്നെ പൂർത്തീകരിക്കേണ്ടതുണ്ട് അത് ഉയർന്ന ഒരു തലത്തിലേക്ക് മാറ്റപ്പെടരുത് . 1935ലെ ഗവണ്മെന്റ് ഓഫ് ഇന്ത്യ നിയമത്തിൽ കാര്യമായി ഊന്നിയത് മൂലം ഈ പ്രധാന ചോദ്യം ഉയർത്തുന്ന കാര്യത്തിൽ ഭരണഘടന അസംബ്ലി പരാജയപ്പെടുന്നതായി കാണാം.

ചുരുക്കത്തിൽ, നിരവധിയായ പ്രശ്നങ്ങൾ നമ്മെ ഉറ്റുനോക്കുന്നുണ്ട്. സമഗ്രമായ വീക്ഷണ ത്തോടെയുള്ള സുസ്ഥിരമായ ഒരു കേരള സമ്പദ്ഘടന വാർത്തെടുക്കുക എന്നത് ശ്രമകരമായ ഒരു ദൗത്യമാണ്. കേരളീയം പോലുള്ള നീക്കങ്ങൾക്ക് ഇക്കാര്യത്തിൽ കാതലായ പങ്ക് വഹിക്കാൻ കഴിയും. അഴിമതി ഇല്ലാതാക്കുക, യുവാക്കൾക്ക് സഹായകരമായ നിക്ഷേപ സൗകര്യങ്ങൾ ഉണ്ടാവുക തുടങ്ങിയ കാര്യങ്ങൾ അതീവ പ്രാധാന്യമുള്ളവയാണ്. കേരളത്തിന്റെ സൗന്ദര്യം വീണ്ടെടുക്കുകയും പ്രശസ്ത കവി ജോൺ കീറ്റ്സ് പറഞ്ഞത് പോലെ അതിനെ 'എക്കാലത്തും നിലനിൽക്കുന്ന സന്തോഷമായി' മാറ്റുവാനും നമുക്ക് കഴിയണം.

*[2023 നവംബർ 3-ാം തീയതി കേരള ഇക്കോണമി സെമിനാറിൽ, കേരള നിയമസഭയുടെ ശങ്കരനാരായണൻ തമ്പി ഹാളിൽ നടത്തിയ പ്രസംഗത്തിന്റെ വിപുലീകരണം.]*

■

(ഗിഫ്റ്റിന്റെ ഡിസ്റ്റിംഗ്യൂഷ്ഡ് ഫെല്ലോയാണ് ലേഖകൻ)

## End Notes

1 For more details it will be useful to read Oommen (2023) 'Are Kerala PSEs a boon or bane?', The Hindu, February 06, 2023.

2 Two other sources of borrowing are the public sector undertakings viz., Kerala state Beverages corporation Ltd., and Kerala State Financial Enterprises which made profits.

## References

1 Costanza, R et al (1997); 'The value of the world's ecosystem services and natural capital' Nature 387 (6630), 253-260.

2 GoK (2023); 'State Finances Audit Report of the Comptroller and Auditor General of India for the year ended March 2021', Report No.1.Government of Kerala.

3 GoK (2022): The Resilient Kerala Program (P174778), Program-For-Results, The 2nd Biannual Implementation Progress Report (1st March 2022 - 31st August 2022), Rebuild Kerala.

4 Government of Kerala (various years); Budget in Brief, Govt. of Kerala,

5 Jeffrey Robin (1992); *Politics, Women and Well-Being How Kerala became 'a Model'*, Palgrave Macmillan London

6 Khanna Sushil (2020); 'Kerala Economy: Through the lens of GST data', Kerala Economy, Vol.1, No.1. pp 03-06

7 Lamba and Subramonian (2020); 'Dynamism with Incommensurate Development: The Distinctive Indian Model', *Journal of Economic Perspectives*-Volume 34, Number 1 -Winter 2020- Pages 3-30.

8 Oommen (2020); The Hindu, Trivandrum edition, August 12, 2020.

9 Oommen (2023): 'Are Kerala PSEs a boon or bane?', The Hindu, February 06, 2023.

10 Oommen M A & Parma Chakravartti (2023); 'Human Development Index in India: The Post-Reform Story of Convergence', *Economic and Political Weekly* (December 16)

11 Renjith P.S. and Abin Joseph (2023); 'Kerala's debt position: a Prolonged subject of discussion', *Kerala Economy,* Vol 4.No.2., April-June 2023.

*കേരള ഇക്കോണമി*
*പുസ്തകം 4 ലക്കം 4*
*ഒക്ടോബർ – ഡിസംബർ 2023*

# നികുതിയേതര വരുമാനവും കേരളത്തിന്റെ സാധ്യതകളും – ഒരു വിലയിരുത്തൽ

ബീന പി എൽ, റിതിക ജെയിൻ

**ആമുഖം**

ഒരു സമ്പദ്ഘടനയുടെ ധനപരമായ അടിത്തറ അതിന്റെ റവന്യു വരുമാനത്തെയും ചെലവുകളെയും അടിസ്ഥാനമാക്കിയാണ് നിലകൊള്ളുന്നത്. പൗരന്മാർക്ക് ആവശ്യമായ സേവനങ്ങൾ നൽകുന്നസുസംഘടിതമായ ഒരു സംവിധാനമാണ് ഭരണകൂടമെന്നിരിക്കെ,ധനകമ്മി പരിമിതപ്പെടുത്തുക എന്ന ലക്ഷ്യം വച്ച് ചെലവുകൾ കുറയ്ക്കുന്നത് ഉചിതമായ ഒരു മാർഗ്ഗമല്ല. അതുകൊണ്ട് ചെലവുകൾ പരിമിതപ്പെടുത്തുന്നതിന് പകരം വരുമാനം ഉയർത്തുന്നതിലാണ് കൂടുതൽ ശ്രദ്ധയൂന്നേണ്ടത്. സർക്കാരിലേക്ക് വരുമാനം രണ്ടു രീതിയിലാണ് വരുന്നത്; നികുതി വരുമാനവും നികുതിയേതര വരുമാനവും. 166 രാജ്യങ്ങളുടെ കണക്കെടുക്കുമ്പോൾ അതിൽ 39 ശതമാനം രാജ്യങ്ങളുടെ വരുമാനം പ്രധാനമായും നികുതിയേതര വരുമാന സ്രോതസ്സുകളിൽ നിന്നാണ് എന്ന് കാണാം (ലോക വികസന സൂചികകൾ, ലോകബാങ്ക് –2003). ചില ഏഷ്യൻ രാജ്യങ്ങളിൽ നികുതിയേതര വരുമാനമാണ് മൊത്തം വരുമാനത്തിന്റെ സിംഹഭാഗവും. സിംഗപ്പൂർ അത്തരത്തിലുള്ള ഒരു രാജ്യമാണ് (ഷിയാ –1998). എന്നാൽ ഇന്ത്യയിൽ അത്തരത്തിൽ നികുതിയേതര മാർഗ്ഗങ്ങളിൽ നിന്നും കാര്യമായ വരുമാനം ഉണ്ടാകുന്നില്ലെന്നതാണ് ശ്രദ്ധേയമായ കാര്യം.

കേരളത്തിൽ ജനങ്ങൾക്ക് സാമൂഹ്യമായ സേവനങ്ങൾ നൽകുന്നതിന് സർക്കാർ വലിയ തോതിൽ പണം ചെലവഴിക്കുന്നുണ്ടെങ്കിലും യൂസർ ചാർജുകൾ, വിവിധ തരത്തിലുള്ള ഫീസുകൾ തുടങ്ങിയവ വഴിയായുള്ള നികുതിയേതര വരുമാനം കാര്യമായി സമാഹരിക്കപ്പെടുന്നില്ല. 2018–19 വർഷത്തെ കണക്കുകൾ പ്രകാരം കേരളത്തിന്റെ മൊത്തം റവന്യൂ വരുമാനം 102,801 കോടി രൂപയാണ്. തൊട്ടു തലേവർഷത്തെ പുതുക്കിയ ബജറ്റ് കണക്കുകളേക്കാൾ 16.5 ശതമാനം അധികമാണ് ഇത്. ഇതിൽ 72,860 കോടി രൂപയും (71%) സമാഹരിച്ചത് സംസ്ഥാനത്തിന്റെ തനത് സ്രോതസ്സുകളിൽ നിന്നാണ്. കേന്ദ്രം നൽകിയ ഗ്രാന്റുകൾ, കേന്ദ്ര നികുതി വരുമാനത്തിൽ നിന്നുള്ള വിഹിതം എന്നിവ വഴിയായി 29,942 രൂപയും (29%) നേടാൻ കഴിഞ്ഞിട്ടുണ്ട്. ഇത്തരമൊരു സാഹചര്യത്തിൽ കേരളത്തിന്റെ നികുതിയേതര വരുമാന മാർഗ്ഗങ്ങളെ കുറിച്ച് വിശകലനം ചെയ്യുകയാണ് ഈ ലേഖനത്തിൽ.

ഇതിനായി ഈ പ്രബന്ധത്തെ നാല് ഭാഗങ്ങളായി തിരിച്ചിരിക്കുന്നു. ആശയം, നിർവചനം, വിശകലനാത്മകമായ അടിത്തറ തുടങ്ങിയ വിഷയങ്ങളാണ് ഒന്നാം ഭാഗമായി ഉൾപ്പെടുത്തിയിട്ടുള്ളത്. കഴിഞ്ഞ നാല് ദശകക്കാലത്തെ കേരളത്തിന്റെ നികുതിയേതര വരുമാനത്തിന്റെ ഘടനയെയും

രീതികളെയും കുറിച്ചാണ് രണ്ടാം ഭാഗം. നികുതിയേതര വരുമാന മാർഗ്ഗങ്ങളിലെ പ്രധാന ഘടകങ്ങളെ കുറിച്ചാണ് മൂന്നാം ഭാഗം. നികുതിയേതര വരുമാന മാർഗ്ഗങ്ങൾ എങ്ങനെ ശക്തമാക്കാം എന്നതിനെ കുറിച്ചുള്ള കണ്ടെത്തലുകളും നയപരമായ മാറ്റങ്ങൾക്ക് ആവശ്യമായ നിർദേശങ്ങളും അടങ്ങുന്നതാണ് നാലാമത്തെ ഭാഗം.

## വിഭാഗം 1 – ആശയം, നിർവചനം, വിശകലന അടിത്തറ

നികുതികൾ, യൂസർ ചാർജുകൾ, വായ്പ തുടങ്ങിയ മാർഗ്ഗങ്ങൾ വഴിയാണ് സർക്കാരുകൾ പൊതുവെ വരുമാനം സമാഹരിക്കുന്നത് (മസ്ഗ്രേവ്, മസ്ഗ്രേവ് –1984). ഇതിൽ യൂസർ ചാർജുകളാണ് പ്രധാനമായും നികുതിയേതര വരുമാന മാർഗ്ഗത്തിന്റെ പട്ടികയിൽ ഉൾപ്പെടുന്നത്. ഇത്തരം ചാർജുകൾ, ഗവൺമെന്റിന് മേൽ വായ്പയുടെ കാര്യത്തിലെന്ന പോലെ ഒരു ബാധ്യതയായി മാറുന്നില്ല. നികുതി പോലെ നികുതിയേതരമായ ചാർജുകൾ നിർബന്ധ മായും അടയ്ക്കേണ്ട ഇനങ്ങളല്ല. നികുതികൾ നിർബന്ധമായും അടയ്ക്കേണ്ടി വരുമ്പോൾ നികുതിയേതരമായ കാര്യങ്ങൾ വ്യക്തികൾ സേവനം ഉപയോഗിക്കുമ്പോൾ മാത്രം നൽകേണ്ടവയാണ്. അതുകൊണ്ട് നികുതിയേതര വരുമാനത്തെ ജനങ്ങൾ വ്യക്തഗതമായ നിലയിൽ സർക്കാരിലേക്ക് അടയ്ക്കേണ്ടി വരുന്ന തുകകളാണ് എന്ന് നമുക്ക് വിലയിരുത്താം.

നികുതിയേതര വരുമാനം ഉയർത്തേണ്ട തിന്റെ പ്രാധാന്യം ആഗോളവത് കരണത്തിന്റെ പശ്ചാത്തല ത്തിൽ കൂടിവേണം കാണാം. ആഗോളവത് കരണവും ലോകത്തിന്റെ സാമ്പത്തികമായ ഏകീകരണവും ഓരോ രാജ്യത്തിന്റെയും നികുതി വരുമാനത്തിന്റെ സാധ്യതകൾക്ക് വെല്ലുവിളി ഉയർത്തുന്ന താണ്. അതുകൊണ്ട് നികുതിയേതര വരുമാനത്തിന്റെ പ്രാധാന്യം ഇപ്പോൾ ഏറി വരികയാണ് (ടാൻസി – 2000). മാത്രവുമല്ല കമ്മി നികത്തുന്നതിന് വേണ്ടി സർക്കാരുകൾ ഏറെ ബുദ്ധിമുട്ടുന്ന സാഹചര്യത്തിൽ നികുതി, നികുതിയേതര വരുമാനം ഉയർത്തുക എന്നത് കൂടുതൽ പ്രസക്ത മാവുകയാണ് (ഡാൽട്ടൻ, ഹ്യ–1949). നികുതിയേതര വരുമാനം ഉയർത്തുക എന്നത് ലക്ഷ്യമിടുമ്പോൾ അതിന്റെ സ്രോതസുകളുടെ കാര്യത്തിലെ സാദ്ധ്യ തകൾ കൂടി കണക്കിലെടു ക്കേണ്ടതുണ്ട്. കാരണം, യാഥാർഥ്യ ബോധ്യത്തോടെ യല്ലാതുള്ള ലക്ഷ്യങ്ങൾ പലപ്പോഴും വിപരീത ഫലങ്ങൾക്ക് കാരണമായേക്കാം. അതുകൊണ്ട് സാദ്ധ്യതകൾ, കാര്യശേഷി, സമ്പദ്ഘടനയിൽ അതുളവാക്കുന്ന പ്രത്യാഘാതം തുടങ്ങിയ ഘടകങ്ങൾ കൂടി ഇക്കാര്യത്തിൽ പരിഗണിക്കപ്പെടേണ്ടതുണ്ട് (പുരോഹിത്, പുരോഹിത്–2010). ഭക്ഷ്യ സുരക്ഷ, തൊഴിൽ, ആരോഗ്യം, വിദ്യാഭ്യാസം, വാർദ്ധക്യകാല പെൻഷൻ തുടങ്ങിയ പദ്ധതികൾക്ക് ആവശ്യമായ പണം കണ്ടെത്തുക എന്നത് ക്ഷേമരാഷ്ട്ര സങ്കല്പത്തിന്റെ ഒരു അടിസ്ഥാന ഘടകമാണ് (ചാർട്ട് 1)

### 1.1 : സംസ്ഥാനത്തിന്റെ തനത് നികുതിയേതര വരുമാനം

നികുതികളൊഴികെയുള്ള എല്ലാ വരു മാനത്തെയും നികുതിയേതര വരുമാനം എന്ന നിലയിലാണ് ദാസ് ഗുപ്ത (2008) നിർവചിച്ചിരിക്കുന്നത്. ഭരണപരമായ പ്രവർത്തനങ്ങളുടെ ഭാഗമായി ലഭിക്കുന്ന വരുമാനങ്ങൾ, സർക്കാർ ഉടമസ്ഥതയിലുള്ള വാണിജ്യ സ്ഥാപനങ്ങളിൽ നിന്നുള്ള വരുമാനം, പലിശ, ലാഭവിഹിതം, ഖനി കളുടെയും മറ്റും റോയൽറ്റി, തുടങ്ങിയ വരുമാനങ്ങളെയാണ് റാവു (1981) സംസ്ഥാന ത്തിന്റെ തനത് നികുതിയേതര വരുമാനം (എസ് ഒ എൻ ടി ആർ) എന്ന പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. നിയമവിരുദ്ധമായ കാര്യങ്ങൾക്കുള്ള പെനാൽറ്റി, പിഴ, എന്നി

വയും സംഭാവനകൾ, സമ്മാനങ്ങൾ, ദുരിതാ ശ്വാസ നിധി തുടങ്ങിയ മാർഗ്ഗങ്ങളിലൂടെ സർക്കാരിലേക്ക് ജനങ്ങൾ നൽകുന്ന സംഭാവന തുടങ്ങിയ കാര്യങ്ങൾ ആ നിലയിൽ കണക്കാക്കപ്പെടുന്നു.

പ്രധാനമായും മൂന്ന് സ്രോതസുകൾ വഴിയാണ് നികുതിയേതര വരുമാനം വരുന്നതെന്നാണ് ദാസ് ഗുപ്ത (2008) വ്യക്തമാക്കുന്നത്.
എ) സർക്കാർ ഉടമസ്ഥതയിലും നിയന്ത്രണ ത്തിലുമുള്ള ആസ്തികളിൽ നിന്നുള്ള വരുമാനം, ബി) സർക്കാർ ഉത്പാദിപ്പിക്കുകയും നിയന്ത്രി ക്കുകയും ചെയ്യുന്ന സാധനങ്ങൾ, സേവനങ്ങൾ എന്നിവയിൽ നിന്നുള്ള വരുമാനം, സി) ലൈസൻസ്, പെർമിറ്റ് തുടങ്ങിയ അനു വദിക്കുന്നതിൽ നിന്നുള്ള വരുമാനം. ഇത്തര ത്തിലുള്ള മാർഗങ്ങളിൽ നിന്നുള്ള വരുമാനം പരമാവധി ഉയർത്തുന്നതിന് സർക്കാരുകൾ ശ്രമിക്കണമെന്നും അദ്ദേഹം നിർദേശിക്കുന്നു. ഈ നിർവചനത്തിന്റെ അടിസ്ഥാനത്തിൽ നികുതിയേതര വരുമാനത്തെ നമുക്ക് മൂന്നായി തിരിക്കാം. നിർബന്ധമായും അടയ്ക്കേണ്ടവ, സ്വമേധയാ നല്കുന്നവ, സ്വമേധയായുള്ളതും ആവശ്യമായതുമായ പേയ്മെന്റുകൾ എന്നി വയാണ് അവ.

**എ) നിർബന്ധിതവും ആവശ്യമായതുമായ പേയ്മെന്റുകൾ:** നിയമങ്ങളും ചട്ടങ്ങളും ലംഘിക്കുന്നതിന്റെ പേരിൽ വരുന്ന പിഴയാണ് ഇതിൽ ഉൾപ്പെടുന്നത്.

**ബി) സ്വമേധയായുള്ളതും നിർബന്ധിത മല്ലാത്തതുമായ പേയ്മെന്റുകൾ:** സംഭാ വനകൾ, സമ്മാനങ്ങൾ, ക്ലെയിം ചെയ്യപ്പെടാതെ കിടക്കുന്ന ഫണ്ടുകൾ, അധികമായി അടയ്ക്ക പ്പെടുന്ന തുകകൾ എന്നിവ ഈ ഇനത്തിൽ പെടുന്നു. നികുതി ഇളവുകൾ നൽകി ഇത്തരം സംഭാവനകളെ സർക്കാരുകൾ പ്രോത്സാഹിപ്പിക്കാറുണ്ട്. പ്രധാനമന്ത്രി, മുഖ്യമന്ത്രി എന്നിവരുടെ ദുരിതാശ്വാസ നിധി ഇതിന് ഉദാഹരണമാണ്

**Chart 1:** Structure of total receipts



**സി) സ്വമേധയായുള്ളതും നിർബന്ധിത മായതും:** സംസ്ഥാനങ്ങളുടെ നികുതിയേതര വരുമാന മാർഗ്ഗങ്ങളിൽ ഇത് വലിയ സംഭാവന നൽകുന്നു. ഇതിൽ മൂന്ന് വിഭാഗങ്ങളുണ്ട്. 1. ആസ്തികളിൽ നിന്നുള്ള വരുമാനം, 2. സാധനങ്ങൾ, സേവനങ്ങൾ എന്നിവ വിൽക്കുന്നത് വഴിയുള്ള വരുമാനം, 3. നിയന്ത്രിതമായ പ്രവർത്തനങ്ങൾക്ക് ലൈസൻസ്, പെർമിറ്റ് തുടങ്ങിയവ ഏർപ്പെടുത്തുന്നത് വഴി ലഭിക്കുന്ന വരുമാനം.

**1. ആസ്തികളിൽ നിന്നുള്ള വരുമാനം**

മൂന്ന് വിഭാഗങ്ങളിലായാണ് ആസ്തികൾ വരുന്നത്. പൊതുവായ സ്വത്തുവകകൾ, സ്വകാര്യ ഉടമസ്ഥാവകാശങ്ങൾ പ്രായോഗി കമല്ലാത്ത നാശോന്മുഖമോ പുനരുപയോഗ മൂല്യമുള്ളതോ ആയവ, സർക്കാർ മുതൽ മുടക്കിലൂടെ സൃഷ്ടിക്കപ്പെട്ട ആസ്തികൾ (നേരത്തെ പൊതുടമസ്ഥത യിലകപ്പെട്ടവ ഉൾപ്പടെ) എന്നിവയാണ് അവ. ഇതിൽ ഒന്നാമത്തെ വിഭാഗത്തിൽ വരുന്നവയുടെ ഉദാഹരണമാണ് വനങ്ങൾ, സമുദ്ര വിഭവങ്ങൾ, നദീതീര പ്രദേശങ്ങളിലെ പ്രകൃതിസമ്പത്ത്, സസ്യജന്തുജാലങ്ങൾ തുടങ്ങിയവ. പ്രവേശന ഫീസ്, മലിനീകരണ നിയന്ത്രണ അനുമതികൾ, ഇത്തരം പ്രദേശങ്ങളിലെ വിഭവങ്ങൾ സമാഹരിക്കുന്നതിന് ഈടാക്കുന്ന റോയൽറ്റി തുടങ്ങിയ ഇത്തരത്തിൽ ലഭിക്കുന്ന വരുമാനത്തിന് ഉദാഹരണമാണ്. ധാതുക്കൾ ഖനനം ചെയ്യുന്നതിൽ നിന്നും ലഭിക്കുന്ന റോയൽറ്റി ഇതിന് മറ്റൊരു ഉദാഹരണമാണ്. ലോകവ്യാപകമായും ഇന്ത്യയിലെ പല സംസ്ഥാനങ്ങളിലും നികുതിയേതര വരുമാന മാർഗ്ഗങ്ങൾ വളരെ പ്രധാനമായ ഒന്നാണ്. ഇന്ത്യയിൽ നികുതി, നികുതിയേതര വരുമാന മാർഗ്ഗങ്ങൾ കണക്കിലെടുക്കുമ്പോൾ വരു മാനത്തിന്റെ കാര്യത്തിൽ അഞ്ചാം സ്ഥാന ത്താണ് ഇത്. സർക്കാർ നിക്ഷേപം വഴി സൃഷ്ടിക്കപ്പെട്ട ആസ്തികളിൽ നിന്നുള്ള ലാഭവിഹിതം, പലിശ വരുമാനം തുടങ്ങിയ ഇനങ്ങളിലായാണ് വരുമാനം ലഭിക്കുന്നത്. പൊതുമേഖലാ സ്ഥാപനങ്ങളുടെ മൂലധനം, സർക്കാർ നൽകുന്ന വായ്പകൾ തുടങ്ങിയ ഇനങ്ങൾ വഴി ലഭിക്കുന്ന വരുമാനങ്ങളാണ് ഈ പട്ടികയിൽ പ്രധാനമായും ഉൾപ്പെടുന്നത്.

**2. സാധനങ്ങളുടെ വില്പനയിൽ നിന്നുള്ള വരുമാനം**

റോഡുകൾ ഉപയോഗിക്കുന്നതിന് നൽകുന്ന ടോൾ, തേൻ, ആയുർവേദ സസ്യങ്ങൾ ഉൾപ്പടെയുള്ള വനവിഭവങ്ങളുടെ വില്പന യിൽ നിന്ന് ലഭിക്കുന്ന വിറ്റുവരവ് തുടങ്ങിയ ഇനങ്ങൾ ഇതിലുൾപ്പെടുന്നു.

**3. നിയന്ത്രിതമായ പ്രവർത്തനങ്ങൾക്കുള്ള ലൈസൻസിൽ നിന്നുള്ള വരുമാനം**

വ്യാപാര സ്ഥാപനങ്ങൾക്ക് നൽകുന്ന ലൈസൻസുകൾ, ഭൂമി, നിർമ്മാണം തുടങ്ങിയവയ്ക്കായുള്ള പെർമിറ്റുകൾ, പരിശോധനകൾക്ക് വാങ്ങുന്ന ഫീസുകൾ തുടങ്ങിയ മാർഗ്ഗങ്ങളിലൂടെ ലഭിക്കുന്ന വരുമാനമാണ് ഇത്. എന്നാൽ രെജിസ്ട്രേഷൻ ഫീസ്, മുദ്രവില തുടങ്ങിയ വയുടെ നല്ലൊരു ഭാഗവും നികുതി വരുമാന മായാണ് കണക്കാക്കുന്നത്. ഇന്ത്യയിലെ മിക്ക സംസ്ഥാനങ്ങളും നികുതിയേതര വരുമാന മാർഗ്ഗങ്ങൾ ചൂഷണം ചെയ്യുന്ന കാര്യത്തിൽ കാര്യമായ വിജയം കൈവരി ച്ചിട്ടില്ലെന്ന് കാണാൻ കഴിയും. ഇക്കാര്യത്തിൽ മുൻനിരയിൽ നിൽക്കുന്ന ഒരു രാജ്യമാണ് സിംഗപ്പൂർ. വാഹനങ്ങൾ വാങ്ങുന്നതിന് നൽകുന്ന പെർമിറ്റുകൾ അവിടെ ഒരു പ്രധാന വരുമാന മാർഗ്ഗമാണ് (ഷിയാ-1998).

രാജ്യത്തിന്റെ മൊത്തം വരുമാനത്തിൽ നികുതിയേതര വരുമാന മാർഗ്ഗങ്ങൾ വലിയ പങ്ക് നിർവഹിക്കുന്നു. ഇതിനെ നമുക്ക് രണ്ടായി തരം തിരിക്കാം, സംസ്ഥാനങ്ങളുടെ തനത് നികുതിയേതര വരുമാനം (എസ് ഒ എൻ ടി ആർ),കേന്ദ്രത്തിൽ നിന്ന് ലഭിക്കുന്ന ഗ്രാന്റുകൾ എന്നിവയാണ് അവ (ദാസ്ഗുപ്ത -2008). ഒരു സംസ്ഥാനത്തിന് പല രീതികളിലായി നികുതിയേതര വരുമാനം

സമാഹരിക്കാൻ കഴിയുന്നതാണ്. 1. പൊതുവായി നൽകുന്ന സേവനങ്ങൾ വഴിയായി 2. സാമൂഹ്യ സേവനങ്ങൾ വഴിയായി, 3. സാമ്പത്തികമായി നൽകുന്ന സേവനങ്ങളിൽ നിന്ന്, 4. ധനപരമായ സേവനങ്ങൾ, 5. പലിശയിൽ നിന്നുള്ള വരുമാനം, 6. ലാഭം, ലാഭവിഹിതം എന്നിവ വഴിയായി. ഇതിൽ ആദ്യത്തെ മൂന്ന് വിഭാഗങ്ങളിൽ ഉൾപെടുന്നവ ഭരണപരമായ വരുമാനം എന്ന ഗണത്തിൽ പെടുന്നതാണ്. സംസ്ഥാനങ്ങളുടെ തനത് നികുതിയേതര വരുമാനത്തിൽ ഇത് നല്ലൊരു പങ്ക് വഹിക്കുന്നതായി കാണാം. ഇതിനു പുറമെയാണ് പലിശ, ലാഭം, ലാഭവിഹിതം തുടങ്ങിയവ വഴിയുള്ള വരുമാനങ്ങൾ. ഇവയിൽ നിന്നുള്ള വരുമാനവും എടുത്തു പറയത്തക്കതാണ്. നികുതിയേതര വരുമാനത്തിൽ എസ് ഒ എൻ ടി ആർ ഉയർന്നു നിൽക്കുന്നത് സംസ്ഥാനങ്ങളുടെ ഇതിനുള്ള കാര്യശേഷി വ്യക്തമാക്കുന്ന ഒന്നാണ്.

സംസ്ഥാനങ്ങളുടെ തനത് നികുതിയേതര വരുമാനം അവയുടെ സ്വന്തം സ്രോതസ്സുകളിൽ നിന്നുമാണ് ഉണ്ടാകുന്നത്. ആദ്യത്തെ മൂന്ന് രീതികളിലുള്ള വരുമാനം പല സംസ്ഥാനങ്ങളുടെയും കാര്യത്തിൽ അവയുടെ തനത് നികുതി വരുമാനത്തിന്റെ മൂന്നിൽ രണ്ടു മുതൽ നാലിൽ മൂന്ന് വരെ വരുന്നുണ്ട്. ഭവന നിർമ്മാണ പദ്ധതികൾ, കാർഷിക വായ്പകൾ, സർക്കാർ സ്ഥാപനങ്ങൾക്ക് നൽകുന്ന വായ്പകൾ, ട്രഷറി ബില്ലുകൾ തുടങ്ങിയവയിൽ നിന്നാണ് പലിശ വരുമാനം പ്രധാനമായും ലഭിക്കുന്നത്. സഹകരണ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ തുടങ്ങിയവയിൽ നടത്തിയിരിക്കുന്ന നിക്ഷേപങ്ങളിൽ നിന്നുമാണ് ലാഭം, ലാഭവിഹിതം എന്നിവ ലഭിക്കുന്നത്. എന്നാൽ ധനപരമായ സേവനങ്ങളിൽ നിന്നുള്ള വരുമാനം പല സംസ്ഥാനങ്ങളുടെയും കാര്യത്തിൽ തുലോം തുച്ഛമാണെന്ന് കാണാം.

**ഭാഗം 1.2 – നികുതിയേതര വരുമാനത്തിന് പിന്നിലെ സാമ്പത്തിക സിദ്ധാന്തങ്ങൾ**

നികുതിയേതര വരുമാനത്തിന് ആധാരമാകുന്ന സാമ്പത്തിക സിദ്ധാന്തങ്ങളെ കുറിച്ചുള്ള ചർച്ച പ്രസക്തമാണ്. പൊതു താല്പര്യം ഉയർത്തി ഭരണാധികാരികൾ കൊണ്ടുവരാറുള്ള നിയമങ്ങളും ചട്ടങ്ങളും ജനങ്ങൾ ലംഘിക്കുന്ന ഘട്ടത്തിൽ പിഴ, പെനാൽറ്റി തുടങ്ങിയവ ഏർപ്പെടു ത്താറുണ്ട്. ഇത് നികുതിയേതര വരുമാനത്തിലെ പ്രധാനപ്പെട്ട ഘടകമാണ്. നികുതി സംബന്ധമായ പിഗോവിയൻ സിദ്ധാന്തത്തെ പിന്തുണക്കുന്നതാണ് ഇത്. ഇത്തരത്തിൽ പിഴ, പെനാൽറ്റി തുടങ്ങിയവ ഏർപെടുത്തുമ്പോൾ 'മാർജിനൽ ഡിറ്ററൻസ്' എന്ന ആശയം വളരെ പ്രധാനപ്പെട്ട ഒന്നാണ്. കാരണം, ജനങ്ങളുടെ ഭാഗത്തു നിന്നുമുണ്ടാകുന്ന നിയമലംഘനങ്ങളാണ് ഇതിൽ നിന്നുള്ള വരുമാനത്തിന്റെ വ്യാപ്തം നിർണ്ണയിക്കുന്നത്. (ജോർജ്, കൃഷ്ണകുമാർ–2012). ഒലിവർ ഓൾഡ്മാന്റെ (1965) അഭിപ്രായത്തിൽ താഴെ കാണുന്ന സാഹചര്യങ്ങളിൽ പിഴ ഉയരാറുണ്ട്. എ) നിയമലംഘനങ്ങൾ മൂലമുള്ള വരുമാനം കുറയുന്ന സാഹചര്യത്തിൽ, ബി) നിയമലംഘനങ്ങൾ നിർണ്ണയിക്കുന്നതിനുള്ള ബുദ്ധിമുട്ടുകളും അതിനുള്ള ചെലവും, സി) ഇത് മറ്റു നികുതിദായകർക്ക് ഉണ്ടാക്കുന്ന ആഘാതം, ഡി) കുറ്റം ചെയ്യുന്ന വ്യക്തിയുടെ മനോനില (മനഃപൂർവ്വമെങ്കിൽ ഉയർന്ന പിഴ), ഇ) കുറ്റം ആവർത്തിക്കപ്പെട്ടാൽ. സമ്മാനങ്ങൾ, സംഭാവനകൾ തുടങ്ങിയവ വഴിയായുള്ള നികുതിയേതര വരുമാനം കണക്കാക്കുന്നതിന് പ്രത്യേക സിദ്ധാന്തങ്ങൾ പൊതുവെ കാണുന്നില്ല. മാത്രവുമല്ല, ഇത്തരത്തിലുള്ള വരുമാനം തുലോം കുറവുമാണ്.

സർക്കാരിൽ നിന്നും ലഭിക്കുന്ന പ്രത്യേകമായ സേവനങ്ങൾക്ക് നൽകുന്ന നിശ്ചിത ഫീസിനെയാണ് നികുതിയേതര വരുമാന

ത്തിന്റെ ഒരു മാർഗം എന്ന നിലയിൽ വിവക്ഷിക്കുന്നത്. നികുതിയുടെ നിർവചനത്തിൽ നിന്നും ഇതിനെ വ്യത്യസ്തമാക്കുന്നത് ഇത് നിർബന്ധപൂർവം പിരിക്കുന്ന ഒന്നല്ല എന്നതാണ്. നികുതിയുടെ കാര്യത്തിൽ സർക്കാർ നികുതിദായകന് വേണ്ടി പ്രത്യേകമായി ഒന്നും ചെയ്തു കൊടുക്കുന്നില്ല. ഏതെങ്കിലും പ്രത്യേക സേവനത്തിനോ, ഉത്പന്നത്തിനോ വേണ്ടി സർക്കാർ ഈടാക്കുന്ന വിലയാണ് നികുതിയേതരമായ വരുമാനം. ഇതാകട്ടെ, സർക്കാരും ഉപയോക്താവും തമ്മിൽ വ്യക്തിഗതമായ നിലയിലുള്ള ഒന്നാണ്. എന്നാൽ നികുതി നിർബന്ധമായും ഒടുക്കിയിരിക്കേണ്ട ഒന്നാണ് (ഡാൽട്ടൻ –1949).

യൂസർ ചാർജുകൾ, ഫീസ് തുടങ്ങിയ ഇനങ്ങൾ വഴിയാണ് വ്യക്തിഗതമായി ഇത്തരം കാര്യങ്ങൾ നൽകുന്നത്. ഉത്പന്നങ്ങൾ പലപ്പോഴും പൊതുവായി വേണ്ടി വരുന്നവയായിരിക്കും. സർക്കാരുകൾക്ക് അവയ്ക്ക് മേൽ കുത്തകയുമുണ്ടാകും. പൊതുവായ വിലനിർണ്ണയ സിദ്ധാന്തത്തിന് സമാനമായ രീതിയിലാണ് ഇവിടെയും കാര്യങ്ങൾ. പൊതുഉപയോഗത്തിനുള്ള കാര്യങ്ങളുടെ ഫീസ് ഉയർത്തുന്ന സാഹചര്യത്തിൽ 'മാർജിനൽ കോസ്റ്റ്' വില നിർണ്ണയ രീതി ഇവിടെ ഉപയോഗിക്കാവുന്നതാണ്. റാംസെ ബിയോട്ടിക്സ് വില നിർണ്ണയ രീതി ഇക്കാര്യത്തിൽ അവലംബിക്കാൻ കഴിയുന്നതാണ്.

പൊതുവായ പബ്ലിക് സേവനങ്ങളുടെ കാര്യത്തിൽ സർക്കാർ സംവിധാനത്തിന് ഉയർന്ന താല്പര്യം കാണാൻ കഴിയുന്നതാണ്. എന്നാൽ വികസ്വര രാജ്യങ്ങളിൽ ഇത്തരത്തിൽ ചാർജ് ഈടാക്കുമ്പോൾ അതിന് സിദ്ധാന്തപരമായ അടിസ്ഥാനം പൊതുവെ കണ്ടുവരാറില്ല. അതായത് സിദ്ധാന്തവും പ്രയോഗവും തമ്മിൽ അജഗജാന്തര വ്യത്യാസം കാണാം. കഴിഞ്ഞ നാല് ദശകക്കാലത്തിനിടയിൽ കേരളത്തിൽ നികുതിയേതര വരുമാനത്തിന്റെ ഘടന, വളർച്ച എന്നിവയെ കുറിച്ചാണ് തുടർന്ന് വരുന്ന ഭാഗത്ത് ചർച്ച ചെയ്യുന്നത്.

**ഭാഗം–2–നികുതിയേതര വരുമാനത്തിന്റെ ഘടനയും വളർച്ചയും കേരളത്തിൽ**

സർക്കാരിന്റെ പ്രവർത്തനങ്ങളുടെ ഉപോല്പന്നം എന്ന നിലയിലാണ് നികുതിയേതര വരുമാനത്തെ പലപ്പോഴും കാണുന്നത്. 2018–19 സാമ്പത്തിക വർഷത്തിൽ ഈ ഇനത്തിൽ 14,271 കോടി രൂപ സമാഹരിക്കുവാൻ കേരളത്തിന് കഴിഞ്ഞു. 21.7 ശതമാനം വളർച്ച ഇക്കാര്യത്തിൽ കൈവരിക്കാൻ കഴിഞ്ഞത് പ്രധാനമായും ലോട്ടറിയിൽ നിന്നുള്ള വരുമാനം ഉയർന്നത് മൂലമാണ്. ആ വർഷം ലോട്ടറിയിൽ നിന്നും നേടാൻ കഴിഞ്ഞത് 11,110 കോടി രൂപയാണ്.

2017–18ലെ ബജറ്റ് അനുമാനം അനുസരിച്ച് നികുതിയേതര വരുമാനത്തിന്റെ കാര്യത്തിൽ 12.86 ശതമാനം വളർച്ച കൈവരിക്കാൻ കഴിഞ്ഞു (അനുബന്ധം–1). 1980–81 കാലയളവിൽ ഇത് താരതമ്യേന ഉയർന്ന തോതിലായിരുന്നു. എന്നാൽ 2010–11 ൽ ഇത് 6.8 ശതമാനം എന്ന നിലയിലേക്ക് ഇടിഞ്ഞു. അഖിലേന്ത്യ ശരാശരിയേക്കാളും (9.32%) ലോക നിലവാരത്തെക്കാളും ഏറെ താഴെയായായിരുന്നു കേരളം (രേഖാചിത്രം–1 കാണുക).

എന്നാൽ പിന്നീടുള്ള വർഷങ്ങളിൽ ഒരു തിരിച്ചുവരവ് പ്രകടമാണ്. 2010–11 മുതൽ

***സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിന്റെ കാര്യത്തിൽ കേരളം തമിഴ്നാട്, ഹരിയാന എന്നീ സംസ്ഥാനങ്ങൾക്ക് പിന്നിൽ മൂന്നാം സ്ഥാനത്താണ്.***

**Figure 1:** Average share of non-tax revenue to total revenue receipts in kerala




2018–19 വരെയുള്ള കാലയളവിൽ ലോട്ടറിയിൽ നിന്നുള്ള വരുമാനം ശരാശരി 31 ശതമാനം വാർഷിക വളർച്ച കൈവരിച്ചതാണ് ഇതിന് കാരണം. എന്നാൽ മൊത്ത വരുമാനത്തിന് പകരം അറ്റ വരുമാനമെടുക്കുമ്പോൾ 2011–12 മുതൽ 2016–17 വരെയുള്ള ഘട്ടത്തിൽ നികുതിയേതര വരുമാനം ശരാശരി 19 ശതമാനം ഇടിയുന്നതായി കാണാം. 2005–06 മുതൽ 2010–11 വരെയുള്ള കാലയളവിൽ 14 ശതമാനമായിരുന്നു ഇടിവ് (കെ പി ഇ ആർ സി, നാലാം സമിതി–2017) (രേഖാചിത്രം 2).

1980 മുതൽ 2018 വരെയുള്ള കാലയളവ് പരിഗണിക്കുമ്പോൾ നികുതി വരുമാനവും നികുതിയേതര വരുമാനവും വളർച്ച രേഖപ്പെടുത്തുന്നതായി കാണാം (രേഖാചിത്രം–2). എന്നാൽ നികുതി വരുമാനത്തിന്റെ വളർച്ചയുടെ തോത് കൂടുതലായിരുന്നുവെന്ന് വ്യക്തമാണ്. 2011ലെ നില വച്ച് കണക്കാക്കുമ്പോൾ ദേശീയ തലത്തിൽ ശരാശരി നികുതിയേതര വരുമാനം ജി എസ് ഡി പിയുടെ 1.23 ശതമാനമാണ്. എന്നാൽ കേരളത്തിന്റെ കാര്യത്തിൽ ഇത് 0.77 ശതമാനം മാത്രമാണ്. പശ്ചിമ ബംഗാൾ

***കേരളത്തിൽ നികുതിയേതര വരുമാനത്തിൽ കാര്യമായ വർധന ഉണ്ടാകാൻ കാരണം സംസ്ഥാനത്തിന്റെ തനതായ നികുതിയേതര വരുമാനത്തിലുണ്ടായ (എസ് ഒ എൻ ടി ആർ) വളർച്ചയാണ്.***

**Figure 2:** Pattern of composition of revenue in terms of GSDP




കഴിഞ്ഞാൽ ഏറ്റവും കുറഞ്ഞ വളർച്ച രേഖപ്പെടുത്തിയ സംസ്ഥാനം കേരളമാണ്. പ്രതിശീർഷ നികുതിയേതര വരുമാനം ദേശീയാടിസ്ഥാനത്തിൽ 879 രൂപ ആയിരിക്കെ കേരളത്തിൽ അത് 829 രൂപയാണ് (എക്സ്പെൻഡിച്ചർ കമ്മറ്റിയുടെ രണ്ടാം റിപ്പോർട്ട് –2011). എന്നാൽ തനത് നികുതി വരുമാനമെടുക്കുമ്പോൾ കേരളം, തമിഴ്നാട്, ഹരിയാന എന്നീ സംസ്ഥാനങ്ങൾക്ക് പിന്നിൽ മൂന്നാം സ്ഥാനത്താണ് (രേഖാചിത്രം 3). ഇത്തരത്തിൽ നികുതിയേതര വരുമാനത്തിന്റെ കാര്യത്തിൽ മികച്ച വളർച്ച നേടാൻ കഴിഞ്ഞത് സംസ്ഥാനത്തിന്റെ തനത് നികുതിയേതര വരുമാനം ഉയർത്താൻ കഴിഞ്ഞത് മൂലമാണ്. 1980–81 ൽ എസ് ഒ എൻ ടി ആറിന്റെ പങ്ക് കേന്ദ്ര ഗ്രാന്റുകളെക്കാൾ അധികമായിരുന്നു. തനത് വരുമാന മാർഗ്ഗങ്ങളിൽ നിന്നുള്ള വരുമാനം കാര്യമായി ഉയർത്താൻ കഴിഞ്ഞതാണ് ഇതിന് നിദാനം. എന്നാൽ 1985–നു ശേഷം കേന്ദ്ര ഗ്രാന്റുകൾ കേരളത്തിന്റെ ജി എസ് ഡി പിയിൽ നിർണ്ണായകമായ പങ്ക് വഹിക്കാൻ തുടങ്ങി. 1980–81 മുതൽ 2010–11 വരെ കേരളത്തിന്റെ ജി എസ് ഡി പിയിൽ തനത് നികുതിയേതര വരുമാനത്തേക്കാൾ ഉയർന്നതായിരുന്നു കേന്ദ്രം നൽകിയ വിഹിതം. പങ്ക് വയ്ക്കുന്ന നികുതി വിഹിതത്തിൽ ഉണ്ടായ വർധനയും നാലാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ ഘട്ടത്തിൽ കേരളത്തിന് ലഭ്യമായ ഉയർന്ന റവന്യു കമ്മി ഗ്രാന്റുമാണ് ഇതിന് കാരണമായത് (നാലാം കെ പി ഇ ആർ സി–2017). എന്നാൽ 2011–12 മുതൽ 2017–18 വരെയുള്ള ഘട്ടത്തിൽ ഇതിന് നേർ വിപരീതമാണ് സംഭവിച്ചത്. ആ ഘട്ടത്തിൽ സംസ്ഥാനത്തിന്റെ തനത് നികുതിയേതര വരുമാനം കേന്ദ്ര ഗ്രാന്റുകളെക്കാൾ കൂടുതലായിരുന്നു (രേഖാചിത്രം–3).

**Figure 3:** Trends in the composition of non-tax revenue in terms of GSDP




എൺപതുകളുടെ തുടക്കത്തിൽ സാമ്പത്തിക സേവനങ്ങൾ സംസ്ഥാനത്തിന്റെ തനത് നികുതിയേതര വരുമാനത്തിന്റെ ഏതാണ്ട് 50 ശതമാനം സംഭാവന നൽകിയെന്നാണ് ചാർട്ടിൽ നിന്ന് വ്യക്തമാകുന്നത്. തൊണ്ണൂറുകളുടെ തുടക്കം ഒഴിച്ച് നിർത്തിയാൽ പിന്നീട് ഇത് കുറയുകയായിരുന്നു. 2017–19ൽ ഇത് 9 ശതമാനമെന്ന ഏറ്റവും കുറഞ്ഞ തോതിലേക്ക് ഇടിയുകയുണ്ടായി (അനുബന്ധം 2 കാണുക). തനത് നികുതിയേതര വരുമാനത്തിൽ പൊതുസേവനങ്ങളിൽ നിന്നുള്ള വരുമാനത്തിന്റെ പങ്ക് ഉയരുന്നതായി കാണാം. എന്നാൽ സാമൂഹ്യ സേവനങ്ങളുടെ പങ്ക് കുറയുകയുണ്ടായി. 2017–19 കാലയളവിൽ ഇത് ചരിത്രത്തിലെ തന്നെ ഏറ്റവും താഴ്ന്ന നിലയിലായിരുന്നു. നാലാമത്തെ രേഖാചിത്രം വ്യക്തമാക്കുന്നത് നികുതിയേതര വരുമാനത്തിന്റെ ഘടനയിൽ കാര്യമായ മാറ്റം സംഭവിച്ചു എന്നാണ്. എൺപതുകളിലെ സാമ്പത്തിക സേവനങ്ങളിൽ നിന്നും 2010നു ശേഷം പൊതു സേവനങ്ങളിൽ നിന്നുള്ള വരുമാനത്തിലേക്ക് മാറുന്ന പ്രവണതയും വ്യക്തമാണ് (രേഖാചിത്രം 4).

നികുതിയേതര വരുമാന മാർഗങ്ങളുടെ മറ്റൊരു പ്രധാന ഭാഗം വരുമാനവും ചെലവുകളും തമ്മിലുള്ള അനുപാതമാണ്. സമീപകാലത്തെ പ്രവണത പരിശോധിക്കുമ്പോൾ സാമ്പത്തികവും പൊതുവിലുള്ളതുമായ ചെലവുകൾ അതിന്റെ വരുമാനത്തിന്റെ ഏതാണ്ട് യഥാക്രമം 9,3 ഇരട്ടി അധികമാണ് എന്ന് കാണാൻ കഴിയും. സാമൂഹ്യ സേവനങ്ങളുടെ കാര്യത്തിലേക്ക് വരുമ്പോൾ ഇത് വരുമാനത്തിന്റെ 50 ഇരട്ടി അധികരിച്ചിട്ടുണ്ട് (അനുബന്ധം–3). ഇന്ത്യയിൽ സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ ഏറ്റവും കൂടുതലുള്ളത് കേരളത്തിലാണ് (ഗിഫ്റ്റ്–2014). എന്നാൽ

**Figure 4:** Composition of SONTR in Kerala over the years

(1-General services, 2- social services, 3- economic services, 4-others)



***നികുതിയേതര വരുമാനത്തിലെ വിവിധ ഘടകങ്ങളിൽ കാര്യമായ മാറ്റം കാണാം. എൺപതുകളിൽ സാമ്പത്തിക സേവന രംഗത്ത് നിന്നായിരുന്നു കൂടുതൽ വരുമാനം നേടിയിരുന്നതെങ്കിൽ 2010നു ശേഷം പൊതുസേവനങ്ങളാണ് മുഖ്യ വരുമാന മാർഗ്ഗമായത്.***

ലാഭം, ലാഭവിഹിതം എന്നീ ഇനങ്ങളിലുള്ള ഇവയുടെ സംഭവനയാകട്ടെ തുലോം തുച്ഛമാണ് (ഐ ഐ എം കോഴിക്കോട്, 2016). എഴുപതുകളിൽ മൊത്തം നികുതി യേതര വരുമാനത്തിന്റെ 4.8 ശതമാന മായിരുന്ന ഇത് 2018 ആകുമ്പോൾ 5 ശതമാനത്തിന് അല്പം മുകളിലായെന്ന് പറയാം. സെബാസ്ററ്യൻറെ (2019) അഭിപ്രായത്തിൽ സംസ്ഥാന ബിവറേജസ് കോർപറേഷന്റെ ഉയർന്ന ലാഭവിഹിതമാണ് ഇത്തരമൊരു ഉയർച്ചക്ക് കാരണമായത്.

എന്നാൽ ഇതര പൊതുമേഖലാ സ്ഥാപന ങ്ങളിലേക്ക് സബ്സിഡിയായും വായ്പ യായും ഗണ്യമായ തുക സർക്കാർ നൽകി യിട്ടുണ്ട്. ഇവയുടെ ലാഭക്ഷമത ഉയർത്തു ന്നതിന് ദീർഘവീക്ഷണത്തോടെയുള്ള പുനരുദ്ധാരണ പദ്ധതികൾ ആവിഷ്കരി ക്കേണ്ടതുണ്ട്. എന്നാൽ കേവലം ലാഭം ഉയർത്തുക എന്നതിനുപരിയായി ഏറ്റവും ആധുനികമായ സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തി അവയുടെ ഉല്പാദന പ്രക്രിയയിൽ കാതലായ മാറ്റങ്ങൾ വരുത്തേണ്ടതുണ്ട്. 2018ലെ കേരളത്തിന്റെ സാമ്പത്തിക അവലോകന റിപ്പോർട്ട് പ്രകാരം, ഇക്കാര്യത്തിൽ മിതമായ ഒരു മുന്നേറ്റം ഉണ്ടായതായി വ്യക്തമാകുന്നുണ്ട്. കൃത്യമായി പറഞ്ഞാൽ ലാഭത്തിലായായ വയുടെ എണ്ണം കൂടുകയും നഷ്ടത്തിലുള്ള തിന്റെ എണ്ണം കുറയുകയും ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിൽ നയപരമായ തീരുമാനങ്ങൾ ക്കായുള്ള ചില ശുപാർശകൾ താഴെ ചേർക്കുന്നു.

**1. പൊതു-സ്വകാര്യ പങ്കാളിത്തം (പി പി പി):** സ്വകാര്യ മേഖലയെ സർക്കാരുകൾക്ക് ഫലപ്രദമായി ഉപയോഗിക്കാവുന്ന ഒന്നാണ്. ഇത് ബജറ്റിന്മേലുള്ള സമ്മർദ്ദം കുറയ്ക്കു ന്നതിന് സഹായകമാണെന്നതിന് പുറമെ പൊതുസേവനങ്ങൾക്ക് കൂടുതൽ ഫണ്ട് മാറ്റിവയ്ക്കുന്നതിനും സഹായകമാണ്. ഇന്ത്യയിൽ അടിസ്ഥാന സൗകര്യ വികസന മേഖലയിലാണ് പി പി പി മോഡൽ കൂടുതൽ ഫലപ്രദമായി കാണുന്നത്. കേരളത്തിൽ 2005 ഡിസംബറിനും 2019 അഗസ്റ്റിനും ഇടയിൽ ഇത്തരത്തിലുള്ള പത്തോളം പദ്ധതികൾ പ്രവർത്തനക്ഷമമായിരുന്നു. ഇതിൽ ബഹു ഭൂരിപക്ഷവും റോഡ്, വിമാനത്താവളം എന്നിവയുടെ നിർമ്മാണ മേഖലയി ലായിരുന്നു. 1999-ൽ പ്രവർത്തനമാരംഭിച്ച

***പൊതുമേഖലാ സ്ഥാപനങ്ങളുടെ ലാഭക്ഷമത ഉയർത്തുന്നതിനുള്ള ഒരു പ്രധാന മാർഗം ദീർഘകാലടിസ്ഥാനത്തിൽ പുനരുദ്ധാരണ പദ്ധതി തയാറാക്കുക എന്നതാണ്. സാങ്കേതികമായ സാധ്യതകളും ഉല്പാദനത്തിനുള്ള ശേഷിയും ഇതിനായി വിശകലനം ചെയ്യേണ്ടതുണ്ട്. കേവലം ലാഭം ഉയർത്തുക എന്നതിനല്ല ഊന്നൽ നൽകേണ്ടത്. പകരം ആധുനിക സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തിയും കേരളത്തിന്റെ വിഭവങ്ങൾ ഉപയോഗപ്പെടുത്തിയും ഉല്പാദന രീതികൾ പരിവർത്തനം ചെയ്യുക എന്നതാണ് കാര്യം.***

കൊച്ചി അന്താരാഷ്ട്ര വിമാനത്താവളം (സിയാൽ) കേരളത്തിൽ ഇത്തരത്തിലുള്ള ആദ്യ മാതൃകയായിരുന്നു. കൊച്ചി കേന്ദ്ര മാക്കി ഒരു പുതിയ വിമാനത്താവളം നിർമ്മിക്കുന്നതിന് സർക്കാരിന് സാധിക്കാതെ വന്ന സാഹചര്യത്തിലാണ് വിദേശ ഇന്ത്യക്കാരും, പൊതുജനങ്ങളും സർക്കാരും കൈകോർത്തത്. അത് പിന്നീട് വിമാന ത്താവള കമ്പനിയിലെ ഓഹരി പങ്കാളിത്തം വഴിയായി വിപുലപ്പെടുകയും ചെയ്തു. നിലവിൽ കേരള ഗവൺമെന്റിന് ഈ കമ്പനിയിൽ മൂന്നിലൊന്ന് ഓഹരി പങ്കാളിത്തമുണ്ട്. ബാക്കി പൊതു ജനങ്ങൾക്കുമാണ്. മികച്ച നിലയിൽ പ്രവർത്തിക്കുന്ന ഈ വിമാനത്താവളം ലാഭത്തിൽ പ്രവർത്തിക്കുകയും ലാഭ വിഹിതം നൽകുകയും ചെയ്യുന്നു. 2003 മുതൽ കമ്പനി തുടർച്ചയായി ലാഭവിഹിതം നൽകി വരുന്നു. വർക്കി, രഘുറാം (2002) എന്നിവർ ചൂണ്ടിക്കാട്ടുന്നത് പദ്ധതി നിർവഹണം, ഭൂമി ഏറ്റെടുക്കൽ, ഫണ്ട് സമാഹരണം, നിയന്ത്രണ സംവിധാനങ്ങളു മായുള്ള ഇടപെടൽ തുടങ്ങിയ കാര്യങ്ങളിൽ വിമാനത്താവള കമ്പനി (സിയാൽ) വിജയകരമായ ഒരു മാതൃകയാണെന്നാണ്.

ഈ അനുഭവം ചൂണ്ടികാട്ടുന്നത് പി പി പി അധിഷ്ഠിത മാതൃകയിലേക്കുള്ള മാറ്റം പൊതുമേഖലാ സ്ഥാപനങ്ങൾ നേരിടുന്ന സാമ്പത്തിക ഞെരുക്കം മറികടക്കുന്നതിന് പര്യാപ്തമാണെന്നാണ്. എന്നാൽ ഈ മാതൃക പിന്തുടരുമ്പോൾ വളരെ ശ്രദ്ധയോ ടെയുള്ള പരിശോധനകൾ ആവശ്യമാണ്. ബിൽഡ് ഓൺ ട്രാൻസ്ഫർ, ബിൽഡ് ഓൺ ഓപ്പറേറ്റ് തുടങ്ങിയ വിവിധ പി പി പി മാതൃകകളുടെ സൂക്ഷ്മമായ വിലയിരുത്തൽ ഇക്കാര്യത്തിൽ അനിവാര്യമാണ്. ഒപ്പം സുതാര്യവും ശക്തവുമായ കരാറുകൾ, സമയബന്ധിതമായ പരിശോധനകൾ എന്നിവയും അവശ്യം വേണ്ടതാണ്.

**2. പൊതുമേഖലാ കമ്പനികളിലെ ഗവേണൻസ് മെച്ചമാക്കൽ:** പൊതുമേഖലാ കമ്പനികൾ നേരിടുന്ന ഒരു പ്രധാന പ്രശ്നം ഉടമസ്ഥതയും നിയന്ത്രണവും തമ്മിലുണ്ടാ കുന്ന വിടവാണ്. ഇവിടെ കമ്പനികളുടെ ഭരണത്തലവന്മാരെ നിശ്ചയിക്കുന്നത് സർക്കാരാണ്. അതുകൊണ്ട് ഇത്തര ത്തിലുള്ള മാനേജ്മെന്റ് എപ്പോഴും സൂക്ഷ്മ പരിശോധനക്ക് വിഷയീഭവിക്കേണ്ടുന്ന ഒന്നാണ്. 2009–ൽ ഘനവ്യവസായ, പൊതു മേഖലാ സ്ഥാപനങ്ങൾക്കായുള്ള മന്ത്രാലയ ത്തിന്റെ കീഴിലുള്ള പൊതുമേഖലാ വകുപ്പ് കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ കോർപറേറ്റ് ഗവേണൻസ് റിപ്പോർട്ട് സമർപ്പിക്കണം എന്നത് നിർബന്ധമാക്കി. ഡയറക്റ്റർ ബോർഡിന്റെ രൂപീകരണം, ബോർഡ് കമ്മറ്റികളുടെ (ആഡിറ്റ് കമ്മറ്റി, ആനുകൂല്യങ്ങൾക്കായുള്ള കമ്മറ്റി) രൂപീ കരണം, പ്രവർത്തനങ്ങൾ തുടങ്ങിയ കാര്യങ്ങൾ ഇതിന്റെ പരിധിയിൽ വരുന്നു.

ഇതുകൂടാതെ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ ഒരു വിലയിരുത്തൽ റിപ്പോർട്ട് തയാറാക്കി വിവിധ മന്ത്രാലയങ്ങൾക്ക് സമർപ്പിക്കേണ്ടതുണ്ട്. അവ പിന്നീട് പബ്ലിക് എന്റർപ്രൈസസ് വകുപ്പിന് സമർപ്പിക്കുന്നു. 2010 ൽ ഈ സമ്പ്രദായം ആരംഭിച്ചപ്പോൾ ഏതാണ്ട് 60 ശതമാനം സ്ഥാപനങ്ങൾ മാത്രമാണ് വിലയിരുത്തൽ റിപ്പോർട്ട് സമർപ്പിച്ചത്. വാർഷിക റിപ്പോർട്ടിന് പുറമെ കോർപറേറ്റ് ഗവേണൻസ് റിപ്പോർട്ടും ഈ സ്ഥാപനങ്ങളിൽ നിർബന്ധമാക്കി.

**3. ധാരണാപത്രം (എം ഒ യു):** ഉത്തര വാദിത്വങ്ങൾ, ലക്ഷ്യങ്ങൾ തുടങ്ങിയവ വ്യക്തമാക്കുന്ന സർക്കാരും പൊതുമേഖലാ കമ്പനികളുടെ മാനേജ്മെന്റും ചേർന്ന് തയാറാക്കുന്ന ഒരു സുപ്രധാന രേഖയാണ് എം ഒ യു. എൺപതുകളുടെ ഒടുവിലാണ് ഇതിന് തുടക്കം കുറിച്ചത്. ഇന്ന് 80

ശതമാനത്തിലധികം കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളിലും ഇത് നടപ്പിലാക്കിയിട്ടുണ്ട്. കമ്പനികളുടെ പ്രവർത്തന സ്വാതന്ത്ര്യം ഉറപ്പാക്കുക, രാഷ്ട്രീയ ഇടപെടലുകൾ കുറയ്ക്കുക, സ്വകാര്യ മേഖലയുമായി മത്സരിക്കുന്നതിന് ഒരേ ലെവലിലുള്ള സംവിധാനം ഉറപ്പാക്കുക തുടങ്ങിയ കാര്യങ്ങളിലാണ് ഇതിന്റെ ഊന്നൽ. സെൻഗുപ്ത കമ്മറ്റിയാണ് ഇതിനുള്ള ആദ്യത്തെ മാർഗനിർദേശങ്ങൾ തയാറാക്കിയത്. പിന്നീട് ഇതിൽ പല മാറ്റങ്ങളും വരുത്തുകയുണ്ടായി. ഓരോ വർഷവും സർക്കാർ നൽകുന്ന സാമ്പത്തികമായ സഹായങ്ങൾ ഇതുമായി ബന്ധപ്പെടുത്തിക്കൊണ്ടായിരുന്നു. കേരളവും സമാനമായ ഒരു സമീപനത്തിന് രൂപം നൽകുകയുണ്ടായി. രാഷ്ട്രീയ ഇടപെടൽ പരിമിതപ്പെടുത്തുന്നതിനും സ്ഥാപനങ്ങളെ സാമ്പത്തികമായി ഉത്ത രവാദിത്വമുള്ള താക്കുന്നതിനും ലക്ഷ്യമിട്ടുകൊണ്ട്എം കേരളം ഒ യു സംവിധാനം നടപ്പാക്കുകയുണ്ടായി.

**4. ഓഹരി വിപണിയിൽ ലിസ്റ്റ് ചെയ്യൽ:** ഇതിന് ഓഹരികളുടെ വില്പന അനിവാര്യമായ ഒരു കാര്യമാണ്. എന്നാൽ കമ്പനികളിൽ സർക്കാർ നിയന്ത്രണം നഷ്ടമാകാത്ത വിധത്തിൽ ചെറിയ ഒരു ഭാഗം ഓഹരികളാണ് ഇപ്രകാരം വിൽക്കുക. ഓഹരി വിപണി ഒരു നിയന്ത്രണ സംവിധാനം കൂടിയാണ്. ഇതിൽ ലിസ്റ്റ് ചെയ്യപ്പെടുന്നതോടെ സെബി ഉൾപ്പടെയുള്ള നിയന്ത്രണ സ്ഥാപനങ്ങളുടെ മാർഗ്ഗ നിർദ്ദേശങ്ങൾ പൊതുമേഖലാ കമ്പനികൾക്കും ബാധകമാകുന്നു. ഇതിനു പുറമെ നിക്ഷേപകർ, വിദഗ്ദർ തുടങ്ങിയവരുടെ കർശനവും നിരന്തരവുമുള്ള പരിശോധന കൾക്കും നിരീക്ഷണത്തിനും കമ്പനികൾ വിധേയമാകുന്നു. ഇത് അവയുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുന്നതിന് സഹായകമാണ്.

മേൽപ്രസ്താവിച്ച നയപരമായ മാർഗങ്ങളിൽ ഏതെങ്കിലും ഒന്ന് തിരഞ്ഞെടുക്കുന്നതിന് പകരം അവയെ എല്ലാം സമന്വയിപ്പിച്ചുകൊണ്ടുള്ള ഒരു സമീപനമാണ് അഭികാമ്യം. ഇതിനെല്ലാം പുറമെ പരിഹാരം കാണേണ്ട ചില അടിസ്ഥാന കാര്യങ്ങൾ കൂടിയുണ്ട്. പൊതുമേഖലാ ബാങ്കുകളിൽ നിന്നെടുക്കുന്ന ദീർഘകാല വായ്പകൾ പലപ്പോഴും പ്രതിസന്ധിക്ക് കാരണമാകാറുണ്ട്. അതുകൊണ്ട് സ്ഥാപനത്തിന്റെ തന്നെ സംവിധാനങ്ങൾക്ക് അകത്തു നിന്നുകൊണ്ട് ദീർഘകാല വായ്പകൾ, അവയുടെ കുടിശിക തുടങ്ങിയ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള ശ്രമങ്ങൾ ഉണ്ടാകണം. അതുപോലെ ആർ ആൻഡ് ഡി പ്രവർത്തനങ്ങൾ, നൂതനമായ പുതിയ പദ്ധതികൾ, സാങ്കേതികവിദ്യയുടെ ഇറക്കുമതി തുടങ്ങിയ മേഖലകളിൽ കമ്പനികൾ പ്രവർത്തനം കൂടുതൽ കാര്യക്ഷമവും ശക്തവുമാക്കണം.

കമ്പനികളുടെ ഉടമസ്ഥതയിലുള്ള ഭൂമി, യന്ത്രസംവിധാനങ്ങൾ, തുടങ്ങിയവയുടെ ഉപയോഗം വളരെ പ്രധാനപ്പെട്ട ഒന്നാണ്. ഇത്തരത്തിലുള്ള ഘടകങ്ങൾ പ്രവർത്തനക്ഷമല്ലാത്ത സഹചര്യത്തിൽ അവ 'സിക്ക് ' അല്ലെങ്കിൽ അടച്ചു പൂട്ടേണ്ട അവസ്ഥയിലാണ്. ഇത്തരം ഭൂമികൾ സ്വകാര്യ മേഖലക്ക് പാട്ടത്തിന് നൽകാം, അല്ലെങ്കിൽ സർക്കാർ ഓഫിസുകൾ പണിയുന്നതിനായി വിനിയോഗിക്കാം. ഇത്തരത്തിലുള്ള ശുപാർശകൾ സാമ്പത്തികമായ ജീവനക്ഷമത ഉയർത്തുന്നതിനും ലാഭവും ലാഭവിഹിതവും ഉറപ്പാക്കുന്നതിന് സഹായകമാണ്.

### ഭാഗം 4–ഉപസംഹാരവും നയപരമായ ശുപാർശകളും

കേരളത്തിന്റെ മൊത്തം കടബാധ്യത ജി എസ് ഡി പിയുടെ 28.2 ശതമാനമായാണ് കണക്കാക്കിയിരിക്കുന്നത്. മറ്റു പല സംസ്ഥാനങ്ങളേക്കാൾ കൂടുതലാണ് ഇത്. ഇത്തരത്തിൽ ഉയർന്ന തോതിലുള്ള ബാധ്യത ധനപരമായി ഒരു നല്ല ലക്ഷണമായി കാണാൻ കഴിയില്ല. കേരളത്തിന്റെ

***തോട്ടങ്ങൾ ആരംഭിക്കുന്നതിനായി മൂന്നാർ, നെല്ലിയാമ്പതി തുടങ്ങിയ മേഖലകളിൽ സ്വകാര്യ വ്യക്തികൾക്ക് നൽകിയിട്ടുള്ള ഭൂമിയുടെ പാട്ടത്തുകയിൽ കാലാനുസൃതമായ മാറ്റം വരുത്തേണ്ടതുണ്ട്. ആവശ്യമെങ്കിൽ അവ തിരിച്ചു പിടിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.***

നികുതിയേതര വരുമാനത്തിന്റെ ഘടന, രീതികൾ എന്നിവയെ കുറിച്ച് മനസിലാക്കുക എന്നതായിരുന്നു ഈ പഠനത്തിന്റെ പ്രധാന ലക്ഷ്യം. 1980 നും 2018 നും ഇടയ്ക്കുള്ള ഘട്ടത്തിൽ നികുതിയേതര വരുമാനത്തിലെ സംഭാവനയുടെ കാര്യത്തിൽ സാമ്പത്തിക സേവനങ്ങളിൽ നിന്നും പൊതുവായ സേവനങ്ങളിലേക്കുള്ള ഒരു മാറ്റം പ്രകടമായി കാണാം. പൊതുസേവനങ്ങൾ ഇക്കാര്യത്തിലെ ഒരു പ്രധാന ഘടകമായി മാറുകയുണ്ടായി. കാരുണ്യ ലോട്ടറി ആരംഭിച്ചതും അന്യ സംസ്ഥാന ലോട്ടറികളുടെ വില്പന നിരോധിച്ചതും ഇതിന് ഒരു കാരണമാണ്. ലോട്ടറി ഭരണ സംവിധാനം ശക്തമാക്കുക, തട്ടിപ്പുകൾ തടയുക തുടങ്ങിയ കാര്യങ്ങൾ നന്നായി നടപ്പാക്കുന്നതായാൽ കൂടുതൽ വരുമാനം സമാഹരിക്കുന്നതിന് അത് സഹായകമാകും.

ഞങ്ങൾ കണ്ടെത്തിയ മറ്റൊരു വസ്തുത സാമ്പത്തികം, പൊതുവായവ, സാമൂഹ്യം എന്നീ മൂന്ന് സേവനങ്ങൾ വഴിയായി ലഭിക്കുന്ന വരുമാനത്തേക്കാൾ അതിനുള്ള ചെലവ് പതിന്മടങ്ങാണ് എന്നാണ്. ഒരു ഉദാഹരണമെടുത്താൽ, സാമൂഹ്യ സേവനങ്ങൾ നൽകുന്നത് വഴിയുള്ള വരുമാനത്തേക്കാൾ ഏതാണ്ട് അൻപത് മടങ്ങ് അധികമാണ് അതിനുള്ള ചെലവുകൾ. വിദ്യാഭ്യാസം, കായികമേഖല, കല, സംസ്കാരം, ആരോഗ്യ മേഖല തുടങ്ങിയ രംഗങ്ങളിലെ ചെലവുകൾ ഉയരുന്നതാണ് ഇതിന് കാരണം. അതിനാൽ ആരോഗ്യ രംഗം ഉൾപ്പടെയുള്ള മേഖലകളിൽ യൂസർ ചാർജുകളിൽ വർധന വരുത്താമെന്നാണ് നിർദേശിക്കാനുള്ളത്. വിദ്യാഭ്യാസം, ആരോഗ്യം എന്നീ മേഖലകളിൽ യുസർ ഫീ ഉയർത്താൻ കഴിയില്ലെങ്കിൽ ഇക്കാര്യത്തിൽ പണപ്പെരുപ്പത്തിന്റെ വർധന കണക്കിലെടുത്തുള്ള പരിഷ്കരണം ആവശ്യമാണ്. അതുപോലെ സേവനങ്ങൾക്ക് കൂടുതൽ പണം നല്കാൻ കഴിയുന്ന വിഭാഗങ്ങളെ കണ്ടെത്തി അതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്. ബി പി എൽ റേഷൻ കാർഡ്, പട്ടിക ജാതി/പട്ടിക വർഗം എന്ന് തെളിയിക്കുന്ന രേഖകൾ തുടങ്ങിയവ ഇതിനായി ഉപയോഗിക്കാവുന്നതാണ്. ബി പി എൽ കാർഡുടമകളെയും മറ്റു പാർശ്വവൽകൃത ജനവിഭാഗങ്ങളെയും ഫീസുകളിൽ നിന്നും ഒഴിവാക്കണം എന്നാണ് നിർദ്ദേശിക്കാനുള്ളത്.

***വിദ്യാഭ്യാസം, ആരോഗ്യം എന്നീ മേഖലകളിലെ യൂസർ ചാർജുകൾ പണപ്പെരുപ്പ നിരക്കിന് ആനുപാതികമായി ഉയർത്തേണ്ടത് ആവശ്യമാണ്. കൂടുതൽ മെച്ചപ്പെട്ട സേവനങ്ങൾ നല്കാൻ ഇത് സഹായകമാകും. അതുപോലെ, ഉയർന്ന നിരക്കുകൾ നൽകാൻ കഴിയുന്ന ജനവിഭാഗങ്ങൾക്ക് പ്രത്യേകം ചാർജ് ഏർപ്പെടുത്തുന്നതിലും തെറ്റില്ല.***

**Appendix 1:** Non - tax and state own tax revenue in the total revenue receipts (TRR) (%)

| Years | Share of SONTR to TRR | Share of SONTR to NTR | Share of GRANTS to NTR | Share of NTR to TRR |
|---|---|---|---|---|
| 1980-1985 | 16.37 | 60.68 | 39.32 | 26.43 |
| 1985-1990 | 10.24 | 44.99 | 55.01 | 23.31 |
| 1990-1995 | 8.41 | 38.08 | 61.92 | 22.13 |
| 1995-2000 | 8.08 | 47.42 | 52.58 | 17.04 |
| 2000-2005 | 6.5 | 42.98 | 57.02 | 15.37 |
| 2005-2010 | 6.09 | 38.27 | 64.01 | 17.06 |
| 2010-2015 | 9.29 | 50.54 | 49.46 | 18.31 |
| 2015-2019 | 13.05 | 53.16 | 46.84 | 24.60 |

*Source: Computed based on data from study of State Finances, RBI, Various Issues.*

**Appendix 2:** Shares of general, social and economic services in SONTR of kerala (% )

| Years | GEN/SONTR | SOC/SONTR | ECO/SONTR | OTHERS/ SONTR |
|---|---|---|---|---|
| 1980-1985 | 24.70 | 16.78 | 47.92 | 10.60 |
| 1985-1990 | 26.21 | 16.65 | 39.83 | 17.31 |
| 1990-1995 | 32.32 | 12.95 | 44.44 | 10.30 |
| 1995-2000 | 32.65 | 11.27 | 43.06 | 13.02 |
| 2000-2005 | 38.46 | 14.70 | 39.67 | 7.18 |
| 2005-2012 | 49.77 | 12.16 | 29.37 | 8.70 |
| 2012-2017 | 79.33 | 6.20 | 11.08 | 3.39 |
| 2017-2019 | 83.60 | 5 | 8.58 | 2.62 |

**Appendix 3:** Ratio of expenditure to revenue across sectors

| Year | General Services | Social services | Economic services |
|---|---|---|---|
| 2014-15 | 3.18 | 48.88 | 8.87 |
| 2015-16 | 3.18 | 56.04 | 7.66 |
| 2016-17 | 3.16 | 55.20 | 8.72 |
| 2017-18 | 2.77 | 64.82 | 10.33 |
| 2018-19 | 3.34 | 48.46 | 9.35 |

*Source: Computed based on inputs from Finance Department, 2020*

പൊതുവിഭാഗത്തിൽ ഉൾപ്പെടുന്ന ഇനങ്ങളിൽ താരതമ്യേന ചെലവ് കുറ വാണെന്ന് കാണാം. ലോട്ടറിയാണ് ഇതിൽ മുഖ്യം. എന്നാൽ പെൻഷൻ, വിരമിക്കൽ ആനുകൂല്യങ്ങൾ തുടങ്ങിയവ നൽകുന്നത് വലിയ ബാധ്യതയാണ് വരുത്തുന്നത്. ഇതെല്ലം സാമൂഹ്യ ക്ഷേമം എന്ന ലേബലിലാണ് വരുന്നത്. വിനോദസഞ്ചാരം, ഭവന നിർമ്മാണം, വിനോദോപാധികൾ, പരസ്യങ്ങൾ, ലോഹങ്ങളുടെ ഖനനം തുടങ്ങിയ മേഖലകളിൽ നൽകുന്ന സർക്കാർ സേവനങ്ങളിൽ നിന്ന് കൂടുതൽ വരുമാനം നേടുന്നതിന് ശ്രമിക്കേണ്ടതാണ്. അതു പോലെ നിയമവിരുദ്ധമായ പാറ പൊട്ടിക്കലിന് വൻ പിഴ ഈടാക്കാൻ ശ്രമിക്കേണ്ടതാണ്. മറ്റൊരു പ്രധാനപ്പെട്ട കാര്യം കാര്യക്ഷമമായി പ്രവർത്തിക്കാത്ത സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളെ ഒഴിവാക്കുക എന്നതാണ്. നേരത്തെ മുന്നോട്ട് വച്ച നയപരമായ കാര്യങ്ങൾ ഇതിനായി പ്രയോജനപ്പെടുത്താവുന്നതാണ. നികുതിയേതര വരുമാനവുമായി ബന്ധപ്പെട്ട കണക്കുകൾ കൃത്യമായി സൂക്ഷിക്കുകയും നിരീക്ഷിക്കുകയും ചെയ്യുന്നത് മികച്ച ഗവേണൻസിനും ഇതു സംബന്ധമായ ഗവേഷണങ്ങൾക്കും സഹായകമാണ്. നികുതിയേതര വരുമാന രംഗത്തെ നിലവിലെ സാഹചര്യങ്ങളെ കുറിച്ച് വിശദമായ സർവെ നടത്തുന്നതിനും ഈ പഠനം നിർദ്ദേശിക്കുകയാണ്. കെടുകാര്യസ്ഥതയും വീഴ്ചകളും ഒഴിവാക്കി കൂടുതൽ വിഭവസമാഹരണം നടത്തുന്നതിനും ഇത് സഹായകരമാകുന്നതാണ്.

■

(ലേഖകർ തിരുവനന്തപുരത്തെ സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസിൽ പ്രവർത്തിക്കുന്നു)

## End Note

Since detailed item wise data on expenditure is not readily available, the current report focuses only on the revenue aspect at the detailed level. The cost analysis is limited to the aggregate level.

## References

1 Dalton, H (1949), Principles of Public Finance. London: Routledge and Kegan Paul Ltd., p.25-42

2 Das-Gupta, A (2005), "Non-tax revenues in Indian states: Principles and case studies". Paper prepared for the Asian Development Bank. (Web link: http://adb.org/Documents/Reports/Consultant/TAR-IND-4066/GovtBudget/dasgupta.pdf, last accessed on 26 February, 2020)

3 Egbert, D (1991) The Optimality of Boiteux-Ramsey Pricing, Econometrica, Vol. 59, No.1, p:105-118

4 George, K. K., and K. K. Krishnakumar. Trends in Kerala State Finances-1991-92 to 2012-13: A Study in the Backdrop of Economic Reforms in India. Centre for Socio-Economic & Environmental Studies, 2012.

5 http://www.infofinance.kerala.gov.in/index.php?option=com_content&view=article&id=508, last accessed on 26 February, 2020)

6 Kumar, G (2012). State owned enterprises: Contributions to socio economic Milieu (web link: http://www.riab.kerala.gov.in/soekerala-docs/drkopakumar.pdf, last accessed on 26 February, 2020)

7 Musgrave, R. A. and Musgrave, P. B. (1984), Public Finance in Theory and Practice, 5th edition, Singapore: McGraw Hill International Editions

8 Purohit, M. C. and Purohit, K. (2010). Non-Tax Sources in India - Issues in Pricing and Delivery of Services. Gaytri Publications. New Delhi.

9 Rao, M. Govinda (1981), Political Economy of Tax and Expenditure Determination. New Delhi: Allied Publishers. (Web link:

10 Santhakumar, V. (2009). Entry Fees as an Instrument for Environmental Management: Study of a Wildlife Park in Kerala, India. Tourism Economics, 15(2), 453-466.

11 Sebastian, J. (2019). Kerala's Persistent Fiscal Stress. Economic & Political Weekly, 54(22), 33.

12 Sebastian Gilbert (2019) 'Re-assessing the Development Experience of Keralam: The case of Land Issues in Big Plantations' in N.Gopakumaran Nair (ed.) Reimagining Histories, Kerala History Congress , Current Books.

13 Varkkey and Raghuram (2002) Public private partnership in airport development-Governance and risk management implications from Cochin International Airport Ltd. (web link: https://core.ac.uk/download/pdf/6443416.pdf, last accessed on 26 February, 2020)

14 Vito, T(2000). Tax Policy for Emerging Markets :Developing countries. National tax Journal, Vol.53, Issue 2

*കേരള ഇക്കോണമി*
*പുസ്തകം 4 ലക്കം 4*
*ഒക്ടോബർ - ഡിസംബർ 2023*

# മദ്യത്തിന്റെ നികുതി ഘടന കേരളത്തിൽ - ഒരു പഠനം

പി കെ സന്തോഷ്കുമാർ, ഹസീന അക്ബർ, അഞ്ജലി ഹരിദാസ്

ആൽക്കഹോൾ ഉത്പന്നങ്ങൾക്ക് കേരളത്തിൽ ഏർപ്പെടുത്തിയിരിക്കുന്ന ഉയർന്ന നികുതി എപ്പോഴും ചൂടേറിയ ചർച്ചക്ക് വിഷയീഭ വിക്കാറുണ്ട്. മദ്യം സമൂഹത്തിന് ഒരു ശാപം തന്നെയാണ്. എന്നാൽ സംസ്ഥാന ഖജനാവിനെ സംബന്ധിച്ചിടത്തോളം ഇത് ഒരു പ്രധാന വരുമാന മാർഗ്ഗവുമാണ്. മദ്യത്തിന്റെ ഉപയോഗം കുറയ്ക്കുക എന്ന ലക്ഷ്യത്തോടെ ഇതിന് ഉയർന്ന നികുതി ഏർപ്പെടുത്തുമ്പോൾ 2022 മെയ് വരെയുള്ള ഒരു വർഷക്കാലയളവിൽ മദ്യത്തിന്റെ ജി എസ് ടിയിൽ നിന്നുള്ള വരുമാനം 1474.39 കോടി രൂപയാണ്. തൊട്ടു തലേ വർഷങ്ങളിലെ 225 ശതമാനം നികുതിയിൽ നിന്നും 247 ശതമാനമായി ഉയർത്തിയപ്പോഴുള്ള സ്ഥിതിയാണ് ഇതെന്നോർക്കണം. മദ്യത്തിന്റെ ഉപയോഗം വർഷാവർഷം ഉയർന്നു വരുന്നതായി ഇതിൽ നിന്നും വ്യക്തമാവുകയാണ്. മദ്യം സമൂഹത്തിന് ഏറെ ദോഷകരമാണെങ്കിലും സംസ്ഥാന സർക്കാരിനെ സംബന്ധി ച്ചിടത്തോളം ഒരു പ്രധാനപ്പെട്ട വരുമാന സ്രോതസാണ്.

സാമൂഹ്യ വശങ്ങൾ കണക്കിലെടുക്കുമ്പോൾ മദ്യത്തിന്റെ ഉപഭോഗം കൂടുന്നുവെന്നത് ആശങ്കയുയർത്തുന്ന കാര്യമാണ്. മദ്യം സമൂഹത്തിൽ സൃഷ്ടിക്കുന്ന ഗുരുതരമായ സ്ഥിതിവിശേഷമാണ് ഇതിന് പിന്നിൽ. വ്യക്തികളുടെ ശാരീരികവും മാനസികവുമായ പ്രശ്നങ്ങൾക്ക് പുറമെ, സാമ്പത്തികമായ ഉല്പാദനക്ഷമതയെയും മദ്യം പ്രതികൂലമായി ബാധിക്കുന്നു. ഇത്തരം സാമൂഹ്യ പ്രശ്നങ്ങൾ കുറയ്ക്കുക എന്ന ലക്ഷ്യത്തോടെയാണ് മദ്യത്തിന് പരമാവധി നികുതി ഏർപ്പെടുത്തുന്നത് (പിഗോ-1920). പല രാജ്യങ്ങളിലും ഈ നടപടി ഫലപ്രദമാണെന്ന് തെളിഞ്ഞിട്ടുണ്ട്. ഇതുമൂലം മദ്യത്തിന്റെ ഉപയോഗം കുറയുകയും സമാനമായ മറ്റു ഉത്പന്നങ്ങളിലേക്ക് തിരിയാൻ ഉപഭോക്താക്കൾ നിർബന്ധിതമാവുകയും ചെയ്യുന്നു (ഗെഹർസിറ്റസ്-2021). അതുകൊണ്ട് ഉപഭോഗത്തിലെ മാറ്റങ്ങൾക്കനുസൃതമായി വേണം മദ്യത്തിന്റെ നികുതി നിശ്ചയിക്കാൻ (പോഗ്, സോൻറ്സ്-1989). ഇത്തരത്തിൽ ഡിമാൻഡ് ഇലാസ്തികത കുറഞ്ഞ ഉത്പന്നങ്ങൾക്ക് ഏർപ്പെടുത്തുന്ന ഉയർന്ന നികുതി സർക്കാരിന്റെ വരുമാനം വർധിപ്പിക്കുന്നതായി കാണാം (റാംസെ-1927). വിവിധ സാമൂഹ്യ ക്ഷേമ പദ്ധതികൾക്ക് ഇത് ഊർജം പകരുകയും ചെയ്യുന്നു.

***ഉപഭോഗം കുറയ്ക്കുക എന്ന ലക്ഷ്യത്തോടെ മദ്യത്തിന് ഉയർന്ന നികുതി ഏർപ്പെടുത്തിയിട്ടും 2022 മെയ് വരെ മദ്യത്തിൽ നിന്നും ലഭിച്ച നികുതി വരുമാനം 1474.39 കോടി രൂപയാണ്. 225 ശതമാനത്തിൽ നിന്നും 247 ശതമാനമായി നികുതി ഉയർത്തിയപ്പോഴത്തെ അവസ്ഥയാണ് ഇതെന്നോർക്കണം.***

***സ്ഥിതിവിവരക്കണക്കുകൾ വ്യക്തമാക്കുന്നത് നികുതി നിരക്ക് ഉയർത്തുമ്പോഴും കേരളത്തിലെ മദ്യ ഉപയോഗം വിചിത്രമായ രീതിയിലാണെന്നാണ്. 'പിഗോവിയൻ പരമാവധി നികുതി' എന്ന ആശയത്തിന് നേർവിപരീതമാണ് ഇവിടെ സംഭവിക്കുന്നത് .***

മറ്റു ഘടകങ്ങൾ ഡിമാന്റിനെ താരതമ്യേന ബാധിക്കാൻ ഇടയില്ലാത്ത ഒരു ഉല്പന്നമാണ് മദ്യം. മദ്യത്തോട് അഭിനിവേശമുള്ള ആളുകളിൽ ഇത് പോസിറ്റീവായ ഫലമാണ് ഉളവാക്കുന്നതെന്ന് ഒരു വിഭാഗം വിദഗ്ദർ വാദിക്കുന്നു . എന്നാൽ ഇതിന്റെ നെഗറ്റീവായ ഘടകങ്ങൾ ഒഴിവാക്കുക എളുപ്പവുമല്ല (പോഗ്, സോൻറ്സ്-1989). കേരളത്തിന്റെ കാര്യമെടുത്താൽ ഉയർന്ന മദ്യ ഉപഭോഗം ഉയർന്ന നികുതി ഏർപ്പെടുത്തുന്നതിന് കാരണമാകുന്നു. ഇത്തരത്തിൽ ഉയർന്ന നികുതി കൊണ്ട് ലഭ്യമായേക്കാവുന്ന സാമൂഹ്യമായ വശങ്ങളെ ഇത് നിരാകരിക്കുകയും ചെയ്യുന്നു. ആൽക്കഹോളിന്റെ ഇലാസ്തികത മറി കടക്കാൻ നികുതി നിരക്കുകൾക്ക് കഴിയുന്നു എന്ന് സാരം. മദ്യവിതരണത്തിന്റെ കുത്തക സർക്കാരിനാണെന്നതാണ് ഡിമാൻഡിലെ ഇലാസ്തികത കുറയാൻ പ്രധാന കാരണം. കേരളത്തിന്റെ പ്രത്യേക സാഹചര്യത്തിൽ ഉയർന്ന നികുതി സൃഷ്ടിക്കുന്ന പ്രത്യേക അവസ്ഥയെ കുറിച്ചാണ് ഈ ലേഖനം പരിശോധിക്കുന്നത്. സാമൂഹ്യമായ ക്ഷേമത്തിന് മദ്യത്തിന്റെ നികുതി എത്രത്തോളമാകാം എന്നത് സുപ്രധാനമായ ഒരു കാര്യമാണ്. അതുകൊണ്ട് മദ്യത്തിന്റെ ഉപയോഗം കുറയ്ക്കുന്നതിന് നികുതി ഘടന എത്രത്തോളം ഫലപ്രദമാണ് എന്ന് പരിശോധിക്കുകയാണ് ഇവിടെ. തിരഞ്ഞെടുക്കപ്പെട്ട ചില ബ്രാൻഡുകളുടെ വിൽപ്പനയിലെ മാറ്റത്തിന്റെ അടിസ്ഥാനത്തിലാണ് ഇത്.

**ഉയർന്ന നികുതി ഉയർത്തുന്ന പ്രശ്നങ്ങൾ**

കേരളത്തിന്റെ സ്ഥിതി പരിശോധിക്കുമ്പോൾ ഉയർന്ന നികുതി മദ്യത്തിന്റെ ഉപയോഗം കുറയ്ക്കും എന്ന വാദം തെറ്റാണെന്ന് വരികയാണ്. കണക്കുകൾ വ്യക്തമാക്കുന്നത് ഉപഭോഗവും നികുതിയിലെ വർധനയും തമ്മിൽ ഒരു വിധത്തിലുള്ള പൊരുത്തവും ഉണ്ടാകുന്നില്ലെന്നാണ്. 'പിഗോവിയൻ പരമാവധി നികുതി' എന്ന ആശയത്തിന് വിരുദ്ധമാണ് കേരളത്തിന്റെ അനുഭവമെന്ന് കാണാം. മദ്യത്തിൽ നിന്നുള്ള നികുതി വരുമാനം സൂചിപ്പിക്കുന്നത് 2020 വരെ 225 ശതമാനമായിരുന്ന നികുതി 2021ൽ 247 ശതമാനത്തിലേക്ക് ഉയർന്നപ്പോഴും വില്പന കുറഞ്ഞിട്ടില്ല എന്നാണ് (രേഖാചിത്രം-1). അതുകൊണ്ട് നിലവിലെ നികുതി നിരക്ക് വളരെ ഉയർന്നതാണ് എന്ന് വിലയിരുത്തേണ്ടതായി വരും.

ഇതിന് പുറമെ കഴിഞ്ഞ ഏതാനും വർഷങ്ങളിലെ സ്ഥിതി പരിശോധിച്ചാൽ ഉപഭോക്താക്കളുടെ എണ്ണവും മദ്യത്തിന്റെ ഉപഭോഗവും തമ്മിൽ ചില പൊരുത്തക്കേടുകൾ കാണാം. ഉപഭോക്താക്കളുടെ എണ്ണം കുറയുമ്പോഴും മദ്യത്തിന്റ വില്പന ഉയരുകയാണ് (രേഖാചിത്രം-1). ദേശീയ കുടുംബാരോഗ്യ സർവെ വ്യക്തമാക്കുന്നത് മദ്യം ഉപയോഗിക്കുന്ന പുരുഷന്മാരുടെ എണ്ണം 2015-16ലെ 37 ശതമാനത്തിൽ നിന്നും 2019-20ൽ 19.9 ശതമാനത്തിലേക്ക് താഴ്ന്നു എന്നാണ്. ഇതേ രീതിയിൽ മദ്യം ഉപയോഗിക്കുന്ന സ്ത്രീകളുടെ എണ്ണം 1.6 ശതമാനത്തിൽ നിന്നും 0.2 ശതമാനമായും കുറഞ്ഞിട്ടുണ്ട്. മദ്യം ഉപയോഗിക്കുന്ന പുരുഷന്മാരിൽ 9 ശതമാനമാണ് നിത്യേന ഉപയോഗിക്കുന്നത്. 41 ശതമാനം പേർ

***സംസ്ഥാനത്തിന്റെ വരുമാനം ഉയർത്തുക ഒപ്പം സാമൂഹ്യ സുരക്ഷ ഉറപ്പാക്കുക എന്നീ രണ്ടു കാര്യങ്ങളും ബാലൻസ് ചെയ്യുക എന്നത് സർക്കാരുകൾക്ക് വലിയ വെല്ലുവിളിയാണ്. അതുകൊണ്ട് മദ്യത്തിന്റെ നികുതി നിരക്ക് നിർണ്ണയിക്കുമ്പോൾ സാമൂഹ്യമായ ആഘാതവും ഒപ്പം ഉപഭോക്താവിന് വില ഉയരുന്നത് മൂലമുണ്ടാകുന്ന കോട്ടങ്ങളും പരിഗണിക്കേണ്ടതാണ്.***

ആഴ്ചയിലൊരിക്കൽ മദ്യപിക്കുന്നവരാണ്. 50 ശതമാനം പേരുടെ കാര്യത്തിൽ ഒരാഴ്ചയിൽ കൂടുതൽ ഇടവേളയിൽ മദ്യം ഉപയോഗിക്കുന്നവരാണ്. എന്നാൽ ഈ മേഖലയിലെ ഒരു വിദഗ്ദൻ ചൂണ്ടിക്കാട്ടുന്നത് പെഗ് അളവിലുള്ള ശരാശരി ഉപയോഗത്തിൽ മുൻവർഷത്തെയപേക്ഷിച്ച് വർദ്ധനയുണ്ടെന്നാണ്. ഇത് 2 പെഗ്ഗിൽ (120 മില്ലി ലിറ്റർ) നിന്ന് 4 പെഗ്ഗായി (240 മില്ലി ലിറ്റർ) ഉയർന്നിട്ടുണ്ട്.

അതുപോലെ ഉയർന്ന നികുതി കൊണ്ട് ഉണ്ടാകുന്ന സാമൂഹ്യ നേട്ടങ്ങളെ ചെലവ് കുറഞ്ഞ മറ്റു ലഹരി വസ്തുക്കളായ പുകയില, രാസലഹരി തുടങ്ങിയ സാധനങ്ങൾ ഇല്ലാതാക്കുന്നുണ്ട്. കേരളത്തിലെ എക്സൈസ് വകുപ്പ് 'വിമുക്തി' എന്ന പേരിൽ നടത്തിയ സർവെ വ്യക്തമാക്കുന്നത് യുവാക്കൾക്കിടയിൽ മദ്യത്തേക്കാൾ പ്രിയം കഞ്ചാവ് പോലുള്ള സാധനങ്ങളോടാണെന്നാണ്. ഇവർ മദ്യം ഉപയോഗിക്കുന്നതിന് പകരം ഇത്തരത്തിലുള്ള ചെലവ് കുറഞ്ഞ മറ്റു ലഹരി വസ്തുക്കളിലേക്കാണ് തിരിയുന്നത്. ഇക്കാര്യത്തിൽ നിയമ നടപടികൾ കൂടുതൽ കർക്കശമാണെങ്കിലും ഇത്തരം ലഹരി വസ്തുക്കൾ കണ്ടെത്തുന്നതിനുള്ള സാങ്കേതിക സൗകര്യങ്ങളുടെ കുറവ് അവർക്ക് രക്ഷപെടാനുള്ള പഴുതുകൾ നൽകുന്നു. ഇത് ഭാവിയിൽ ആരോഗ്യ മേഖലയിലെ ചെലവുകൾ വർധിക്കുന്നതിന് വഴിയൊരുക്കുന്നു. അതിനുപുറമെ ഇവ ഉപയോഗിക്കുന്നവരുടെ ഉത്പാദനക്ഷമത ഇടിയുന്നത് കാരണം വരുമാനം ഉണ്ടാക്കുന്നതിനുള്ള സാധ്യത കുറയുകയും അത് സമൂഹത്തിന് ഭീഷണിയായി മാറുകയും ചെയ്യുന്നു. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ കുറ്റകൃത്യങ്ങൾ ഈയിടെ വർധിച്ചു വരുന്നുവെന്നത് വലിയ ആശങ്കയാണ് (രേഖാചിത്രം – 1 ).

മദ്യത്തിന് നികുതി ഏർപ്പെടുത്തുന്നതിന് പിന്നിൽ പ്രധാനമായും രണ്ട് കാരണങ്ങളാണുള്ളത്. ഒന്ന്, മദ്യത്തിന്റെ ഉപയോഗം കുറച്ച് സാമൂഹ്യമായ പ്രവർത്തനക്ഷമത ഉയർത്തുക എന്നതാണ്. സർക്കാരുകളുടെ വരുമാനം ഉയർത്തുന്നതിന് സഹായകമാണ് എന്നത് രണ്ടാമത്തെ കാര്യം (വെസ്റ്റ്, പ്യാരി –2009). ഇത് രണ്ടും തമ്മിൽ ഒരു തുലനം ഉണ്ടാകുമ്പോൾ വരുമാനം പരമാവധിയാവുകയും സാമൂഹ്യ ക്ഷേമം സാധ്യമാവുകയും ചെയ്യുന്നു. അതുകൊണ്ട് നികുതി നിർണ്ണയിക്കുമ്പോൾ അതിൽ സാമൂഹ്യമായ ഘടകവും ഉപഭോക്താവിന്റെ ചെലവും ഒരുപോലെ പരിഗണിക്കപ്പെടേണ്ടതാണ്. എന്നാൽ ഉപഭോക്താവിന്റെ ചെലവ് വ്യക്തിയുടെ ഉപയോഗ രീതികളെ ആശ്രയിച്ചാണ് നില കൊള്ളുന്നത്. അതുകൊണ്ട് ഇതിൽ ഉൾപ്പെടുന്ന ഇതര ഘടകങ്ങളുടെ രേഖീയമായ കണ്ടെത്തൽ അപ്രായോഗികമാണ് (ഗ്രിഫിത്ത്–2019). പലതരം ഉത്പന്നങ്ങൾ വിപണിയിലുള്ളതും ഉപയോക്താക്കളുടെ വൈവിധ്യമാർന്ന പ്രത്യേകതകളും ഇത്തരം പഠനങ്ങളെ കൂടുതൽ സങ്കീർണമാക്കുന്നു. അതുകൊണ്ട് ഇലാസ്തികതയ്ക്ക് ആനുപാതികമായി നികുതി നിർണ്ണയിക്കുക എന്ന ആശയത്തിന് മുൻതൂക്കം ലഭിക്കുന്നു.

***കുടിയന്മാർക്ക് ഏറ്റവും പ്രിയപ്പെട്ട ബ്രാണ്ടി, റം എന്നിവയുടെ കാര്യത്തിലാണ് ഏറ്റവും കുറഞ്ഞ ഇലാസ്തികത പ്രകടമാകുന്നത്. അതിൽ നിന്നും വ്യക്തമാകുന്ന ഒരു വസ്തുത മുഴുകുടിയന്മാരായ ആളുകൾ ഗുണമേന്മയെക്കാൾ അളവിനാണ് പ്രാധാന്യം നൽകുന്നത് എന്നാണ്. കാരണം, ഇതര ബ്രാൻഡുകളേക്കാൾ വിലക്കുറവ് അവയ്ക്കാണ്.***

**Figure 1**




*Source: author's presentation*

രാംസെയുടെ അഭിപ്രായത്തിൽ ഒരു ഉത്പന്നം ഡിമാൻഡിന്റെയും സപ്ലൈയുടെയും കാര്യത്തിൽ ഒട്ടും തന്നെ ഇലാസ്തികമല്ലാതെ വന്നാൽ അവിടെ പരമാവധി നികുതി ഏർപ്പെടുത്താം. ഇലാസ്തികതയുടെ അടിസ്ഥാനത്തിൽ നികുതി ഏർപ്പെടുത്തുമ്പോൾ അത് വരുമാനത്തിന്റെയും സാമൂഹ്യ നേട്ടങ്ങളുടെയും കാര്യത്തിൽ പരമാവധി നേട്ടം നൽകുന്നു. അതുകൊണ്ട് പരമാവധി നികുതിയുടെ രണ്ടു ലക്ഷ്യങ്ങളും നേടുന്നതിന് ആൽക്കഹോൾ ഉത്പന്നങ്ങളുടെ ഇലാസ്തികതയാണ് കണക്കിലെടുക്കേണ്ടത്. ഡിമാൻഡിന്റെ ഇലാസ്തികതയുടെ അടിസ്ഥാനത്തിൽ ഉപഭോക്താക്കളുടെ വൈവിധ്യവും കണക്കിലെടുത്ത് പോഗ്, സോൻറ്സ് എന്നിവർ 1989ൽ താഴെ കാണുന്ന സമവാക്യം രൂപപ്പെടുത്തുകയുണ്ടായി.

**പരമാവധി നികുതിയും ഇലാസ്തികതയും – കേരളത്തിന്റെ അനുഭവപാഠങ്ങൾ**

ഡിമാൻഡ് സിദ്ധാന്തം പറയുന്നത് ഒരു ഉല്പന്നത്തിന്റെ വില കൂടുമ്പോൾ അതിന്റെ ഡിമാൻഡ് കുറയുന്നു എന്നാണ്. അങ്ങനെ ചിന്തിക്കുമ്പോൾ നികുതി കാരണം വില

***വിലയുടെ ഇലാസ്തികത ആധാരമാക്കി ഉപഭോക്താക്കളുടെ രീതികൾ പരിഗണിക്കുമ്പോൾ വ്യക്തമാകുന്നത് ഉപയോഗം കുറയ്ക്കുക എന്ന ലക്ഷ്യത്തോടെ മദ്യത്തിന് ഉയർന്ന നികുതി ഏർപ്പെടുത്തുന്നത് ഫലം കാണുന്നില്ല എന്നാണ്.***

ഉയരുമ്പോൾ മദ്യത്തിന്റെ ഡിമാൻഡ് സ്വാഭാവികമായും കുറയേണ്ടതാണ്. നികുതി നിർണ്ണയത്തിൽ സർക്കാരിനെ സ്വാധീനിക്കുന്ന ഒരു ഘടകം ഇതാണ്. അതുകൊണ്ട് ഈ രീതിയിൽ നികുതി നിശ്ചയിക്കുമ്പോൾ മുഴുക്കുടിയന്മാരുടെയും ഇടയ്ക്കിടെ മദ്യപിക്കുന്ന വരുടെയും കാര്യത്തിൽ വിലയിലെ ഇലാസ്തികത വരുത്തുന്ന ആഘാതം കൂടി സർക്കാരുകൾ കണക്കിലെടുക്കേണ്ടതാണ്. സാമൂഹ്യ ക്ഷേമം എന്ന വശം പരിഗണിക്കുന്ന സർക്കാർ കാണേണ്ട ഒരു കാര്യം, വില കുറഞ്ഞ മദ്യത്തിലേക്ക് ആളുകൾ തിരിയുന്നത് പിന്നീട് സാമൂഹികമായ ബാധ്യത ഉയരുന്നതിന് കാരണമായി മാറും എന്നതാണ് (കാൽകോട്ട്–2019). കേരളത്തിൽ മദ്യത്തിന്റെ കാര്യത്തിൽ വിലയും ഡിമാൻഡും തമ്മിൽ ഇലാസ്തികത ഇല്ലെന്നത് വ്യക്തമാണ്. അതായത് വില ഉയരുന്നത് കൊണ്ട് മദ്യത്തിന്റെ ഉപഭോഗം കുറയുന്നില്ലെന്ന് സാരം. എന്നാൽ ഇക്കാര്യത്തെ കുറിച്ച് വിശദമായ പഠനം ആവശ്യമാണ്.

കേരളത്തിൽ ഏറ്റവുമധികം വിൽക്കപ്പെടുന്ന മദ്യ ഇനങ്ങൾ ബ്രാണ്ടി, റം, വോഡ്ക, വിസ്കി എന്നിവയാണ്. ഇലാസ്തികത കണക്കാക്കുന്നതിന് ബിവറേജസ് കോർപറേഷനിൽ നിന്നും ലഭ്യമായ ഇവയുടെ വില, വില്പന എന്നിവ സംബന്ധിച്ച കണക്കുകളാണ് ഉപയോഗിച്ചിരിക്കുന്നത്. ഇതിന്റെ ഫലം വ്യക്തമാക്കുന്നത്, കേരളത്തിലെ മദ്യത്തിന്റെ കാര്യത്തിലെ ഇലാസ്തികത ഇല്ലായ്മയാണ് (പട്ടിക 1 ഇത് വ്യക്തമാക്കുന്നുണ്ട്). വിവിധ ഉത്പന്നങ്ങളുടെ കാര്യത്തിൽ വ്യത്യസ്തമായ വില ഇലാസ്തികതയും പ്രകടമാണ്. അതായത് ബ്രാണ്ടി (0.0066), റം (0.0051) എന്നിവയുടെ ഇലാസ്തികത വോഡ്ക (0.1275), വിസ്കി (0.2117) എന്നിവയെ അപേക്ഷിച്ച് കുറവാണ് എന്ന് വ്യക്തമാകുന്നു (പട്ടിക 1).

ഇത്തരത്തിലുള്ള വിഭിന്നമായ ഇലാസ്തികത വ്യക്തമാക്കുന്നത് ഉപഭോക്താക്കളുടെ വൈവിധ്യമാണ് അതായത് മുഴുക്കുടിയന്മാരും ഇടയ്ക്കിടെ കുടിക്കുന്നവരും ഉണ്ട് നന്നായി മദ്യപിക്കുന്നവരുടെ ഇടയിൽ ബ്രാണ്ടി, റം എന്നിവയ്ക്കാണ് കൂടുതൽ സ്വീകാര്യത. ഇവിടെ ഇലാസ്തികത ഏറ്റവും കുറവാണ്. അതായത് കാര്യമായി മദ്യപിക്കുന്നവർ മദ്യത്തിന്റെ ഗുണമേന്മയെക്കാൾ അളവിനാണ് മുൻതൂക്കം നൽകുന്നത് എന്നർത്ഥം. കാരണം,

**Table 1** - Brand-wise price elasticity

| Brand | ep |
|---|---|
| Brandy | 0.00668834 |
| RUM | 0.00512258 |
| Vodka | 0.12752178 |
| Whisky | 0.21179225 |

*Source: author's calculation*

***ഒരേ നികുതി താരിപ്പ് നിശ്ചയിക്കുന്നതിന് പകരമായി വിവിധ ബ്രാൻഡുകളുടെ ഇലാസ്തികതയെ അടിസ്ഥാനമാക്കി നികുതി പല രീതിയിൽ ക്രമീകരിക്കണം.***

ബ്രാണ്ടി, റം എന്നിവയാണ് വില കുറഞ്ഞ ഉത്പന്നങ്ങൾ. അതുകൊണ്ട് ഈ പഠനത്തിന്റെ അടിസ്ഥാനത്തിൽ ഞങ്ങൾക്ക് നിർദ്ദേശിക്കാനുള്ളത്, ഒരേ നികുതി താരിപ്പ് നിശ്ചയിക്കുന്നതിന് പകരമായി വിവിധ ബ്രാൻഡുകളുടെ ഇലാസ്തികതയെ അടിസ്ഥാനമാക്കി നികുതി പല രീതിയിൽ ക്രമീകരിക്കണം. ഇത് അമിത മദ്യപാനം മൂലമുണ്ടാകുന്ന സാമൂഹ്യ പ്രത്യാഘാതം കുറയ്ക്കുന്നതിനും ഇടയ്ക്കിടെ മാത്രം മദ്യപിക്കുന്നവർക്ക് ചില്ലറ നേട്ടം നൽകുകയും ചെയ്യും.

**ഉപസംഹാരം**

നികുതി നിരക്കുകൾ ക്രമാതീതമായി വർധിപ്പിച്ചിട്ടും കേരളത്തിൽ മദ്യത്തിന്റെ ഉപഭോഗം ഉയരുന്നു എന്ന പ്രഹേളിക നിലനിൽക്കുകയാണ്. ഈ സാഹചര്യത്തിൽ ഇതിന് ആവശ്യമായ സിദ്ധാന്തപരവും അനുഭവപരവുമായ ചില അടിസ്ഥാനങ്ങൾ കണ്ടെത്താൻ ശ്രമിക്കുകയാണ് ഈ പഠനം. മദ്യപിക്കുന്ന ആളുകളുടെ എണ്ണത്തിൽ കുറവുണ്ടായിട്ടുണ്ടെങ്കിലും വ്യക്തിഗതമായി ഉപയോഗിക്കുന്ന മദ്യത്തിന്റെ അളവിൽ കാര്യമായ വർധന ഉണ്ടായിട്ടുണ്ടെന്നാണ് ഈ പഠനത്തിൽ നിന്ന് കണ്ടെത്താൻ കഴിഞ്ഞത്. വിവിധ ബ്രാൻഡുകൾ തമ്മിൽ വില ഇലാസ്തികത നിലനിൽക്കുന്നുവെന്നും കണ്ടെത്താൻ കഴിഞ്ഞു. ഇതിൽ ബ്രാണ്ടി, റം എന്നിവയുടെ ഉപയോഗത്തെ വില കാര്യമായി സ്വാധീനിക്കുന്നില്ല. അതുകൊണ്ട് മദ്യത്തിന്റെ നികുതി നിർണ്ണയത്തിൽ കാര്യമായ ചില മാറ്റങ്ങൾ വരുത്തേണ്ടത് ആവശ്യമാണ്. ഉപയോക്താക്കളുടെ വൈവിധ്യവും ഒപ്പം വില ഇലാസ്തികതയും പരിഗണിക്കുമ്പോൾ ഉപഭോഗം കുറയ്ക്കുക എന്ന ലക്ഷ്യത്തോടെ ഏർപ്പെടുത്തിയ ഒരേ നിരക്കിലുള്ള ഉയർന്ന നികുതി ലക്ഷ്യം നേടുന്ന കാര്യത്തിൽ അപ്രായോഗികമാണെന്ന് കാണാൻ കഴിയും. അതുകൊണ്ട് നിലവിലെ ഫ്ലാറ്റ് നികുതി ഘടന സാമൂഹികമായ ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിന് പര്യാപ്തമല്ലെന്നും ഈ പഠനത്തിൽ നിന്നും വ്യക്തമാവുകയാണ്. ഇക്കാര്യത്തിൽ ഒരു തിരുത്തൽ പ്രക്രിയ അനിവാര്യമാണ് (ക്രാഫോർഡ്–2010). അതുകൊണ്ട് ആൽക്കഹോൾ ബിവറേജുകളുടെ വില ഇലാസ്തികത പരിഗണിച്ച് വിവിധ ബ്രാൻഡുകളുടെ വിൽപ്പനയെ അടിസ്ഥാനമാക്കി പുതിയ നികുതി ഘടനക്ക് രൂപം നൽകണമെന്നാണ് ഈ പഠനത്തിന് നിർദ്ദേശിക്കാനുള്ളത്.

■

(കൊച്ചി സർവകലാശാലയിലെ സെന്റർ ഫോർ ബജറ്റ് സ്റ്റഡീസിന്റെ ഡയറക്ടറും അസോസിയേറ്റ് പ്രഫസറുമാണ് ഡോ പി കെ സന്തോഷ്കുമാർ. പോസ്റ്റ് ഡോക്ടറൽ ഫെലോ ആണ് ഡോ ഹസീന അക്ബർ. അസിസ്റ്റന്റ് പ്രഫസറാണ് അഞ്ജലി ഹരിദാസ്)

## End Notes

[1] https://keralataxes.gov.in/wp-content/uploads/2023/02/Fact-Sheet-June-2022.pdf

[2] The Kerala government had raised the legal drinking age from 21 to 23 in 2017.

## References

1 Arnabal L. R. (2021). Optimal design of sin taxes in the presence of nontaxable sin goods. Health economics, 30(7), 1580-1599. https://doi.org/10.1002/hec.4269

2 Aronsson, T., & Sjögren, T. (2010). An Optimal-Tax Approach to Alcohol Policy. FinanzArchiv / Public Finance Analysis, 66(2), 153-169.

3 Crawford, I., Keen, M., Smith, S., 2010. Value added tax and excises. Dimensions of Tax Design: The Mirrlees Review., pp. 275-362.

4 Gehrsitz, M., Saffer, H., & Grossman, M. (2021). The effect of changes in alcohol tax differentials on alcohol consumption. *Journal of Public Economics,* 204. https://doi.org/10.1016/j.jpubeco.2021.104520

5 Griffith, R., O'Connell, M., Smith, K., 2019. Tax design in the alcohol market. J.Public Econ. 172, 20-35.

6 Fogarty, J. (2006). The nature of the demand for alcohol: Understanding elasticity. *British Food Journal,* 108(4), 316-332. https://doi.org/10.1108/00070700610657155

7 Mankiw, N. Gregory, Matthew Weinzierl, and Danny Yagan. (2009). Optimal Taxation in Theory and Practice. Journal of Economic Perspectives, 23 (4): 147-74.

8 Mirrlees, J. A., (2010). Dimensions of tax design: the Mirrlees review. Institute for Fiscal Studies (Great Britain). Oxford University Press

9 Panickar, V. (2015.). State-Sponsored Alcoholism in Kerala. Economic and Political Weekly.

10 Pogue, T. F., & Sgontz, L. G. (1989). Taxing to Control Social Costs: The Case of Alcohol. The American Economic Review, 79(1), 235-243

11 Ramsey, F. P. (1927). A Contribution to the Theory of Taxation. The Economic Journal (Vol. 37, Issue 145).

12 Richardson, J., & Crowley, S. (1994.). Optimum Alcohol Taxation: Balancing Consumption and External Costs. Health Economics, 3(2):73-87

13 West, S. E., & Parry, I. W. H. (2009). Alcohol-Leisure Complementarity: Empirical Estimates and Implications for Tax Policy. In S*ource: National Tax Journal* (Vol. 62, Issue 4).

*കേരള ഇക്കോണമി*
*പുസ്തകം 4 ലക്കം 4*
*ഒക്ടോബർ – ഡിസംബർ 2023*

GIFT GULATI INSTITUTE OF FINANCE AND TAXATION

# കേന്ദ്രാവിഷ്കൃത പദ്ധതികളിലെ മാറ്റവും കേരളത്തിന്റെ ധനസ്ഥിതിയും

ബിന്ദു പി വർഗ്ഗീസ്, ബി എം അനിൽകുമാർ

**ആമുഖം**

ധനകാര്യ ഫെഡറലിസം ഇന്ത്യൻ ഭരണഘടന ഉറപ്പ് നൽകുന്ന ഒന്നാണ്. അതനുസരിച്ച് കേന്ദ്രത്തിന്റെയും സംസ്ഥാനങ്ങളുടെയും ധനപരമായ അധികാരങ്ങളും ചുമതലകളും ഭരണഘടന വ്യക്തമായി നിർവചിച്ചിരിക്കുന്നു. സംസ്ഥാനങ്ങളുടെ ഉത്തരവാദിത്വം അവയുടെ ധനപരമായ അധികാരങ്ങളുമായി തട്ടിച്ചു നോക്കുമ്പോൾ കൂടുതലാണ് എന്നതാണ് യാഥാർഥ്യം. ഇത്തരമൊരു സാഹചര്യത്തിൽ, സംസ്ഥാനങ്ങൾക്ക് നല്കപ്പെട്ടിരിക്കുന്ന ചുമതലകൾ യഥാവിധി നിർവഹിക്കുന്നതിന് കേന്ദ്ര വരുമാനത്തിൽ നിന്നുള്ള വിഹിതം നൽകേണ്ടത് അനിവാര്യമായ ഒരു കാര്യമാണ്. മുൻകാലങ്ങളിൽ ഇത് രണ്ടു രീതിയിലായിരുന്നു നൽകിയിരുന്നത് – പദ്ധതി വിഹിതവും ധനകാര്യ കമ്മീഷൻ അനുവദിക്കുന്ന ഗ്രാന്റുകളും. ഇതിൽ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള (സി എസ് എസ്) ധനസഹായം, കേന്ദ്ര ചുമതലയിൽ വരുന്ന പദ്ധതികളുടെ വിഹിതം, മറ്റു പദ്ധതി ഗ്രാന്റുകൾ എന്നിവ ഉൾപ്പെടുന്നതാണ് പദ്ധതി വിഹിതം. ഭരണഘടനയുടെ അനുച്ഛേദം 282 പ്രകാരമാണ് സി എസ് എസ് ആവിഷ്കരിച്ചിരിക്കുന്നത്. പൊതു ആവശ്യങ്ങൾക്കായി തങ്ങളുടെ വിവേചനാധികാരത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാരുകൾക്ക് ഗ്രാന്റുകൾ അനുവദിക്കുന്നതിന് ഇത് കേന്ദ്ര സർക്കാരിന് അധികാരം നൽകുന്നു. ഈ രീതിയിലൂടെയാണ് കേന്ദ്രം, സംസ്ഥാനങ്ങൾക്ക് അനുവദിക്കുന്ന ധനസഹായത്തിന്റെ നല്ലൊരു ഭാഗം നൽകുന്നത്. 2021–22ലെ ബജറ്റ് അനുമാന പ്രകാരം സംസ്ഥാനങ്ങൾക്ക് നൽകുന്ന മൊത്തം വിഹിതത്തിന്റെ ഏതാണ്ട് 23 ശതമാനം വരുമിത് (റാവു, സിംഗ്–2021, ശർമ–2023).

2015ൽ നാഷണൽ ഇൻസ്‌റ്റിട്യൂഷൻ ഫോർ ട്രാൻസ്ഫോമിംഗ് ഇന്ത്യ അഥവാ 'നീതി ആയോഗി'ന്റെ രൂപീകരണം ഇന്ത്യയുടെ ധനകാര്യ ഫെഡറൽ ഘടനയിൽ ദൂരവ്യാപകമായ മാറ്റങ്ങൾക്ക് വഴിയൊരുക്കി. നീതി ആയോഗിന്റെ ആദ്യ ഗവേണിംഗ് കൗൺസിൽ യോഗത്തിൽ സംസ്ഥാനങ്ങൾക്ക് നൽകുന്ന പദ്ധതി വിഹിതത്തിൽ കാലാനുസൃതമായ മാറ്റങ്ങൾ വരുത്തുന്നതിനായി ഒരു സബ് കമ്മറ്റിക്ക് രൂപം നൽകുകയുണ്ടായി. ഈ സമിതിയുടെ റിപ്പോർട്ട് സി എസ് എസിന്റെ ഘടന, സംസ്ഥാനങ്ങളും കേന്ദ്രവും തമ്മിലുള്ള

***ഉപസമിതിയുടെ റിപ്പോർട്ട് പ്രകാരം സി എസ് എസിന്റെ ഘടനയിലും അത് കേന്ദ്രവും സംസ്ഥാനങ്ങളും തമ്മിൽ പങ്ക് വയ്ക്കുന്ന രീതിയിലും കാര്യമായ മാറ്റങ്ങളുണ്ടായി. പദ്ധതികളുടെ എണ്ണത്തിലും കുറവുണ്ടായി. സംസ്ഥാനങ്ങളുടെ ധനകാര്യ ഘടനയിൽ ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾക്ക് ഇത് കാരണമായി.***

***സി എസ് എസിന്റെ ഘടനയും ഫണ്ടിന്റെ രീതികളും കേരളത്തിന്റെ ധനകാര്യ മേഖലയിൽ എന്ത് പ്രത്യാഘാതമാണ് ഉണ്ടാക്കിയതെന്ന് പരിശോധിക്കുകയാണ് ഈ ലേഖനം. മാറ്റങ്ങൾ കേരളത്തിന്റെ ധനകാര്യ രംഗത്ത് എത്ര മാത്രം അമിതഭാരം ഉളവാക്കിയെന്നും പരിശോധിക്കുന്നു.***

പങ്ക് വയ്ക്കലിന്റെ രീതി എന്നിവയിൽ വിപ്ലവകരമായ മാറ്റങ്ങൾക്ക് വഴിയൊരുക്കി. പദ്ധതികളുടെ എണ്ണത്തിൽ ഇതുവഴി കാര്യമായ കുറവുണ്ടായി. സംസ്ഥാനങ്ങളുടെ ധനപരമായ ഘടനയിൽ വലിയ സ്വാധീനം ചെലുത്തിയ മാറ്റങ്ങളാണ് അതിലൂടെയുണ്ടായത്.

ഈ പശ്ചാത്തലത്തിൽ സി എസ് എസിന്റെ ഘടനയിലും വിതരണ രീതികളിലും വരുത്തിയ മാറ്റങ്ങൾ കേരളത്തിന്റെ ധനകാര്യ മേഖലയെ എപ്രകാരം ബാധിച്ചുവെന്നാണ് ഈ ലേഖനം പരിശോധിക്കുന്നത്. സംസ്ഥാന ധനകാര്യ മേഖലയിൽ ഇത് എത്രമാത്രം അധിക ബാധ്യതയ്ക്ക് കാരണമായി എന്നും പരിശോധിക്കുന്നുണ്ട്.

### പദ്ധതി വിഹിതം, സി എസ് എസ് എന്നിവയുടെ ഘടന നീതി ആയോഗിന് മുൻപ്

സംസ്ഥാനങ്ങളുടെ പദ്ധതികളിലെ പ്രധാനപ്പെട്ട രണ്ടു ഭാഗങ്ങളാണ് സി എസ് എസ്, കേന്ദ്ര മേഖലയിലെ പദ്ധതികൾ എന്നിവ. കേന്ദ്രത്തിലെ വിവിധ മന്ത്രാലയങ്ങൾ ആവിഷ്കരിച്ച് നടപ്പാക്കുന്ന ഈ പദ്ധതികൾ അവർ നൽകുന്ന മാർഗനിർദേശങ്ങൾ അടിസ്ഥാനമാക്കി സംസ്ഥാന സർക്കാരുകളോ അതിനായി നിശ്ചയിക്കപ്പെട്ടിരിക്കുന്ന ഏജൻസികളോ നടപ്പാക്കുന്നതാണ് സി എസ് എസ്. നാലാം പഞ്ചവത്സര പദ്ധതി മുതൽക്കാണ് ഇത്തരത്തിൽ സി എസ് എസ് എന്ന പേരിൽ പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കാൻ തുടങ്ങിയത്. കുടുംബാസൂത്രണം, കാർഷിക തൊഴിൽ മേഖല, ഗവേഷണവും പരിശീലനവും തുടങ്ങിയ ദേശീയ കാഴ്ചപ്പാടോടെയുള്ള പദ്ധതികളാണ് ഇതിന്റെ പരിധിയിൽ വരുന്നത്. 2002–03 ലെ 188 പദ്ധതികൾ മുതൽ 2011–12ലെ 147 പദ്ധതികൾ ഇത്തരത്തിൽ ആവിഷ്കരിച്ചിട്ടുണ്ട്. ഇത്തരം പദ്ധതികളുടെ അളവ്, ഫലപ്രാപ്തി തുടങ്ങിയ കാര്യങ്ങൾ ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ 2011ൽ ബി. കെ ചതുർവേദി അധ്യക്ഷനായി ഒരു വിദഗ്ധ സമിതിയെ നിയോഗിക്കുകയുണ്ടായി. ഈ കമ്മറ്റിയുടെ ശുപാർശയനുസരിച്ച് പദ്ധതികളുടെ എണ്ണം 147ൽ നിന്ന് 66 ആയി ചുരുക്കുകയുണ്ടായി.

കേന്ദ്രം സംസ്ഥാനങ്ങൾക്ക് നൽകുന്ന പദ്ധതി ധനസഹായത്തിന്റെ വിവിധ ഘടകങ്ങൾ ഇനി പറയുന്നവയാണ്. എ) സാധാരണ രീതിയിലുള്ള കേന്ദ്ര സഹായങ്ങൾ; ഗാഡ്ഗിൽ മുഖർജി ഫോർമുല പ്രകാരം സംസ്ഥാനങ്ങളുടെ വാർഷിക പദ്ധതികൾക്ക് നൽകുന്ന നിബന്ധനകളില്ലാത്ത ധനസഹായം, ബി) പ്രത്യേകമായ പദ്ധതികൾക്ക് നൽകുന്ന കേന്ദ്ര സഹായം, സി) വടക്ക് – കിഴക്കൻ സംസ്ഥാനങ്ങൾക്കും ഇതര പർവത പ്രദേശ സംസ്ഥാനങ്ങൾക്കും നൽകുന്ന പ്രത്യേക കേന്ദ്ര സഹായം, ഡി) പ്രത്യേക പദ്ധതികൾ വഴിയുള്ള സഹായം. ഇതിനു പുറമെ കേന്ദ്ര പദ്ധതികൾ

***സബ്ഗ്രൂപ്പിന്റെ ശുപാർശകൾ പ്രകാരം 2016ൽ 66 പദ്ധതികളിൽ നിന്നും 28 അംബ്രല്ല പദ്ധതികളാക്കി ചുരുക്കികൊണ്ട് സി എസ് എസിൽ വൻ അഴിച്ചുപണി നടത്തുകയുണ്ടായി.***

***2016–17 മുതൽ സി എസ് എസ് പദ്ധതിച്ചെലവുകളിൽ വലിയൊരു വിഹിതം കേരളത്തിന് വഹിക്കേണ്ടതായി വന്നു. ആ വർഷം മുതൽ മിക്ക പദ്ധതികളിലും ചെലവിന്റെ 40 ശതമാനം സംസ്ഥാനങ്ങൾ വഹിക്കേണ്ടതായി വന്നു. നേരത്തെ ഇത് 25, 20, 10 ശതമാനം എന്ന നിലയിലായിരുന്നു.***

പ്രകാരവും കേന്ദ്രാവിഷ്കൃത പദ്ധതികൾ വഴിയായും സംസ്ഥാനങ്ങൾക്ക് സഹായങ്ങൾ ലഭ്യമാകുന്നു.

ഗാഡ്ഗിൽ മുഖർജി ഫോർമുല പ്രകാരം നിബന്ധനകൾ ഇല്ലാതെയാണ് സാധാരണ കേന്ദ്ര സഹായങ്ങൾ ലഭ്യമാക്കുന്നത്. മറ്റ് കേന്ദ്ര സഹായങ്ങൾ (ഒ സി എ) കുറച്ചു ഭാഗം ഗ്രാന്റായും കുറച്ചു ഭാഗം വായ്പയായുമാണ് നൽകുന്നത്. ഇതിൽ ചിലത് പൂർണ്ണമായും കേന്ദ്രം പണം മുടക്കുന്നവയാണ്. എന്നാൽ മറ്റു ചിലവ 80:20, 70:30, 60:40 എന്നീ അനുപാതങ്ങളിൽ വായ്പയും ഗ്രാന്റായുമാണ് നൽകുന്നത്. ആസൂത്രണ കമ്മീഷന് സമർപ്പിക്കുന്ന ഓരോ പദ്ധതിയുടെയും അടിസ്ഥാനത്തിലാണ് ഒറ്റത്തവണ എ സി എ സംസ്ഥാന സർക്കാരുകൾ നടപ്പാക്കുന്നത്. ഇതിന് ആസൂത്രണ കമ്മിഷൻ പണം അനുവദിക്കുന്നത് പ്രത്യേകമായ കാര്യങ്ങൾക്ക് വേണ്ടിയാണ്. ഇതിൽ 70 ശതമാനം വായ്പയും 30 ശതമാനം ഗ്രാന്റുമാണ്.

### സി എസ് എസിന്റെ ഘടന നീതി ആയോഗ് ഘട്ടത്തിൽ

നീതി ആയോഗ് രൂപീകരിച്ചതിന് ശേഷം, 2015ൽ സി എസ് എസ് പദ്ധതികളുടെ നവീകരണത്തിനായി കേന്ദ്ര സർക്കാർ മുഖ്യമന്ത്രിമാരടങ്ങുന്ന ഒരു സബ് കമ്മറ്റിയെ നിയോഗിക്കുകയുണ്ടായി. ഈ സമിതിയുടെ ശുപാർശ പ്രകാരം 2016ൽ 66 പദ്ധതികളെ 28 'അംബ്രല്ല' പദ്ധതികളായി ചുരുക്കുകയുണ്ടായി. ഇതിൽ ആറെണ്ണത്തെ മുഖ്യ പദ്ധതികൾ എന്ന നിലയിൽ തരം തിരിക്കുകയും 20 എണ്ണം കോർ പദ്ധതി എന്ന രീതിയിലും രണ്ടെണ്ണം ഓപ്ഷണൽ സ്കീം എന്ന രീതിയിലും വേർതിരിക്കുകയുണ്ടായി. ഇതിൽ കോർ പദ്ധതികളിൽ സംസ്ഥാനങ്ങൾ നിർബന്ധമായി ചേരേണ്ടതുണ്ട്. എന്നാൽ ഓപ്ഷണൽ പദ്ധതികളിൽ ചേരുന്നത് സംസ്ഥാനങ്ങളുടെ വിവേചനാധികാരമാണ്.

ഇത്തരത്തിൽ പദ്ധതികളിൽ മാത്രമല്ല മാറ്റം വരുത്തിയത് തുക അനുവദിക്കുന്ന രീതികളിലും മാറ്റം വരുത്തി. മുഖ്യ പദ്ധതികളുടെ കാര്യത്തിൽ 100 ശതമാനവും കേന്ദ്ര വിഹിതമായിരിക്കും. കോർ പദ്ധതികളിൽ 60 ശതമാനം കേന്ദ്രവും 40 ശതമാനം സംസ്ഥാനങ്ങളും വഹിക്കും. എന്നാൽ 8 വടക്ക്–കിഴക്കൻ സംസ്ഥാനങ്ങളുടെ കാര്യത്തിലും ഉത്തരാഖണ്ഡ്, ഹിമാചൽ പ്രദേശ്, കാശ്മീർ എന്നീ ഹിമാലയൻ സംസ്ഥാനങ്ങളുടെ കാര്യത്തിലും 90 ശതമാനം കേന്ദ്രം വഹിക്കുമ്പോൾ 10 ശതമാനം മാത്രമാണ് സംസ്ഥാനങ്ങളുടെ വിഹിതം. ഓപ്ഷണൽ സ്കീമുകളിൽ 50:50 എന്ന അനുപാതത്തിലാണ് തുക മുടക്കുന്നത്. വടക്ക്–കിഴക്കൻ സംസ്ഥാനങ്ങൾ, ഹിമാലയ സംസ്ഥാനങ്ങൾ എന്നിവയുടെ കാര്യത്തിൽ കേന്ദ്രം 80 ശതമാനം വഹിക്കുമ്പോൾ സംസ്ഥാനങ്ങൾ 20 ശതമാനവും വഹിക്കും

സംസ്ഥാനത്തിന്റെ അമിതഭാരം

***സംസ്ഥാനങ്ങൾക്കുണ്ടാകുന്ന അധിക ബാധ്യത ധനകാര്യ കമ്മീഷനുകൾ നികത്തുന്നില്ല. സി എസ് എസിനുള്ള കേന്ദ്ര വിഹിതം ഉയർത്തുന്നതുമില്ല.***

***ഇത്തരത്തിൽ അധിക ബാധ്യത വരുന്നതിനു പുറമെ,സി എസ് എസ് പദ്ധതികളിൽ നിന്നുള്ള വിഹിതം അനുവദിക്കുന്നതിൽ പ്രതീക്ഷിച്ചതിനേക്കാൾ കുറവുണ്ടാകുന്നത് സംസ്ഥാനങ്ങൾക്ക് വലിയ തലവേദനയാണ് സൃഷ്ടിക്കുന്നത്.***

2016–17 മുതൽ സി എസ് എസ് പദ്ധതികളുടെ നിർവഹണത്തിൽ കേരളത്തിന് മേൽ അമിതഭാരം വരുന്നുണ്ട്. അതിന് മുൻപ് കേന്ദ്രം 90 ശതമാനം, 80 ശതമാനം, 75 ശതമാനം എന്ന രീതിയിൽ ഫണ്ട് അനുവദിക്കാറുണ്ടായിരുന്നു. അതനുസരിച്ച് സംസ്ഥാനം വഹിക്കേണ്ടി വന്നത് യഥാക്രമം 10 ശതമാനം, 20 ശതമാനം 25 ശതമാനം വീതമായിരുന്നു. എന്നാൽ 2016–17 മുതൽ ശരാശരി 40 ശതമാനം ചെലവും കേരളം വഹിക്കേണ്ട സ്ഥിതി വന്നു ചേർന്നു.

ഇതുമൂലം സി എസ് എസ് പട്ടികയിൽ നിന്നും പത്തെണ്ണം കേരളം തിരഞ്ഞെടുത്തു. 2022–23ലെ ബജറ്റിൽ ഈ 10 പദ്ധതികൾക്കായി 1339.76 കോടി രൂപം സംസ്ഥാന വിഹിതമായി മാറ്റി വയ്ക്കുകയുണ്ടായി. എന്നാൽ ഇക്കാര്യത്തിൽ പഴയ രീതിയാണ് തുടർന്നിരുന്നതെങ്കിൽ ഇതിനായി 642.68 കോടി രൂപ മാത്രം മതിയായിരുന്നു. അതുകൊണ്ട് സംസ്ഥാന സർക്കാരിന് 2022–23 ൽ ഉണ്ടായ അമിതഭാരം 697.08 കോടി രൂപയാണ്. ധനകാര്യ കമ്മീഷന്റെ അവാർഡ് പ്രകാരമോ, സി എസ് എസ് പദ്ധതി വഴിയുള്ള പ്രത്യേക ധനസഹായം വഴിയായോ ഇത് നികത്തപ്പെടുന്നില്ലെന്ന ദൗർഭാഗ്യകരമായ സ്ഥിതിയുണ്ട് (പട്ടിക –1).

ഇത്തരത്തിൽ സംസ്ഥാനത്തിന് അധികഭാരം ഉണ്ടാകുന്നതിന് പുറമെ സി എസ് എസ് വിഹിതമായി കേന്ദ്രത്തിൽ നിന്നും പ്രതീക്ഷിച്ച തുക ലഭ്യമാകുന്നില്ലെന്ന പ്രശ്നവുമുണ്ട്. അതുകൊണ്ട് കേന്ദ്ര വിഹിതം പ്രതീക്ഷിച്ച് സംസ്ഥാനം കൂടുതൽ വിഹിതം നീക്കിവയ്ക്കുകയും അത് ലഭ്യമാകാതെ വരികയും ചെയ്യുമ്പോൾ കേരളത്തിന്റെ പദ്ധതികൾ പാളി പോകുന്ന സ്ഥിതിയുണ്ടാകുന്നു (രേഖാചിത്രം –1), (രഖാചിത്രം –2 ).

സി എസ് എസ് പദ്ധതികളിൽ കേന്ദ്രം ചെലവഴിക്കുന്ന തുക 2012–13 സാമ്പത്തിക വർഷത്തിൽ 93 ശതമാനമായിരുന്നത് 2019 –20ൽ 64 ശതമാനമായി കുറഞ്ഞു (പട്ടിക –2). എന്നാൽ 2014 –15 മുതൽ 2016–17 വരെയുള്ള ഘട്ടത്തിൽ സംസ്ഥാനത്തിന്റെ വിഹിതം 7 ശതമാനത്തിൽ നിന്ന് 36 ശതമാനമായി കുതിച്ചുയർന്നു. 22 ശതമാനത്തിൽ നിന്നും 2015 –16ൽ ചെലവ് 36 ശതമാനമായി ഉയർന്നു. 2019–20 ആകുമ്പോൾ ഇത് 43.55 ശതമാനം എന്ന തോതിലേക്ക് കുതിച്ചുയർന്നു (പട്ടിക –2 ).

കേന്ദ്ര മേഖലയിൽ ഉൾപ്പെടുന്ന പദ്ധതികളുടെ മുഴുവൻ ചെലവും കേന്ദ്രമാണ് വഹിക്കുന്നത്. തുടക്കത്തിൽ മൊത്തം കേന്ദ്ര ഗ്രാന്റുകളുടെ ഏതാണ്ട് 25 ശതമാനം സി എസ് എസ് പദ്ധതികൾക്കുള്ള വിഹിതമായിരുന്നു. എന്നാൽ 2014 മുതൽ ഇത് കുറയുന്ന പ്രവണത കാണാം. ഒപ്പം കേന്ദ്ര തലത്തിൽ വരുന്ന പദ്ധതികൾക്കുള്ള വിഹിതം കൂടുന്നതായും കാണാം. പദ്ധതി ധനസഹായങ്ങളുടെ സ്ഥാനത്ത് സി എസ് എസ്, കേന്ദ്ര മേഖല പദ്ധതികൾ എന്നിവയുടെ പ്രാധാന്യം പടി പടിയായി വർധിച്ചു വരുന്നത് സാമൂഹ്യ മേഖലയിലെ പദ്ധതികളുടെ കേന്ദ്രീകരണത്തിന് കാരണമാകുന്നു എന്ന് ചൂണ്ടികാണിക്കപ്പെടുന്നുണ്ട് (രഥ്–2013). കേന്ദ്ര മേഖല പദ്ധതികളുടെ വ്യാപ്തം വർധിക്കുന്നത് കൂടുതൽ കേന്ദ്രീകരണത്തിന് കാരണമാകുന്നു. ഇത്തരം പദ്ധതികളിൽ സംസ്ഥാനങ്ങൾക്ക് കാര്യമായ റോൾ വഹിക്കാനുമില്ല എന്ന പ്രശ്നവുമുണ്ട്. 2014–15 മുതൽ 2022–23 വരെ സി

**Table - 1** - Budget outlay of ten CSSs-2023-24 in lakh

| Sl.No | Name of Schemes | Ratio of Central - State Share | | State Share in 2023-24 | If followed old ratio | Additional Burden |
|---|---|---|---|---|---|---|
| | | Old | New | | | |
| 1 | Pradan Mantri Mastya Sampada Yojana | 75 - 25 | 60-40 | 4380 | 2737.5 | 1642.5 |
| 2 | National Rural Livelihood Mission | 75 - 25 | 60-40 | 6500 | 4062.5 | 2437.5 |
| 3 | Pradan Mantri Gram Sadak Yojana | 100 - 00 | 60-40 | 8000 | 0 | 8000 |
| 4 | Samagra Siksha Abhiyan | 75 - 25 | 60-40 | 6000 | 3750 | 2250 |
| 5 | Mid- Day Meal Programme | 75 - 25 | 60-40 | 34464 | 14360 | 20104 |
| 6 | National Health Mission | 75 - 25 | 60-40 | 50000 | 31250 | 18750 |
| 7 | Prime Minister Awaas Yojana | 75 - 25 | 60-40 | 1000 | 625 | 375 |
| 8 | DIET | 75 - 25 | 60-40 | 1200 | 750 | 450 |
| 9 | Integrated Child Development Services | 90 - 10 | 60-40 | 19432 | 4858 | 14574 |
| 10 | Prime Minister Ayushman Bharat Health Infrastructure Mission | 75 - 25 | 60-40 | 3000 | 1875 | 1125 |
| | **Total** | | | **133976** | **64268** | **69708** |

*Source: Annual Plan Document, GoK, 2023-24*

**Figure 1**




*Source: Annual Plan Document, GoK, 2023-24 and PFMS (Fund Release)*

**Figure 2**




*Source : Annual Plan documents and PFMS*

**Table 2** - Proportion of expenditure of CSS and central sector schemes by centre-state

| Year | Expenditure (in lakh) | | | % of expenditure | |
|---|---|---|---|---|---|
| | Central | State | Total | Central | State |
| 2012-13 | 155144 | 28889.7 | 184034 | 84.3 | 15.7 |
| 2013-14 | 106038 | 32131 | 138169 | 76.75 | 23.25 |
| 2014-15 | 337746 | 24932.7 | 362679 | 93.13 | 6.87 |
| 2015-16 | 294760 | 84812.8 | 379573 | 77.66 | 22.34 |
| 2016-17 | 315853 | 178474 | 494327 | 63.9 | 36.1 |
| 2019-20 | 470887 | 362897 | 833784 | 56.45 | 43.55 |

*Source: Computed from CAG Accounts of various years*

എസ് എസ്, കേന്ദ്ര പദ്ധതികൾ എന്നിവയിൽ കേന്ദ്ര സർക്കാരിന്റെ ചെലവഴിക്കലിന്റെ വിവരങ്ങൾ മൂന്നാം പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. 2014–15ൽ 13 ശതമാനമായിരുന്ന കേന്ദ്രത്തിന്റെ തനത് പദ്ധതികളിലെ വിഹിതം 2020–21 ആകുമ്പോൾ 39 ശതമാനമായി ഉയർന്നതായി ഇത് വ്യക്തമാക്കുന്നു.

**സി എസ് എസ് പദ്ധതികളുടെ നടപ്പാക്കൽ പ്രശ്നങ്ങൾ**

ഇത്തരം പദ്ധതികളുടെ ഏറ്റവും വലിയ ന്യൂനത അവ ദേശീയ തലത്തിൽ വാർത്തെടുക്കപ്പെട്ട പൊതുവായ പദ്ധതികളാണ് എന്നതാണ്. സംസ്ഥാനങ്ങളുടെ പ്രത്യേകമായ ആവശ്യങ്ങൾ ഇത്തരം പദ്ധതികളിൽ കണക്കിലെടുക്കുന്നേയില്ല. നീതി ആയോഗ് നിലവിൽ വന്ന ശേഷം ഈ പ്രശ്നം

***2014 മുതൽ സി എസ് എസ് വിഹിതത്തിൽ കുറവ് വരുന്നുണ്ട്. എന്നാൽ കേന്ദ്ര തലത്തിലുള്ള പദ്ധതികൾക്കുള്ള വിഹിതം ഉയരുന്നുണ്ട്. പദ്ധതി ഗ്രാന്റിന് ബദലായി സി എസ് എസ്, കേന്ദ്രതല പദ്ധതികൾ എന്നിവയുടെ പ്രാമാണ്യം വർധിക്കുന്നത് സാമൂഹ്യ ക്ഷേമ പദ്ധതികൾ കൂടുതൽ കേന്ദ്രീകൃതമാകുന്നതിന് കാരണമാകുന്നുണ്ട്.***

**Table 3** - Share of CSS & central sector scheme to total central development activities

| Year | CSS | Share of CSS to total Development | Central Sector Scheme | Share of Central Sector Schemesto total Development Expenditure | Total Development Expenditure |
|---|---|---|---|---|---|
| 2014-15 | 338408 | 18.85 | 236592 | 13.18 | 1794892 |
| 2016-17 | 241900 | 12.21 | 308110 | 15.57 | 1978060 |
| 2020-21 | 383976 | 10.93 | 1356817 | 38.65 | 3509836 |
| 2022-23 | 476105 | 10.57 | 1467880 | 32.59 | 4503097 |

*Source: Union Budget documents and Computed from CAG Accounts of various years*

കൂടുതൽ രൂക്ഷമായിട്ടുണ്ട് പ്രധാനപ്പെട്ട അംബ്രല്ല പദ്ധതികളുടെ കീഴിൽ വരുന്ന വിധത്തിൽ പദ്ധതികളുടെ എണ്ണം 28 ആയി ചുരുക്കിയതോടെ സംസ്ഥാനങ്ങളുടെ സവിശേഷമായ സാഹചര്യങ്ങൾക്ക് കാര്യമായ ഒരു പരിഗണനയും ലഭ്യമാകുന്നില്ല.

ഇവയുടെ ഫണ്ടിങ്ങിന്റെ കാര്യത്തിലും ആശയക്കുഴപ്പം പ്രകടമാണ്. ഒരേ പദ്ധതിക്ക് തന്നെ വ്യത്യസ്ത രീതിയിലുള്ള ഫണ്ടിങ് കാണാവുന്നതാണ്. ഉദാഹരണത്തിന്, സംയോജിത ശിശു വികസന പദ്ധതിയിൽ സംസ്ഥാനങ്ങളുടെ വിഹിതമായി പറയുന്നത് 25 ശതമാനമാണ്. എന്നാൽ ഇതിനുള്ള മാനവശേഷി വിനിയോഗത്തിന്റെ 75 ശതമാനം ചെലവും വഹിക്കുന്നത് സംസ്ഥാനങ്ങളാണ്. മാത്രവുമല്ല, 2023–24 മുതൽ ഇത്തരം ചെലവ് പൂർണ്ണമായും സംസ്ഥാനം വഹിക്കണമെന്ന നിർദേശമാണ് കേന്ദ്രം നൽകിയിരിക്കുന്നത്. അതുപോലെ വിദ്യാലയങ്ങളിലെ ഉച്ചഭക്ഷണ പരിപാടിക്ക് വേണ്ട ഇന്ധനം, ജീവനക്കാരുടെ ചെലവ് തുടങ്ങിയ

***സി എസ് എസിന്റെ ഒരു പ്രധാന ന്യൂനത അവ പൊതുവായതും ദേശീയ കാഴ്ചപ്പാടോട് കൂടിയവയുമാണ് എന്നതാണ്. ഇതിനായുള്ള മാർഗനിർദേശങ്ങൾ, മാനദണ്ഡങ്ങൾ എന്നിവ രൂപപ്പെടുത്തുമ്പോൾ ഓരോ സംസ്ഥാനത്തിന്റെയും തനതായ ആവശ്യങ്ങളും സാധ്യതകളും പരിഗണിക്കപ്പെടുന്നില്ല. നീതി ആയോഗ് നിലവിൽ വന്നതിന് ശേഷം ഇത് രൂക്ഷമാണ്. സി എസ് എസ് പദ്ധതികൾ 28 എണ്ണമാക്കി ചുരുക്കിയപ്പോൾ അതിൽ അധിക പങ്കും അംബ്രല്ല പദ്ധതികളുടെ ഭാഗമായി മാറി.***

***മാനദണ്ഡങ്ങൾ, മാർഗ്ഗനിർദ്ദേശങ്ങൾ തുടങ്ങിയ കാര്യങ്ങൾ അടിയ്ക്കടി മാറ്റുന്നത് സംസ്ഥാനങ്ങൾക്ക് വലിയ ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നുണ്ട്. താഴെത്തട്ടിൽ പദ്ധതി നടപ്പാക്കുമ്പോൾ ഇത് സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ ചെറുതല്ല.***

കാര്യങ്ങൾ കേന്ദ്രം നിജപ്പെടുത്തിയിട്ടുണ്ട് എന്നാൽ ഇത് യഥാർത്ഥ ചെലവുമായി പൊരുത്തപ്പെടുന്നതല്ല. ഉച്ചഭക്ഷണം തയാറാക്കുന്ന ജോലിക്കാർക്ക് കേന്ദ്ര സർക്കാർ നിശ്ചയിച്ചിട്ടുള്ള പ്രതിദിന വേതനം കേവലം 100 രൂപ മാത്രമാണ്. ഇതിൽ 60 രൂപ മാത്രമാണ് കേന്ദ്രം നൽകുന്നത്. കേരളം പോലുള്ള സംസ്ഥാനങ്ങളിൽ 500 രൂപ വേതനം നൽകിയാലും ആളെ കിട്ടാത്ത സ്ഥിതിയുണ്ട്.

അതുപോലെ പദ്ധതികളുടെ മാർഗ്ഗനിർദ്ദേശങ്ങൾ, ഘടന, യോഗ്യത തുടങ്ങിയ കാര്യങ്ങളിൽ അടിക്കടി മാറ്റം വരുത്തുന്നത് സംസ്ഥാനങ്ങൾക്ക് വലിയ പ്രതിസന്ധിയാണ് സൃഷ്ടിക്കുന്നത്. താഴെ തട്ടിൽ പദ്ധതികൾ നടപ്പാക്കുന്നതിനും യഥാസമയം വിനിയോഗ സാക്ഷ്യപത്രങ്ങൾ സമർപ്പിക്കുന്നതിലും ഇതുണ്ടാക്കുന്ന കാലതാമസം ചില്ലറയല്ല. ഇത്തരത്തിൽ സമയബന്ധിതമായി, നിശ്ചിത രീതിയിൽ സാക്ഷ്യപത്രം സമർപ്പിച്ചാൽ മാത്രമേ കേന്ദ്ര സർക്കാർ പണം അനുവദിക്കുകയുള്ളു.

**ഉപസംഹാരം**

കേന്ദ്രാവിഷ്കൃത പദ്ധതികളിൽ വിവേചനമില്ലാതെ, ഫലപ്രദമായ നടപ്പാക്കൽ സാധ്യമാകുന്ന വിധത്തിൽ കേന്ദ്ര സർക്കാർ, ഫണ്ട് അനുവദിക്കേണ്ടത് ധനകാര്യ ഫെഡറലിസം ശക്തിപ്പെടുത്തുന്നതിന് ആവശ്യമാണ്. സംസ്ഥാനങ്ങൾക്ക് ഉണ്ടാകുന്ന അധിക ബാധ്യതകൾ പരിഹരിക്കുന്നതിന് വികസന ചെലവുകളിൽ സി എസ് എസ് പദ്ധതികൾക്കുള്ള വിഹിതം ഉയർത്തിയോ, പതിനാറാം ധനകാര്യ കമ്മീഷൻ വഴിയായി കൂടുതൽ ഫണ്ടുകൾ അനുവദിച്ചോ പരിഹരിക്കേണ്ടതാണ്. രാജ്യത്തിന്റെ വൈവിധ്യമാർന്ന പ്രത്യേകതകൾ പരിഗണിച്ച് സി എസ് എസ് പദ്ധതികളിൽ പണം ചെലവഴിക്കുന്നതിന് സംസ്ഥാനങ്ങൾക്ക് ആവശ്യമായ സ്വാതന്ത്ര്യം അനുവദിച്ച് നൽകേണ്ടതുമാണ്. പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയിൽ നടപ്പാക്കിയിരുന്ന 'ഫ്ലെക്സി ഫണ്ട്' രീതി പുനരാരംഭിക്കാവുന്നതാണ്. ഇതനുസരിച്ച് കേന്ദ്രാവിഷ്കൃത പദ്ധതികളുടെ 25 ശതമാനം പദ്ധതിയുടെ പൊതുലക്ഷ്യങ്ങൾക്ക് ഭംഗം വരാത്ത വിധം സംസ്ഥാനങ്ങളുടെ സവിശേഷമായ ആവശ്യങ്ങൾക്കായി ചെലവഴിക്കാവുന്നതാണ്.

കേന്ദ്ര ബജറ്റ് തയാറാക്കുന്ന വേളയിൽ പ്രോജക്റ്റ് അപ്പ്രൂവൽ ബോർഡിന്റെ (പി എ ബി ) തീരുമാനങ്ങൾക്ക് മതിയായ പരിഗണന ഉറപ്പാക്കേണ്ടതാണ്. അതനുസരിച്ച് സംസ്ഥാനങ്ങൾക്ക് കേന്ദ്രത്തിൽ നിന്ന് ലഭിക്കാവുന്ന ധനസഹായങ്ങൾ മുൻകൂറായി കണക്കാക്കാൻ കഴിയുന്നതാണ്. കേരളത്തിന്റെ കാര്യത്തിൽ കേന്ദ്രത്തിന്റെ നിർദേശങ്ങൾ നടപ്പാക്കുന്ന വിവിധ വകുപ്പുകൾക്ക് മനസിലാക്കാൻ കഴിയുന്നതിനും പദ്ധതി നിർദേശങ്ങൾ യഥാസമയം തയാറാക്കുന്നതിനും വിനിയോഗ സാക്ഷ്യപത്രം യഥാസമയം സമർപ്പിക്കുന്നതിനും ഒരു പ്രത്യേക സംവിധാനത്തിന് രൂപം നൽകേണ്ടതാണ്. കേന്ദ്രത്തിലെ വിവിധ മന്ത്രാലയങ്ങളുമായി കാര്യങ്ങൾ സംവേദനം ചെയ്യുന്നതിനും ഫണ്ടുകൾ കാര്യക്ഷമമായി വിനിയോഗിക്കുന്നതിനും ഇത്തരം ഒരു സംവിധാനം ഫലപ്രദമാകുമെന്ന് കരുതാം

■

[ഡോ ബിന്ദു പി വർഗീസ്, ചീഫ് സോഷ്യൽ ഡിവിഷൻ, കേരള സ്റ്റേറ്റ് പ്ലാനിങ്ങ് ബോർഡ്, തിരുവനന്തപുരം, ഡോ അനിൽകുമാർ ബി എം, ഡെപ്യൂട്ടി ഡയറക്ടർ, കേരള സ്റ്റേറ്റ് പ്ലാനിങ്ങ് ബോർഡ്, തിരുവനന്തപുരം.]

## References


1 Rao, Govinda, M. 2017. *Central Transfers to States in India- Rewarding Performance while Ensuring Equity.* Final Report of a Study Submitted to NITI Aayog. accessed on 24/12/2023. https://smartnet.niua.org/sites/default/files/resources/final_report_25sept_2017.pdf

2 Gupta, Bhanu and Abhiroop Mukhopadhyay.2016. *Local Funds and Political Competition: Evidence from the National Rural Employment Guarantee Scheme in India.* European Journal of Political Economy. Volume 41, Pp.14-30. Accessed on 2012-2023 https://www.sciencedirect.com/science/article/abs/pii/S0176268015000932

3 Saxena, Rekha etal. 2023. *Centrally-sponsored Schemes and Cooperative Federalism in India: A Case Study of Integrated Child Development Scheme,* Indian Journal of Public Administration.Volume 69 Issue 2, accessed on 23/12/2023 from https://vidhilegalpolicy.in/research/fiscal-federalism-and-centrally-sponsored-schemes-rethinking-article-282-of-the-constitution/

4 Sharma, Rwithika, Mayuri Gupta and Kevin James, 2021. *Why Article 282 needs a rethink as Centre and states battle for money,* The Print, accessed on 23/12/2023, https://theprint.in/opinion/why-article-282-needs-a-rethink-as-centre-and-states-battle-for-money/699173/

5 Rao, Govinda M. and Nirvikar Singh. 2021. *The Political Economy of Centre-State Fiscal Transfers in India.* Working Paper 107. Stanford Centre for International Development. Accessed on 21-12-2023 at https://kingcenter.stanford.edu/sites/g/files/sbiybj16611/files/media/file/107wp_0.pdf

6 Rath, Anitha. 2013. *Growing Centralisation of Social Sector Policies in India.* Economic and Political Weekly. Volume 48. No.4. Pp 62-70.

കേരള ഇക്കോണമി
പുസ്തകം 4 ലക്കം 4
ഒക്ടോബർ - ഡിസംബർ 2023

# ഉയരുന്ന കടവും കേരളത്തിന്റെ വികസനച്ചെലവിലെ വളർച്ചയും

സ്റ്റെഫി ആൻറണി, പി എസ് രഞ്ജിത്ത്

**1. ആമുഖം**

ഫെഡറൽ ഘടനയിൽ കെട്ടിപ്പടുത്ത രാജ്യമാണ് ഇൻഡ്യയെങ്കിലും യൂണിറ്ററിയായ ചില സവിശേഷതകൾ കൂടി അതിൽ കാണാം. പ്രത്യേകിച്ച് കേന്ദ്ര – സംസ്ഥാന ബന്ധങ്ങളുടെ കാര്യത്തിൽ (റാവു–2000). കേന്ദ്രത്തിനും സംസ്ഥാനങ്ങൾക്കും ഇടയിൽ, വരുമാനവും ചെലവും തമ്മിലുള്ള സംതുലിതാവസ്ഥയുടെ കാര്യത്തിലുള്ള ഏറ്റക്കുറച്ചിലുകൾ ഇത് കൂടുതൽ വ്യക്തമാക്കുന്നുണ്ട്. കൂടുതൽ വരുമാന മാർഗ്ഗങ്ങൾ കയ്യാളുന്നതിനുള്ള അധികാരം ഭരണഘടനാപരമായി തന്നെ കേന്ദ്രത്തിൽ നിക്ഷിപ്തമാണ്. എന്നാൽ ചെലവുകൾ കൂടുതലും വരുന്നത് സംസ്ഥാനങ്ങളുടെ ചുമലിലാണ്. പൊതുവായ സർക്കാർ ചെലവുകളുടെ ഏതാണ്ട് 60 ശതമാനവും നിർവഹിക്കുന്നത് സംസ്ഥാന ങ്ങളാണ് (റിസർവ് ബാങ്ക്–2020). എന്നാൽ മൊത്തം വരുമാന മാർഗങ്ങളുടെ മൂന്നിലൊന്ന് മാത്രമാണ് അവയ്ക്കുള്ളത്. ഈ സാഹചര്യം തുടർച്ചയായി കടമെടുക്കുക എന്ന പോം വഴിയിലേക്ക് സംസ്ഥാന സർക്കാരുകളെ നയിക്കുന്നു. ഇത് സംസ്ഥാനങ്ങളുടെ പൊതുകടം വലിയ തോതിൽ ഉയരുന്നതിന് കാരണമായി മാറുകയും ചെയ്യുന്നുണ്ട് (രഞ്ജിത്ത്, ഷൺമുഖം–2018).

ഇത്തരത്തിൽ പൊതുകടം കുമിഞ്ഞു കൂടുന്ന ഒരു സാഹചര്യമാണ് കേന്ദ്ര, സംസ്ഥാനതലങ്ങളിൽ ബാധകമാകുന്ന ധനഉത്തരവാദിത്വ നിയമങ്ങൾ പാസാക്കണം എന്ന ചർച്ച ഉയർത്തിയത്. ഇതിന്റെ അടിസ്ഥാനത്തിൽ 2003ൽ കേന്ദ്ര സർക്കാർ ധനഉത്തരവാദിത്വ, ബജറ്റ് മാനേജ്മെന്റ് നിയമം (എഫ് ആർ ബി എം ആക്റ്റ്) നടപ്പാക്കി. പന്ത്രണ്ടാം ധനകാര്യ കമ്മീഷന്റെ റിപ്പോർട്ടിലെ നാലാം അധ്യായത്തിൽ പറയുന്ന സേവിങ് ഇൻവെസ്റ്റ്മെന്റ് ഫോർമുല അടിസ്ഥാനമാക്കി തയ്യാറാക്കപ്പെട്ട ഈ നിയമം പ്രധാന കമ്മി സൂചകങ്ങളുടെ കാര്യത്തിൽ പ്രത്യേകിച്ച് ധനക്കമ്മി, റവന്യു കമ്മി തുടങ്ങിയവയുടെ കാര്യത്തിൽ പരിധികൾ നിർണ്ണയിക്കു കയുണ്ടായി. ഇതനുസരിച്ച് സംസ്ഥാനങ്ങളുടെ ധനക്കമ്മി 3 ശത മാനത്തിലും റവന്യു കമ്മി 0 ശതമാനത്തിലും ക്രമീകരിക്കേണ്ടതുണ്ട്.

***കേന്ദ്രത്തിന്റെ കർശനമായ നിയന്ത്രണങ്ങൾ മൂലം ധനപരമായ സമ്മർദം നേരിടുന്ന സാഹചര്യത്തിലും കേരളം ദീർഘകാല വികസനം ലക്ഷ്യമാക്കിയുള്ള ചെലവഴിക്കലിനെ ഒട്ടും ചെറുതാക്കി കാണുന്നില്ല എന്നത് ശ്രദ്ധേയമാണ്.***

സംസ്ഥാനങ്ങൾ തനതായി ധന ഉത്തരവാദിത്വ നിയമങ്ങൾ (എഫ് ആർ എൽ) പാസാക്കണമെന്ന നിർദേശവും ഇതിന്റെ ഭാഗമായി ഉണ്ടായി. 2008-09ഓടെ റവന്യൂ കമ്മി പൂർണ്ണമായി ഇല്ലാതാക്കുകയും ധനക്കമ്മി 3 ശതമാനത്തിൽ ക്രമീകരിക്കുകയും ചെയ്യുക എന്നതായിരുന്നു ഇതിന്റെ ലക്ഷ്യം. സംസ്ഥാനങ്ങളുടെ കടമെടുപ്പ് പരമാവധി കുറയ്ക്കുന്നതിനുള്ള വഴി കണ്ടെത്തുക എന്നതും ഇതിന്റെ ഭാഗമാണ്. സംസ്ഥാന ഗ്രാന്റുകൾ, കടാശ്വാസ പദ്ധതികൾ തുടങ്ങിയ വയുടെ കാര്യത്തിൽ പന്ത്രണ്ടാം ധനകാര്യ കമ്മീഷൻ ചില നിർദേശങ്ങൾ മുന്നോട്ട് വയ്ക്കുകയുണ്ടായി. അതനുസരിച്ച് 'ഡെബ്റ്റ് കൺസോളിഡേഷൻ ആൻഡ് റിലീഫ് ഫെസിലിറ്റി'യിൽ നിന്നുള്ള സഹായങ്ങൾ സംസ്ഥാനങ്ങൾക്ക് ലഭ്യമാകണമെങ്കിൽ എഫ് ആർ എൽ പാസാക്കുക എന്നത് ഒരു മുന്നുപാധിയായി മാറുകയും ചെയ്തു.

കർണ്ണാടകമാണ് ആദ്യമായി ഈ നിയമം പാസാക്കിയ സംസ്ഥാനം. തുടർന്ന് തമിഴ്നാട്, കേരളം എന്നീ സംസ്ഥാനങ്ങളും ഇത് പാസാക്കി. സിക്കിം, പശ്ചിമ ബംഗാൾ എന്നീ സംസ്ഥാനങ്ങൾ ഒഴികെയുള്ള സംസ്ഥാനങ്ങൾ 2005-06 ഘട്ടത്തിൽ ഈ നിയമം പാസാക്കുകയുണ്ടായി.

അനിയന്ത്രിതമായി ഉയരുന്ന കടമെടുപ്പ്, കമ്മികൾ എന്നിവയുടെ കാര്യത്തിൽ ഈ നിയമം പോസിറ്റീവായ ചില ചലനങ്ങൾ ഉളവാക്കി എന്നത് യാഥാർഥ്യമാണ്. എന്നാൽ നിലവിലെ സാമ്പത്തിക യാഥാർ ഥ്യങ്ങളെയും ഒപ്പം ചെലവുകളുടെ കാര്യത്തിൽ സംസ്ഥാനങ്ങൾ നേരിടുന്ന സമ്മർദവും കാര്യമായി പരിഗണിക്കപ്പെടാതെ പോയി എന്ന ന്യൂനത ഈ നിയമങ്ങൾക്കുണ്ട്. അതുകൊണ്ട് നടപ്പാക്കിയിട്ട് രണ്ടു പതിറ്റാണ്ട് പിന്നിടുമ്പോഴും ഇതിന്റെ ലക്ഷ്യം പൂർത്തീകരിക്കുവാൻ കേന്ദ്രത്തിനും സംസ്ഥാനങ്ങൾക്കും കഴിഞ്ഞിട്ടില്ല. 2017ൽ എഫ് ആർ ബി എം അവലോകന സമിതി കൂടുതൽ കർക്കശമായ കടമെടുപ്പ്, കമ്മി പരിധികൾ മുന്നോട്ട് വയ്ക്കുകയുണ്ടായി. എന്നാൽ വായ്പ 40 ശതമാനം, 20 ശതമാനം എന്ന തോതിലേക്ക് കുറയ്ക്കുക എന്നതടക്കമുള്ള സമിതിയുടെ നിർദേശങ്ങൾ പ്രാവർത്തികമാകാതെ പോയി. ഈ സാഹചര്യത്തിൽ സംസ്ഥാനങ്ങൾ ഈ ലക്ഷ്യങ്ങൾ തുടരേണ്ടതുണ്ടോ, അല്ലെങ്കിൽ അതിൽ കാലാനുസൃതമായ മാറ്റങ്ങൾ വരുത്തേണ്ടതുണ്ടോ തുടങ്ങിയ വിഷയങ്ങൾ ഇപ്പോൾ സജീവമായ ചർച്ചകൾക്ക് വിഷയീഭവിക്കുകയാണ്.

കെയിൻസിന്റെ വീക്ഷണത്തിലൂടെ വിലയിരുത്തുമ്പോൾ, കടമെടുത്തായാലും ചെലവുകൾ ഉയർത്തുക എന്നത് സാമ്പത്തിക വളർച്ചക്ക് ഉത്തേജനമേകുന്ന കാര്യമാണ് (രംഗരാജൻ, ശ്രീവാസ്തവ-2005). പല തലത്തിലുള്ള ചെലവഴിക്കൽ വിവിധ രീതിയിലുള്ള ഫലങ്ങൾ ഉളവാക്കുന്ന സാഹചര്യത്തിൽ പ്രത്യേകിച്ചും. വികാസനോന്മുഖമായ ചെലവുകൾ വളർച്ചയെ നിർണ്ണായകമായി സ്വാധീനിക്കുന്ന ഘടകമാണ് (ചക്രവർത്തി, ഡാഷ് -2013). വിവിധ വിദഗ്ധർ ഇന്ത്യയുടെ വികസനത്തിന്റെ കാര്യത്തിൽ 'സബ്ഡിയറിറ്റി' തത്വങ്ങൾക്ക് കാര്യമായ മുൻതൂക്കം നൽകുന്നുണ്ട്. അത് വ്യക്തമാക്കുന്നത് സംസ്ഥാനങ്ങളിലെ സാമ്പത്തിക യാഥാർത്ഥ്യങ്ങളെ കൂടുതൽ ആഴത്തിൽ മനസിലാക്കാൻ കഴിയുന്നത് സംസ്ഥാനങ്ങൾക്കാണ് എന്നതാണ് (ഡിമെല്ലോ-2000). പല വികസ്വര രാജ്യങ്ങളിലും പൊതുസേവനങ്ങൾ ലഭ്യമാക്കുന്നതിനുള്ള ചുമതലകൾ പ്രാദേശിക ഭരണകൂടങ്ങളിലാണ് നിക്ഷിപ്തമാക്കിയിരിക്കുന്നത്. കാരണം പ്രാദേശികമായ ആവശ്യങ്ങളെ കൂടുതൽ അടുത്തറിയുന്നത് അവരാണ് എന്നതാണ് (ഓട്ട്സ്-1972, 2005). ഓരോ സംസ്ഥാനത്തിന്റെയും വികസനാവശ്യങ്ങൾ സാക്ഷാത്കരിക്കാൻ കഴിയുന്നത് അതത് സർക്കാരുകൾക്കാണ്. എന്നാൽ നിലവിലെ സാഹചര്യം സംസ്ഥാനങ്ങൾ അവരുടെ ധനകാര്യത്തെ സ്വയം മാനേജ് ചെയ്യണം എന്ന നിലയിലേക്കാണ് നയിക്കുന്നത്. 2023-ൽ പഥക്ക് ചൂണ്ടിക്കാട്ടുന്നത്, ധനപരമായ

ലക്ഷ്യങ്ങൾ സംസ്ഥാനങ്ങളുടെ ചെല വഴിക്കലിനെ പ്രതികൂലമായി ബാധിക്കുന്നു എന്നാണ്. ഇത് ദീർഘകാലാടിസ്ഥാനത്തിൽ സംസ്ഥാനങ്ങളുടെ ധനപരമായ നിലനില്പിനെ പോലും ദോഷകരമായി ബാധിക്കുന്ന ഒന്നാണ്.

സംസ്ഥാനങ്ങളുടെ ചെലവഴിക്കൽ നയങ്ങൾ, അതിന്റെ രീതികൾ തുടങ്ങിയ കാര്യങ്ങളിൽ സംസ്ഥാനതല എഫ് ആർ എൽ കാര്യമായ സമ്മർദ്ദം ചെലുത്തുന്നുണ്ട്. ചില സംസ്ഥാനങ്ങൾക്ക് അവയുടെ മുൻഗണനകൾ ഇതുമൂലം മാറ്റേണ്ടതായി വരുന്നു. മറ്റുള്ളവയ്ക്ക് ചെലവിന്റെ ഘടനയിൽ മാറ്റം വരുത്തേണ്ടതായി വരുന്നു. വേറെ ചില സംസ്ഥാനങ്ങളെ സംബന്ധിച്ചിടത്തോളം വികസനച്ചെലവുകൾ പരിമിതപ്പെടുത്തേണ്ടതായും വരുന്നു. കേരളം പോലുള്ള സംസ്ഥാനങ്ങളാകട്ടെ, വികസന ലക്ഷ്യങ്ങൾ ബലി കഴിക്കാതെ കമ്മിയുടെ കാര്യത്തിലുള്ള ലക്ഷ്യങ്ങൾ കൈവരിക്കാനാണ് ശ്രമിക്കുന്നത്. ഇക്കാര്യങ്ങളിലെല്ലാം വിദഗ്ധർക്കിടയിൽ ഭിന്നാഭിപ്രായങ്ങൾ പ്രകടമാണ്. സംസ്ഥാനങ്ങൾ പൊതുകടം, കമ്മികൾ തുടങ്ങിയവയുടെ കാര്യത്തിലെ ലക്ഷ്യങ്ങൾ നേടുന്നതിന് നടത്തുന്ന ശ്രമങ്ങളെ റിസർവ് ബാങ്ക് ഏറെ പോസിറ്റീവായി കാണുമ്പോൾ ജോസഫ്, അനിതകുമാരി (2022) തുടങ്ങിയ വിദഗ്ദർ എഫ് ആർ ബി എം നിയമങ്ങൾ കാലത്തിന് നിരക്കാത്തതാണെന്നും നിലവിലെ സാമ്പത്തിക യാഥാർഥ്യങ്ങളെ വിലയിരുത്തുന്നതിൽ അത് പരാജയപ്പെടുന്നതായും നിരീക്ഷിക്കുന്നു.

ഈ പശ്ചാത്തലത്തിൽ കടമെടുപ്പ് ഉയരുന്നത് സംസ്ഥാനങ്ങളുടെ വികസന ചെലവുകളെ എങ്ങനെ സ്വാധീനിക്കുന്നു എന്ന വിഷയമാണ് ഇവിടെ പരിശോധിക്കുന്നത്. 'എക്സ്പെൻഡിച്ചർ റെസ്പോൺസ്' മോഡലുകളും മറ്റു ചില സങ്കേതങ്ങളുമാണ് ഇതിനായി പ്രയോജനപ്പെടുത്തിയിരിക്കുന്നത്. 1990–91 മുതൽ 2021–22 വരെയുള്ള കാലയളവാണ് ഈ പഠനത്തിനായി പരിഗണിച്ചിരിക്കുന്നത്. ഉയരുന്ന കടം സംസ്ഥാനങ്ങളുടെ വികസനത്തെ എപ്രകാരം സ്വാധീനിക്കുന്നു എന്നതും ധനാപരമായ നിബന്ധനകൾ പിന്തുടരുന്നതിലെ വിയോജിപ്പുമാണ് ഇവിടെ പ്രതിപാദ്യമാകുന്നത്.

ഈ ലേഖനത്തിന്റെ രണ്ടാം ഭാഗം 1980 മുതൽ 2022 വരെയുള്ള കേരളത്തിന്റെ ധനകാര്യ വികസന പാത പരിശോധിക്കുമ്പോൾ മൂന്നാം ഭാഗം അതിന്റെ വിശദമായ വിശകലനം നൽകുന്നു. ഉപസംഹാരം നാലാം ഭാഗത്തുമാണ് നൽകിയിരിക്കുന്നത്.

## 2. കേരളത്തിന്റെ ധനകാര്യ പാത

വിവിധങ്ങളായ, സാമൂഹ്യ, വികസന സൂചികകളുടെ കാര്യത്തിൽ കാര്യമായ നേട്ടങ്ങൾ കൈവരിച്ചിട്ടുള്ള സംസ്ഥാനങ്ങളുടെ കൂട്ടത്തിൽ മുൻപന്തിയിലാണ് കേരളം. കേരള വികസന മാതൃക കൊണ്ട് താരതമ്യേന ചെറിയ പ്രതിശീർഷ വരുമാനമുള്ള സംസ്ഥാനത്തിന് ഉയർന്ന ജീവിത നിലവാരവും വളർച്ചയും കൈവരിക്കാൻ കഴിയുമെന്ന് തെളിയിക്കാൻ കഴിഞ്ഞു. സർക്കാരുകളുടെ സമർത്ഥമായ ഇടപെടലാണ് ഇതിന്റെ കാതലായ വശം. വരുമാന സാധ്യതകൾ കുറവായതും ഉയർന്ന തോതിലുള്ള ചെലവുകൾ ഉണ്ടായതും സംസ്ഥാനത്തിന് കടമെടുപ്പിനെ കാര്യമായി ആശ്രയിക്കേണ്ടുന്ന സ്ഥിതിയുണ്ടാക്കി. ഇത് പൊതുകടവും കമ്മിയും ഉയരുന്ന സാഹചര്യ

***റവന്യൂ കമ്മി പൂജ്യത്തിലേക്ക് താഴ്ത്തുകയോ നെഗറ്റീവാക്കുകയോ ചെയ്യുകയെന്ന കേന്ദ്ര സർക്കാരിന്റെ നിബന്ധനകൾ വരുമാന സാദ്ധ്യതകൾ പരിമിതമായ കേരളം പോലുള്ള സംസ്ഥാനങ്ങൾക്ക് ഏറെ പ്രയാസകരമായ ഒന്നാണ്. അവയുടെ വികസന കാര്യങ്ങളിലെ റവന്യൂ ചെലവുകൾ കുറയ്ക്കുക എന്ന വഴി സ്വീകരിക്കേണ്ട അവസ്ഥയിലേക്ക് അത് സംസ്ഥാനങ്ങളെ എത്തിക്കുന്നു.***

ത്തിലേക്ക് നയിച്ചു. സാമ്പത്തികമായ മാന്ദ്യവും ശമ്പളകമ്മീഷൻ ശുപാർശകൾ നടപ്പാക്കിയതും സ്ഥിതിഗതികൾ കൂടുതൽ വഷളാക്കി. തൊണ്ണൂറുകളുടെ അന്ത്യത്തിലും പുതിയ സഹസ്രാബ്ദത്തിന്റെ ആരംഭത്തിലും ഇത് ധനപരമായ കടുത്ത പ്രതിസന്ധിക്ക് വഴിയൊരുക്കി. 2003ൽ കേരളം എഫ് ആർ എൽ പാസാക്കുകയുണ്ടായി. 2010–11 വരെ ധനക്കമ്മി കുറയ്ക്കുന്നതിന് ഇത് സഹായകമായി. എന്നാൽ റവന്യു കമ്മി ഒഴിവാക്കാൻ സഹായകമായില്ല.

കടക്കെണിയിൽ അകപ്പെട്ടിരിക്കുന്ന ഒരു സംസ്ഥാനം എന്നാണ് പതിനഞ്ചാം ധകാര്യ കമ്മീഷൻ കേരളത്തെ കുറിച്ച് പറഞ്ഞത്. കഴിഞ്ഞ ഒരു ദശകത്തിനിടയിൽ ധനക്കമ്മി തുടർച്ചയായി മൊത്തം സംസ്ഥാന ആഭ്യന്തര ഉല്പാദനത്തിന്റെ (ജി എസ് ഡി പി) 3 ശതമാനത്തിന് മുകളിലായിരുന്നുവെന്ന് കമ്മീഷൻ എടുത്തു പറയുന്നു. ഇതിനു പുറമെ കടത്തിന്റെ കാര്യത്തിലുള്ള പ്രതിസന്ധി ചൂണ്ടിക്കാണിച്ചുകൊണ്ട് 2022ലെ റിപ്പോർട്ടിൽ റിസർവ് ബാങ്ക് പറയുന്നത് സംസ്ഥാനത്തിന്റെ ധനസ്ഥിതി അപകടകരമായ നിലയിലാണെന്നാണ്. 2021–22ലെ കണക്കുകൾ പ്രകാരം ധനകമ്മി–ജി എസ് ഡി പി അനുപാതത്തിന്റെ കാര്യത്തിൽ പ്രധാന സംസ്ഥാനങ്ങളുടെ കൂട്ടത്തിൽ കേരളം ഒന്നാം സ്ഥാനത്താണ്. ഇത് ഏതാണ്ട് 4 ശതമാനമാണ്. കേരളത്തിന്റെ കടം – ജി എസ് ഡി പി അനുപാതമാകട്ടെ 40 ശതമാനത്തിന് അടുത്താണ്.

റവന്യു കമ്മി–ധനകമ്മി അനുപാതം വളരെ ഉയർന്ന തോതിലാണ് എന്നതാണ് കേരളത്തിന്റെ ധനസ്ഥിതിയെ കൂടുതൽ സങ്കീർണ്ണമാക്കുന്ന മറ്റൊരു ഘടകം. ഇത് സൂചിപ്പിക്കുന്നത് കടമെടുക്കുന്ന പണത്തിന്റെ അധിക പങ്കും ശമ്പളം, പെൻഷൻ പോലുള്ള ചെലവുകൾക്ക് വിനിയോഗിക്കുന്നു എന്നതാണ്. അതായത് ഉല്പാദനക്ഷമമായ കാര്യങ്ങൾക്ക് വേണ്ടിയും മൂലധന ആവശ്യങ്ങൾക്കായുമുള്ള ചെലവുകൾ കുറയുന്നു എന്നർത്ഥം. ഘടനാപരമായ ഈ അസന്തുലിതാവസ്ഥ വികസന പ്രവർത്തനങ്ങൾക്ക് ഫണ്ടുകൾ വിനിയോഗിക്കുന്ന കാര്യത്തിലെ സംസ്ഥാനങ്ങളുടെ ശേഷിയിൽ ആശങ്കയുണർത്തുന്നു. (രേഖാ ചിത്രം 1).

**Figure 1:** Fiscal Indicators of Kerala




*Source: Based on data compiled from CAG*

***കേരളത്തിന്റെ കടമെടുപ്പ് വ്യക്തമാക്കുന്ന ഒരു കാര്യം കടമെടുക്കുന്നതിൽ ഉണ്ടാകുന്ന ഒരു ശതമാനം വർധന വികസനച്ചെലവുകളിൽ 0.33 ശതമാനം നേട്ടം വരുത്തുന്നു എന്നതാണ്. ഇത് വളർച്ചയുടെയും ക്ഷേമത്തിന്റെയും കാര്യത്തിൽ നിർണ്ണായകമായ റോൾ വഹിക്കുകയും ചെയ്യുന്നു.***

2019–20 മുതൽ ധനകമ്മി നിർദിഷ്ട പരിധിക്ക് മുകളിൽ തുടരുന്നുവെന്നതിന്റെ നേർചിത്ര മാണ് ഒന്നാം രേഖാചിത്രത്തിൽ കാണുന്നത്. ഇത് ഉയർന്ന പൊതുകട - ജി ഡി പി അനുപാതത്തിലേക്ക് സംസ്ഥാനത്തെ നയിക്കുന്നു. വിപണിയിൽ നിന്നുള്ള കടമെടുപ്പ്, കേന്ദ്രത്തിൽ നിന്നുള്ള വായ്പകൾ, ധനകാര്യ സ്ഥാപനങ്ങൾ മുഖേനയുള്ള വായ്പകൾ, റിസർവ് ബാങ്ക്, എൻ എസ് എസ് എഫ് തുടങ്ങിയ സ്ഥാപനങ്ങൾ മുഖേ നയുള്ള വായ്പകൾ എന്നിവയാണ് കടമെടു ക്കുന്നതിനുള്ള മുഖ്യ സ്രോതസുകൾ. ഇതിന്റെ അധിക പങ്കും പോകുന്നത് റവന്യു ചെലവുകളിലേക്കാണ്. ഇന്നത്തെ സാഹ ചര്യത്തിൽ രാജ്യങ്ങൾക്കും പ്രാദേശിക ഭരണകൂടങ്ങൾക്കും റവന്യു ചെലവുകൾ അവഗണിച്ചു കൊണ്ട് മുന്നോട്ട് പോകാൻ കഴിയില്ല. ഇത് പലപ്പോഴും ഉണ്ടാകുന്നത് മുൻകാലങ്ങളിലെ പൊതുഇടപെടൽ കൊണ്ടാണ് (രഞ്ജിത്ത്, ജോസഫ്–2023). റവന്യു കമ്മി കുറച്ചുകൊണ്ട് വരികയോ, പൂജ്യത്തിലേക്ക് താഴ്ത്തുന്നതിന് ശ്രമിക്കു കയോ ചെയ്യുന്നത് റവന്യു ചെലവുകൾക്ക് മേൽ കടുത്ത സമ്മർദ്ദം ഉളവാക്കുന്നതാണ്. ഇത് മൂലധന ചെലവുകൾ പരിമിതപ്പെടു ത്തുന്നതിനുമിടയാക്കും. വികസന ചെലവുകൾ വഴിയായി ലഭ്യമാകുന്ന വരുമാനത്തെയും ഇത് ബാധിക്കുന്നതാണ്.

രേഖാചിത്രം വ്യക്തമാക്കുന്ന കാര്യം, വികസനച്ചെലവുകളുടെ കാര്യത്തിൽ കേരളം വീഴ്ച്ച വരുത്തിയിട്ടില്ല എന്നാണ്. വികസനത്തിന്റെയും സാമൂഹ്യക്ഷേമ ത്തിന്റെയും രംഗത്ത് ഊന്നൽ നൽകുന്ന കേരളത്തിന്റെ കൃത്യമായ സമീപനമാണ് ഇത് കാണിക്കുന്നത്. ധനക്കമ്മിയുടെ കാര്യത്തിലും വികസന ചെലവുകളുടെ കാര്യത്തിലും ഒരേ പ്രവണതയാണ് കേരളം കാഴ്ച വച്ചത്. അതായത് ധനക്കമ്മിയുടെ കാര്യത്തിൽ ഉണ്ടായ നിമ്നോന്നതങ്ങൾ അതേ നിലയിൽ തന്നെ വികസനച്ചെല വുകളിൽ പ്രതിഫലിച്ചു എന്നാണ് ഇത് കാണിക്കുന്നത്.

വികസനപ്രവർത്തനങ്ങൾക്ക് പണം സമാഹരിക്കുന്നതിന് 'സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ' മുഖേന ബജറ്റിന് പുറത്തുള്ള കടമെടുപ്പിലേക്ക് പോകുന്നതിനാണ് കേരളം സന്നദ്ധമായത്. വികസനച്ചെലവുകൾക്ക് ഫണ്ട് കണ്ടെത്തുന്നതിന് വേണ്ടിയാണ് ഇത്. 2019ൽ റിസർവ് ബാങ്ക് വ്യക്തമാക്കിയത് പോലെ ഏതൊരു സമ്പദ്ഘടനയിലും വികസനച്ചെലവുകളുടെ 'ഇരട്ടിക്കൽ പ്രതിഭാസം' വളരെ ശക്തമാണ്. സംസ്ഥാന തലങ്ങളിലെ മൂലധനച്ചെലവുകൾക്ക് രണ്ടിരട്ടി 'മൾട്ടീപ്ലയർ ഇഫക്റ്റ്' നല്കാൻ കഴിയുന്നു. എന്നാൽ റവന്യു ചെലവുകളുടെ ഇത്തരം ഇഫക്റ്റ് കേവലം 0.82 മാത്രമാണ്. ഇത് സൂചിപ്പിക്കുന്ന സുപ്രധാന കാര്യം വികസനച്ചെലവുകളുടെ നൈരന്തര്യം സമ്പദ്ഘടനയിൽ ദീർഘകാലാടി സ്ഥാനത്തിൽ വളരെ കാര്യമായ വ്യത്യാസം ഉണ്ടാക്കുന്നു എന്നതാണ്.

### 3. കടമെടുപ്പ് കേരളത്തിന്റെ വികസനത്തെ ത്വരിതപ്പെടുത്തുന്നുണ്ടോ?

കേരളത്തിന്റെ കടമെടുപ്പും വികസനച്ചെല വുകളും തമ്മിലുള്ള പൊരുത്തമാണ് അടുത്ത ഭാഗത്ത് പരിശോധിക്കുന്നത്. ഇതിനായി ഒരു 'എക്സ്പെൻഡിച്ചർ റെസ്പോൺസ്' മോഡലി

നൊപ്പം കാലത്തിന്റെ മാറ്റത്തിനനുസൃതമായ ചില സങ്കേതങ്ങളും ഉപയോഗിക്കുന്നുണ്ട്. ഇതിന്റെ അടിസ്ഥാനപരമായ ചില വസ്തുതകൾ ഇങ്ങനെയാണ്:

ഇതിൽ ഇ ടി ഡി എന്നത് വികസന ചെലവുകൾ സൂചിപ്പിക്കുന്ന സ്വതന്ത്രമല്ലാത്ത ഘടകമാണ്. എഫ് ജി ടി എന്നത് 'ഫിസ്കൽ ഗാപ് സ്കോറാണ്'. യഥാർത്ഥത്തിൽ ഉള്ള ധനകമ്മിയും എഫ് ആർ ബി എം നിയമത്തിൽ നിഷ്കർഷിക്കുന്ന പരിധിയും തമ്മിലുള്ള വ്യത്യാസമാണ് ഇത്. ഇ ആർ ടി എന്നത് പലിശ നിരക്കുമാണ്. ഐ ഡി ടി എന്നത് പൊതുകടം –ജി എസ് ഡി പി അനുപാതത്തെ സൂചിപ്പിക്കുന്നു . പി സി ടി എന്നത് പ്രതിശീർഷ വരുമാനത്തിലെ വളർച്ചയുടെ നിരക്കാണ്. ട്രാസ്ഫേഴ്സ്– ജി എസ് ഡി പി അനുപാതമാണ് ടി ആർ ടി. കാലപരിധിയാണ് ടി എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത്. 1990–91 മുതൽ 2021–22 വരെയുള്ള സി എ ജി റിപ്പോർട്ടുകളിൽ നിന്ന് ലഭ്യമായ വിവരങ്ങളാണ് ഈ വിശകലനത്തിനായി ഉപയോഗിച്ചിരിക്കുന്നത്. വികസന ച്ചെലവുകൾ, ആഭ്യന്തര കടം, കൈമാറ്റങ്ങൾ എന്നിവ ജി എസ് ഡി പിയുടെ അനുപാതം എന്ന രീതിയിലാണ് രേഖപ്പെടുത്തിയിട്ടുള്ളത് (പട്ടിക –1 ).

**Table 1:** Spline estimation results for Kerala

| *Variables* | *Mean (standard deviation)* | *Co-efficient (t-value)* |
|---|---|---|
| $e_t^d$ | 7.474 (0.941) | - |
| $fg_t$ | 0.293 (0.836) | 0.334** (2.818) |
| $er_t$ | 8.898 (1.173) | -0.333** (-3.498) |
| $id_t$ | 12.013 (6.545) | -0.086*** (-8.008) |
| $pc_t$ | 5.372 (3.666) | 0.022 (1.280) |
| $tr_t$ | 3.176 (0.799) | 1.145*** (8.860) |
| _c | - | 8.374 (6.069) |
| edf | - | 2.066 |
| *P*-value | - | 0.070 |
| *F* Statistics | - | 2.498 |
| Adj $R^2$ | - | 0.93 |
| Durbin Watson | - | 1.83 |

*Source: Authors' calculation*

***കേരളത്തിന്റെ വികസനച്ചെലവുകൾ തടസപ്പെടാതിരിക്കുന്നതിന് നിലവിലെ കമ്മി നിയന്ത്രണങ്ങൾ നവീകരിക്കേണ്ടതും കടമെടുപ്പിന്റെ കാര്യത്തിൽ പരിധി കാലാനുസൃതമായി പരിഷ്കരിക്കേണ്ടതും ഏറ്റവും അവശ്യമായ ഒന്നാണ്.***

ഫിസ്കൽ ഗാപ് സ്കോറിലെ വർധന വികസന ചെലവിൽ വർദ്ധനയുണ്ടാക്കുന്നു എന്നാണ് ഇതിൽ നിന്നും കണ്ടെത്താൻ കഴിയുന്നത്. അതായത് എഫ് ആർ ബി എം നിയമത്തിലെ 3 ശതമാനം എന്ന പരിധി മറികടക്കുമ്പോൾ വികസനച്ചെലവിന്റെ കാര്യത്തിൽ 0.33 ശതമാനം വർധന രേഖപ്പെടുത്തിയിരിക്കുന്നു. സംസ്ഥാനത്തിന്റെ വികസനം, ക്ഷേമം എന്നിവയുടെ കാര്യത്തിൽ വികസന മേഖലയിലെ ചെലവുകൾ നിർണ്ണായകമായ പങ്കാണ് വഹിക്കുന്നത്. ഈ വിശകലനം വ്യക്തമാക്കുന്ന കാര്യം, വികസനത്തിലും ക്ഷേമത്തിലും സംസ്ഥാനം വിട്ടുവീഴ്ച വരുത്തുന്നില്ലയെന്നുള്ളതാണ്. സംസ്ഥാനത്തിന്റെ വികസന രംഗത്ത് കടമെടുപ്പ് പോലെ തന്നെ വളരെ പ്രധാനപ്പെട്ട ഒരു റോൾ ട്രാൻസ്ഫേഴ്സ് വഹിക്കുന്നുണ്ട് എന്നത് ശ്രദ്ധേയമാണ്. ചക്രവർത്തി, ഡാഷ് (2013) എന്നിവർ ഇക്കാര്യം അടിവരയിട്ട് വ്യക്തമാക്കുന്നു. ഇതില്ലാതെ പോകുന്ന സാഹചര്യത്തിൽ കേരളം ധനപരമായ നിബന്ധനകൾ പാലിക്കുന്നതിന്റെ ഫലമായി വികസനച്ചെലവുകളിൽ വിട്ടുവീഴ്ച ചെയ്യേണ്ടതായി വരുമായിരിന്നു. മുൻകാലങ്ങളിൽ സംസ്ഥാനത്തിന് ഈ രീതിയിൽ ചെലവുകൾ കുറയ്ക്കേണ്ട സ്ഥിതിവിശേഷമുണ്ടായിരുന്നു. ഇത് ക്യാഷ് സർപ്ലസ് എന്ന വലിയ ഒരു വെല്ലു വിളിയായി മുൻകാലങ്ങളിൽ നിന്നിരുന്നു എന്നതാണ് വസ്തുത (ഐസക്, രാമ കുമാർ–2006) (രേഖാചിത്രം 2).

**Figure 2:** Deviation from average coefficient (Spline) for kerala




*Source: Authors' Construction (The two dashed lines show the 95% confidence interval; the solid line shows the point estimates of the smooth term)*

വളരെ തെളിഞ്ഞ ഒരു പാതയാണ് രേഖാചിത്രം 2 വ്യക്തമാക്കുന്നത്. ഇതിലെ വളഞ്ഞ രേഖ കാണിക്കുന്നത് മൂല്യം പൂജ്യത്തെക്കാൾ മുകളിലാണ് എന്നാണ്. അതായത് കോഎഫിഷ്യന്റ് ഉയർന്നു നിൽക്കുന്നു. വാല്യൂ പൂജ്യത്തെക്കാൾ താഴെയാണ് എന്നത് പട്ടിക ഒന്നിൽ കാണുന്ന ശരാശരി മൂല്യത്തേക്കാൾ താഴെയാണ് കോഎഫിഷ്യന്റ് എന്നുമാണ് വ്യക്തമാക്കുന്നത്.

**4. ഉപസംഹാരം**

മറ്റു പല സംസ്ഥാനങ്ങളിൽ നിന്നും വ്യത്യസ്ത മായി കേരളം വികസന ചെലവുകൾക്ക് കാര്യമായ ഊന്നൽ നല്കിപോന്നിട്ടുണ്ട്. കടമെടുപ്പ് വികസന ചെലവുകളെ സഹായിച്ചിട്ടുണ്ടോ എന്നത് വസ്തുതകളുടെ അടിസ്ഥാനത്തിൽ പരി ശോധിക്കുകയാണ് ഇവിടെ ചെയ്തത്. ഇതിന്റെ ഫലങ്ങൾ വ്യക്തമാക്കുന്ന കാര്യം, ഉയർന്ന കടമെടുപ്പ് വികസന ചെലവുകൾക്ക് ഉത്തേജക മായിട്ടുണ്ട് എന്നാണ്. സമാനമായ സാഹചര്യം പല സംസ്ഥാനങ്ങളിലും ഉണ്ടായേക്കാം. കടമെടുപ്പിനോട് പോസിറ്റീവായോ, നെഗറ്റീവായോ സമ്മിശ്രമായോ ഉള്ള പ്രതികരണങ്ങളാണ് സംസ്ഥാനങ്ങൾ പ്രകടമാക്കിയിരിക്കുന്നത്. ഈ സാഹചര്യത്തിൽ വികസന പ്രവർത്തനങ്ങൾക്ക് വിഘാതം വരാത്ത വണ്ണം നിലവിലെ നിയമങ്ങ ളിൽ മാറ്റം വരുത്തേണ്ടത് ആവശ്യമാണ്. ധനകമ്മിയുടെ കാര്യത്തിൽ പരിധിയുടെ പുനർനിർണയം സാധ്യമാക്കേണ്ടതുണ്ട്.

കേരളത്തിന്റെ നിലവിലെ വളർച്ചാ നിരക്ക് 12 ശതമാനത്തോളമാണ്. വികസനച്ചെല വുകൾ ഉയർത്തിയത് ഇക്കാര്യത്തിലെ ഒരു നിർണ്ണായക ഘടകമാണ്. കേന്ദ്രത്തെ അപേക്ഷിച്ച് സംസ്ഥാനങ്ങൾക്ക് കൂടുതൽ ഭാരം വഹിക്കേണ്ട സാഹചര്യമാണ് നിലവിലുള്ളത്. എന്നാൽ കടമെടുക്കു ന്നതിനുള്ള അവയുടെ അധികാരം കാര്യ മായി പരിമിതപ്പെട്ടിരിക്കുകയാണ്. ഇത് മൂലധന ചെലവുകളെയും ഒപ്പം സാമൂഹ്യ മായ ചെലവഴിക്കലിനെയും ഏറെ പ്രതി കൂലമായി ബാധിക്കുന്നുണ്ട്. കാരണം, ഇത്തരം ചെലവഴിക്കലിന് സമ്പദ്ഘടനയിൽ നല്ല തോതിലുള്ള 'മൾട്ടീപ്ലയർ എഫക്റ്റ്' ഉളവാക്കാൻ കഴിയുന്നു എന്നതാണ്. ദേശീയതലത്തിൽ ഒരേ രീതിയിലുള്ള കർശനമായ വ്യവസ്ഥകൾ സംസ്ഥാന ങ്ങൾക്ക് മേൽ അടിച്ചേല്പിക്കപെടുമ്പോൾ സംസ്ഥാനങ്ങളുടെ പ്രതിസന്ധി രൂക്ഷമാവു കയാണ്. ഇത്തരം അവസ്ഥയിൽ സംസ്ഥാന ങ്ങളുടെ വികസന ചെലവുകളിൽ കാര്യ മായ ഇടിവുണ്ടാകുന്നു. അതുകൊണ്ട് സംസ്ഥാനങ്ങൾക്ക് ഏർപ്പെടുത്തിയിട്ടുള്ള പരിധികളുടെ കാര്യത്തിൽഒരു പുനഃപരി ശോധന ആവശ്യമാണ്. കാരണം, ഉയരുന്ന കടമെടുപ്പിന് വികസന ചെലവുകളെ ത്വരിത പ്പെടുത്താൻ സാധിക്കുന്നു എന്നത് വ്യക്തമാണ്. അത് സംസ്ഥാനങ്ങളുടെ വളർച്ചക്കും വികസന ത്തിനും ഏറെ സഹായകരവുമാണ്.

■

(ഗുലാത്തി ഇൻസ്റ്റിട്യൂട്ട് ഓഫ് ഫിനാൻസ് ആൻഡ് ടാക്സേഷനിലെ ഗവേഷക വിദ്യാർത്ഥിനിയാണ് സ്റ്റെഫി ആന്റണി. അസിസ്റ്റന്റ് പ്രഫസറാണ് പി എസ് രഞ്ജിത്ത്)

## End Notes

1 See the 12th FC Report for the details

2 Both Sikkim and West Bengal adopted state-level FRLs in 2010.

## References

1 Badaik, S. (2017). Impact of fiscal responsibility legislations on state finances in India. Theoritical and Applied Economics, 24(3), 115-124.

2 Banakar, P. (2023, December 15). Decode Politics: Kerala's financial crisis and why it has gone to SC against Centre. Retrieved from The Indian Express: https://indianexpress.com/article/political-pulse/decode-politics-keralas-financial-crisis-and-why-it-has-gone-to-sc-against-centre-9069177/

3 Chakraborty, P., & Dash, B. B. (2013). Fiscal Reforms, Fiscal Rule and Development Spending: How Indian States have Performed? Working Paper 2013-122. National Institute of Public Finance and Policy.

4 Joseph, K. J., & L, A. Kumary. (2022). State of state finances: Kerala's turnaround in fiscal consolidation. Kerala Economy, 3(4), 17-24.

5 Karnik, A., & Lalvani, M. (2018). State Finances after Fiscal Responsibility Legislation: Genuine Improvement or Illusion. India Review, 17(4), 397-426.

6 Oommen, M. A. (2022). A way out of Kerala's fiscal vulnerability. The Hindu. Retrieved from The Hindu: https://www.thehindu.com/opinion/lead/a-way-out-of-keralas-fiscal-vulnerability/article66120929.ece

7 Pathak, R. (2023). Do Subnational Fiscal Rules Reduce Public Investment? The Case of Fiscal Responsibility Laws in India. Public Finance Review, 51(3), 315-338.

8 RBI, (2022). State Finances: A Risk Analysis

9 Renjith, P.S., & Joseph, A. (2023). Kerala's Debt Position: A prolonged subject of discussion. Kerala Economy, 4(2), 88-95

10 Renjith, P. S., & Shanmugam, K. (2018). Sustainable Debt Policies of Indian State Governments. The Journal of Applied Economic Research, 12(2), 224-243.

11 Roy, R., & Kotia, A. (2018). Should States Target a 3% Fiscal Deficit? Economic and Political Weekly, 53(9), 48-53.

*കേരള ഇക്കോണമി*
*പുസ്തകം 4 ലക്കം 4*
*ഒക്ടോബർ - ഡിസംബർ 2023*

GIFT GULATI INSTITUTE OF FINANCE AND TAXATION

# വരുമാനവും ചെലവും തമ്മിലുള്ള ബന്ധം : കേരളത്തിന്റെ സാഹചര്യത്തിൽ

ഷംന തച്ചപ്പറമ്പൻ

**ആമുഖം**

ധനപരമായ പരിഷ്കാരങ്ങൾ ഒരേ സമയം രണ്ടു കാര്യങ്ങളിൽ ഊന്നിയുള്ളതാകണം, ചെലവുകളുടെ നിയന്ത്രണവും വരുമാനം വർദ്ധിപ്പിക്കലും. മൂന്ന് വഴികളിലൂടെ ധന പരമായ അച്ചടക്കം നേടിയെടുക്കാൻ കഴിയും. വരുമാനം ഉയർത്തുക, ചെലവുകൾ കുറച്ചു കൊണ്ട് വരിക, അല്ലെങ്കിൽ ഈ രണ്ടു കാര്യങ്ങളെയും ബാലൻസ് ചെയ്യുക എന്നി വയാണ് ആ മൂന്ന് വഴികൾ. അതേസമയം, വരുമാനം ഉയർത്തുകയും ചെലവുകളിൽ വർധന വരുത്തുകയും ചെയ്യുന്ന തീരുമാനം കൈക്കൊണ്ടാൽ കമ്മിയുടെ കാര്യത്തിൽ അത് കാര്യമായി പ്രതിഫലിക്കും. നിലവിലെ സാഹചര്യം പരിശോധിച്ചാൽ കേരളത്തിന്റെ റവന്യു ചെലവ് കഴിഞ്ഞ അഞ്ചു വർഷത്തി നിടയിൽ മൊത്തം ചെലവിന്റെ 90.39 ശതമാനമെന്ന ശരാശരി തോതിലേക്ക് ഉയർന്നതായി കാണാം. (ബജറ്റുകളുടെ പുതുക്കിയ കണക്കുകൾ പ്രകാരം 2017-18 ലെ 91.8 ശതമാനം മുതൽ 2022-23 ലെ 89.58 ശതമാനം വരെ). സംസ്ഥാനത്തിന്റെ മൊത്തം വരുമാനമെടുക്കുമ്പോൾ അതിന്റെ 125 ശത മാനവും വരുമിത്. വരുമാനവും ചെലവും തമ്മിലുള്ള പ്രകടമായ അന്തരം ഇത് വെളി വാക്കുന്നു (രേഖാചിത്രം-1). വരുമാനവും ചെലവുകളും തമ്മിലുള്ള ഹ്യസ്വകാല, ദീർഘകാല ബന്ധത്തെ പൊതുധനകാര്യ മേഖലയിലെ ചില സിദ്ധാന്തങ്ങളുടെ അടി സ്ഥാനത്തിൽ പരിശോധിക്കുകയാണ് ഈ ലേഖനം. (രേഖാചിത്രം-1).

**വരുമാനം, ചെലവ് ഇവ തമ്മിലുള്ള ബന്ധം**

സൈദ്ധാന്തികമായി വിലയിരുത്തുമ്പോൾ വരുമാനവും ചെലവുകളും തമ്മിലുള്ള ബന്ധത്തെ കുറിയ്ക്കുന്ന നാല് വ്യത്യസ്ത നിർദേശങ്ങൾ കാണാൻ കഴിയും. ഫ്രീഡ്മാൻ, ബുക്കാനൻ, വാഗ്നർ എന്നിവർ 1978ൽ കണ്ടെത്തിയ 'നികുതി - ചെലവ് സിദ്ധാന്തം' പറയുന്നത് പൊതുചെലവുകളും വരുമാനവും

***റവന്യു വരുമാനത്തിലെ വർധന, ചെലവുകളിലെ കുറവ്, ഇവ രണ്ടും തമ്മിലുള്ള ബാലൻസിംഗ് എന്നീ മാർഗ്ഗങ്ങൾ വഴിയായി ധനപരമായ അച്ചടക്കം കൈവരിക്കാൻ കഴിയുന്നതാണ്. വരുമാനം വർധിപ്പിക്കുന്നതിനും ചെലവുകൾ ചുരുക്കുന്നതിനുമുള്ള ശ്രമങ്ങൾ ഒരേ സമയം നടത്തുന്നതായാൽ കമ്മിയുടെ കാര്യത്തിൽ കാര്യമായ വ്യത്യാസം പ്രകടമാകുന്നതാണ്.***

***നികുതി സംബന്ധമായതും ചെലവുകൾ സംബന്ധിച്ചതുമായ സർക്കാരുകളുടെ നയപരമായ തീരുമാനങ്ങൾ സമ്പദ്ഘടനയുടെ വളർച്ചാ നിരക്കിനെ രണ്ടു ദിശയിലും സ്വാധീനിക്കുന്ന ഘടകങ്ങളാണ്. പൊതുവെ വിലയിരുത്തുമ്പോൾ കമ്മിയിൽ ഉണ്ടാകുന്ന മാറ്റങ്ങൾ സർക്കാരുകളുടെ റവന്യൂ വരുമാനം, ചെലവഴിക്കൽ, വളർച്ചാ നിരക്ക് തുടങ്ങിയ കാര്യങ്ങളുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു.***

**Figure.1:** Share of expenditure and revenue to state income




*Note: TE=Total Expenditure, TR=Total Revenue receipts and y=Gross State Domestic Product.*

തമ്മിൽ പോസിറ്റീവായ ഒരു ബന്ധം നിലനിൽക്കുന്നുവെന്നാണ്. സർക്കാരുകൾ, വരുമാനത്തിന്റെ തോതിനൊപ്പം ചെലവുകൾ ക്രമീകരിക്കുന്നു. അതുകൊണ്ട് സർക്കാർ ചെലവുകളുടെ വർധന നിയന്ത്രിക്കുന്നതിന് നികുതി വരുമാനത്തിന് മേൽ ശക്തമായ ഒരു കടിഞ്ഞാൺ ആവശ്യമാണെന്ന് ഇത് സിദ്ധാന്തിക്കുന്നു.

എന്നാൽ ബുക്കാനൻ, വാഗ്നർ എന്നിവർ വ്യക്തമാക്കുന്നത് നേർവിപരീത തലത്തിലുള്ള ഒരു ബന്ധമാണ് ഇക്കാര്യത്തിൽ നിലനിൽക്കുന്നതെന്നാണ്. അതായത്,സർക്കാർ വരുമാനത്തിലുണ്ടാകുന്ന വളർച്ച ചെലവിലെ ഇടിവിലേക്ക് നയിക്കുന്നു. പീകോക്ക്, വൈസ്മാൻ (1961,1979) എന്നിവരുടെ 'ചെലവ് – നികുതി സിദ്ധാന്തം' പറയുന്നത് ചെലവ് ചെയ്യുന്നത് വരുമാന സാദ്ധ്യതകൾ ഉയർത്തുന്നതിന് സഹായകമാണ് എന്നാണ്. പ്രതിസന്ധി ഘട്ടങ്ങളിൽ താൽക്കാലികമായി ചെലവുകൾ ഉയർത്തുന്നത് ഉയർന്ന നികുതി വരുമാനത്തിന് വഴിവക്കുന്നുവത്രെ. അതായത്, ഉയർന്ന ചെലവുകൾ ഉയർന്ന നികുതിവരുമാനത്തിന് കാരണമാകുന്നു. എന്നാൽ 'ഫിസ്കൽ സിൻക്രൊണൈസേഷൻ' സിദ്ധാന്തം വ്യക്തമാക്കുന്നത് സർക്കാരുകൾ കാലികമായി ചെലവുകളിലും നികുതിയിലും ആവശ്യമായ മാറ്റങ്ങൾ വരുത്തണമെന്നാണ് (മെലിസ്റ്റർ, റിച്ചാർഡ്–1981, മസ്ഗ്രെവ്–1966). 'ഇൻസ്ടിട്യൂഷണൽ സെപ്പറേഷൻ

**പൊതുധനകാര്യത്തിന്റെ സിദ്ധാന്തങ്ങളുടെ അടിസ്ഥാനത്തിൽ കേരളത്തിന്റെ വരുമാനവും ചെലവുകളും വിശകലനം ചെയ്യുകയാണ് ഈ ലേഖനത്തിൽ. പൊതുധനകാര്യ നിയന്ത്രണത്തിന്റെ കാര്യത്തിലും നയപരമായ ഇടപെടലിന്റെ കാര്യത്തിലും ധീരമായ നടപടികൾ ആവശ്യമാണെന്നാണ് പഠനം കണ്ടെത്തിയിരിക്കുന്നത്.**

ഹൈപ്പോതിസീസ്' (ബാഗിസ്താനി, മക്നൗൺ–1994) നിർദേശിക്കുന്നത് വരുമാനവും ചെലവും സ്വതന്ത്രമായി തന്നെ നിലനിൽക്കണമെന്നാണ്. അതിനർത്ഥം നികുതി കാര്യങ്ങളിലുള്ള തീരുമാനങ്ങൾ ചെലവിനങ്ങളെ ആധാരമാക്കിയാകരുത്. സർക്കാരുകൾ ഈ രണ്ടു കാര്യങ്ങളിലും സ്വതന്ത്രമായി തീരുമാനങ്ങളെടുക്കണം. ദീർഘകാലടിസ്ഥാനത്തിൽ ചെലവുകളും വരുമാനവും തമ്മിൽ കാര്യമായ ബന്ധമില്ലാതാകുന്നതിന് ഇത് കാരണമാകുന്നു. സർക്കാരുകളുടെ ചെലവുകളും വരുമാനവും സംബന്ധിച്ച നയങ്ങൾ ഒരു രാജ്യത്തിൻറെ വളർച്ചയെ കാര്യമായി സ്വാധീനിക്കുന്നുവെന്ന പൊതുനിഗമനമാണ് ഇത് നൽകുന്നത്. വളർച്ച താഴോട്ടും മുകളിലേക്കുമാകാം. പൊതുവെ വിലയിരുത്തുമ്പോൾ സർക്കാരിന്റെ ചെലവുകളും നികുതി വരുമാനവും അല്ലെങ്കിൽ രണ്ട് കാര്യങ്ങളും സാമ്പത്തിക രംഗത്തിന്റെ വളർച്ചയും കമ്മിയെ കാര്യമായ വിധത്തിൽ സ്വാധീനിക്കുന്നു.

## പ്രായോഗിക തെളിവുകൾ

ഇക്കാര്യത്തിൽ നിരവധിയായ പഠനങ്ങൾ ഉണ്ടായിട്ടുണ്ട്. ചില പഠനങ്ങൾ നികുതി ചുമത്തുക, ചെലവഴിക്കുക എന്ന സിദ്ധാന്തത്തെ പിന്തുണക്കുന്നു (റാം–1998, ബോൺ–1991, മൗണ്ട്സ്, സോവെൽ–1997) (ചാങ്, ലിയു, കാഡിൽ–2002). എന്നാൽ ആൻഡേഴ്സൺ, വാലസ്, വാർണർ (1986), ജോൺസ്, ജോൾഫായിൻ (1991) എന്നിവർ ചെലവഴിക്കുക നികുതി ചുമത്തുക എന്ന വാദത്തെ പിന്തുണക്കുന്നു. മാനേജ്, മാർലോ (1986), മില്ലർ, റുസെക് (1989) ഒവോയ് (1995) എന്നിവരാകട്ടെ 'ഫിസ്കൽ സിൻക്രൊണൈസേഷൻ' സിദ്ധാന്തത്തെ പിന്തുണക്കുന്നവരാണ്. 'ഇന്സ്ടിട്യൂഷണൽ സെപ്പറേഷൻ' സിദ്ധാന്തമാണ് ശരിയെന്ന വാദക്കാരാണ് ഹൂവർ, ഷെഫ്രിൻ (1992), ബാഗിസ്താനി, മക്നൗൺ (1994) എന്നിവർ. ഇന്ത്യയിൽ നടന്നിട്ടുള്ള പഠനങ്ങളും ഇത്തരത്തിലുള്ള വിവിധ വാദങ്ങൾ മുന്നോട്ട് വയ്ക്കുന്നുണ്ട്. 'ഗ്രാൻഗർ കാഷ്വാലിറ്റി ടെസ്റ്റ്' എന്ന സങ്കേതം ഉപയോഗിച്ച് ധനശേഖരൻ (2001) ചെലവഴിക്കൽ, നികുതി വാദത്തിന് പിൻബലമേകുന്നു.

രാജ്യത്തെ സംസ്ഥാനങ്ങളെ നാല് ഗ്രൂപ്പുകളായി തിരിച്ച് 2012ൽ നിതിൻ ഈ സിദ്ധാന്തങ്ങളുടെ അടിസ്ഥാനത്തിൽ പഠനം നടത്തുകയുണ്ടായി. ധനപരമായ സമ്മർദ്ദം നേരിടുന്ന സംസ്ഥാനങ്ങളുടെ (എഫ് എസ് എസ്) കൂട്ടത്തിലാണ് അദ്ദേഹം കേരളത്തെ ഉൾപ്പെടുത്തിയിരുന്നത്. അദ്ദേഹം പറയുന്നത്, മുൻകാല കടങ്ങളുടെ പലിശ നൽകുന്നതിനായി വരുമാനത്തിന്റെ നല്ലൊരു പങ്ക് ചെലവഴിക്കേണ്ടി വരുന്നത് വരുമാനവും ചെലവും തമ്മിലുള്ള വലിയ അന്തരത്തിന് കാരണമാകുന്നു. കേരളം, ആന്ധ്രപ്രദേശ് എന്നീ സംസ്ഥാനങ്ങൾ സ്വീകരിച്ചിട്ടുള്ള ഫിസ്കൽ സിൻക്രൊണൈസേഷൻ മോഡലിൽ വരുമാനം കൂടുതൽ ചെലവിലേക്ക് നയിക്കുന്നു എന്നാണ് ചൗധരി, സെൻഗുപ്ത (2009) എന്നിവർ പറഞ്ഞു വയ്ക്കുന്നത്. എന്നാൽ തമിഴ്നാടിന്റെ കാര്യത്തിൽ കാഷ്വാലിറ്റി സിദ്ധാന്തത്തിന് ആനുപാതിക

മായ തെളിവുകൾ നിരത്താൻ കഴിഞ്ഞിട്ടില്ല. കേരളത്തിന്റെ കാര്യത്തിലും ഇത് തെളിയിക്കാൻ കഴിഞ്ഞിട്ടില്ല. ഒരുപക്ഷെ വിവര വിശകലന രീതികളുടെ വ്യത്യാസ മാകാം ഇതിന് നിദാനം (ഷംന–2015).

## പ്രായോഗിക വിശകലനം

സൈദ്ധാന്തികമായ തലത്തിൽ പൊതു ചെലവുകളും വരുമാനവും തമ്മിലുള്ള ഹൃസ്വകാല, ദീർഘകാല ബന്ധങ്ങളെ കേരളത്തിന്റെ സാഹചര്യത്തിൽ വില യിരുത്തുകയാണ് ഈ ലേഖനം. സർക്കാർ ചെലവുകളുടെയും വരുമാനത്തിന്റെയും പരമ്പര ഒരു നിര എന്ന രീതിയിൽ നമുക്ക് ഇവിടെ കാണാം. ദീർഘകാലാടി സ്ഥാനത്തിൽ ഇവ തമ്മിൽ സമതുലിതമായ ഒരു അവസ്ഥ സംജാതമാക്കുന്നുണ്ടോ എന്നതാണ് ഇതിൽ ഒന്നാമത്തെ കാര്യം. ഇതിലെ വിവിധ ഘടകങ്ങൾ തമ്മിൽ യോജിപ്പില്ലായ്മ വരുന്നത് സംസ്ഥാന സർക്കാരിന്റെ കടബാധ്യതയെ മോശമായ അവസ്ഥയിലേക്ക് നയിക്കുന്നു.

1980–81 മുതൽ 2016–17 വരെയുള്ള കാലയളവ് പരിഗണിക്കുമ്പോൾ വരുമാനവും ചെലവു കളും തമ്മിലുള്ള ബന്ധം സമതുലിതമായ ഒരു സ്ഥിതിയിലേക്ക് നയിക്കുന്നില്ലെന്ന് വ്യക്തമാണ്. അതുകൊണ്ട് ചെലവും വരു മാനവും തമ്മിലുള്ള പാരസ്പരിക ബന്ധം വിശകലനം ചെയ്യുന്നതിന് 'ഗ്രാൻഗെർ കാഷ്വാലിറ്റി ഫ്രെയിംവർക്ക്' എന്ന സങ്കേതം ഉപയോഗിക്കുകയാണ്. അതായത് ചെലവ് വരുമാനത്തിലേക്ക് നയിക്കുന്നുവോ അതോ വരുമാന കൂടുതൽ ചെലവിന് കാരണ മാകുന്നുവോ എന്നാണ് പരിശോധിക്കുന്നത്.

ഇതിനുള്ള സമവാക്യം ചുവടെ ചേർക്കുന്നു.

$$\Delta l Y_t = \alpha + \sum_{i=1}^{p} \beta \, \Delta l Y_{t-i} + \sum_{i=1}^{p} \phi \, \Delta l X_{t-i} + \varepsilon_{1t} \quad (1)$$

$$\Delta l X_t = \alpha + \sum_{i=1}^{p} \beta \, \Delta l X_{t-i} + \sum_{i=1}^{p} \phi \, \Delta l Y_{t-i} + \varepsilon_{1t} \quad (2)$$

ഉദാഹരണത്തിന് ശൂന്യ അനുമാനമനു സരിച്ച് വരുമാന ചിലവ് (RE) വരുമാനം, വരവിന് കാരണമാകുന്നില്ല, ഇവിടെ ഇതിനുള്ള സമവാക്യം ചുവടെചേർക്കുന്നു.

$$\Delta l RR_t = \alpha + \sum_{i=1}^{p} \beta \, \Delta l RR_{t-i} + \sum_{i=1}^{p} \phi \, \Delta l RE_{t-i} + \varepsilon_{1t} \quad (3)$$

എന്നാൽ ഇതിന്റെ ഫലം ചെലവും വരുമാനവും തമ്മിലുള്ള പാരസ്പരിക ബന്ധം തെളിയിക്കുന്നതിന് പര്യാപ്തമാകുന്നില്ല. (അനുബന്ധ പട്ടികകൾ 1, 2 കാണുക). രാഷ്ട്രീയമായ ഒരു സമ്പദ്ഘടനയുടെ പ്രശ്നസങ്കീർണമായ ഒരു പൊതു അവസ്ഥ യുമായാണ് ഇതിന് കൂടുതൽ ബന്ധമെന്ന് കാണാം. അതായത്, സംസ്ഥാന സർക്കാർ ചെലവുകളിൽ കുറവ് വരുത്താതിരിക്കു കയും അതോടൊപ്പം കുറഞ്ഞ തോതിലുള്ള നികുതി വരുമാനത്തെ നിലനിർത്തുകയും ചെയ്യുന്നു. പ്രത്യേകിച്ച് റവന്യൂ ചെലവുകളിൽ ഒരു മാറ്റവും വരുത്താൻ തയാറാകുന്നില്ല. ഇത് വരവും ചെലവും തമ്മിലുള്ള അന്തരം ഒരു തുടർക്കഥയാകുന്നതിന് കാരണമാകുന്നു. ചെലവും വരവും തമ്മിലുള്ള ബന്ധം പരിഗണിക്കുമ്പോൾ ഒരു 'ഫീഡ്ബാക്ക് ഇഫക്റ്റ്' നമുക്ക് കണ്ടെത്താൻ കഴിയുന്നില്ല. ദീർഘകാലാടിസ്ഥാനത്തിൽ നോക്കുമ്പോൾ മൊത്ത വരുമാനവും ചെലവുകളും തമ്മിൽ പൊരുത്തപ്പെടുന്ന സ്ഥിതിവിശേഷമില്ല.

## ഉപസംഹാരം, നയപരമായ പ്രശ്നങ്ങൾ

പൊതുധനകാര്യ സിദ്ധാന്തങ്ങളുടെ അടിസ്ഥാ നത്തിൽ കേരളത്തിന്റെ ചെലവുകളും വരുമാനവും തമ്മിലുള്ള ബന്ധത്തെ വിശ കലനം ചെയ്യുകയാണ് ഈ ലേഖനം. അനു ഭവത്തിന്റെ അടിസ്ഥാനത്തിൽ ധനപരമായ ഘടകങ്ങളും വളർച്ചയും തമ്മിലുള്ള ബന്ധത്തെ ആഴത്തിൽ വിശകലനം ചെയ്യേണ്ടത് പൊതുധനകാര്യ രംഗത്തെ പ്രവണതകൾ മനസിലാക്കുന്നതിനും ഭാവിയിൽ ബജറ്റ് രൂപപ്പെടുത്തുന്ന കാര്യങ്ങ ളിലും അവശ്യം വേണ്ടുന്ന കാര്യങ്ങളാണ്. ഈ പഠനത്തിൽ നിന്നും അനുമാനിക്കാൻ കഴിയുന്ന ഒരു

വസ്തുത പൊതുധനകാര്യ നിർവഹണവും നയപരമായ നിലപാടുകളും മെച്ചമാക്കുന്നതിന് മികച്ച രീതിയിലുള്ള അളവുകോലുകൾ ആവശ്യമാണ് എന്നാണ്. നികുതി ഭരണ സംവിധാനം ഏറെ കാര്യക്ഷമമാക്കേണ്ടതുണ്ട്. നികുതി വെട്ടിപ്പ്, നികുതി ഒഴിവാക്കൽ തുടങ്ങിയ പ്രവണതകൾ കുറയ്ക്കുന്നതിനും പുതിയ വരുമാന സാദ്ധ്യതകൾ ആരായുന്നതിനും ഇത് ആവശ്യമാണ്.

നികുതി ചോർച്ച ഒഴിവാക്കുകയും ധനകമ്മി കുറയ്ക്കുകയും ചെയ്യുന്നതിന് ഇത് സഹായകമാണ്. ഈ പഠനത്തിൽ നിന്നും വ്യക്തമാകുന്ന ഒരു വസ്തുത വികാസനോന്മുഖമല്ലാത്ത ചെലവുകൾ കുറയ്ക്കുക എന്ന കാര്യം നയരൂപീകരണത്തിൽ പ്രത്യേകം പരിഗണിക്കേണ്ട കാര്യമാണ് എന്നതാണ്. ഒപ്പം എസ് ഡി പിയിലെ വളർച്ചയും. കൂടുതൽ വരുമാനം നേടുന്നതിനും തൊഴിലവസരങ്ങൾ ഉയർത്തുന്നതിനും അനുഗുണമാകുന്ന വിധത്തിൽ പൊതുചെലവുകൾ ക്രമീകരിക്കാൻ കഴിയണം. പ്രത്യുല്പാദനപരമല്ലാത്ത ചെലവുകൾ പരമാവധി കുറയ്ക്കാൻ കഴിയണം. സബ്സിഡികൾ ആവശ്യക്കാർക്ക് മാത്രം നൽകുന്ന വിധത്തിൽ ക്രമീകരിക്കപ്പെടണം. മൂലധന ചെലവുകൾ ഉയർത്തി നിർത്തണം. ഇതിനായി കേന്ദ്ര സഹായങ്ങൾ, സ്വകാര്യ നിക്ഷേപം മുതലായ സ്രോതസുകൾ പരമാവധി പ്രയോജനപ്പെടുത്തുകയുംവേണം. നികുതി അടിസ്ഥാനം ഉയർത്താതെ അതിന്റെ ഭരണ നിർവഹണം കൂടുതൽ കാര്യക്ഷമമാക്കുകയാണ് വേണ്ടത്. അത് പൊതു ധനകാര്യ പ്രവർത്തനങ്ങളുടെ ഗുണമേന്മ ഉയർത്തുന്നതിനും സഹായകമാകും.

■

(ഗുലാത്തി ഇൻസ്റ്റിട്യൂട്ട് ഓഫ് ഫിനാൻസ് ആൻഡ് ടാക്സേഷനിലെ അസിസ്റ്റന്റ് പ്രഫസറാണ് ലേഖിക)

## End Notes

1 For reference, Buchanan, J. M. and Wagner, R. W (1978), 'Dialogues Concerning Fiscal Religion', Journal of Monetary Economics, 3, 4, pp. 627-636. Allen Peacock and Jack Wiseman (1961), The Growth of Public Expenditure in the United Kingdom, NBER, Princeton. Friedman, M., (1978), "The Limitation of Tax Limitation", Policy Review, Summer, 7-14.
Peacock, A.T. & Wiseman, J. (1979), "Approaches to the analysis of government expenditure growth", Public Finance Quarterly, vol. 7, no. 1, pp. 3-23.

2 Musgrave, R. (ed) (1966), Principles of budget determination, Random House, New York. Meltzer, A.H. & Richard, S.F. (1981), "A rational theory of the size of government", Journal of Political Economy, vol. 89, pp. 914-927.

3 Per capita data was used in the analysis

## References

1 Bhat, K. S., V. Nirmala and B. Kamaiah.(1993). Causality between Tax Revenue and Expenditure of Indian States, *The Indian Economic Journal*, 40, 109-17.

2 Bohn, H. (1991). Budget Balance through Revenue or Spending Adjustments? *Journal of Monetary Economics,* 27, 333-59.

3 Chaudhuri and Sengupta.(2009). *Revenue-Expenditure Nexus for Southern States: Some Policy Oriented Econometric Observations,* Working Paper 48/2009, Madras School of Economics.

4 Dhanasekaran, K.(2001). Government Tax Revenue, Expenditure and Causality: The Experience of India, *Indian Economic Review,* 2,359-379.

5 Government of Kerala, Budget in Brief, various issues, Thiruvananthapuram.

6 Granger C.W.(1988). Some Recent Developments in A Concept of Causality, *Journal of Econometrics*,39, 1-2, pp. 199-211.
7 Kazeem Abimbola Sanusi. (2020). On the relation between government expenditure and revenue in South Africa: An empirical investigation in a nonlinear framework, *Cogent Economics & Finance,* Vol 8, issue1.
8 Mohanty and Mannem. (2014). Causal link between government spending and revenue: An empirical analysis on Odisha state finance. *Odisha review.*
9 Narayan P.K and Narayan, S. (2006) Government Revenue and Government Expenditure Nexus: Evidence from Developing Countries, *Applied Economic Letters,* vol. 38, pp. 285.
10 Nithin k. (2012). Fiscal reaction function: panel evidence from Indian states, ISSN: 2302-4593 Vol. 3 (7).
11 Paridayashobanda. (2012). Causal link between central government revenue and expenditure: Evidence for India, *Economics Bulletin* Vol. 32 No. 4 pp. 2808-2816.
12 Reserve Bank of India. (2013), State finance: A study of budgets, various issues.
13 Shamna T. (2015). Government spending and revenue in Kerala: Is to convergence path The *Empirical Econometrics and Quantitative Economics Letters,* pp 40-46.
14 Shibalal Meher. (2019). *Dynamic Causal Relationship between Government Expenditure and Revenue in Odisha: A Trivariate Analysis*, Working Paper No. 78.
15 Vadlamannati, K and Veni, L. K. (2007). Fiscal Synchronization Hypothesis in Andhra Pradesh: An Empirical Testing, http://papers.ssrn.com/sol3/papers.cfm?abstract_id=1025224
16 Vamvoukas G. (1997). Budget expenditures and Revenues: An Application of the Error Correction Modelling, *Public Finance*, 52(1), 139-143.

## Appendix

**Table1:** Results - Co integrating relationships

| SR - RE | RR - RE | RR - REIP | SR -RE IP |
|---|---|---|---|
| | L Max Test | | |
| 13.4 ( 0.65)<br>0.39 (0.52) | 11.71 (0.12)<br>0.024 (0.87) | 12.52 (009) ***<br>0.126 (0.72) | 16.111 (0.02) **<br>0.002 ( 0.95) |
| | Trace Test | | |
| 13.85 (0.18)<br>0.39971 (0.52) | 11.735 ( 0.190)<br>0.024(0.88) | 12.64 (0.12)<br>0.1264 (0.72) | 16.54 (0.05)<br>0.0002 (0.95) |

Note: *Johansen derives two tests of the hypothesis that there are at most r co integrating relationships, namely the maximum Lamda-max test statistics and the trace statistics. The Lamda-max test statistic tests the null hypothesis of r co integrating vector(s) against the specific alternative of r +1cointegrating vector(s). The trace statistic, on the other hand, tests the null hypothesis of no cointegrating vector (r = 0) against a general alternative of one or more co integrating vectors (r > 0). Here, SR= state own revenue, REIP= revenue expenditure - interest payment. The numbers in parenthesis are the p-values. *, **, and * ** denotes significant at 10%, 5% and1% level respectively.*

**Table 2:** Results from engle granger test

| Models independent | SR - REIP | SDP-TDE | RE - SR | TEIP - SR | SR - RE | TE - SDP |
|---|---|---|---|---|---|---|
| △L GSDP | No cointegrating relationship | No cointegrating relationship | No cointegrating relationship | No cointegrating relationship | No cointegrating relationship | 0.707 (1.89) |
| △L TDE | | | | | | |
| △L RR | | | | | | |
| Ect - 1 | | | | | | -0.58 (-3.69) *** |
| R2 | | | | | | 0.42 |
| DW | | | | | | 1.95 |
| Constant | | | | | | 0.02 (0.96) |

***Note:*** ****p< 0.01; **p<0.05; and *p<0.10. Ect represents error correction term. Rows show independent variables and column shows the relationship. In these models, the last column shows the significant error correction term with negative sign.*

*കേരള ഇക്കോണമി*
*പുസ്തകം 4 ലക്കം 4*
*ഒക്ടോബർ – ഡിസംബർ 2023*

GIFT GULATI INSTITUTE OF FINANCE AND TAXATION

# പണപ്പെരുപ്പം ദേശീയതലത്തിലും കേരളത്തിലും – ഒരു താരതമ്യ പഠനം

ആദിത്യ കൃഷ്ണൻ , പി. എസ് രഞ്ജിത്ത്

## ആമുഖം

കോവിഡ് മഹാമാരി സൃഷ്ടിച്ച പ്രതിസന്ധിയും അതിന് ശേഷം രാജ്യങ്ങൾ തമ്മിലുണ്ടായ യുദ്ധങ്ങളും ആഗോള സാമ്പത്തിക മേഖലയുടെ തിരിച്ചുവരവിന് തിരിച്ചടിയാവുകയാണ്. സ്തംഭനാനാവസ്ഥയിലേക്ക് നീങ്ങിയ സാമ്പത്തിക പ്രവർത്തനങ്ങൾ 2022 മുതൽ ഒരു തിരിച്ചുവരവിന്റെ ലക്ഷണങ്ങൾ പ്രകടമാക്കിയിരുന്നു. എന്നാൽ പിന്നീട് പല രീതിയിൽ പ്രകടമായ അനിശ്ചിതത്വങ്ങൾ ആഗോളതലത്തിൽ വിതരണ ശ്രിംഖലകളെ താറുമാറാക്കുകയും അത് വലിയ തോതിലുള്ള പണപ്പെരുപ്പത്തിന് കാരണമാവുകയും ചെയ്തു. 2022ൽ പണപ്പെരുപ്പ നിരക്ക് കഴിഞ്ഞ പല ദശകങ്ങളിലെ ഏറ്റവും ഉയർന്ന തോതിലേക്ക് കുതിച്ചു (ഐ എം എഫ് –2022). ഈയിടെ നേരിയ ശമനം കണ്ടുവെങ്കിലും പണപ്പെരുപ്പം കൂടുതൽ ദുസ്സഹമാക്കുന്ന സാഹചര്യമാണ് ഇപ്പോഴും നിലവിലുള്ളത് (ഐ എം എഫ്–2023, ഡബ്ള്യു ഇ എഫ്–2024). ഈ പശ്ചാത്തലത്തിൽ പരിശോധിക്കുമ്പോൾ, നയരൂപീകരണ കർത്താക്കൾക്ക് മുന്നിലുള്ള ഏറ്റവും മുന്തിയ പരിഗണന വിലസ്ഥിരത ഉറപ്പ് വരുത്തുക എന്നതിനാണ്.

ഇന്ത്യൻ സമ്പദ്വ്യവസ്ഥയുടെ കാര്യം ഇതിൽ നിന്ന് ഭിന്നമല്ല. കോവിഡിന് മുൻപുള്ള ഘട്ടത്തിൽ ഭക്ഷ്യഉത്പന്നങ്ങളുടെ കാര്യത്തിൽ പണച്ചുരുക്കത്തിന്റെ ഒരു അവസ്ഥയിലേക്ക് നീങ്ങി എന്നത് ശ്രദ്ധേയമായിരുന്നു (2019 രണ്ടാം പകുതിയിൽ –1.29%). ഈ ഘട്ടത്തിൽ പണപ്പെരുപ്പം വളരെ ഉയർന്ന നിലയായ 5.6 ശതമാനമായിരുന്നുവെന്നതാണ് എടുത്തുപറയേണ്ട വസ്തുത.

പൊതുവിൽ വിലയിരുത്തുമ്പോൾ പണപ്പെരുപ്പത്തെ വരുതിയിലാക്കാൻ കഴിഞ്ഞുവെന്ന് കരുതാവുന്നതാണ്. കാരണം, ഫ്ലെക്സിബിൾ ഇൻഫ്ളേഷൻ ടാർജെറ്റിന്റെ (എഫ് ഐ ടി) ഹൃസ്വകാലത്തേക്കുള്ള ലക്ഷ്യമായ 4 ശതമാനത്തിൽ താഴെയാണ് എന്നതാണ്. എന്നാൽ കോവിഡ് മഹാമാരി കാര്യങ്ങൾ തകിടം മറിച്ചു. പണപ്പെരുപ്പ നിരക്ക് കുതിച്ചുയരുകയും അത് കോവിഡ് സാഹചര്യത്തിൽ നിർണ്ണയിച്ച ഉയർന്ന പരിധിയായ 6 ശതമാനം മറി കടക്കുകയും ചെയ്തു. റഷ്യ–യുക്രൈൻ യുദ്ധം നിരക്ക് വർധനയുടെ ആക്കം വർധിപ്പിക്കുകയും ചെയ്തു. ഇപ്പോൾ നേരിയ തോതിൽ കുറയുന്ന പ്രവണതയാണ് കാണിക്കുന്നത്. കേന്ദ്ര സർക്കാരും റിസർവ് ബാങ്കും സ്വീകരിച്ച നടപടികൾ പണപ്പെരുപ്പ നിരക്ക് താഴുന്നതിന് സഹായകമായി. എന്നാൽ ഭക്ഷ്യ പണപ്പെരുപ്പം ഉയർന്ന തട്ടിൽ തുടരുന്നത് ആശങ്ക ജനിപ്പിക്കുകയാണ് (ഇന്ത്യൻ സമ്പദ്ഘടന റിവ്യൂ –2024). എന്നിരുന്നാലും പണപ്പെരുപ്പ നിരക്ക് ലക്ഷ്യമിട്ടിരുന്ന 4 ശതമാനത്തേക്കാൾ കൂടുതലാണ് എന്നത് ഒരു വസ്തുതയാണ്. കോവിഡ് കാലത്ത് പ്രഖ്യാപിച്ച ഉത്തേജക പാക്കേജ് ഡിമാൻഡ് ഉയരുന്നതിന് കാരണമായി. എന്നാൽ വിതരണ രംഗത്തെ പ്രതിസന്ധി ശക്തമായ വിലവർദ്ധനയിലേക്ക് രാജ്യത്തെ തള്ളി വിട്ടു. ലിക്വിഡിറ്റി ക്രമീകൃതമായി കുറച്ചുവെങ്കിലും വിലമുന്നേറ്റം തുടരുകയാണുണ്ടായത്. സാമ്പത്തിക

മേഖലയിലെ അസന്തുലിതമായ തിരിച്ചുവരവും ആഗോളതലത്തിൽ ഉരുണ്ട് കൂടിയ പ്രതിസന്ധിയും കാര്യങ്ങൾ കൂടുതൽ സങ്കീർണ്ണമാക്കുകയാണ്.

കേരളം പോലുള്ള ഉപഭോക്തൃ സംസ്ഥാനങ്ങളുടെ കാര്യമെടുക്കുമ്പോൾ പണപ്പെരുപ്പ നിയന്ത്രണം അതീവ ജാഗ്രതയോടെ നിർവഹിക്കേണ്ട ഒന്നാണ്. കേരളത്തിനാവശ്യമായ ഉത്പന്നങ്ങളുടെ നല്ലൊരു പങ്കും വിദേശത്ത് നിന്നും മറ്റു സംസ്ഥാനങ്ങളിൽ നിന്നും ഇറക്കുമതി ചെയ്യുന്ന സാഹചര്യത്തിൽ വിതരണ രംഗത്ത് സംഭവിക്കുന്ന മാറ്റങ്ങൾ വിലനിലവാരം ഉയരുന്നതിന് കാരണമാകും. കോവിഡ് മഹാമാരിക്ക് മുൻപ് കേരളത്തിൽ പണപ്പെരുപ്പം ദേശീയതലത്തിലേതിനേക്കാൾ കൂടുതലായിരുന്നു. 2018ലെ മഹാപ്രളയവും ഇതിന് കാരണമായിട്ടുണ്ട്. എന്നാൽ കോവിഡ് ഘട്ടത്തിലും അതിന് ശേഷവും സംഭവിച്ചത് നേരെ തിരിച്ചാണ്. ഭക്ഷ്യകിറ്റ് വിതരണം, സപ്ലൈകോ വഴിയായുള്ള കാർഷിക വിഭവങ്ങളുടെ വിതരണം അടക്കമുള്ള സംസ്ഥാന സർക്കാർ കൈക്കൊണ്ട വിപണി ഇടപെടലാണ് ഇതിന് കാരണമായത് (രഞ്ജിത്ത്, കക്കർലാപുടി–2021).

കേരളത്തിലും ഇന്ത്യയിലും കോവിഡിന് മുൻപും ശേഷവും ഉണ്ടായ കാര്യങ്ങളുടെ ചിത്രം ഗ്രാഫിൽ നിന്നും വ്യക്തമാണ്. അതിൽ നിന്നും മനസിലാക്കാൻ കഴിയുന്ന ഒരു കാര്യം കോവിഡിന് മുൻപ് കേരളത്തിൽ പണപ്പെരുപ്പം ദേശീയ ശരാശരിയേക്കാൾ കൂടുതലായിരുന്നു എന്നാണ്. കോവിഡ് ഘട്ടത്തിലും ഇതേ നില തുടരുമെന്നാണ് പൊതുവെ പ്രതീക്ഷിച്ചിരുന്നത്. എന്നാൽ കോവിഡ് ഘട്ടത്തിൽ സംഭവിച്ചത് നേരെ തിരിച്ചാണ്. രാജ്യത്തെ ഏറ്റവും കുറവ് പണപ്പെരുപ്പ നിരക്ക് രേഖപ്പെടുത്തിയത് കേരളത്തിലായിരുന്നു. 2021–22 സാമ്പത്തിക വർഷത്തിൽ ഇത് തുടരുകയും ചെയ്തു (രഞ്ജിത്ത്, കക്കർലാപുടി–2022). കോവിഡിന് ശേഷം കാര്യങ്ങൾ അതിന് മുൻപുണ്ടായിരുന്ന സ്ഥിതിയിലേക്ക് മാറി. കേരളത്തിലും ദേശീയതലത്തിലെന്ന പോലെ പണപ്പെരുപ്പ നിരക്കിൽ വളർച്ച രേഖപ്പെടുത്തുകയുണ്ടായി. 2022–23 സാമ്പത്തിക വർഷത്തിന്റെ തുടക്കത്തിൽ കേരളത്തിൽ വിലകൾ കുതിച്ചുയരാൻ തുടങ്ങി. എന്നാൽ ദേശീയ രംഗത്ത് നേരെ തിരിച്ചാണ് സംഭവിച്ചത്. ഇപ്പോൾ കേരളത്തിലും ദേശീയതലത്തിലും വിലനിലവാരം ഏതാണ്ട് ഒരേ രീതിയിലാണ് നീങ്ങുന്നതെന്ന് കാണാം (രേഖാചിത്രം 1).

കോവിഡിന്റെ രണ്ടാം ഘട്ടത്തിന് ശേഷം രണ്ട് വർഷം പിന്നിട്ട ഈ വേളയിൽ ദേശീയ തലത്തിലും ഫെഡറൽ സംവിധാനത്തിന്റെ അടിസ്ഥാനത്തിലും പണപ്പെരുപ്പത്തെ അവലോകനം ചെയ്യുന്നത് പ്രസക്തമാണ്. അതുകൊണ്ട് പണപ്പെരുപ്പത്തെ നിയന്ത്രിക്കുന്ന ഘടകങ്ങളുടെ ആഘാതം വിലയിരുത്തുക എന്നത് ഏറെ പ്രാധാന്യമർഹിക്കുന്നുണ്ട്.

ഇതിന്റെ കൃത്യമായ ഒരു വിശകലനത്തിനായി കേന്ദ്ര സ്റ്റാറ്റിസ്റ്റിക്സ് ആൻഡ് പ്രോഗ്രാം ഇമ്പ്ലിമെന്റേഷൻ മന്ത്രാലയം (എം ഒ എസ് പി ഐ) പ്രസിദ്ധീകരിച്ച 2018 ഏപ്രിൽ മുതൽ 2023 സെപ്റ്റംബർ വരെയുള്ള 'കൺസ്യൂമർ പ്രൈസ് ഇൻഡക്സ് ഡേറ്റയാണ്' ഇവിടെ ഉപയോഗിച്ചിരിക്കുന്നത്. ഇതിന്റെ മാസംതോറുമുള്ള ശരാശരിയിൽ നിന്ന് അർദ്ധവാർഷിക ഡേറ്റ തയാറാക്കിയിരിക്കുന്നു. മുൻപ് പ്രസിദ്ധപ്പെടുത്തിയ ചില ലേഖനങ്ങൾ കോവിഡിന് മുൻപും കോവിഡ് ഘട്ടത്തിലുമുണ്ടായ വിലനിലവാരം വിശകലനം ചെയ്തപ്പോൾ ,കോവിഡിന് മുൻപും കോവിഡിന്റെ ഘട്ടത്തിലും അതിന് ശേഷവുമുള്ള വസ്തുതകളാണ് ഈ ലേഖനം പരിശോധിക്കുന്നത്. പണപ്പെരുപ്പത്തിന്റെ കാര്യത്തിൽ രാജ്യത്തെയും കേരളത്തിലെയും മാറ്റങ്ങൾ വിശദമായി പരിശോധിക്കുകയാണ് ഇതിന്റെ ലക്ഷ്യം.

**നഗര – ഗ്രാമീണ മേഖലകൾ – ദേശീയ, കേരള താരതമ്യം**

പണപ്പെരുപ്പത്തിന്റെ കാര്യത്തിൽ ഗ്രാമീണ, നഗര മേഖലകൾ തമ്മിലുള്ള ഒരു താരതമ്യം പൊതുവിലുള്ള പണപ്പെരുപ്പത്തിന്റെ ഗതിവേഗം മനസിലാക്കുന്നതിന് സഹായകമാണ്. ഓരോ മേഖലയിലും പണപ്പെരുപ്പത്തെ നിയന്ത്രിച്ച

***കോവിഡിന് മുൻപുള്ള ഘട്ടത്തിലും കോവിഡ് സമയത്തും പൊതുവിലുള്ള പണപ്പെരുപ്പം ഇന്ത്യയിലും കേരളത്തിലും വ്യത്യസ്തമായ രീതിയിലായിരുന്നു. എന്നാൽ അതിന് ശേഷം ഇത് സമാനമായ രീതിയിലായിരുന്നുവെന്ന് കാണാം.***

**Figure 1.** CPI-combined: - Kerala vs india comparison




*Source: Author's Calculation using MoSPI data.*

സുപ്രധാന ഘടകങ്ങൾ എന്തൊക്കെയെന്ന് മനസിലാക്കാൻ ഇത് സഹായകമാണ്. കാലഘട്ടത്തിന്റെ മാറ്റത്തിനനുസൃതമായി ഇത്തരം മുൻഗണകളിൽ ഉണ്ടാകുന്ന മാറ്റങ്ങളിലേക്കും ഇത് വെളിച്ചം വീശുന്നതാണ്.

നഗരങ്ങളിലേക്കുള്ളകുടിയേറ്റവും കോവിഡ് ഘട്ടത്തിൽ ഗ്രാമങ്ങളിലേക്കുള്ള തിരിച്ചുപോക്ക് ശക്തമായതും വിലയുടെ കാര്യത്തിൽ പ്രകടമായ സ്വാധീനം ചെലുത്തുന്നതായി കാണാം. ഇന്ത്യയുടെ മൊത്തം ജനസംഖ്യയുടെ മൂന്നിൽ രണ്ട് ഭാഗവും ഗ്രാമീണ മേഖലയിൽ അധിവസിക്കുമ്പോൾ അതിൽ നല്ലൊരു പങ്ക് നഗര മേഖലകളിലേക്ക് കുടിയേറുന്നുണ്ട്. ഇരു മേഖലകളിലെയും വിലനിലവാരത്തിന്റെ സൂക്ഷ്മമായ പരിശോധന ഇത് അനിവാര്യമാക്കുന്നു. രേഖാചിത്രം ഈ മാറ്റങ്ങളെ അടയാളപ്പെടുത്തുന്നതാണ് (രേഖാചിത്രം 2).

മഹാമാരിക്ക് മുൻപുള്ള ഘട്ടത്തിൽ നഗര മേഖലയിൽ പണപ്പെരുപ്പത്തിന്റെ തോത് ഗ്രാമീണ മേഖലയെക്കാൾ കൂടുതലായിരുന്നു. കോവിഡ് പൊട്ടിപുറപ്പെടുന്നത് വരെ ഇതേ അവസ്ഥയാണ് കണ്ടത്. കോവിഡിന്റെ ഘട്ടമായപ്പോൾ ഗ്രാമീണ, നഗര മേഖലകളിൽ പണപ്പെരുപ്പത്തിന്റെ തോത് ഏതാണ്ട് ഒരേ രീതിയിലാണ് നീങ്ങിയത് . എന്നാൽ കോവിഡ് മഹാമാരിക്ക് ശേഷമുള്ള ഘട്ടത്തിൽ നേരെ തിരിച്ചുള്ള പ്രവണതയാണ് ദൃശ്യമായത്. ഗ്രാമീണ മേഖലയിൽ പണപ്പെരുപ്പം നഗര മേഖലയുടേതിനേക്കാൾ മുകളിലായി . 2022 ജനുവരി

**Figure 2.** Inflation level in india: - Rural-Urban dynamics




*Source: Author's Calculation using MoSPI data.*

മാസം മുതൽ തുടർച്ചയായി ഗ്രാമീണ മേഖലയിലെ പണപ്പെരുപ്പം ഉയർന്നു നിന്നു. ഇത് സംഭവിച്ചതാകട്ടെ ഗ്രാമീണ മേഖലയിൽ ഡിമാന്റിൽ മരവിപ്പ് പ്രകടമായ ഘട്ടത്തിലായിരുന്നു എന്നതാണ് എടുത്തുപറയത്തക്ക വസ്തുത (എച്ച് എസ് ബി സി–2023).

കേരളത്തിന്റെ കാര്യത്തിലേക്ക് വരുമ്പോൾ മഹാമാരിയുടെ ഘട്ടത്തിലും അതിന് ശേഷവും കാര്യങ്ങൾ നന്നായി കൈകാര്യം ചെയ്യാൻ കഴിഞ്ഞുവെന്നത് വ്യക്തമാണ്. എന്നാൽ പണപ്പെരുപ്പത്തിന്റെ കാര്യത്തിലെ ഗ്രാമീണ, നഗര വൈജാത്യങ്ങൾ പരിഗണിക്കുമ്പോൾ ദേശീയ തലത്തിൽ നിന്നും വ്യത്യസ്തമായ ചിത്രമാണ് കാഴ്ച വയ്ക്കുന്നത്. മഹാമാരിക്ക് മുൻപുള്ള ഘട്ടത്തിൽ കേരളത്തിൽ പണപ്പെരുപ്പം ഗ്രാമീണ മേഖലയിൽ നഗര പ്രദേശങ്ങളെക്കാൾ കൂടുതലായിരുന്നുവെന്ന് കാണാം. പക്ഷെ മഹാമാരി പൊട്ടിപ്പുറപ്പെട്ടതോടെ ചിത്രം മാറി. നഗര പ്രദേശങ്ങളിൽ പണപ്പെരുപ്പം കൂടി. സമ്പദ്ഘടന തുറന്നു നൽകിയതോടെ ഇന്ധന വിലയിൽ ഉണ്ടായ മുന്നേറ്റവും കൂടുതൽ സേവനങ്ങൾ ലഭ്യമായതും അടക്കമുള്ള കാരണങ്ങൾ ഇതിന് പിന്നിലുണ്ട്. കോവിഡിന് ശേഷം ഡിമാന്റിൽ ഉണ്ടായ പ്രകടമായ വർധനയും ഇതിന് നിദാനമായി (രേഖാചിത്രം 3).

കേരളത്തിലും ദേശീയതലത്തിലും പ്രകടമായ വ്യതിരിക്തമായ ഈ പ്രത്യേകത കൂടുതൽ വിശദമായ പരിശോധന അനിവാര്യമാക്കുന്നുണ്ട്. പണപ്പെരുപ്പം കണക്കാക്കുന്ന വിവിധ ഘടകങ്ങൾക്ക് ഗ്രാമീണ, നഗര മേഖലകളിൽ വ്യത്യസ്തമായ മുൻതൂക്കമാണ് ലഭിക്കുന്നത്. അതുകൊണ്ട് ഇത്തരം ഘടകങ്ങൾ എപ്രകാരമാണ് പ്രതിപ്രവർത്തിച്ചതെന്ന പരിശോധന വളരെ പ്രധാനമാണ്. സാമ്പത്തിക വളർച്ചയുടെ കാര്യത്തിൽ  ഭക്ഷ്യ പണപ്പെരുപ്പം എങ്ങനെ നിർണ്ണായകമായി മാറി എന്നത് പ്രത്യേകം ശ്രദ്ധയർഹിക്കുന്ന ഒന്നായി മാറുകയാണ്. ഭക്ഷ്യ പണപ്പെരുപ്പം എന്നത് ഒരു 'എക്സ്' ഘടകം എന്ന നിലയിൽ ഏറെ നിർണ്ണായകമാണ്. ഇത് ഗ്രാമീണ,

***പണപ്പെരുപ്പത്തിന്റെ കാര്യത്തിൽ നഗര, ഗ്രാമീണ ഭേദം പ്രകടമാണ്. മഹാമാരിക്കാലത്തെ കണക്കുകൾ നോക്കുമ്പോൾ നഗര മേഖലയിലാണ് ഗ്രാമീണ മേഖലയെക്കാൾ പണപ്പെരുപ്പം ഉയർന്നു നിന്നത്. കേരളത്തിൽ സംഭവിച്ചത് നേരെ തിരിച്ചായിരുന്നു. കോവിഡിന് ശേഷം കാര്യങ്ങൾ വീണ്ടും മാറി. ദേശീയതലത്തിൽ ഗ്രാമീണ പണപ്പെരുപ്പം നഗര മേഖലയെക്കാൾ കൂടുതലായി. എന്നാൽ കേരളത്തിൽ നഗര മേഖലയിലാണ് പണപ്പെരുപ്പം കൂടുതൽ പ്രകടമായത്.***

**Figure 3.** Inflation level in kerala: - Rural-Urban dynamics




*Source: Author's Calculation using MoSPI data.*

നഗര മേഖലകളിലെ പണപ്പെരുപ്പത്തിന്റെ വ്യതിയാനങ്ങളിലേക്ക് വെളിച്ചം വീശുന്ന ഒന്നാണ്.

**ഭക്ഷ്യപണപ്പെരുപ്പം എന്ന 'എക്സ് ' ഘടകം**

ഇന്ത്യയെ പോലെ നല്ലൊരു പങ്ക് ആളുകൾ ദാരിദ്ര്യത്തിലും പോഷകാഹാര കുറവിലും കഴിയുന്ന ഒരു രാജ്യത്ത് ഭക്ഷ്യ വിഭവങ്ങളുടെ വിലയിലെ ചലനങ്ങൾ ഏറെ നിർണ്ണായകമാണ് (പനാഗരിയ –2005). രാജ്യത്തെ ഭൂരിഭാഗം ജനങ്ങളും വരുമാനത്തിന്റെ മുഖ്യ പങ്ക് ചെലവഴിക്കുന്നത് ഭക്ഷ്യ ഉത്പന്നങ്ങൾക്ക് വേണ്ടിയാണ്. അതു കൊണ്ട് പണപ്പെരുപ്പം കണക്കാക്കുന്ന രീതിയിൽ ഇതിന് സവിശേഷമായ പ്രാധാന്യം കൈവരുന്നു. ജനങ്ങളുടെ ജീവിത നിലവാരം അളക്കുന്നതിൽ ഭക്ഷ്യപണപ്പെരുപ്പം നിർണ്ണായകമായ ഒരു സൂചകമാണ് . ഗ്രാമീണ മേഖലയിലായാലും നഗര പ്രദേശങ്ങളിലായാലും ഭക്ഷ്യ ഉത്പന്നങ്ങളുടെ വെയ്റ്റേജ് ഒരു പ്രധാന ഘടകമാണ്. ഗ്രാമീണ മേഖലയിൽ ഇത് 54 ശതമാനവും നഗര മേഖലയിൽ 36 ശതമാനവുമാണ്.

അതുകൊണ്ട് ഭക്ഷ്യ വിലയുടെ കാര്യത്തിലുള്ള ശരിയായ രീതിയിലുള്ള നിയന്ത്രണം സമ്പദ്ഘടനയിൽ വിലസ്ഥിരത ഉറപ്പ് വരുത്തുന്നതിൽ വളരെ പ്രധാനപ്പെട്ട പങ്ക് വഹിക്കുന്നു. ഇത്തരത്തിലുള്ള തെളിവുകൾ ചൂണ്ടികാണിക്കുന്നത് പൊതുവായ പണപ്പെരുപ്പത്തിന്റെ കാര്യത്തിൽ ഭക്ഷ്യ പണപ്പെരുപ്പം നിർണ്ണായകമായ റോളാണ് വഹിക്കുന്നത് എന്നാണ്. കേരളത്തിലെയും ഇന്ത്യയിലെയും പണപ്പെരുപ്പത്തിലെ പൊതുവായ

പ്രവണതകൾ രേഖാചിത്രത്തിൽ നിന്നും വ്യക്തമാകുന്നുണ്ട് (രേഖാചിത്രം 4).

ദേശീയതലത്തിലും സംസ്ഥാന തലത്തിലുമുള്ള ഭക്ഷ്യ പണപെരുപ്പത്തിന്റെ ചിത്രം രേഖാചിത്രത്തിൽ നിന്നും വ്യക്തമാകുന്നതാണ്. 2018–19 സാമ്പത്തിക വർഷത്തിൽ ഭക്ഷ്യ പണപ്പെരുപ്പം നെഗറ്റീവായിരുന്നു. മികച്ച വിളവ് ലഭിച്ചതും മെച്ചപ്പെട്ട കാലാവസ്ഥയുമാണ് ഇതിന് കാരണം. ആഗോളതലത്തിൽ ഭക്ഷ്യ ഉല്പന്നങ്ങളുടെ വില കുറഞ്ഞു നിന്നതും ഇതിന് സഹായകമായി. ആഗോള വിലകൾ ആഭ്യന്തര വിപണിയെ കാര്യമായി സ്വാധീനിക്കുന്ന ഒന്നാണ് (ഇഷാന്ഗ്രീൻ –2020, ഭല്ല–2022). എന്നാൽ 2019 മാർച്ച് മുതൽ ഈ സ്ഥിതിയിൽ പൊടുന്നനെ ചില മാറ്റങ്ങൾ ഉണ്ടായതായി കാണാം. 2019–20 സാമ്പത്തിക വർഷത്തിന്റെ അവസാന ഘട്ടത്തിൽ ഭക്ഷ്യ പണപ്പെരുപ്പം 12 ശതമാനം എന്ന നിലയിലേക്ക് ഉയർന്നു. ഗ്രാമീണ, നഗര വ്യത്യാസം കൂടുതൽ പ്രകടമാവുകയും ചെയ്തു. ഗ്രാമീണ മേഖലയിൽ യഥാർത്ഥ വേതനത്തിൽ ഉണ്ടായ കുറവ് ഗ്രാമീണ പണപ്പെരുപ്പത്തെ താരതമ്യേന കുറഞ്ഞ നിലയിൽ നിർത്തിയെന്ന് കരുതാം (സാമ്പത്തിക സർവെ –2020). മഹാമാരി പൊട്ടിപുറപ്പെട്ടതോടെ ഡിമാൻഡ് കാര്യമായി കുറഞ്ഞു. ലോക്ക്ഡൗണും യുദ്ധസാഹചര്യങ്ങളും വിതരണ ശ്രിംഖലകളെ താറുമാറാക്കി. പെട്ടെന്നുള്ള ഭക്ഷ്യവിലക്കയറ്റത്തിന് ഇത് വഴിയൊരുക്കി. പിന്നീട് ഭക്ഷ്യ പണപ്പെരുപ്പത്തിൽ നേരിയ ഇടിവുണ്ടായെങ്കിലും ഇപ്പോഴും അത് ഉയർന്ന തോതിൽ തന്നെ തുടരുന്നു എന്നതാണ് പ്രധാന വെല്ലുവിളി.

ഇന്ത്യൻ സാഹചര്യങ്ങൾ പരിശോധിക്കുമ്പോൾ ഭക്ഷ്യ പണപ്പെരുപ്പം ഉയർന്ന തോതിൽ തുടരുന്നത് വലിയ വെല്ലുവിളിയാണ്. ഉയർന്ന തോതിലുള്ള ഭക്ഷ്യപണപ്പെരുപ്പവും ഒപ്പം ക്രൂഡ് ഓയിൽ വില വർധിക്കുന്നതും വിലക്കയറ്റവും പണപ്പെരുപ്പവും നിയന്ത്രിക്കുന്ന കാര്യത്തിൽ വലിയ പ്രതിസന്ധി സൃഷ്ടിക്കുന്നുണ്ട്. ഗ്രാഫ് വ്യക്തമാക്കുന്നത് പോലെ മഹാമാരിയുടെ ഘട്ടത്തിൽ 9 ശതമാനമായിരുന്ന

**Figure 4.** Food inflation: - A comparative perspective.




*Source: Author's Calculation using MoSPI data.*

ഭക്ഷ്യപണപ്പെരുപ്പം 2021–22 സാമ്പത്തിക വർഷത്തിന്റെ അവസാനത്തോടെ നിയന്ത്രണ വിധേയമാകുന്ന സ്ഥിതിയിലെത്തി. എന്നാൽ റഷ്യ – യുക്രൈൻ യുദ്ധവും എൽ – നിനോ പ്രതിഭാസവും ക്രൂഡ് വില ഉയർന്നതും അസാധാരണമായ സാഹചര്യങ്ങളിലേക്ക് നയിക്കുകയും പണപ്പെരുപ്പം 6 ശതമാനത്തിന് മുകളിലേക്കെത്തിക്കുകയും ചെയ്തു (എച്ച് എസ് ബി സി–2023). ഇത് നിയന്ത്രിക്കുന്നതിന് കയറ്റുമതി നിയന്ത്രണം അടക്കം പല നടപടികളും സർക്കാർ സ്വീകരിച്ചുവെങ്കിലും ആശങ്ക ഇന്നും ശക്തമായി തന്നെ തുടരുകയാണ്.

ഇനി കേരളത്തിന്റെ കാര്യത്തിലേക്ക് വന്നാൽ ഭക്ഷ്യ പണപ്പെരുപ്പം ദേശീയ നിലവാരത്തെക്കാൾ താഴെയാണെന്ന് കാണാം (രഞ്ജിത്ത്, കക്കർലാപുടി, 2021,2022). ഭക്ഷ്യ കിറ്റുകളുടെ വിതരണവും പച്ചക്കറികൾ കുറഞ്ഞ വിലയിൽ ലഭ്യമാക്കിയതും അടക്കമുള്ള നടപടികൾ ഇക്കാര്യത്തിൽ വളരെ നിർണ്ണയകമായി (സാമ്പത്തിക റിവ്യൂ–2023). കോവിഡ് മഹാമാരി പൊട്ടിപുറപ്പെടുന്നതിന് മുൻപ് ഭക്ഷ്യ പണപ്പെരുപ്പം ഉയർന്ന തോതിലേക്ക് നീങ്ങിയെങ്കിലും മഹാമാരിയുടെ ഘട്ടത്തിലും അതിന് ശേഷവും കുറയുന്ന പ്രവണത പ്രകടമാക്കി. മൊത്തത്തിലെടുക്കുമ്പോൾ കേരളത്തിൽ ഭക്ഷ്യപണപ്പെരുപ്പത്തെ നല്ല രീതിയിൽ നിയന്ത്രിച്ചു നിർത്താൻ കഴിഞ്ഞുവെന്നത് ശ്രദ്ധേയമാണ്. അതായത് കോവിഡ് മഹാമാരിക്ക് മുൻപ് ഇന്ത്യയിലും കേരളത്തിലും ഭക്ഷ്യപണപ്പെരുപ്പം സമാനമായ നിലയിലാണ് നീങ്ങിയതെങ്കിൽ മഹാമാരിക്ക് ശേഷം രണ്ടു ദിശകളിലായാണ് നീങ്ങുന്നത്.

**പണപ്പെരുപ്പത്തെ നിയന്ത്രിക്കുന്ന ഘടകങ്ങൾ**

കോവിഡ് മഹാമാരി പൊട്ടിപുറപ്പെടുന്നതിന് മുൻപ് ഇന്ത്യയിൽ പണപ്പെരുപ്പ നിരക്ക് റിസർവ് ബാങ്ക് ലക്ഷ്യമിട്ട പരിധിക്കകത്തായിരുന്നു. 2019 മാർച്ച് വരെ ഭക്ഷ്യപണപ്പെരുപ്പവും താരതമ്യേന മിതമായ നിലയിലായിരുന്നു. ചില അവസരങ്ങളിൽ പണച്ചുരുക്കത്തിന്റെ സ്ഥിതി പ്രകടമാക്കികൊണ്ട് അത് നെഗറ്റീവായാണ് ചലിച്ചത് . ഈ ഘട്ടത്തിൽ ഭക്ഷ്യവസ്തുക്കൾ, ഇന്ധനം എന്നിവ ഒഴികെയുള്ള ഉത്പന്നങ്ങളുടെ വിലയിലാണ് വർധന പ്രകടമായത്. എന്നാൽ 2019–20 സാമ്പത്തിക വർഷം മുതൽക്കാണ് ഭക്ഷ്യ പണപ്പെരുപ്പം ഉയർന്ന തോതിലേക്ക് നീങ്ങാൻ തുടങ്ങിയത്. സർക്കാരിന്റെ പല രീതിയിലുള്ള ഇടപെടലുകളുണ്ടായെങ്കിലും കോവിഡിന്റെ ഘട്ടത്തിൽ വിതരണ ശ്രിംഖലയിലുണ്ടായ പ്രതിസന്ധി കാര്യങ്ങൾ തകരാറിലാക്കി. ഇതോടൊപ്പം ക്രൂഡ് ഓയിൽ വില വർധിച്ചതും സ്ഥിതി കൂടുതൽ സങ്കീർണമാക്കി. ഭക്ഷ്യ പണപ്പെരുപ്പം തുടർച്ചയായി ഉയർന്നു നിന്നത് പണപ്പെരുപ്പ നിരക്കിനെ വരുതിയിലാക്കുന്നതിന് നടത്തിയ ശ്രമങ്ങളെ പരാജയപ്പെടുത്തുന്നതാക്കി മാറ്റി.

ഈ സാഹചര്യത്തിൽ പണപ്പെരുപ്പത്തെ നിർണ്ണായകമായി സ്വാധീനിച്ച ഘടകങ്ങളെ കൃത്യമായി രേഖപ്പെടുത്തേണ്ടതുണ്ട്. ഇതിനായി പണപ്പെരുപ്പത്തിന്റെ സ്വഭാവം, അതിനെ സ്വാധീനിച്ചിട്ടുള്ള വിവിധ ഘടകങ്ങൾ എന്നിവയെ കുറിച്ച് വിലയിരുത്തേണ്ടതുണ്ട്. ഈയടിസ്ഥാനത്തിൽ പണപ്പെരുപ്പത്തെ 'കോർ' എന്നും 'നോൺ കോർ' എന്നും വേർതിരിക്കാൻ കഴിയും. 'കോർ ഇൻഫ്ളേഷൻ' എന്നത് പണപ്പെരുപ്പത്തിന്റെ ഒരു പ്രധാന ഭാഗമാണ്. ഇത് കാര്യമായ മാറ്റങ്ങൾക്ക് വിധേയമാകാറില്ല, മാത്രവുമല്ല, താത്കാലികമായി ഉണ്ടാകുന്ന പ്രശ്നങ്ങൾ ഇതിനെ അധികം സ്വാധീനിക്കാറില്ല. പണപ്പെരുപ്പത്തിന്റെ അടിസ്ഥാനപരമായ പ്രവണത ഇതാണെന്ന് കാണാം (യൂണിയൻ ബജറ്റ്–2022). എന്നാൽ ചാഞ്ചാട്ട വിധേയമാകുന്ന കാര്യങ്ങളാണ് 'നോൺ –കോർ ഇൻഫ്ളേഷന്റെ' പ്രത്യേകത. പൊടുന്നനെ ഉണ്ടാകുന്ന കാര്യങ്ങൾ ഇതിനെ നന്നായി സ്വാധീനിക്കുന്നു. ഇത് സംബന്ധിച്ച വിശദാംശങ്ങളിലേക്ക് വെളിച്ചം വീശുന്നതാണ് പട്ടിക –1 .

കോവിഡ് മഹാമാരിക്ക് മുൻപ് ഇന്ത്യയിൽ കോർ ഇൻഫ്ളേഷൻ ഉയർന്ന തല ത്തിലായിരുന്നു. അതായത് നോൺ കോർ ഇൻഫ്ളേഷനേക്കാൾ കൂടുതൽ. എന്നാൽ കോവിഡ് സമയത്തും അതിന് ശേഷവും ഈ സ്ഥിതിയിൽ മാറ്റം സംഭവിച്ചു.

***ഇന്ത്യയിൽ കോർ ഇൻഫ്ളേഷൻ, നോൺ കോർ ഇൻഫ്ളേഷൻ എന്നിവയുടെ കാര്യത്തിൽ പ്രകടമായ മാറ്റം ഉണ്ടാകുന്നത് കാണാം. മഹാമാരിയുടെ നാളുകളിൽ കോർ ഇൻഫ്ളേഷനാണ് കാര്യമായ സ്വാധീനം ചെലുത്തിയതെങ്കിൽ അതിന് ശേഷം നോൺ കോർ ഇൻഫ്ളേഷനാണ് മുന്നിലേക്ക് വന്നത്. എന്നാൽ കേരളത്തിൽ വ്യതിരിക്തമായ ചിത്രമാണ് കണ്ടത്. കോവിഡിന് ശേഷം നോൺ കോർ ഇൻഫ്ളേഷൻ കോർ ഇൻഫ്ളേഷനേക്കാൾ കൂടുതലായിരുന്നു.***

അപ്പോൾ കോർ ഇൻഫ്ളേഷൻ മാറ്റമില്ലാതെ നിന്നപ്പോൾ നോൺ കോർ ഇൻഫ്ളേഷൻ ഉയർന്നു.

കേരളത്തിന്റെ കാര്യത്തിലേക്ക് വരുമ്പോൾ കോവിഡിന് മുൻപ്, പൊതുവിലുള്ള പണപ്പെരുപ്പവും ഭക്ഷ്യഉത്പന്നങ്ങളുടെ വിലയും ദേശീയ ശരാശരിയേക്കാൾ മുകളിലായിരുന്നു. എന്നാൽ കോവിഡ് ഘട്ടത്തിലും അതിന് ശേഷവും പണപ്പെരുപ്പത്തെ നിയന്ത്രണ വിധേയമാക്കാൻ സംസ്ഥാനത്തിന് കഴിഞ്ഞു. ഇതാകട്ടെ ദേശീയ ശരാശരിയേക്കാൾ താഴെയായിരുന്നു (ജോയൽ, കക്കർലാപുടി–2023). ഇപ്പോൾ വിലനിലവാരം ദേശീയ ശരാശരിക്കൊപ്പമാണ് നീങ്ങുന്നത്. 2022നു ശേഷം ഇതാണ് സ്ഥിതി. അതുകൊണ്ട് കേരളത്തിലെ പണപ്പെരുപ്പത്തെ നിർണ്ണായകമായി സ്വാധീനിച്ച ഘടകമേത് എന്ന ചോദ്യം പ്രസക്തമാവുകയാണ് പട്ടിക –2 ഇക്കാര്യത്തിലേക്ക് വെളിച്ചം വീശുന്നതാണ് (പട്ടിക 2).

കോവിഡിന് മുൻപുള്ള ഘട്ടത്തിൽ കേരളത്തിൽ ഉയർന്ന കോർ ഇൻഫ്ളേഷനാണ് ഉണ്ടായത്. 2019ന്റെ പകുതിക്ക് ശേഷം ഇതിന് മാറ്റം സംഭവിക്കുകയുണ്ടായി. അതിന് ശേഷം വർധന പരിമിതമായ തോതിലായിരുന്നു. ഇത് ദേശീയ തലത്തിൽ കണ്ടതിൽ നിന്നും വ്യത്യസ്തമായിരുന്നു. അതായത് കേരളത്തിലും ദേശീയ തലത്തിലും കോർ, നോൺ കോർ ഇൻഫ്ളേഷൻ നീങ്ങിയത് വ്യത്യസ്തമായ വിധത്തിലായിരുന്നു. കൂടുതൽ വിശദമായ പരിശോധന ഇതാവശ്യപ്പെടുകയാണ്. നോൺ കോർ ഇൻഫ്ളേഷൻ നിർണ്ണയിക്കുന്ന കാര്യത്തിൽ ഭക്ഷ്യ പണപ്പെരുപ്പം പ്രകടമായ സ്വാധീനം ചെലുത്തുന്നതിനാൽ ഇതിലെ ഓരോ ഘടകവും വിശദമായി തന്നെ പരിശോധിക്കപ്പെടേണ്ട ഒന്നാണ് (പട്ടിക 3).

കോവിഡിന് മുൻപുള്ള ഘട്ടത്തിൽ മിക്ക സാധനങ്ങളുടെ കാര്യത്തിലും കുറഞ്ഞ വില നിലവാരമാണ് ഉണ്ടായിരുന്നത്. എന്നാൽ 2019ന്റെ രണ്ടാം പകുതിയിൽ പച്ചക്കറികൾ, 37.2 ശതമാനം, പരിപ്പ് വർഗ്ഗങ്ങൾ,15 ശതമാനം എന്ന തോതിൽ ഉയർന്നു. ഇതോടൊപ്പം ഇറച്ചി, മൽസ്യം എന്നിവയുടെ കാര്യത്തിൽ 9.8 ശതമാനവും മുട്ടയുടെ കാര്യത്തിൽ 7.4 ശതമാനവും വളർച്ച രേഖപ്പെടുത്തി. എന്നാൽ, മഹാമാരിയുടെ അവസരത്തിൽ മിക്കവാറും എല്ലാ ഉത്പന്നങ്ങളുടെയും വില 50 ശതമാനം കണ്ട് ഉയരുകയുണ്ടായി. ഭക്ഷ്യഎണ്ണകൾ, നെയ്യ് എന്നിവയുടെ വില 12.4 ശതമാനം മുതൽ 32 ശതമാനം വരെയും പരിപ്പ് വർഗങ്ങളുടെ വിലകൾ 15 ശതമാനവും ഉയർന്നു. 2023ലെ സാമ്പത്തിക സർവെ ചൂണ്ടിക്കാട്ടുന്നത്, ഭക്ഷ്യ പണപ്പെരുപ്പത്തിന്റെ മുഖ്യഹേതു ഭക്ഷ്യഎണ്ണ, നെയ്യ് എന്നിവയുടെ വിലയിലെ വർധനയാണെന്നാണ്. എന്നാൽ പിന്നീട് ഇത് കുറയുകയും പണച്ചുരുക്കത്തിന്റെ ഘട്ടത്തിലേക്ക് വീഴുകയും ചെയ്തു.

നേരത്തെ കുറഞ്ഞ പണപ്പെരുപ്പം പ്രകടമാക്കിയ ഉത്പന്നങ്ങൾ പിന്നീട് പണപ്പെരുപ്പ മുന്നേറ്റത്തിന്റെ ചാലകശക്തികളായി മാറുന്നതായി കാണാം. ധാന്യങ്ങളും അവാന്തര ഉത്പന്നങ്ങളും ( 8 14 % ), പാലുൽപ്പന്നങ്ങളും (68%), സുഗന്ധവ്യഞ്ജനങ്ങൾ (1220 %) എന്നിങ്ങനെയായിരുന്നു അത്. അതായത് പണപ്പെരുപ്പത്തിന്റെ നിയമക ശക്തികൾ ഓരോ കാലഘട്ടത്തിലും വ്യത്യസ്തമായിരുന്നു. ലോകത്തെ ഏറ്റവും വലിയ പാലുല്പന്ന, സുഗന്ധവ്യഞ്ജന ഉല്പാദകരായിരുന്നിട്ടും ഇന്ത്യയിൽ അവയുടെ വിലയും ഉയർന്നു എന്നത് ആശങ്കാജനകമായ ഒന്നാണ്. കാലാവസ്ഥാ

**Table 1.** Composition of inflation in india: Core vs non-core

| Time | Core Inflation | Non-Core Inflation |
|---|---|---|
| 2018 H1 | 6.4 | 4.7 |
| 2018 H2 | 5.1 | 1.8 |
| 2019 H1 | 3.9 | 1.6 |
| 2019 H2 | 3.5 | 5.8 |
| 2020 H1 | 5.1 | 5.6 |
| 2020 H2 | 6.1 | 4.5 |
| 2021 H1 | 5.6 | 7.9 |
| 2021 H2 | 5.5 | 7.7 |
| 2022 H1 | 5.5 | 9.1 |
| 2022 H2 | 5.7 | 7.9 |
| 2023 H1 | 4.8 | 5.0 |

*Source: Author's Calculation using MoSPI data.*

**Table 2.** Composition of inflation in kerala: Core vs non-core

| Time | Core Inflation | Non-Core Inflation |
|---|---|---|
| 2018 H1 | 6.72 | 5.64 |
| 2018 H2 | 8.07 | 2.65 |
| 2019 H1 | 4.97 | 2.58 |
| 2019 H2 | 2.42 | 5.98 |
| 2020 H1 | 3.41 | 6.13 |
| 2020 H2 | 2.80 | 3.32 |
| 2021 H1 | 1.97 | 8.63 |
| 2021 H2 | 1.84 | 7.26 |
| 2022 H1 | 2.02 | 5.65 |
| 2022 H2 | 2.39 | 8.50 |
| 2023 H1 | 2.58 | 5.97 |

*Source: Author's Calculation using MoSPI data.*

വ്യതിയാനം ഉത്പാദനത്തെ കാര്യമായി ബാധിച്ചതും കയറ്റുമതി ഡിമാൻഡ് ഉയർന്നതുമാണ് ഇതിനുള്ള പ്രധാന കാരണം. അരി, ഗോതമ്പ് എന്നിവയുടെ കയറ്റുമതി സമീപ കാലത്ത് നിരോധിച്ചതിനെ ഈ പശ്ചാത്തലത്തിൽ വേണം കാണുവാൻ. ഇക്കാര്യത്തിൽ ഇനം തിരിച്ചുള്ള ഒരു വിശകലനം ആവശ്യമാണ്. താഴെ കൊടുത്തിട്ടുള്ള പട്ടിക കാണുക (പട്ടിക 4).

കോവിഡിന് മുൻപ് ഭക്ഷ്യപണപ്പെരുപ്പം ഉയരാനുണ്ടായ പ്രധാന കാരണം പച്ചക്കറികൾ (10.30%), മൽസ്യം, മാംസം (10.20%), സുഗന്ധ വ്യഞ്ജനങ്ങൾ (6.13%) എന്നിവയുടെ വിലമുന്നേറ്റമാണ്. എന്നാൽ കോവിഡ് ഘട്ടത്തിൽ പച്ചക്കറി ഉത്പന്നങ്ങളുടെ വില കാര്യമായ തോതിൽ ഇടിഞ്ഞു. പരിപ്പ് വർഗ്ഗങ്ങളും അനുബന്ധ ഉത്പന്നങ്ങളും (21.4%), മുട്ട (15 ശതമാനത്തിന് മുകളിൽ), ഭക്ഷ്യഎണ്ണകൾ, നെയ്യ് (8.13 % ) തുടങ്ങിയ ഇനങ്ങളാണ് പണപ്പെരുപ്പത്തെ നിർണ്ണായകമായി സ്വാധീനിച്ചത്. എന്നാൽ ഇവയുടെ കുറഞ്ഞ വെയ്റ്റേജ് കേരളത്തിൽ പണപ്പെരുപ്പത്തിന്റെ തോത് കുറയാൻ സഹായകമായി. കൂടുതൽ വെയ്റ്റേജ് വരുന്ന സാധനങ്ങൾ ഭക്ഷ്യകിറ്റ് വഴിയായും പൊതുവിതരണ സംവിധാനം വഴിയായും വിതരണം നടത്താൻ കഴിഞ്ഞത് പണപ്പെരുപ്പത്തെ വരുതിയിലാക്കുന്നതിന് സഹായകമായി എന്ന് വിലയിരുത്താം. മഹാമാരിയുടെ ഘട്ടത്തിലെ സർക്കാർ ഇടപെടൽ വില നിയന്ത്രണത്തിൽ നിർണ്ണായകമായി മാറി എന്ന് സാരം. പാലുല്പന്നങ്ങളുടെ വില ഉയർത്തി നിശ്ചയിച്ചത് കോവിഡിന് ശേഷം വിലകൾ ഉയരാനിടയാക്കിയ മറ്റൊരു കാരണമാണ്. മൊത്തത്തിൽ നോക്കുമ്പോൾ കോവിഡിന്റെ നാളുകളിൽ ഭക്ഷ്യപണപ്പെരുപ്പം കുറഞ്ഞ തോതിലായിരുന്നുവെന്ന് കാണാൻ കഴിയും. എന്നാൽ പിന്നീട് ഇത്തരത്തിലുള്ള വിതരണം നിലച്ചതും രാജ്യാന്തര മാർക്കറ്റുകളിൽ വിതരണ ശ്രുംഖലകൾ തടസപ്പെട്ടതും കേരളത്തിൽ ഭക്ഷ്യഉൽപ്പന്നങ്ങളുടെ വിലയിൽ മിതമായ മുന്നേറ്റത്തിന് നിദാനമായിട്ടുണ്ട് .

ഇന്ധനം, ലൈറ്റ് എന്നീ ചാഞ്ചാട്ട സ്വഭാവമുള്ള ഘടകങ്ങൾ കേരളത്തിന്റെ കാര്യത്തിൽ ഡിമാൻഡ്, സപ്ലൈ എന്നിവയെ പ്രകടമായി സ്വാധീനിക്കുന്ന ഘടകങ്ങളാണ്. കേരളം ഒരു ഉപഭോക്തൃ സംസ്ഥാനമാണെന്നത് ഇതിൽ നിർണ്ണായകമായ കാര്യമാണ്. ഓരോ സംസ്ഥാനത്തെയും നികുതികൾ പെട്രോളിയം ഉൽപ്പന്നങ്ങളുടെ വിലയെ സ്വാധീനിക്കുന്നതിനാൽ ഇക്കാര്യത്തിൽ ഒരു ഏകീകൃത പാത കണ്ടെത്താനാകില്ല. ഇത് കോവിഡിന് മുൻപുള്ള ഘട്ടത്തിൽ മിതമായ രീതിയിലാണ് പ്രതികരിച്ചിരുന്നതെങ്കിൽ കോവിഡ് ഘട്ടത്തിൽ വലിയ മുന്നേറ്റം പ്രകടമാക്കുകയും പിന്നീട് അത് തുടരുകയും ചെയ്തു. 2022ൽ ആഗോള വിലകൾ ഉയർന്നതും 2023 ഏപ്രിൽ ഒന്ന് മുതൽ സംസ്ഥാന സർക്കാർ 2 രൂപ അധിക സെസ്സ് ഏർപ്പെടുത്തിയതും ഇതിന് കാരണമായി. എന്നിരുന്നാലും ദേശീയ തലത്തിലെ നിരക്കിനേക്കാൾ കുറവാണെന്ന് കാണാം. ഈ ഇനത്തിൽ ഉണ്ടാകുന്ന മാറ്റം ചരക്ക് നീക്കത്തിന്റെ ചെലവുകളെ ബാധിക്കുന്നതിനാൽ ഇത് ഭക്ഷ്യ പണപ്പെരുപ്പത്തെ കാര്യമായി സ്വാധീനിക്കുന്ന ഒന്നാണ് (ബൈരംഗി–2022).

'പലവക ഘടകങ്ങൾ' എന്ന് വിശേഷിപ്പിക്കപ്പെടുന്ന, വിദ്യാഭ്യാസം, ആരോഗ്യം, ഗതാഗതം തുടങ്ങിയ ഇനങ്ങൾ ഇക്കാലയളവിലെല്ലാം സമ്മിശ്രമായ പ്രതികരണമാണ് കാഴ്ച വച്ചത്. ഈ ഘടകങ്ങളുടെ വൈവിധ്യവും ഓരോന്നിനും വ്യത്യസ്തമായ വെയ്റ്റേജ് ഉള്ളതും ഇതിന് കാരണമാകാം. ഗാർഹികോപകരണങ്ങളും സേവന മേഖലയും ഗതാഗതവും പൊതുവായ പണപ്പെരുപ്പവുമായി പൊരുത്തപ്പെടുന്ന നിലയാണ് കോവിഡിന് മുൻപുള്ള ഘട്ടത്തിൽ കണ്ടത്. എന്നാൽ കോവിഡ് സമയത്ത് ഇടിവാണ് പ്രകടമാക്കിയത്. അതിന് ശേഷമാകട്ടെ ഉയർന്ന തോതിലേക്ക് നീങ്ങുകയും ചെയ്തു. 'ബേസ് എഫക്ടാണ് ഇതിന് മുഖ്യമായ ഒരു കാരണം എന്ന് വിലയിരുത്താം. കോവിഡിന് ശേഷമുള്ള ഘട്ടത്തിലെ കുതിപ്പ് അതിനു മുൻപുള്ള ഘട്ടത്തേക്കാൾ ശക്തമായിരുന്നു. ഡിമാന്റിൽ ഉണ്ടായ വർധന കാരണമാണ് ഇതെന്ന് വിലയിരുത്താം. കോവിഡിന് മുൻപ് തന്നെ വ്യക്തിഗത ഉത്പന്നങ്ങളുടെ രംഗത്ത് പ്രകടമായ

**Table 3.** Composition of food inflation in india

| Item | 2018 H1 | 2018 H2 | 2019 H1 | 2019 H2 | 2020 H1 | 2020 H2 | 2021 H1 | 2021 H2 | 2022 H1 | 2022 H2 | 2023 H1 |
|---|---|---|---|---|---|---|---|---|---|---|---|
| Cereals & products | 2.8 | 1.4 | 1.3 | 4.3 | 6.3 | 1.0 | -1.7 | 2.8 | 7.5 | 14.5 | 12.5 |
| Meat & fish | 2.9 | 5.1 | 8.8 | 9.8 | 17.5 | 15.0 | 9.4 | 6.6 | 5.1 | 3.3 | 1.5 |
| Egg | 6.0 | -1.1 | 1.6 | 7.4 | 10.8 | 15.5 | 14.9 | 1.3 | -3.4 | 4.8 | 5.2 |
| Milk & products | 2.9 | 0.8 | 0.9 | 4.8 | 6.3 | 3.6 | 1.9 | 3.8 | 6.1 | 8.7 | 8.2 |
| Oils and fats | 2.8 | 1.4 | 0.8 | 4.9 | 12.4 | 19.8 | 31.9 | 23.6 | 8.7 | -1.6 | -15.4 |
| Fruits | 7.3 | -2.5 | -2.5 | 4.2 | 1.1 | 3.7 | 8.8 | 3.6 | 5.0 | 4.5 | 3.1 |
| Vegetables | 1.6 | -10.4 | 6.4 | 37.2 | 11.9 | 0.0 | -9.9 | -2.2 | 15.5 | -7.8 | 8.6 |
| Pulses & products - | 10.0 | -6.4 | 4.9 | 15.0 | 15.6 | 15.3 | 8.9 | 3.3 | 1.0 | 3.8 | 10.9 |
| Sugar & confectionery | -6.2 | -7.8 | -1.5 | 3.2 | 3.3 | 0.2 | -0.8 | 5.6 | 4.1 | 0.6 | 3.3 |
| Spices | 2.3 | 2.1 | 1.9 | 6.8 | 12.6 | 9.4 | 5.3 | 5.3 | 12.7 | 19.6 | 20.4 |
| Non-alcoholic bev | 1.7 | 3.4 | 3.1 | 2.0 | 5.1 | 12.0 | 14.4 | 7.9 | 4.7 | 4.2 | 3.7 |
| Prepared meals, snacks etc. | 4.6 | 3.6 | 2.5 | 2.4 | 3.4 | 4.9 | 5.7 | 6.5 | 7.3 | 7.8 | 5.8 |
| Food and beverages | 2.2 | -0.7 | 2.6 | 9.5 | 8.8 | 5.8 | 3.9 | 4.6 | 7.7 | 5.7 | 6.4 |

*Source: Author's Calculation using MoSPI data.*

**Table 4.** Composition of food inflation in kerala.

| Item | 2018 H1 | 2018 H2 | 2019 H1 | 2019 H2 | 2020 H1 | 2020 H2 | 2021 H1 | 2021 H2 | 2022 H1 | 2022 H2 | 2023 H1 |
|---|---|---|---|---|---|---|---|---|---|---|---|
| Cereals and products | -1.1 | -4.7 | -0.9 | 5.7 | 3.3 | -0.6 | -2.4 | 2.3 | 11.2 | 17.5 | 10.3 |
| Meat and fish | 0.9 | 8.2 | 15.2 | 15.6 | 11.5 | 8.7 | 0.3 | -1.5 | 0.8 | -3.6 | -2.6 |
| Egg | 6.3 | 1.3 | -0.2 | 4.6 | 15.8 | 16.2 | 15.7 | 1.5 | -2.0 | 7.1 | 7.2 |
| Milk and products | 0.5 | 1.3 | 1.4 | 5.5 | 8.2 | 4.6 | 4.7 | 4.8 | 2.1 | 8.3 | 11.4 |
| Oils and fats | 29.2 | -2.1 | -3.3 | 4.4 | 3.1 | 8.9 | 12.5 | -5.4 | -15.6 | -13.6 | -11.5 |
| Fruits | 13.8 | -6.3 | -8.2 | 0.7 | 0.2 | 0.9 | 8.1 | 0.9 | 4.4 | 5.7 | -2.8 |
| Vegetables | -7.3 | -10.6 | 12.8 | 36.5 | 0.1 | -4.8 | -2.2 | 4.6 | 13.5 | -5.7 | 8.9 |
| Pulses and products | -10.3 | -5.8 | 5.4 | 18.9 | 21.4 | 14.8 | 4.6 | 1.0 | -1.2 | 3.5 | 12.0 |
| Sugar and confectionery | -10.6 | -6.5 | 1.8 | 4.6 | 5.1 | 0.8 | -1.9 | 4.0 | 4.6 | 1.1 | 3.2 |
| Spices | 6.5 | 6.8 | 5.4 | 13.9 | 12.3 | 7.5 | 3.8 | 4.8 | 19.4 | 28.4 | 14.3 |
| Non-alcoholic beverages | 0.8 | 3.3 | 2.3 | 0.7 | 2.5 | 5.6 | 9.2 | 6.5 | 4.5 | 5.0 | 4.7 |
| Prepared meals; snacks; sweets etc. | 6.7 | 3.9 | 3.6 | 3.8 | 3.7 | 4.0 | 4.9 | 3.1 | 3.0 | 6.1 | 6.0 |
| Food and beverages | 3.7 | -0.4 | 3.6 | 9.7 | 5.8 | 3.9 | 3.2 | 1.6 | 4.0 | 4.4 | 4.1 |

*Source: Author's Calculation using MoSPI data.*

***മഹാമാരിയുടെ ഘട്ടത്തിൽ നിന്നും വ്യത്യസ്തമായി അതിനു ശേഷം ഭക്ഷ്യ പണപ്പെരുപ്പത്തെ ദേശീയതലത്തിലും സംസ്ഥാനതലത്തിലും കാര്യമായി സ്വാധീനിച്ചത് ധാന്യങ്ങൾ, മുട്ട, പാലുൽപ്പന്നങ്ങൾ, പരിപ്പ് വർഗ്ഗങ്ങൾ, സുഗന്ധവ്യഞ്ജനങ്ങൾ എന്നിവയാണ്. കേരളത്തിൽ പച്ചക്കറികൾ, പാക്ക് ചെയ്ത ഭക്ഷ്യ ഉത്പന്നങ്ങൾ എന്നിവയുടെ വിലയിലും മുന്നേറ്റം പ്രകടമായി.***

മുന്നേറ്റം കാണാമായിരുന്നു (20 ശതമാനത്തിന് മുകളിൽ). മഹാമാരിയുടെ ഘട്ടത്തിൽ ഇത് പ്രതീക്ഷിച്ചതു പോലെ കുറയുകയും ചെയ്തു. എന്നാൽ പ്രതീക്ഷക്ക് വിരുദ്ധമായി ഇക്കാര്യത്തിൽ കോവിഡിന് ശേഷം ശക്തമായ ഒരു തിരിച്ചുവരവ് കണ്ടില്ല. 2023ലെ രണ്ടാം പകുതിയിൽ മാത്രമാണ് പ്രതീക്ഷയുണർത്തുന്ന തരത്തിലുള്ള ഒരു ഉണർവ് ഉണ്ടായത്. അതായത് വ്യത്യസ്തമായ ആഘാതം ഉളവാക്കുന്ന വൈവിധ്യമാർന്ന ഒരു പ്രവണതയാണ് പൊതുവിൽ ഉണ്ടായത്.

**ഉപസംഹാരം**

കേരളത്തിലെയും ഇന്ത്യയിലെയും കോവിഡിന് മുൻപും കോവിഡ് സമയത്തുമുള്ള പണപ്പെരുപ്പത്തിന്റെ ട്രെൻഡ് പരിശോധിക്കുമ്പോൾ ശ്രദ്ധേയമായ ചില രീതികൾ അതിൽ കാണാം. കേരളത്തിന്റെ കാര്യത്തിൽ പൊതുവായ പണപ്പെരുപ്പം ഈ ഘട്ടങ്ങളിൽ ദേശീയ തലത്തിൽ നിന്നും വ്യതിരിക്തമായ ഒരു ചിത്രമാണ് കാഴ്ച വച്ചത്. എന്നാൽ പിന്നീട് അത് സമരസപ്പെട്ട് നീങ്ങുന്നതാണ് കണ്ടത്. ഗ്രാമീണ, നഗര മേഖലകളുടെ കാര്യം പരിശോധിക്കുമ്പോൾ കാണുന്നത് തികച്ചും വ്യത്യസ്തമായ ചിത്രമാണ്. ദേശീയതലത്തിൽ നഗരങ്ങളിലെ പണപ്പെരുപ്പം ഗ്രാമീണ മേഖലയെക്കാൾ കൂടുതലായിരുന്നപ്പോൾ കേരളത്തിൽ വേറിട്ട ചിത്രമാണ് കണ്ടത്. കോവിഡിന് ശേഷമുള്ള ഘട്ടത്തിൽ ദേശീയ തലത്തിൽ ഗ്രാമീണ മേഖലയിലാണ് പണപ്പെരുപ്പം കൂടുതൽ ഉയർന്നത്. എന്നാൽ ഇക്കാര്യത്തിലും തിരിച്ചുള്ള ട്രെൻഡാണ് കേരളത്തിൽ ഉണ്ടായത്. മഹാമാരിക്ക് ശേഷം കണ്ടത് നോൺ കോർ ഇൻഫ്ളേഷൻ കൂടുതൽ സ്വാധീനം ചെലുത്തുന്നതായാണ്. കോർ ഇൻഫ്ളേഷൻ താരതമ്യേന സ്ഥിരത പുലർത്തിയപ്പോൾ നോൺ കോർ ഇൻഫ്ളേഷൻ ഉയരുന്ന സ്ഥിതിയാണ് ഉണ്ടായത്. കേരളത്തിലാകട്ടെ, നോൺ കോർ ഇൻഫ്ളേഷൻ കോർ ഇൻഫ്ളേഷനെ ഭേദിക്കുന്ന കാര്യമാണ് കണ്ടത്.

മഹാമാരിക്ക് മുൻപ് ദേശീയ തലത്തിലും കേരളത്തിലും ഭക്ഷ്യ പണപ്പെരുപ്പം ഏറെക്കുറെ ഒരേ തോതിൽ നീങ്ങിയപ്പോൾ അതിന് ശേഷം വ്യത്യസ്തമായ രീതിയിലാണ് നീങ്ങിയത്. മഹാമാരിക്ക് ശേഷം ഇന്ത്യയിലും കേരളത്തിലും ഭക്ഷ്യ പണപ്പെരുപ്പത്തെ കൂടുതൽ സ്വാധീനിച്ചത് ധാന്യങ്ങൾ, മുട്ട, പാൽ, പരിപ്പ് വർഗ്ഗങ്ങൾ, സുഗന്ധവ്യഞ്ജനങ്ങൾ തുടങ്ങിയവയാണ്. എടുത്തുപറയേണ്ട ഒരു കാര്യം ഇറക്കുമതി ചെയ്യുന്ന ഉത്പന്നങ്ങൾ വലിയ സ്വാധീനം ചെലുത്തുന്നതായി മാറി എന്നതാണ്. പാക്ക് ചെയ്ത ഭക്ഷ്യവിഭവങ്ങളുടെ ഉപഭോഗത്തിൽ കാര്യമായ വർദ്ധനയുണ്ടായിട്ടുണ്ട്. ഡിമാൻഡിലെ മുന്നേറ്റവും ജി എസ് ടി നടപ്പാക്കിയതുമാണ് ഇതിന് കാരണമായി ചൂണ്ടിക്കാണിക്കപ്പെടുന്നത്.

■

(ഗുലാത്തി ഇൻസ്റ്റിട്യൂട്ട് ഓഫ് ഫിനാൻസ് ആൻഡ് ടാക്സേഷനിലെ ഗവേഷണ വിദ്യാർത്ഥിയാണ് ആദിത്യ കൃഷ്ണ, അസിസ്റ്റന്റ് പ്രഫസറാണ് പി എസ് രഞ്ജിത്ത്)

## References

1 Panagariya, Arvind. 2005. "Agricultural Liberalisation and the Least Developed Countries: Six Fallacies." *World Economy* 28 (9): 1277-99.

2 Ball, L., Chari, A., & Mishra, P. (2016). Understanding inflation in India. *NATIONAL BUREAU OF ECONOMIC RESEARCH.* https://doi.org/10.3386/w22948

3 Kakarlapudi, K. K. and Renjith, P. S. (2020) Taming the Prices During the Pandemic, Kerala Economy, 1(4), 31-35

4 Eichengreen, B., Gupta, P., & Choudhary, R. (2020). *Inflation Targeting in India: An Interim Assessment.* World Bank Documents. https://documents1.worldbank.org/curated/en/480251601919547142/pdf/Inflation-Targeting-in-India-An-Interim-Assessment.pdf

5 Renjith, P. S., and Kakarlapudi, K. K. (2021) Taming the Prices During the Pandemic: Further Exploration, Kerala Economy, 2(1), 24-28

6 Kakarlapudi, K. K., and Renjith, P. S. (2021) Food Prices and Inflation during the Pandemic: Kerala remains an exception? Kerala Economy, 2(8-9), 36-41

7 Renjith, P. S., and Kakarlapudi, K. K. (2022) Drivers of Inflation during COVID-19: Kerala in a comparative perspective, Kerala Economy, 3 (4)

8 Joseph, J. P., & Kakarlapudi, K. K. (2022). Rising inflationary pressures in Kerala. Kerala Economy, 4(2), 57-64.

9 Economic Survey 2022-23, MoF, GoI https://www.indiabudget.gov.in/economicsurvey/

10 Kerala State Economic Review https://spb.kerala.gov.in/sites/default/files/2023-02/ENGLISH%20FINAL%20PRESS%2004.02.2023_0.pdf

11 Union Budget 2023 https://www.indiabudget.gov.in/

12 Indian Economy: A review 2024 https://dea.gov.in/sites/default/files/The%20Indian%20Economy-A%20Review_Jan%202024.pdf?app=true

13 IMF WEO 2022, 2023, 2024 https://www.imf.org/en/Publications/WEO.

*കേരള ഇക്കോണമി*
*പുസ്തകം 4 ലക്കം 4*
*ഒക്ടോബർ – ഡിസംബർ 2023*

GIFT GULATI INSTITUTE OF FINANCE AND TAXATION

# ഇന്ത്യയിലെ തൊഴിൽ, വേതനം എന്നിവയിലെ പ്രവണതകൾ: ആനുകാലിക തൊഴിൽ ശക്തി സർവെകളുടെ അടിസ്ഥാനത്തിൽ ഒരു വിശകലനം

ബി എസ് സുമലത

**ആമുഖം**

സാമ്പത്തിക ഉദാരവത്കരണത്തിന് ശേഷമുള്ള ഘട്ടത്തിൽ ഇന്ത്യൻ സമ്പദ്‌വ്യവസ്ഥ ഉയർന്ന വളർച്ചാ നിരക്ക് കൈവരിച്ചിട്ടുണ്ട്. അസംഘടിത തൊഴിൽ മേഖലയുടെ വളർച്ചയും തൊഴിൽ വിപണിയുടെ വിഘടനവും ഈ ഘട്ടത്തിൽ കൂടുതൽ ശക്തമായതായി കാണാം .എന്നാൽ സമ്പദ്ഘടനയുടെ ഘടനാപരമായ മാറ്റവുമായി തട്ടിച്ചു നോക്കുമ്പോൾ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുന്നത് താരതമ്യേന കുറവയാണ് കാണുന്നത്. ഇതര വികസ്വര രാജ്യങ്ങളുമായി തട്ടിച്ചു നോക്കുമ്പോൾ മൊത്തത്തിലുള്ള തൊഴിലുകളുടെ വ്യാപ്തവും ഇന്ത്യയിൽ കുറവാണ് (ബസോൾ–2022). ഗ്രാമീണ മേഖലയിൽ സ്വയംതൊഴിൽ ചെയ്യുന്നവരുടെ എണ്ണത്തിൽ കുറവുണ്ടായിട്ടുണ്ട്. അതേസമയം സ്ത്രീകളുടെയും പുരുഷൻമാരുടെയും ഇടയിൽ സാധാരണ തൊഴിലാളികളുടെ എണ്ണത്തിൽ വർധന ഉണ്ടായിട്ടുണ്ടെന്ന് 2020–21 ലെ തൊഴിൽ രംഗത്തെ കണക്കുകൾ വ്യക്തമാക്കുന്നു.

വ്യവസായ മേഖലയെടുക്കുമ്പോൾ നിർമ്മാണ മേഖലയിൽ തൊഴിൽ രംഗത്ത് മുന്നേറ്റം പ്രകടമാകുന്നുണ്ട്. ഇന്ത്യയിൽ, പൊതുവായുള്ള വിദ്യാഭ്യാസ നിലവാരത്തിന്റെ കാര്യത്തിൽ നേട്ടം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും തൊഴിൽ നൈപുണ്യം ലഭിക്കുന്ന തരത്തിലുള്ള വിദ്യാഭ്യാസം കുറവാണ് (മൽഹോത്ര–2019, ചന്ദ്, സിംഗ്–2022). ഇക്കാരണത്താൽ വിദ്യാഭ്യാസ നിലവാരവും തൊഴിൽ അവസരങ്ങളും തമ്മിൽ നിലനിൽക്കുന്ന പൊരുത്തക്കേട് ഒരു പ്രധാന പ്രശ്നമാണ്. കാർഷിക മേഖലക്ക് പുറത്തുള്ള തൊഴിലവസരങ്ങളുടെയും ഉല്പാദനത്തിന്റെയും വളർച്ച, കാർഷിക മേഖലയിൽ നിന്നും ഇതര മേഖലകളിലേക്ക് തൊഴിലാളികൾ ചേക്കേറുന്നതിൽ ഏറെ നിർണ്ണായകമാകുന്നു. ദേശീയതലത്തിലെ കണക്കുകളെടുക്കുമ്പോൾ തൊഴിൽ രംഗത്ത് സ്ത്രീകളുടെ പങ്കാളിത്തം പൊതുവെ കുറയുന്നതായി കാണാം (പപ്പോള–2012, മൽഹോത്ര–2019).

സംഘടിത മേഖലയിൽ പോലും തൊഴിൽ അസംഘടിതമായി മാറുന്നു എന്നതാണ് ഇന്ത്യയിലെ തൊഴിൽ വിപണിയുടെ പ്രത്യേകത (മൽഹോത്ര–2019). എന്നാൽ അസംഘടിത തൊഴിൽ മേഖല സുസംഘടിതമാകേണ്ടത് തൊഴിലാളികളുടെ സുരക്ഷിതത്വത്തിനും സാമൂഹ്യമായ ക്ഷേമത്തിനും അത്യന്താപേക്ഷിതമാണ് (ദാസ്ഗുപ്ത, കാർ–2018). അഭ്യസ്തവിദ്യരുടെ ഇടയിൽ തൊഴിലില്ലായ്മ പെരുകുന്നതും കാർഷികേതര തൊഴിലിന്റെ കാര്യത്തിലെ നിലവാരക്കുറവും തൊഴിൽ രംഗത്തെ പ്രതിസന്ധി കൂടുതൽ സങ്കീർണ്ണമാക്കുന്നു (മൽഹോത്ര, പരീദ–2019). തൊഴിൽ സേനയുടെ എണ്ണത്തിൽ ഉണ്ടായിരിക്കുന്ന കുറവിനും തൊഴിൽ പങ്കാളിത്ത നിരക്കിലെ ഇടിവിനും മുഖ്യകാരണം യുവാക്കൾ കൂടുതൽ വിദ്യാസമ്പന്നരാകുന്നതാണെന്നാണ് മുഖർജി, മജൂംദാർ എന്നിവർ അഭിപ്രായപ്പെടുന്നത്.

കാർഷികേതര മേഖലകളിൽ ജോലി ചെയ്യുന്ന

***ലേബർ ഫോഴ്സ് പാർട്ടിസിപ്പേഷൻ നിരക്കിൽ ഗ്രാമീണ, നഗര മേഖലകളിൽ നേരിയ ഉയർച്ച പ്രകടമാണ്. 2020–21ൽ തൊഴിൽ മേഖലയിലെ സ്ത്രീകളുടെ പങ്കാളിത്തത്തിൽ മുന്നേറ്റം കാണാമെങ്കിലും പുരുഷന്മാരുടെ പങ്കാളിത്തത്തിന്റെ പകുതിയോളം മാത്രമേ ഇത് വരൂ.***

തിനാണ് യുവാക്കൾ ഇന്ന് കൂടുതൽ തല്പരരാകുന്നത് (ചന്ദ്, സിംഗ്–2022). 1993–94 മുതൽ 2020–21 വരെയുള്ള സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തത്തിന്റെ ഘടന പരിശോധിക്കുമ്പോൾ എല്ലാ സംസ്ഥാനങ്ങളിലും അവരുടെ പങ്കാളിത്തം കുറയുന്നതായി കാണാം (ഹജോങ്, കക്കർലാപുടി–2023). നഗരമേഖല കളിലും തൊഴിൽ രംഗം അസംഘടിതമാകുന്ന പ്രവണത കൂടുകയാണ്. പ്രത്യേകിച്ച് വീട്ടുജോലി ചെയ്യുന്നവർ, വഴിയോരക്കച്ചവടക്കാർ, ശുചീകരണ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ എന്നിവരുടെ കാര്യത്തിൽ (ചെൻ, രവീന്ദ്രൻ –2014). ഇന്ത്യയിലെ തൊഴിൽ വിപണിയെ സംബന്ധിച്ച കൃത്യമായ വിവരങ്ങൾ ലഭ്യമല്ലാത്തതിനാൽ തൊഴിൽ വിപണിയുടെ ഗുണമേന്മ സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല. അതുകൊണ്ട് പീരിയോഡിക്കൽ ലേബർ ഫോഴ്സ് സർവേയുടെ (പി എൽ എഫ് എസ്) വിവരങ്ങൾ പ്രയോജനപ്പെടുത്തി വിവിധ തൊഴിൽ രംഗങ്ങളിലെ വേതനം, തൊഴിൽ സാഹചര്യങ്ങൾ തുടങ്ങിയ കാര്യങ്ങളിലെ പുതിയ പ്രവണതകളെ വിശകലനം ചെയ്യുകയാണ് ഈ പഠനം.

## 2.1 തൊഴിൽ സേനയുടെ പങ്കാളിത്തത്തിന്റെ നിരക്ക്

സാധാരണയായുള്ള സ്ഥിതിയുടെയും ആഴ്ച തോറുമുള്ള കണക്കുകളുടെയും അടിസ്ഥാന ത്തിൽ 2017–18 മുതൽ 2020–21 വരെയുള്ള ലേബർ ഫോഴ്സ് പാർസിപ്പേഷൻ റേറ്റ് (എൽ എഫ് പി ആർ) പട്ടിക ഒന്നിൽ ചേർത്തിരിക്കുന്നു. ഇക്കാലയളവിൽ ഗ്രാമീണ മേഖലയിൽ പുരുഷന്മാരുടെ തൊഴിൽ പങ്കാളിത്തം 54.9 ശതമാനത്തിൽ നിന്നും 57.1 ശതമാനമായി ഉയർന്നിട്ടുണ്ട്. നഗര മേഖലയിലും സമാനമായ ഒരു പ്രവണതയാണ് പ്രകടമായത്. ഗ്രാമീണ മേഖലയിൽ സ്ത്രീകളുടെ കാര്യത്തിൽ എൽ എഫ് പി ആർ 18.2 ശതമാനത്തിൽ നിന്നും 27.7 ശതമാനമായി ഉയർന്നിട്ടുണ്ട്. എന്നാൽ പുരുഷന്മാരുടെ പങ്കാളിത്തത്തിന്റെ ഏതാണ്ട് പകുതി മാത്രമേ ഇത് വരുന്നുള്ളൂ. നഗര മേഖലയിൽ സ്ത്രീ പങ്കാളിത്തം 15.9 ശതമാനത്തിൽ നിന്ന് 18.6 ശതമാനമായി ഉയർന്നു. 2020–21ൽ ഇക്കാര്യത്തിലുള്ള ലിംഗപരമായ അന്തരം 39.8 ശതമാനമാണ്. ഇത് ആശങ്കാജനകമായ ഒരു ഘടകമാണ്. കറന്റ് വീക്കിലി സ്റ്റാറ്റസിന്റെ (സി ഡബ്ള്യു എസ്) കാര്യത്തിലും ഗ്രാമീണ, നഗര മേഖലകളിൽ സമാനമായ പ്രവണതയാണ് കാണുന്നത്. 2020–21ൽ സി ഡബ്ള്യു എസിന്റെ കാര്യത്തിലെ ലിംഗപരമായ അന്തരം നഗര മേഖലയിൽ 39.7 ശതമാനവും ഗ്രാമീണ മേഖലയിൽ 34.3 ശതമാനവുമാണ് (പട്ടിക 1).

## 3. തൊഴിലാളികളുടെ പങ്കാളിത്തം വിവിധ മേഖലകളിൽ

ഇത് സംബന്ധിച്ച വിവരങ്ങൾ രണ്ടാം പട്ടികയിൽ നിന്ന് ലഭ്യമാണ്. ഗ്രാമീണ മേഖലയിൽ സ്വയംതൊഴിൽ കണ്ടെത്തിയവരാണ് ഏറ്റവും കൂടുതൽ (61.3%) എന്ന് പട്ടികയിൽ നിന്ന് വ്യക്തമാകുന്നു. സാധാരണ തൊഴിലാളികളാണ് പിന്നീട് വരുന്നത് ( 26.6 % ). കൃത്യമായി വരുമാനം ലഭിക്കുന്നവരുടെ എണ്ണം 12.1 ശതമാനമാണ്. നഗര മേഖലയിലാകട്ടെ വേതനം കൃത്യമായ ലഭിക്കുന്ന കൂട്ടരാണ് ഒന്നാമത് വരുന്നത്, 46.4 ശതമാനം. സ്വയംതൊഴിൽ ചെയ്യുന്നവർ 46.4

**മൊത്തം തൊഴിലിൽ സ്വയംതൊഴിൽ കണ്ടെത്തിയവരുടെ എണ്ണമാണ് കൂടുതൽ. സാധാരണ കൂലിത്തൊഴിലാളികൾ, സ്ഥിരവരുമാനക്കാരായ തൊഴിലാളികൾ എന്നിവരാണ് തുടർന്ന് വരുന്നത്. നഗര മേഖലകളിൽ സ്ഥിരവരുമാനക്കാരായ തൊഴിലാളികൾ മുന്നിൽ നിൽക്കുമ്പോൾ സ്വയംതൊഴിൽ കണ്ടെത്തിയവരാണ് തൊട്ടുപിന്നിൽ.**

**Table1:** Labour force participation rate (in percent) based on usual status (PS+SS) and CWS from PLFS (2017-18) to PLFS (2020-21)

| | Usual status | | | | Current Weekly Status | | | |
|---|---|---|---|---|---|---|---|---|
| Rural | 2017-18 | 2018-19 | 2019-20 | 2020-21 | 2017-18 | 2018-19 | 2019-20 | 2020-21 |
| Male | 54.9 | 55.1 | 56.3 | 57.1 | 54.4 | 54.5 | 55.4 | 56 |
| Female | 18.2 | 19.7 | 24.7 | 27.7 | 16.1 | 16.7 | 21.1 | 22.7 |
| Person | 37 | 37.7 | 40.8 | 42.7 | 35.7 | 36 | 38.6 | 39.7 |
| Urban | | | | | | | | |
| Male | 57 | 56.7 | 57.8 | 58.4 | 56.7 | 56.7 | 57.2 | 57.8 |
| Female | 15.9 | 16.1 | 18.5 | 18.6 | 15.3 | 15.6 | 17.5 | 17.3 |
| Person | 36.8 | 36.9 | 38.6 | 38.9 | 36.4 | 36.7 | 37.8 | 38 |
| Total (Rural plus Urban | | | | | | | | |
| Male | 55.5 | 55.6 | 56.8 | 57.5 | 55 | 55.2 | 56 | 56.5 |
| Female | 17.5 | 18.6 | 22.8 | 25.1 | 15.8 | 16.4 | 20 | 21.2 |
| Person | 36.9 | 37.5 | 40.1 | 41.6 | 35.9 | 36.2 | 38.3 | 39.2 |

*Source: Periodic Labour Force Survey, Government of India, 2020-21*

ശതമാനവും സാധാരണ ദിവസവേതന തൊഴിലാളികൾ 14.1 ശതമാനവുമാണ്. ഗ്രാമീണ മേഖലയിൽ സ്വയംതൊഴിൽ കണ്ടെത്തിയവരുടെ കൂട്ടത്തിൽ സ്ത്രീകളാണ് കൂടുതൽ. എന്നാൽ നഗര മേഖലയിൽ സ്ഥിരവരുമാനക്കാരായ തൊഴിലാളികളുടെ എണ്ണത്തിൽ സ്ത്രീകളാണ് കൂടുതൽ (പട്ടിക 2).

വ്യവസായ മേഖലയിലെ തൊഴിലാളികളുടെ വിന്യാസം പട്ടിക മൂന്നിൽ കാണാം. 2020–21 സാമ്പത്തിക വർഷത്തെ കണക്കുകൾ പ്രകാരം ഏറ്റവും കൂടുതൽ പേർ (46.5%) ജോലി ചെയ്യുന്നത് കാർഷിക മേഖലയിലാണെന്ന് കാണാം. കെട്ടിട നിർമ്മാണ മേഖലയിൽ 12.1 ശതമാനം പേരും ഹോട്ടലുകൾ, റെസ്ടാറന്റുകൾ എന്നിവയിൽ 12.2 ശതമാനം പേരും ജോലിയെടുക്കുന്നു. ഗ്രാമീണ മേഖലയിൽ, കാർഷിക മേഖലയിൽ പണിയെടുക്കുന്ന സ്ത്രീകളുടെ കാര്യത്തിൽ നേരിയ വർധന കാണാം. 2017–18ൽ 73.2 ശതമാനമായിരുന്നെങ്കിൽ 2020–21ൽ അത് 75.4 ശതമാനമായി ഉയർന്നു. എന്നാൽ പുരുഷന്മാരുടെ കാര്യത്തിൽ ഇത് 55 ശതമാനത്തിൽ നിന്നും 53.8 ശതമാനമായി കുറയുകയാണുണ്ടായത്. കെട്ടിട നിർമ്മാണ മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ ലഭ്യമായതാണ് ഇതിന് കാരണം.

നഗര മേഖലയിൽ ഭൂരിഭാഗം സ്ത്രീകളും വിവിധ തരത്തിലുള്ള ജോലികൾ ചെയ്യുന്നുവെന്ന് കാണാം. 2020–21ൽ 41.6 ശതമാനം പേർ. 23 ശതമാനം പേർ നിർമ്മാണ മേഖലയിലും

**Table 2:** Employment category wise distribution of workers in usual status (percentage)

| Category of persons | Category of employment | | | |
|---|---|---|---|---|
| | Self employed | Regular wage/salary | Casual labour | All |
| | | PLFS (2020-21) | | |
| | | Rural | | |
| Male | 59.7 | 13.6 | 26.8 | 100 |
| Female | 64.8 | 9.1 | 26.2 | 100 |
| Person | 61.3 | 12.1 | 26.6 | 100 |
| Urban | | | | |
| Male | 39.9 | 45.3 | 14.9 | 100 |
| Female | 38.4 | 50.1 | 11.5 | 100 |
| Person | 39.5 | 46.4 | 14.1 | 100 |
| PLFS (2017-18) | | | | |
| Rural | | | | |
| Male | 57.8 | 14 | 28.2 | 100 |
| Female | 57.7 | 10.5 | 31.8 | 100 |
| Person | 57.8 | 13.1 | 29.1 | 100 |
| Urban | | | | |
| Male | 39.2 | 45.7 | 15.1 | 100 |
| Female | 34.7 | 52.1 | 13.1 | 100 |
| Person | 38.3 | 47 | 14.7 | 100 |

*Source: Periodic Labour Force Survey, 2020-21, Government of India*

വ്യാപാര, ഹോട്ടൽ, റെസ്റ്ററന്റ് മേഖലയിൽ 16.2 ശതമാനം പേരും ജോലി നോക്കുന്നു (പട്ടിക 3).

തൊഴിൽ രംഗത്തെ പങ്കാളിത്തത്തിൽ വിവിധ സാമൂഹ്യ ഗ്രൂപ്പുകളുടെ പങ്കാളിത്തം വിലയിരുത്തുമ്പോൾ 2017–18 നും 2020–21 നുമിടയിൽ എൽ എഫ് പി ആർ നേരിയ തോതിൽ ഉയർന്നതായി കാണാം. ഗ്രാമീണ, നഗര മേഖലകളിൽ ഇതേ സ്ഥിതിയാണുള്ളത്. 2020–21ൽ ഏറ്റവും കൂടുതൽ പങ്കാളിത്തം രേഖപ്പെടുത്തിയിട്ടുള്ളത് പട്ടിക വർഗ്ഗ വിഭാഗക്കാരുടെ കാര്യത്തിലാണ്. സ്ത്രീ കളുടെയും പുരുഷൻമാരുടെയും പങ്കാളിത്തം വെവ്വേറെ പരിശോധിക്കുമ്പോൾ 'മറ്റു തൊഴിലുകൾ' എന്ന ഗ്രൂപ്പിൽ പുരുഷന്മാർ

***ഏറ്റവും കൂടുതൽ തൊഴിൽ ലഭ്യമാക്കുന്നത് കാർഷിക രംഗത്താണ്. കെട്ടിട നിർമ്മാണ മേഖലയാണ് തുടർന്ന് വരുന്നത്. വ്യാപാരം, ഹോട്ടൽ, റെസ്റ്റാറന്റ് എന്നീ മേഖലകൾ അടുത്തതായി വരുന്നു. ഗ്രാമീണ കാർഷിക മേഖലയിൽ പുരുഷന്മാരുടെ തൊഴിൽ പങ്കാളിത്തത്തിൽ കുറവ് സംഭവിച്ചിട്ടുണ്ട്. പട്ടിക വർഗ്ഗവിഭാഗക്കാരിൽ നിന്നാണ് ഏറ്റവും കൂടുതൽ തൊഴിൽ പങ്കാളിത്തമുള്ളത്.***

**Table 3:** Industry category wise distribution of workers in usual status (percentage)

| Industry classification as per NIC 2008 | Rural | | | Urban | | | Total | | |
|---|---|---|---|---|---|---|---|---|---|
| | Male | Female | Persons | Male | Female | Persons | Male | Female | Persons |
| | PLFS (2020-21) | | | | | | | | |
| Agriculture sector | 53.8 | 75.4 | 60.8 | 5.3 | 10.4 | 6.5 | 39.8 | 62.2 | 46.5 |
| Mining and quarrying | 0.4 | 0.1 | 0.3 | 0.5 | 0.1 | 0.4 | 0.4 | 0.1 | 0.3 |
| Manufacturing sector | 7.7 | 7.4 | 7.6 | 19.5 | 23 | 20.3 | 11.1 | 10.6 | 10.9 |
| Water, Electricity etc | 0.5 | 0.1 | 0.4 | 1.4 | 0.6 | 1.2 | 0.8 | 0.2 | 0.6 |
| Construction sector | 15.6 | 5.9 | 12.4 | 13.1 | 4.4 | 11.1 | 14.9 | 5.6 | 12.1 |
| Trade, hotel and restaurant | 9.7 | 3.5 | 7.7 | 27.4 | 16.2 | 24.8 | 14.8 | 6.1 | 12.2 |
| Storage, Transport and communications | 5.3 | 0.3 | 3.7 | 12.2 | 3.7 | 10.2 | 7.3 | 1 | 5.4 |
| Other services | 7.1 | 7.5 | 7.2 | 20.7 | 41.6 | 25.5 | 11 | 14.4 | 12 |
| All | 100 | 100 | 100 | 100 | 100 | 100 | 100 | 100 | 100 |
| | PLFS (2017-18) | | | | | | | | |
| Agriculture | 55 | 73.2 | 59.4 | 5.4 | 9.1 | 6.1 | 40.2 | 57 | 44.1 |
| Mining and quarrying | 0.5 | 0.2 | 0.4 | 0.6 | 0.2 | 0.5 | 0.5 | 0.2 | 0.4 |
| Manufacturing | 7.7 | 8.1 | 7.8 | 22.4 | 25.2 | 23 | 12 | 12.5 | 12.1 |
| Electricity, water etc | 0.5 | 0 | 0.4 | 1.3 | 0.6 | 1.2 | 0.7 | 0.2 | 0.6 |
| Construction | 14.5 | 5.3 | 12.3 | 11.7 | 4.1 | 10.2 | 13.7 | 5 | 11.7 |
| Trade, hotel and restaurant | 9.2 | 4 | 7.9 | 24.5 | 13 | 22.1 | 13.7 | 6.3 | 12 |
| Transport storage and communications | 5.2 | 0.3 | 4 | 12.7 | 3.3 | 10.8 | 7.4 | 1.1 | 5.9 |
| Other services | 7.6 | 8.9 | 7.9 | 21.5 | 44.4 | 26.2 | 11.7 | 17.8 | 13.2 |
| All | 100 | 100 | 100 | 100 | 100 | 100 | 100 | 100 | 100 |

Source: Periodic Labour Force Survey, 2020-21, Government of India
Note: NIC: National Industrial Classification

***സാധാരണ കൂലിത്തൊഴിലാളികളുടെ വേതനം സർവേ ഘട്ടത്തിൽ കാര്യമായ മാറ്റമില്ലാതെ തുടരുന്നതായി കാണാം. ഗ്രാമീണ, നഗര മേഖലകളിൽ സ്ത്രീത്തൊഴിലാളികൾക്ക് താരതമ്യേന കുറഞ്ഞ വേതനമാണ് ലഭിക്കുന്നത്.***

കൂടുതലാണ് എന്ന് കാണാം. ഗ്രാമീണ മേഖലയിൽ സ്ത്രീകളുടെ കാര്യമെടുത്താൽ പട്ടിക വർഗ്ഗ വിഭാഗമാണ് മുന്നിൽ. നഗര മേഖലയിൽ പുരുഷന്മാർക്കിടയിൽ പട്ടിക ജാതി വിഭാഗമാണ് ഒന്നാമത്. എന്നാൽ സ്ത്രീകളുടെ കാര്യത്തിൽ പട്ടിക വർഗ്ഗ വിഭാഗമാണ് കൂടുതലായുള്ളത് (പട്ടിക 4, പട്ടിക 5).

2017–18നും 2020–21നുമിടയിലെ സ്ഥിരവരുമാനക്കാരായ തൊഴിലാളികളുടെ ജോലിക്കുള്ള കരാർ, ശമ്പളത്തോട് കൂടിയ അവധികൾ, സാമൂഹ്യ സുരക്ഷാ ആനുകൂല്യങ്ങൾ തുടങ്ങിയവ സംബന്ധിച്ച വിവരങ്ങൾ പട്ടിക അഞ്ചിൽ നൽകിയിരിക്കുന്നു. 2020–21ൽ ഗ്രാമീണ മേഖലയിൽ 66.3 ശതമാനം പേർക്കും രേഖാമൂലമുള്ള തൊഴിൽ കരാറില്ല. നഗര മേഖലയിൽ 63 ശതമാനം പേർക്കുമില്ല. 2017–18നും 2020–21നു മിടയിൽ ഇക്കാര്യത്തിൽ നേരിയ കുറവ് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സ്ത്രീകൾ, പുരുഷന്മാർ എന്ന നിലയിൽ ഇക്കാര്യത്തിൽ കാര്യമായ വ്യത്യാസമില്ലെന്ന് കാണാം.

### 4. തൊഴിലാളികളുടെ കൂലിയിൽ നിന്നുള്ള വരുമാനം

സ്ഥിര ജോലിക്കാരുടെ ശരാശരി വേതനം സംബന്ധിച്ച വിവരങ്ങൾ ആറാമത്തെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പുരുഷന്മാർക്ക് സ്ത്രീകളെക്കാൾ ഉയർന്ന വരുമാനം ലഭിക്കുന്നുവെന്ന് ഇത് വ്യക്തമാക്കുന്നു. വരുമാനത്തിന്റെ കാര്യത്തിൽ പ്രാദേശികമായ ഏറ്റക്കുറച്ചിലും കാണാം. ലിംഗപരമായ ഈ വ്യത്യാസം ഗ്രാമീണ, നഗര മേഖലകളിൽ ഒരു പോലെയാണ്. 2021 ഏപ്രിൽ മുതൽ ജൂൺ വരെയുള്ള കാലയളവിൽ ദേശീയതലത്തിൽ പുരുഷന്മാർക്ക് 18,653 രൂപ വരുമാനമുണ്ടായപ്പോൾ സ്ത്രീകളുടെ വേതനം 13,927 രൂപയാണ്. ഗ്രാമീണ മേഖലയിൽ ഇത് യഥാക്രമം 15,449 രൂപയും 10,672 രൂപയുമാണ്. നഗര മേഖലയിലാകട്ടെ യഥാക്രമം 21,139 രൂപയും 16,599 രൂപയും (പട്ടിക 6). 2020–21ലെ സാധാരണ കൂലിത്തൊഴിലാളികളുടെ ശരാശരി വേതനമാണ് പട്ടിക ഏഴിൽ ചേർത്തിരിക്കുന്നത്. സർവേയുടെ ഘട്ടത്തിൽ ഈ തൊഴിലാളികൾക്ക് ലഭ്യമായ വേതനത്തിൽ കാര്യമായ മാറ്റം പ്രകടമായിട്ടില്ല. 2021 ഏപ്രിൽ – ജൂൺ കാലയളവിൽ സ്ത്രീകൾക്ക് 233 രൂപ ദിവസ വേതനം ലഭിച്ചപ്പോൾ പുരുഷന്മാർക്ക് ലഭിച്ചത് 357 രൂപയാണ്. ഗ്രാമീണ മേഖലയിലാകട്ടെ സ്ത്രീകൾക്ക് 229 രൂപ ലഭിച്ചപ്പോൾ പുരുഷന്മാർക്ക് കിട്ടിയത് 348 രൂപയാണ്. നഗര മേഖലയിലും ഈ അന്തരം പ്രകടമാണ്. അതായത് ഗ്രാമീണ മേഖലയിൽ നഗരങ്ങളെയപേക്ഷിച്ച് സ്ത്രീകൾക്കും പുരുഷന്മാർക്കും താരതമ്യേന കുറവ് വേതനമാണ് ലഭിച്ചത്. വേതനത്തിന്റെ കാര്യത്തിൽ ലിംഗപരമായ അന്തരത്തിന് പുറമെ പ്രാദേശിക ഏറ്റക്കുറച്ചിലും നിലനിൽക്കുന്നു വെന്ന് സാരം (പട്ടിക 7, പട്ടിക 8). സർവേയുടെ എല്ലാ ഘട്ടങ്ങളിലും സ്വയം തൊഴിൽ കണ്ടെത്തിയ സ്ത്രീകളുടെയും പുരുഷൻമാരുടെയും കാര്യത്തിൽ വരുമാനം ഗ്രാമങ്ങളെക്കാൾ ഇരട്ടിയോളമാണ് നഗരങ്ങളിൽ. ഏറ്റവും ഒടുവിൽ ലഭ്യമായ (ഏപ്രിൽ–ജൂൺ 2021) കണക്കുകൾ അനുസരിച്ച് ഗ്രാമങ്ങളിൽ സ്ത്രീകൾക്ക് 4648 രൂപയും പുരുഷന്മാർക്ക് 10,104 രൂപയും ലഭിച്ചപ്പോൾ നഗരങ്ങളിൽ ഇത് യഥാക്രമം 7052 രൂപയും 15,699 രൂപയുമാണ്. ഇക്കാര്യത്തിലുള്ള ലിംഗപരമായ അന്തരം ഗ്രാമങ്ങളിലും നഗരങ്ങളിലും ഒരു പോലെ പ്രകടമാണ്.

**Table 4**: Social group wise labour force participation rate of PLFS (2017-18) and PLFS (2020-21) (usual status) (percentage)

| Social groups | Rural | | | Urban | | | Total | | |
|---|---|---|---|---|---|---|---|---|---|
| | Male | Female | Person | Male | Female | Person | Male | Female | Person |
| PLFS (2020-21) | | | | | | | | | |
| OBC | 55.7 | 27.1 | 41.7 | 58.2 | 18.5 | 38.8 | 56.4 | 24.6 | 40.9 |
| ST | 58.6 | 41.6 | 50.3 | 58.5 | 23.5 | 41.3 | 58.6 | 39.6 | 49.3 |
| SC | 56.7 | 27.2 | 42.4 | 59.3 | 21.6 | 40.6 | 57.3 | 26 | 42 |
| Others | 59.4 | 21.6 | 40.8 | 58.3 | 16.8 | 38 | 58.9 | 19.6 | 39.6 |
| All | 57.1 | 27.7 | 42.7 | 58.4 | 18.6 | 38.9 | 57.5 | 25.1 | 41.6 |
| PLFS (2017-18) | | | | | | | | | |
| OBC | 53.6 | 17.4 | 36 | 57.2 | 16.1 | 36.9 | 54.6 | 17.1 | 36.2 |
| ST | 56.6 | 27.6 | 42.5 | 53.6 | 18.4 | 36.6 | 56.3 | 26.6 | 41.8 |
| SC | 55.9 | 18 | 37.3 | 57.3 | 19.2 | 38.6 | 56.2 | 18.2 | 37.6 |
| Others | 55.6 | 15 | 35.9 | 57 | 14.2 | 36.1 | 56.2 | 14.7 | 35.9 |
| All | 54.9 | 18.2 | 37 | 57 | 15.9 | 36.8 | 55.5 | 17.5 | 36.9 |

*Source: Periodic Labour Force Survey, 2020-21, Government of India*

**Table 5:** Details of job contract, paid leaves and social security benefits of regular wage/ salaried employees in usual status (ps+ss) in non-agriculture sector (percentage)

| Category of regular wage/ salaried employees | No written job contract | | Not eligible for paid leave | | Not eligible for any social security benefit | |
|---|---|---|---|---|---|---|
| | PLFS (2020-21) | PLFS (2017-18) | PLFS (2020-21) | PLFS (2017-18) | PLFS (2020-21) | PLFS (2017-18) |
| | | | Rural | | | |
| Male | 68.7 | 71.7 | 55.5 | 58.1 | 59 | 51.9 |
| Female | 58.1 | 58.5 | 41.8 | 47.9 | 59.3 | 55.1 |
| Person | 66.3 | 69.2 | 52.3 | 56.2 | 59.1 | 52.5 |
| Urban | | | | | | |
| Male | 62.8 | 72.7 | 45 | 53.1 | 49 | 47 |
| Female | 63.6 | 71.4 | 44.9 | 51.8 | 53.5 | 50.1 |
| Person | 63 | 72.4 | 44.9 | 52.8 | 50.1 | 47.7 |
| Total | | | | | | |
| Male | 65.2 | 72.3 | 49.3 | 55.2 | 53.1 | 49 |
| Female | 61.5 | 66.8 | 43.7 | 50.4 | 55.8 | 51.8 |
| Person | 64.3 | 71.1 | 47.9 | 54.2 | 53.8 | 49.6 |

*Source: Periodic Labour Force Survey, 2020-21, Government of India*

**Table 6:** Average wage earnings of regular wage employees during the preceding calendar month in CWS during PLFS 2020-21 (Rs.)

| Survey period 2020-21 | Rural | | | Urban | | | Total | | |
|---|---|---|---|---|---|---|---|---|---|
| | Male | Female | Person | Male | Female | Person | Male | Female | Person |
| July-September 2020 | 14288 | 9409 | 13120 | 21068 | 16701 | 20030 | 18328 | 13737 | 17234 |
| October-December 2020 | 15962 | 10009 | 14707 | 21447 | 16568 | 20285 | 19103 | 14014 | 17950 |
| January-March 2021 | 16127 | 9588 | 14496 | 21095 | 16022 | 19870 | 19004 | 13248 | 17594 |
| April-June 2021 | 15449 | 10672 | 14266 | 21139 | 16599 | 20062 | 18653 | 13927 | 17509 |

*Source: Periodic Labour Force Survey, 2020-21, Government of India*

**Table 7**: Average earnings of casual labour during PLFS 2020-21 (All India) (Rs/ per day)

| Survey period 2020-21 | Rural | | | Urban | | | Total | | |
|---|---|---|---|---|---|---|---|---|---|
| | Male | Female | Person | Male | Female | Person | Male | Female | Person |
| July-September 2020 | 328 | 212 | 302 | 406 | 266 | 385 | 340 | 218 | 314 |
| October-December 2020 | 326 | 216 | 297 | 413 | 266 | 391 | 341 | 221 | 311 |
| January-March 2021 | 339 | 224 | 310 | 416 | 273 | 394 | 352 | 229 | 322 |
| April-June 2021 | 348 | 229 | 317 | 413 | 281 | 394 | 357 | 233 | 327 |

*Source: Periodic Labour Force Survey, 2020-21, Government of India*

**Table 8:** Average payment of self employed workers during the last 30 days in CWS category during PLFS 2020-21 (All India) (in Rs.)

| Survey period 2020-21 | Rural | | | Urban | | | Total | | |
|---|---|---|---|---|---|---|---|---|---|
| | Male | Female | Person | Male | Female | Person | Male | Female | Person |
| July-September 2020 | 9829 | 4622 | 9049 | 15903 | 7167 | 14662 | 11184 | 5162 | 10291 |
| October-December 2020 | 10517 | 4549 | 9555 | 16807 | 7081 | 15361 | 11924 | 5075 | 10840 |
| January-March 2021 | 10462 | 4425 | 9391 | 17046 | 6996 | 15420 | 11924 | 4967 | 10757 |
| April-June 2021 | 10104 | 4648 | 9232 | 15699 | 7052 | 14349 | 11345 | 5170 | 10363 |

*Source: Periodic Labour Force Survey, 2020-21, Government of India*

**5. ഉപസംഹാരം**

ഗ്രാമീണ മേഖലയിലെ പുരുഷന്മാരുടെ എൽ എഫ് പി ആർ വിവരങ്ങൾ വ്യക്തമാക്കുന്നത് 2017–18 മുതൽ 2020–21 വരെയുള്ള കാലയളവിൽ തൊഴിൽ പങ്കാളിത്തം 54.9 ശതമാനത്തിൽ നിന്ന് 57.1 ശതമാനമായി ഉയർന്നതായാണ്. നഗര മേഖലയിലെ പുരുഷന്മാരുടെ കാര്യത്തിലും ഇതേ പ്രവണതയാണ് കണ്ടത്. ഗ്രാമീണ മേഖലയിലെ സ്ത്രീകളുടെ പങ്കാളിത്തത്തിൽ വർധന ഉണ്ടായെങ്കിലും പുരുഷന്മാരുടെ പങ്കാളിത്തത്തിന്റെ ഏതാണ്ട് പകുതി മാത്രമാണ് ഇത്. എന്നാൽ നഗര മേഖലയിൽ സ്ത്രീകളുടെ എൽ എഫ് പി ആറിൽ മുന്നേറ്റം പ്രകടമായിരുന്നു. 2020–21ൽ സാധാരണ തൊഴിലാളികളുടെ കാര്യത്തിൽ ലിംഗപരമായ അന്തരം 39.8 ശതമാനമാണ്. ആഴ്ച തോറുമുള്ള കണക്കുകളിൽ ഗ്രാമീണ, നഗര മേഖലകളിൽ ഇതേ പ്രവണത തന്നെയാണ് പ്രകടമായത്. പുരുഷൻമാരുടെയും സ്ത്രീകളുടെയും കാര്യത്തിൽ നഗര പ്രദേശങ്ങളിലും ഗ്രാമങ്ങളിലും വലിയ തോതിലുള്ള മുന്നേറ്റം ഉണ്ടായിട്ടില്ല. എന്നാൽ 2020–21ൽ ലിംഗപരമായ വേർതിരിവ് വളരെ പ്രകടമായിരുന്നു. ഏറ്റവും കൂടുതൽ തൊഴിൽ ലഭ്യമായത് സ്വയംതൊഴിൽ മേഖലയിലാണ്. സാധാരണ കൂലിത്തൊഴിലാളികൾ രണ്ടാമതും സ്ഥിരം തൊഴിലാളികൾ മൂന്നാമതും വരുന്നു.

നഗര മേഖലയിൽ സ്ഥിരം തൊഴിലുകാരാണ് ഒന്നാമത് നിൽക്കുന്നത്. പ്രധാനപ്പെട്ട ഒരു കാര്യം ഗ്രാമീണ മേഖലയിൽ സ്വയംതൊഴിൽ ചെയ്യുന്ന സ്ത്രീകളുടെ എണ്ണം കൂടുതലാണ് എന്നതാണ്. എന്നാൽ നഗരങ്ങളിൽ സ്ഥിരം തൊഴിലുകാരാണ് സ്ത്രീകൾക്കിടയിൽ കൂടുതൽ. 2020–21 സാമ്പത്തിക വർഷത്തെ കണക്കുകൾ നോക്കുമ്പോൾ കാർഷിക മേഖലയാണ് ഏറ്റവും കൂടുതൽ പേർക്ക് തൊഴിൽ നൽകുന്നത്, 46.5 ശതമാനം. കെട്ടിട നിർമ്മാണ മേഖല രണ്ടാം സ്ഥാനത്തും വ്യാപാരം, ഹോട്ടൽ, റെസ്റ്റോറന്റ് മേഖലകൾ തുടർന്നും വരുന്നു. കാർഷിക മേഖലയിൽ സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തത്തിൽ മുന്നേറ്റമുണ്ടായിട്ടുണ്ട്. എന്നാൽ പുരുഷന്മാരുടെ കാര്യത്തിൽ ഇടിവാണ് പ്രകടമായത്. കെട്ടിട നിർമ്മാണ മേഖലയിലേക്കുള്ള മാറ്റമാണ് ഇതിനു പിന്നിൽ.

നഗര പ്രദേശങ്ങളിൽ കൂടുതൽ സ്ത്രീകൾ പലവക മേഖലകളിലാണ് ജോലി ചെയ്യുന്നത്. നിർമ്മാണ മേഖല രണ്ടാമതും തൊട്ടടുത്ത് വ്യാപാരം, ഹോട്ടൽ, റെസ്റ്ററന്റ് മേഖലയുമാണ്. തൊഴിൽ ചെയ്യുന്നവരുടെ സാമൂഹ്യഘടന വിശകലനം ചെയ്യുമ്പോൾ വ്യക്തമാകുന്നത് 2017–18 മുതൽ 2020–21 വരെയുള്ള ഘട്ടത്തിൽ എല്ലാ വിഭാഗങ്ങളുടെ കാര്യത്തിലും തൊഴിൽ പങ്കാളിത്തത്തിൽ മുന്നേറ്റമുണ്ടായിട്ടുണ്ട് എന്നാണ്. ഗ്രാമീണ, നഗര മേഖലകൾ ഇതേ പ്രവണതയാണ് പ്രകടമാക്കിയത്. സാമൂഹ്യ വിഭാഗങ്ങളുടെ കൂട്ടത്തിൽ 2020–21ൽ പട്ടിക വർഗ്ഗ വിഭാഗക്കാരാണ് കൂടുതലായി തൊഴിലെടുക്കുന്നതായി കണ്ടത്. 'മറ്റുവിഭാഗങ്ങൾ' എന്ന വിഭാഗത്തിലുള്ളവരാണ് ഏറ്റവും കൂടുതൽ പുരുഷന്മാർ തൊഴിലെടുക്കുന്നത്. എന്നാൽ ഗ്രാമീണ മേഖലയിൽ പട്ടിക വർഗ്ഗ വിഭാഗമാണ് മുന്നിൽ നിൽക്കുന്നത്. ഗ്രാമീണ, നഗര മേഖലകളിൽ ഭൂരിഭാഗം പേർക്കും രേഖാമൂലം നൽകുന്ന തൊഴിൽ കരാറുകളില്ല. അതുപോലെ വരുമാനത്തിന്റെ കാര്യത്തിൽ പ്രാദേശികവും ലിംഗപരവുമായ വേർതിരിവുകൾ കാണാൻ കഴിയും. കൂലിയുടെ കാര്യത്തിൽ സ്ത്രീ – പുരുഷ വേർതിരിവ് വളരെ ശക്തമാണ്, പ്രത്യേകിച്ച്, സ്വയംതൊഴിൽ മേഖലയിലും സാധാരണ കൂലിത്തൊഴിലാളികളുടെ കാര്യത്തിലും. ഗ്രാമീണ മേഖലയിൽ സ്ത്രീ –പുരുഷ തൊഴിലാളികൾക്ക് നഗര പ്രദേശങ്ങളിലെ അത്ര വേതനം ലഭിക്കുന്നില്ല. കാർഷികേതര മേഖലകളിൽ കൂടുതൽ തൊഴിലവസരങ്ങൾ ഉണ്ടാകേണ്ടതിന്റെ ആവശ്യകതയിലേക്ക് ഇത് വിരൽ ചൂണ്ടുന്നു. രാജ്യത്ത് നിലനിൽക്കുന്ന രൂക്ഷമായ തൊഴിലില്ലായ്മക്ക് അറുതി വരുത്തുന്നതിന് ഇത് ആവശ്യമാണ്. തൊഴിൽ വിപണിയിലേക്ക് കൂടുതൽ സ്ത്രീകളെ ആകർഷിക്കുന്നതിന്

അവർക്ക് സൗകര്യപ്രദമായ തൊഴിൽ സാഹചര്യങ്ങൾ ഉണ്ടാകേണ്ടതുണ്ട്. തൊഴിൽ മേഖലയിലെ അവരുടെ പങ്കാളിത്തം ഉയർത്തുന്നതിന് ഇത് അനിവാര്യമാണ്.

■

(ഗുലാത്തി ഇൻസ്റ്റിട്യൂട്ട് ഓഫ് ഫിനാൻസ് ആൻഡ് ടാക്സേഷനിലെ അസിസ്റ്റന്റ് പ്രഫസറാണ് ലേഖിക)

## References

1 Jose, A. V. (2022). Changing structure of employment in Indian states. Centre for Development Studies, working paper No. 478

2 Basole, A. (2022). Structural Transformation and Employment Generation in India: Past Performance and the Way Forward. The Indian Journal of Labour Economics. 65, 295-320 (2022). https://doi.org/10.1007/s41027-022-00380-y

3 National Commission for Enterprises in the Unorganised Sector (NCEUS). (2019). The challenge of Employment in India: An Informal economy perspective, National Commission for Enterprises in the Unorganised Sector, Vol. 1

4 Papola, T. S. (2012). Employment growth in the post reform period. ISID working paper No 2012/07.

5 Government of India (2020-21). Periodical Labour Force Survey, Ministry of Statistics and Programme Implementation, Government of India

6 Mehrotra, Santosh. (2019). Informal employment trends in the Indian Economy: Persistent informality, but growing positive development. ILO Working Paper no. 254.

7 Dasgupta, Indraneel and Kar, Saibal. (2018). The labour market in India since the 1990s productivity growth and low unemployment have not been matched by comparable rises in wages. IZA World of Labour, doi: 10.15185/izawol.425.

8 Mehrotra, Santosh and Parida, Jajati K. (2019). India's employment crisis: Rising education levels and falling non-agricultural job growth. CSE working paper 23.

9 Mukherjee, Dipa and Majumder, Rajarshi. (2023). Youth employment in India dimensions and challenges. Economic and Political Weekly, Vol LVIII No. 44.

10 Chand, Ramesh and Singh, Jaspal. (2022). Workforce changes and employment some findings from PLFS data series. NITI Aayog, Government of India

11 Hajong, Vipasha and Kakarlapudi, Kiran Kumar. (2023). Recent trends in female labour force participation in Kerala: A comparative analysis. Kerala Economy, Vol. 4, No. 2.

12 Chen, Martha Alter and Raveendran, G. (2014). Urban employment in India: Recent trends and patterns, WIEGO, Working Paper No. 9.

13 Basole, A. Structural Transformation and Employment Generation in India: Past Performance and the Way Forward. Ind. J. Labour Econ. 65, 295-320 (2022). https://doi.org/10.1007/s41027-022-00380-y

14 Jose P Secki (2022). India's labour reforms the informalisation of work and growth of semi-formal employment, Economic and Political Weekly, Vol. 57, Issue No. 46, 12, November.

*കേരള ഇക്കോണമി*
*പുസ്തകം 4 ലക്കം 4*
*ഒക്ടോബർ – ഡിസംബർ 2023*

GIFT GULATI INSTITUTE OF FINANCE AND TAXATION

# സുസ്ഥിര കേരളവും കാലാവസ്ഥ വ്യതിയാനം നേരിടുന്നതിനുള്ള നടപടികളും

അനിത വി

**പശ്ചാത്തലം**

2020ൽ ലോകരാജ്യങ്ങളിലെ പ്രത്യേകിച്ച്, ഏഷ്യ വൻകരയിലെ ശരാശരി ഉപരിതല താപനില 1880നു ശേഷമുള്ള ഏറ്റവും ഉയർന്ന രണ്ടാമത്തെ നിലയിലായിരുന്നു (എൻ ഒ എ എ, 2020). ഭൂഗോളത്തിന്റെ ദക്ഷിണ മേഖലയെ ഇതിനോടകം കാര്യമായി ബാധിച്ചു കഴിഞ്ഞ ഈ പ്രശ്നം 2070 ഓടെ 300 കോടി ആളുകളെ ബാധിക്കുമെന്നാണ് കണക്കാക്കപ്പെടുന്നത്. ഇത് വളരെ ഗുരുതരമായി ബാധിച്ചിട്ടുള്ള ഏഷ്യൻ രാജ്യങ്ങളിലൊന്ന് ഇന്ത്യയാണെന്നത് വ്യക്തമാണ് (യു എൻ ഡി പി–2020). മനുഷ്യന്റെ അശാസ്ത്രീയമായ ഇടപെടൽ സമുദ്ര ജലനിരപ്പ് പ്രകടമായി ഉയരുന്നതിനും സമുദ്രത്തിൽ ആസിഡിന്റെ സാന്നിധ്യം ഉയരുന്നതിനും മീഥേൻ, കാർബൺ ഡൈ ഓക്സൈഡ് തുടങ്ങിയ വാതകങ്ങളുടെ ആധിക്യം വർദ്ധിക്കുന്നതിനും കാരണമായിട്ടുണ്ട്. പാരീസ് ഉടമ്പടിയിൽ ഇന്ത്യ ഒപ്പു വച്ചതോടെ കാർബൺ ബഹിഷ്കരണം കുറയ്ക്കുന്നതിനും ഫോസിൽ ഇന്ധനങ്ങളുടെ ഉപയോഗം പടി പടിയായി കുറയ്ക്കുന്നതിനും ഇന്ത്യ പ്രതിജ്ഞാബദ്ധമാണ്. എന്നാൽ കാലാവസ്ഥ വ്യതിയാനത്തെ ചെറുക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നയങ്ങളും നടപടികളും അതിന് പര്യാപ്തമാണോ എന്ന് ചോദിച്ചാൽ പ്രതീക്ഷിച്ച തോതിലേക്ക് ഉയർന്നിട്ടില്ലെന്ന് കാണാം. 580 കിലോമീറ്റർ കടൽ തീരവും മികച്ച ജൈവവൈവിധ്യവുമുള്ള കേരളം കാലാവസ്ഥ രംഗത്തെ മാറ്റം അടുത്തകാലത്തായി കാര്യമായി നേരിടുന്നുണ്ടെന്ന് കാണാം. ഈ പശ്ചാത്തലത്തിൽ കാലാവസ്ഥ സംബന്ധിച്ച വിവിധ പദ്ധതികൾ, മുന്നോട്ടുള്ള പോക്ക് എന്നിവയെ കുറിച്ച് പരിശോധിക്കുന്നതിനാണ് ഈ ലേഖനം ലക്ഷ്യമിടുന്നത്.

കാലാവസ്ഥാ വ്യതിയാനത്തെ കുറിച്ചുള്ള ഇന്റർ ഗവൺമെന്റ് പാനലിന്റെ നിഗമനം അനുസരിച്ച് ആഗോള താപനില വ്യവസായവത്കരണത്തിന് മുൻപുണ്ടായിരുന്നതിനേക്കാൾ 1.1 ഡിഗ്രി സെൽഷ്യസ് ഉയർന്നതായാണ് കാണുന്നത്. 2035 ആകുമ്പോഴേക്ക് ഇത് നിർണ്ണായകമായ പരിധി ടിപ്പിംഗ് പോയിന്റ് 1.5 ഡിഗ്രി സെൽഷ്യസ് പിന്നിടുമെന്ന് കരുതുന്നു. സുസ്ഥിര വികസന ലക്ഷ്യം (എസ് ഡി ജി) 13 അനുസരിച്ച് കാലാവസ്ഥാ വ്യതിയാനം ചെറുക്കുന്നതിനുള്ള നടപടികൾ ദേശീയ നയങ്ങളും ആസൂത്രണവുമായി ചേർന്ന് പോകണമെന്ന് നിഷ്കർഷിക്കുന്നു. എന്നാൽ ഈ ലക്ഷ്യം നേടുന്നതിനുള്ള ശ്രമങ്ങൾ ശരിയായ പാതയിലല്ല എന്ന് കാണാം. അതുകൊണ്ട് അതിവേഗത്തിലുള്ളതും മാറ്റത്തിനുതകുന്നതുമായ നടപടികളുടെ ആവശ്യകതയിലേക്ക് ഇത് വിരൽ ചൂണ്ടുന്നു. സ്ത്രീകൾ, പാർശ്വവത്കരിക്കപ്പെട്ടവർ എന്നിവരുടെ കാര്യത്തിന് പ്രത്യേക ഊന്നൽ നൽകികൊണ്ടുള്ള സമഗ്രവും ലക്ഷ്യഭേദിയുമായ വേഗത്തിലുള്ള നടപടികൾ ഇവിടെ ആവശ്യമാകുന്നു (എസ് ഡി ജി റിപ്പോർട്ട്–2023).

***കഴിഞ്ഞ 30 വർഷത്തിനിടയിൽ ഊർജം, ജലം എന്നിവയുടെ ഉപഭോഗം, ടെലികോം ഉപയോഗം, നഗരവൽകരണം തുടങ്ങിയ കാര്യങ്ങളിൽ ഉണ്ടായ മാറ്റങ്ങൾ വ്യക്തമാക്കുന്നത് കേരളത്തിലും കാലാവസ്ഥാവ്യതിയാനം കൂടുതൽ ശക്തമാകുന്നുവെന്നാണ്.***

മറ്റേതു വിധത്തിലുള്ള പ്രതിസന്ധിയുമെന്ന പോലെ കാലാവസ്ഥാ വ്യതിയാനത്തിന്റെയും ആഘാതം ഏറ്റവും കൂടുതൽ ഏൽക്കേണ്ടി വരുന്നത് സ്ത്രീകൾക്കും കുട്ടികൾക്കും പാർശ്വവത്കരിക്കപ്പെട്ടവർക്കുമാണ്.

**കാലാവസ്ഥാ വ്യതിയാന നടപടികളുടെ താത്വിക വശം**

പല രീതിയിലുള്ള താത്വിക ആശയങ്ങളെ അടിസ്ഥാനമാക്കിയാണ് കാലാവസ്ഥാ വ്യതിയാന നടപടികളെ നാം സമീപിക്കേണ്ടത്. അവയിൽ ഓരോന്നും കാലാവസ്ഥാ വ്യതിയാനത്തിന്റെ അതിസങ്കീർണ്ണമായ വെല്ലുവിളികളിലേക്ക് വെളിച്ചം വീശുന്നതാണ്. ഇക്കോളജിക്കൽ മോഡേണൈസേഷൻ സിദ്ധാന്തത്തെ ആധാരമാക്കി സമൂഹങ്ങൾക്ക് സാങ്കേതികമായ മാറ്റങ്ങൾ വഴിയായും വ്യവസായങ്ങൾ, ഉപഭോഗ രീതികൾ എന്നിവയിലെ മാറ്റങ്ങൾ വഴിയായും പാരിസ്ഥിതിക സുസ്ഥിരത കൈവരിക്കാൻ കഴിയുന്നതാണ്.

സുസ്ഥിര പരിണാമ സിദ്ധാന്തം സുസ്ഥിരമല്ലാത്ത സംവിധാനത്തിൽ നിന്നും സുസ്ഥിരമായതിലേക്കുള്ള മാറ്റത്തിന്റെ ഗതിവേഗത്തിലും ഇതിൽ പങ്കാളികളാകുന്ന സ്ഥാപനങ്ങൾ, സാങ്കേതിക വിദ്യ എന്നിവയുടെ പങ്ക് പരിശോധിക്കുന്നതിലും നിർണ്ണായകമാണ് (ജിൽസ് എഫ്. ഡബ്ള്യു –2002). എന്നാൽ രാഷ്ട്രീയമായ സംവിധാനം പരിസ്ഥതിക പ്രശ്നങ്ങളുടെ സാമൂഹ്യവും രാഷ്ട്രീയവുമായി വശങ്ങൾ, അധികാരങ്ങളുടെ വിന്യാസം, മുതലാളിത്ത സമ്പദ്വ്യവസ്ഥ, സാമൂഹ്യമായ അടിത്തറ എന്നീ കാര്യങ്ങൾ പരിഗണിക്കുന്നു (പീറ്റ് ആർ & വാട്ട്സ് എം–2004). അധികാര ബന്ധങ്ങൾ അസമത്വം സൃഷ്ടിക്കുന്നതിന് കാരണമാകുന്നതായി ഇത് വ്യക്തമാക്കുന്നു . അതുകൊണ്ട് പരിസ്ഥിതി നീതി എന്ന തത്വം വിഭവങ്ങൾ സമമമായും ശരിയായ വിധത്തിലും ലഭ്യമാക്കുന്നതിനെ കുറിച്ചും പാരിസ്ഥിതിക പ്രശ്നങ്ങളിൽ നിന്നുള്ള സംരക്ഷണത്തെ കുറിച്ചും പറയുന്നു (ബുള്ളർഡ് പി.ഡി–2000). ഇത്തരം സമ്മർദ്ദങ്ങൾ താങ്ങുന്നതിനുള്ള ശേഷിയും മറ്റും കൂടുതൽ പഠനത്തിന്റെയും അതിനോട് ഇണങ്ങി ജീവിക്കുന്നതിനുള്ള സമീപനത്തിലേക്ക് മാറുന്നതിനുമുള്ള സാമൂഹ്യ, പാരിസ്ഥിതിക സംവിധാനങ്ങളുടെ ശേഷിയിലേക്കും വിരൽ ചൂണ്ടുന്നു (ഫോക് സി–006).

വിഭവങ്ങൾ വിതരണം ചെയ്യുന്നതിൽ നിലനിൽക്കുന്ന അസമത്വമെന്ന പോലെ പാരിസ്ഥിതിക പ്രശ്നങ്ങളെ നേരിടുന്നതിനുള്ള ചെലവുകളുടെ കാര്യത്തിലും അസന്തുലിതാവസ്ഥ കാണാം. അതായത് കാലാവസ്ഥാ വ്യതിയാനത്തിന്റെ കാഠിന്യം കൂടുതൽ ബാധിക്കുക നിലവിൽ പാർശ്വവത്കരിക്കപ്പെട്ടവരും പിന്നോക്കം നിൽക്കുന്നവരുമാണ്.

***കേരളത്തിൽ കാലാവസ്ഥാ വ്യതിയാനം സംഭവിക്കുന്നു എന്ന് വ്യക്തമായിരിക്കെ ഇക്കാര്യത്തിൽ ഉണ്ടായേക്കാവുന്ന പ്രതിസന്ധി ഒഴിവാക്കുന്നതിന് കൂടുതൽ പണം ചെലവഴിക്കുക എന്നത് അനിവാര്യമാണ് .***

***കാലാവസ്ഥാ വ്യതിയാനം സ്ത്രീകളെയും പാർശ്വവത്കരിക്കപ്പെട്ട ജനവിഭാഗങ്ങളെയും രൂക്ഷമായി ബാധിക്കുന്നുവെന്നതിനാൽ അവരുടെ ആവശ്യങ്ങൾക്ക് മുന്തിയ പരിഗണന നൽകേണ്ടതാണ്.***

ഇത് ഭയാനകമായ ഒരു സ്ഥിതിയാണ്. പാവപ്പെട്ടവർ കാലാവസ്ഥാ വ്യതിയാനത്തിന്റെ പ്രത്യാഘാതങ്ങൾക്ക് കൂടുതൽ ഇരയാകുന്നു. ഇത്തരത്തിലുള്ള താത്വികമായ അവലോകനങ്ങൾ കാലാവസ്ഥാ വ്യതിയാനം ചെറുക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളെ കുറിച്ച് അതിന്റെ സമഗ്രതയിൽ മനസിലാക്കുന്നതിന് സഹായകമാണ്. അതിന്റെ വെല്ലുവിളികൾ നേരിടുന്നതിനുള്ള നയങ്ങൾ, തന്ത്രങ്ങൾ എന്നിവ രൂപീകരിക്കുന്നതിന് ഇത് സഹായകമാണ്.

## കേരളത്തിന്റെ ചിത്രം

സാമൂഹ്യവും സാമ്പത്തികവും ആരോഗ്യപരവുമായ നിലവാരത്തിന്റെ കാര്യത്തിൽ കേരളം ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളിൽ നിന്നും വ്യത്യസ്തമായ നിലവാരം കാത്തു സൂക്ഷിക്കുന്നു. അത് പലപ്പോഴും അന്താരാഷ്ട്ര നിലവാരത്തിനൊപ്പമാണ്. എന്നാൽ ഊർജം, ജലം, ടെലികോം രംഗത്തെ ഉപഭോക്താക്കളുടെ എണ്ണം തുടങ്ങിയ കാര്യങ്ങളിലെ കഴിഞ്ഞ 30 വർഷത്തെ മാറ്റം കണക്കിലെടുക്കുമ്പോൾ കേരളം കാലാവസ്ഥാ രംഗത്തെ മാറ്റത്തിന് വശംവദയാകുന്നു എന്നത് വ്യക്തമാണ്. താപനിലയിൽ ഉണ്ടായ ഉയർച്ച, സമീപകാലത്തായി ഉണ്ടായ പ്രകൃതി ദുരന്തങ്ങൾ, മഴലഭ്യതയിൽ വന്ന മാറ്റങ്ങൾ തുടങ്ങിയ ഘടകങ്ങൾ പരിശോധിക്കുമ്പോൾ കാലാവസ്ഥയിലെ മാറ്റത്തിന് കേരളവും വിധേയമാകുന്നു എന്ന് കാണാം.

## കാലാവസ്ഥാ രംഗത്തെ നടപടികളും കേരളത്തിന്റെ മുന്നോട്ടുള്ള പോക്കും

കടുത്ത സാമ്പത്തിക പ്രതിസന്ധിയിലൂടെ കടന്നു പോകുന്ന കേരളത്തിന് ഇത്തരത്തിൽ പുതുതായി ഉയർന്നു വരുന്ന പ്രശ്നങ്ങൾക്ക് തുക വകയിരുത്തുന്നതിന് പ്രയാസങ്ങളുണ്ട്. എന്നിരുന്നാലും കാലാവസ്ഥാ വ്യതിയാനം ഉണ്ടാക്കുന്ന പ്രശ്നങ്ങൾ സംസ്ഥാനത്തിന്റെ നയസമീപനങ്ങളിലും ബജറ്റിലും പ്രതിഫലിക്കേണ്ടത് ആവശ്യമാണ്. പാരീസ് ഉടമ്പടിയുടെ ഒമ്പതാം വകുപ്പിലും 7.5 വകുപ്പിലും ഇതിനായുള്ള നടപടികൾ വേണമെന്ന് വ്യക്തമായി പറയുന്നു. ഇത്തരം സാഹചര്യങ്ങൾ കൂടുതലായി ബാധിക്കുന്ന വിഭാഗങ്ങളുടെ കാര്യത്തിൽ ആവശ്യമായ നടപടികൾ ഉണ്ടാകണമെന്നും അത് പറയുന്നു. 2022 ഡിസംബറിൽ പ്രഖ്യാപിച്ച കാലാവസ്ഥാ വ്യതിയാനത്തിനായുള്ള സംസ്ഥാന ആക്ഷൻ പദ്ധതി 2023–30 (എസ് എ പി സി സി 2.0) ഇതിനെ കുറിച്ച് പ്രതിപാദിച്ചിട്ടുണ്ട്. പുനരുപയോഗ ഊർജ സ്രോതസുകൾ പ്രയോജനപ്പെടുത്തുന്ന കാര്യത്തിൽ കേരളത്തിന് കാര്യമായി മുന്നേറാൻ കഴിഞ്ഞിട്ടുണ്ട്. ജൈവവൈവിധ്യത്തെ ഊർജിതമാക്കുക, വനവത്കരണം, വൃക്ഷങ്ങൾ കൂടുതൽ വളർത്തുക, സുസ്ഥിര വനം മാനേജ്മന്റ് തുടങ്ങിയ കാര്യങ്ങൾ ഗ്രീൻ ഇന്ത്യ മിഷന്റെ പ്രധാനപ്പെട്ട ലക്ഷ്യങ്ങളാണ്. കാർബൺ ഡൈ ഓക്സൈഡിന്റെ അളവ് കുറയ്ക്കുക, കാലാവസ്ഥാ വ്യതിയാനത്തിന്റെ കാഠിന്യം കുറയ്ക്കുക തുടങ്ങിയ കാര്യങ്ങളാണ് വനവല്കരണ പദ്ധതികൾ ലക്ഷ്യം വയ്ക്കുന്നത്.

ഇത്തരം കാര്യങ്ങൾ ബജറ്റിന്റെ ഭാഗമാക്കുന്നതിന് പല രീതികളുണ്ട്. വിവിധ സ്ഥാപനങ്ങളുടെ പ്രവർത്തനത്തിലെ ഏകോപനം, ആഘാതത്തെ കുറിച്ചുള്ള പഠനം, പൊതുചെലവഴിക്കൽ, ഓരോന്നിന്റെയും കൃത്യമായ അവലോകനം, പ്രബന്ധങ്ങൾ, സർക്കുലർ, ബജറ്റ് ടാഗിംഗ്,

***കാലാവസ്ഥാ പദ്ധതികൾക്ക് പണം കണ്ടെത്തുന്നതിന് പൊതു, സ്വകാര്യ പങ്കാളിത്തം ഉറപ്പാക്കേണ്ടതുണ്ട്. അതിന് അന്താരാഷ്ട്ര സഹകരണവും ആവശ്യമാണ്. ഹരിത ബോണ്ടുകൾ, കാർബൺ പ്രൈസിംഗ്, ക്ലൈമറ്റ് ഫണ്ടുകൾ, കോർപറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി, ഐ പി സി സി, യു എൻ എഫ് സി സി തുടങ്ങിയ മറ്റു ധനകാര്യ രീതികൾ തുടങ്ങിയ കാര്യങ്ങളാണ് കാലാവസ്ഥ ഫൈനാൻസിംഗിനായി പൊതുവെ അവലംബിക്കാറുള്ളത്.***

നവീനമായ ഫണ്ടിങ്, സിറ്റിസൺ ബജറ്റ്, സുതാര്യത തുടങ്ങിയ കാര്യങ്ങൾ ഇവിടെ പ്രധാനമാണ് (സി എ ബി ആർ ഐ–2022).

**തന്ത്രപരമായ ആസൂത്രണം**

കാലാവസ്ഥാ ആക്ഷൻ പദ്ധതികളുടെ ഭാഗമായി പല നയങ്ങളും പദ്ധതികളും കേരളം ഉൾപ്പെടുത്തിയിട്ടുണ്ട് ഫ്രഞ്ച് ഡെവലപ്മെന്റ് ഏജൻസി (എ എഫ് ഡി) എന്ന സ്ഥാപനവുമായി 100 ദശലക്ഷം യൂറോയുടെ ഒരു പദ്ധതി 2022ൽ കേരള റീബിൽഡ് ഇനിഷ്യേറ്റീവ് ഒപ്പു വച്ചിട്ടുണ്ട് 2050 ആകുമ്പോഴേക്ക് കേരളം കാർബൺ ന്യൂട്രലാകുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട് ജലശുദ്ധീകരണം, ശുചീകരണയത്നം, സൗരോർജ ഉപയോഗം മുതലായ കാര്യങ്ങളാണ് റിസൈലന്റ്ക്ലൈമറ്റ ചേഞ്ച് പദ്ധതിയുടെ ഭാഗമായി വരുന്നത്. എസ് ഡി ജി, ഐ പി സി സി എന്നിങ്ങനെയുള്ള ദേശീയ, അന്തർദേശീയ അജണ്ടകളുടെ ചുവടൊപ്പിച്ചാണ് ഇത്. എന്നാൽ ഓരോന്നിനും പ്രത്യേകമായുള്ള ആസൂത്രണം എന്നതാണ് ഇതിന്റെ പ്രധാന പ്രശ്നം.

കാലാവസ്ഥാ വ്യതിയാനത്തിന്റെ ആഘാതം രൂക്ഷമാവുകയും സ്ത്രീകളെയും പാർശ്വവത്കരിക്കപ്പെടുന്നവരെയും അത് കൂടുതലായി ബാധിക്കുന്നു എന്നതിനാലും ആക്ഷൻ പദ്ധതിയെ കാലാവസ്ഥാ ഫണ്ടിങ്ങുമായി കൂടി കോർത്തിണക്കേണ്ടതുണ്ട് കാർഷിക മേഖല, ഭൂവിനിയോഗം, ആരോഗ്യവും ഭക്ഷ്യസുരക്ഷയും, ഊർജം, ജലം, പൊതുശുചീകരണം തുടങ്ങിയ മേഖലകളെ ഇതിന്റെ ഭാഗമായി കൊണ്ട് വരേണ്ടതുണ്ട് പ്രാദേശികമായ ജീവിത ശൈലികളും ഇക്കാര്യത്തിൽ പ്രയോജനപ്പെടുത്തുവാൻ കഴിയും. ഉദാഹരണത്തിന്, ഭക്ഷ്യ സുരക്ഷയുടെ കാര്യത്തിൽ പോഷകസമൃദ്ധവും താരതമ്യേന ദോഷഫലങ്ങൾ കുറഞ്ഞതുമായ പ്രാദേശിക വിഭവങ്ങൾ പ്രയോജനപ്പെടുത്തുവാൻ കഴിയും (സുനിത നാരായൺ–2023).

**ബജറ്റിലെ തന്ത്രങ്ങൾ**

ഇതുമായി ബന്ധപ്പെട്ട നയങ്ങൾ, പരിപാടികൾ എന്നിവ നടപ്പാക്കുന്നതിന് വിവിധ മേഖലകൾക്കായുള്ള ബജറ്റ് ഇടപെടൽ ശക്തമാക്കേണ്ടതുണ്ട്. പാരിസ്ഥിതികമായ ആശയങ്ങൾ പ്രധാനപ്പെട്ട എല്ലാ പദ്ധതികളുടെയും ഭാഗമാക്കി മാറ്റാൻ കഴിയേണ്ടതുണ്ട്. ജെന്റർ ബജറ്റിംഗിന്റെ കാര്യത്തിലും ഇത് ഉൾപ്പെടുത്താൻ കഴിയണം. ഇതിനായി പ്രത്യേക വിലയിരുത്തലും ഫണ്ടിന്റെ വകയിരുത്തലും ആവശ്യമാണ്.

**സുതാര്യതയും ഉത്തരവാദിത്വവും**

ആസൂത്രിതമായ ലക്ഷ്യങ്ങൾ പൂർത്തീകരിക്കുന്നതിലെ പുരോഗതിയും ഒപ്പം പണം ചെലവഴിക്കുന്ന കാര്യത്തിലെ കൃത്യത തുടങ്ങിയ കാര്യങ്ങൾ ഉത്തരവാദിത്വം ഉയർത്തുന്നു (എ എ ബി ആർ ഐ–2022). ഇക്കാര്യം സുതാര്യതയും ഉറപ്പാക്കുന്നത് വഴിയായി ഫണ്ട് ചെലവഴിക്കുന്നതിന്റെ വഴി കൃത്യമായി മനസിലാക്കുന്നതിനും അത് യഥാർത്ഥത്തിൽ അർഹരായവരുടെ കരങ്ങളിലേക്ക് എത്തുന്നുണ്ടോ എന്നതും ഉറപ്പിക്കാനാകുന്നു.

**നൂതനമായ ഫണ്ടിങ്**

സുസ്ഥിരമായ കാലാവസ്ഥാ പ്രതിരോധത്തിന്റെ കാര്യത്തിൽ സാമ്പത്തികം വളരെ പ്രധാനപ്പെട്ട ഒരു ഘടകമാണ്. ഫണ്ടിന്റെ അഭാവവും വിവിധ പരിപാടികൾ ഒഴിവാക്കപ്പെടുന്നതും കാലാവസ്ഥാ വ്യതിയാനം മൂലമുള്ള നാശനഷ്ടങ്ങൾ പെരുകുന്നതിന് ഇടയാക്കുന്നു. ഇത്തരത്തിൽ ഉണ്ടാകുന്ന നാശനഷ്ടങ്ങൾ പലപ്പോഴും പരിഹരിക്കാൻ കഴിയാത്തതും തിരിച്ച് പഴയതു പോലെ ആക്കാൻ കഴിയാത്തവയുമാണ്. കാലാവസ്ഥാ ആക്ഷൻ പദ്ധതികളുടെ ഫണ്ടിങ്ങിൽ സ്വകാര്യ മേഖലക്കും പൊതുമേഖലക്കും തനതായ പങ്ക് വഹിക്കാനുണ്ട്. ഇക്കാര്യത്തിൽ നൂതനമായ സംവിധാനവും രാജ്യാന്തര സഹകരണവും ആവശ്യമാണ്. ഹരിത ബോണ്ടുകൾ, കാർബൺ പ്രൈസിംഗ്, ക്ലൈമറ്റ് ഫണ്ടുകൾ, കോർപറേറ്റ് സോഷ്യൽ റെസ്പോൺസിബിലിട്ടി പദ്ധതികൾ, തുടങ്ങിയ നൂതനമായ ഫണ്ടിങ് രീതികളാണ് ഇത്തരം ആവശ്യങ്ങൾക്കായി സ്വീകരിക്കുന്നത് (ഐ പി സി സി, യു എൻ എഫ് സി സി).

പരിസ്ഥിതി സംരക്ഷണത്തിൽ പൊതു, സ്വകാര്യ മേഖലകളുടെ സഹകരണത്തിന്റെ ഏറ്റവും മികച്ച ഉദാഹരണങ്ങളിലൊന്ന് കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി (സി എസ് ആർ) ആണ്. എന്നാൽ പരിസ്ഥിതി, വനം, ജൈവവവിധ്യ സംരക്ഷണം തുടങ്ങിയ ഇനങ്ങളിൽ ദേശീയതലത്തിലും സംസ്ഥാന തലങ്ങളിമുള്ള ഫണ്ട് നീക്കിവയ്ക്കൽ തുലോം പരിമിതമാണ്. ഇന്ത്യയിൽ ഏറ്റവും കൂടുതൽ സി എസ് ആർ ഫണ്ട് ലഭിക്കുന്ന 10 സംസ്ഥാനങ്ങളുടെ കൂട്ടത്തിൽ കേരളം ഉൾപ്പെടുന്നില്ല. മഹാരാഷ്ട്ര, കർണ്ണാടക, തമിഴ്നാട് തുടങ്ങിയ സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ കമ്പനികൾ കുറവായതാകാം ഇതിന് കാരണം. സംസ്ഥാനത്ത് പരിസ്ഥിതി സംരക്ഷണം, വന്യജീവിസംരക്ഷണം, ജൈവവൈവിധ്യ സംരക്ഷണം തുടങ്ങിയ രംഗങ്ങളിൽ സി എസ് ആർ ഫണ്ട് വിനിയോഗം ഉയർത്തേണ്ടത് ആവശ്യമാണ്.

സ്വമേധയായുള്ള സംഭാവനകൾ തുടങ്ങിയ വഴികളിലൂടെ കേരളത്തിന് ഇക്കാര്യത്തിൽ പണം സ്വരൂപിക്കാൻ ശ്രമിക്കാവുന്നതാണ്. പശ്ചിമ ഘട്ടം, ശബരിമല പൂങ്കാവനം തുടങ്ങിയ കാര്യങ്ങൾക്ക് ഇത്തരത്തിൽ സംഭാവനകൾ വഴി പണം സമാഹരിക്കാൻ കഴിയുന്നതാണ്.

**പൊതുഅവബോധം സൃഷ്ടിക്കൽ, സാങ്കേതിക വിദ്യ**

ഇക്കാര്യത്തെ സംബന്ധിച്ച് പൊതുജനങ്ങൾക്കിടയിൽ അവബോധം സൃഷ്ടിക്കുക, സാങ്കേതികമായ മുന്നേറ്റം കൈവരിക്കുക എന്നിവ കാലാവസ്ഥാ വ്യതിയാനത്തെ കുറിച്ചും അതിന്റെ പ്രത്യാഘാതങ്ങളെ കുറിച്ചും അവബോധം സൃഷ്ടിക്കുന്നത് അവശ്യം വേണ്ടുന്ന കാര്യമാണ്. പരിസ്ഥിതി സൗഹൃദ അടിസ്ഥാന സൗകര്യങ്ങളെ പറ്റി ജനങ്ങൾക്കിടയിൽ പ്രചാരണം നടത്തുക എന്നതും വളരെ പ്രധാനമാണ്. സുസ്ഥിര വികസന രീതികൾ, ശുദ്ധമായ ഊർജം തുടങ്ങിയ കാര്യങ്ങളിൽ ലോകത്തിന് തന്നെ മാതൃകയായി മാറുന്നതിനുള്ള കഴിവ് സംസ്ഥാനത്തിനുണ്ട്.

**ഉപസംഹാരം**

ആഗോളതാപനം ഉൾപ്പടെയുള്ള പ്രതിസന്ധികൾ ചുറ്റിവരിയുമ്പോഴും കേരളത്തിന് മുന്നിൽ വെല്ലുവിളികൾക്കൊപ്പം സാധ്യതകളും ധാരാളമുണ്ട്. കാലാവസ്ഥാ വ്യതിയാനത്തെ പ്രതിരോധിക്കുന്നതിന് കേരളം കൈകൊണ്ടിരിക്കുന്ന നടപടികൾ, നേരിടുന്ന വെല്ലുവിളികൾ തുടങ്ങിയ കാര്യങ്ങളെകുറിച്ചുള്ള ഒരു അവലോകനമാണ് ഈ ലേഖനം നടത്തുന്നത്. കാലാവസ്ഥാവ്യതിയാനം പോലുള്ള പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് പൊതു സ്വകാര്യ മേഖലയുടെയും സമൂഹത്തിന്റെ മൊത്തത്തിലുള്ളതുമായ സഹകരണം ആവശ്യമാണ്. ഈ പ്രശ്നത്തിന്റെ ഫലങ്ങൾ ഏറ്റുവാങ്ങേണ്ടി വരുന്ന പാവപ്പെട്ടവരെ സംരക്ഷിക്കുന്നതിന് സാമൂഹ്യമായ പങ്ക്

നിരവഹിക്കുക എന്നത് മുഖ്യമാണ്. ഗ്രാമീണ മേഖലയിൽ വളർച്ചക്കും തൊഴിലിനുമുള്ള സാദ്ധ്യതകൾ വികസിപ്പിക്കേണ്ടതുണ്ട്. കാർബൺ മലിനീകരണം കുറയ്ക്കുക എന്നതിന്റെ അടിസ്ഥാനത്തിൽ കൂടി വേണം ഇത് പ്രായോഗികമാക്കാൻ. കേരളത്തിന്റെ കാര്യമെടുക്കുമ്പോൾ പരിസ്ഥിതിയുടെ സംരക്ഷണം ഉറപ്പാക്കുന്നതിനും ഒപ്പം ഇപ്പോഴത്തേതും ഭാവി തലമുറയുടെയും ക്ഷേമം ഉറപ്പാക്കുന്നതിനും കാലാവസ്ഥായുമായി ബന്ധപ്പെട്ട നടപടികൾ കൂടുതൽ ഗതിവേഗം കൈവരിക്കേണ്ടതുണ്ട്

■

(കേരള സർവകലാശാലയിലെ സാമ്പത്തിക ശാസ്ത്ര വിഭാഗം പ്രഫസറാണ് ലേഖിക)

## References

1. CABRI(2022). Policy Brief, 2022, *Gender and climate-change budgeting and finance*: Lessons from the IBFCCA Programme.
2. Bullard, R. D. (2000). *Dumping in Dixie:* Race, class, and environmental quality.
3. Folke, C. (2006). Resilience: *The emergence of a perspective for social-ecological systems analyses.*
4. Geels, F. W. (2002). *Technological transitions as evolutionary reconfiguration processes:* A multi-level perspective and a case-study.
5. Mol, A. P. J. (2001). *Globalization and Environmental Reform.* The ecological modernization of the global economy. The MIT Press.
6. NOAA National Centers for Environmental Information, Monthly Global Climate Report for Annual 2020, published online January 2021, retrieved on December 15, 2023 from https://www.ncei.noaa.gov/access/monitoring/monthly-report/global/202013.
7. Peet, R., & Watts, M. (2004). *Liberation ecologies*: Environment, development, social movements.
8. Sunita Narain Edt. (2023). *Remodel food system,* Down to Earth, https://cdn.downtoearth.org.in/library/0.64983500_1701410199_12---dte-758-december-1-15,-2023.pdf
9. UNDP(2022). *Human Climate Horizons.*
10. United Nations (2023). *The Sustainable Development Goals Report, Special Edition.*
11. Xu, C., Kohler, T. A., Lenton, T. M., Svenning, J., & Scheffer, M. (2020). *Future of the human climate niche.* Proceedings of the National Academy of Sciences, 117(21), 11350-11355. https://doi.org/10.1073/pnas.1910114117
12. Wu, Xinyang, Jingyi Zhang, Yunfan Han, Nan Zhou, Xiu-Juan Qiao, and Chao Han. 2023. "Exploring Public Preference and Willingness to Pay for the Ecosystem Benefits of Urban Green Infrastructure: Evidence from a Discrete Choice Experiment of Pilot Sponge Cities in China" Water 15, no. 15: 2767. https://doi.org/10.3390/w15152767

GIFT GULATI INSTITUTE OF FINANCE AND TAXATION

# കേരളത്തിന്റെ സ്മാർട്ട് ടൂറിസം പദ്ധതിയിൽ നൂതന സാങ്കേതിക വിദ്യയുടെ പ്രയോഗം

ആർ ജെ റീജോ

വിനോദസഞ്ചാര മേഖലയുടെ ബിസിനസ് പ്രാധാന്യം തിരിച്ചറിഞ്ഞ ഇന്ത്യയിലെ ആദ്യത്തെ സംസ്ഥാനമാണ് കേരളം. ഇന്ന് ലോകത്തെ അറിയപ്പെടുന്ന ഒരു ടൂറിസം കേന്ദ്രമാണ് കേരളം. നേരിട്ടും പരോക്ഷമായും 15 ലക്ഷത്തോളം ആളുകൾ ഈ മേഖലയുമായി ബന്ധപ്പെട്ട് ജോലി ചെയ്യുന്നുണ്ടെന്നാണ് കണക്ക്. 2020, 2021 എന്നീ വർഷങ്ങളിൽ കോവിഡ് പ്രതിസന്ധി നടമാടിയപ്പോൾ ഏതാണ്ട് 20,000 കോടി രൂപയുടെ നഷ്ടം കേരളത്തിന്റെ ടൂറിസം മേഖലക്കുണ്ടായി എന്നാണ് കണക്കാക്കുന്നത്. 2019–ൽ വിദേശ രാജ്യങ്ങളിൽ നിന്നും 11.89 ലക്ഷം സഞ്ചാരികൾ കേരളത്തിലെത്തിയപ്പോൾ 2020–ൽ അത് 3.4 ലക്ഷം പേരായി ചുരുങ്ങി. 71.36 ശതമാനത്തിന്റെ ഇടിവ്. അനുയോജ്യമായ നയസമീപനങ്ങൾ വഴിയായും നൂതന സാങ്കേതിക വിദ്യയുടെ സഹായത്തോടെയും ഈ മേഖലയെ പുനരുദ്ധരിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യേണ്ടത് സംസ്ഥാനത്തിന്റെ ആവശ്യമാണ്.

മഹാമാരിക്ക് ശേഷമുള്ള ഘട്ടത്തിൽ ഒൻപതാമത്തെ സുസ്ഥിര വികസനം ലക്ഷ്യം (അടിസ്ഥാന സൗകര്യങ്ങൾ നിർമ്മിക്കു, എല്ലാവരെയും ഉൾക്കൊള്ളുന്നതും സുസ്ഥിരവുമായ വ്യവസായവത്കരണത്തെ പ്രോത്സാഹിപ്പിക്കുക, നവീന ആശയങ്ങൾ നടപ്പിലാക്കുക) കൈവരിക്കുക എന്ന ലക്ഷ്യം മുൻനിർത്തി വിനോദ സഞ്ചാര മേഖലയിൽ ആധുനിക സാങ്കേതിക വിദ്യയുടെ പ്രയോഗത്തെ കുറിച്ചാണ് ഈ ലേഖനം ചർച്ച ചെയ്യുന്നത്. നിർമ്മിത ബുദ്ധി (എ ഐ), ഓഗ്മെന്റഡ് റിയാലിറ്റി (എ ആർ) എന്നിവയുടെ സഹായത്തോടെ കമ്പ്യൂട്ടറുകൾ, മൊബൈൽ ഫോൺ തുടങ്ങിയവ വഴിയായി ലോകത്തെ മ്പാടുമുള്ള കാര്യങ്ങളെ തത്സമയം തന്നെ അനുഭവവേദ്യമാക്കാൻ കഴിയുന്നു. സംസ്ഥാനത്തെ ടൂറിസം പ്രവർത്തനങ്ങളെ അവലോകനം ചെയ്യുന്നതിന് പുറമെ, ഈ ലേഖനം സ്മാർട്ട് ടൂറിസം പദ്ധതി നടപ്പാക്കുന്നതിന് നിർമിത ബുദ്ധി എപ്രകാരം പ്രയോജനപ്പെടുത്താൻ കഴിയും എന്ന് ആരായുകയാണ്. ട്രാവൽ ബുക്കിങ്, ഗതാഗതം, ടൂറിസം കേന്ദ്രങ്ങളെ

***കോവിഡ് പ്രതിസന്ധി കേരളത്തിലെ വിനോദസഞ്ചാര മേഖലയിൽ അപ്രതീക്ഷിതമായ പ്രത്യാഘാതങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. 2020–21 സാമ്പത്തിക വർഷത്തിൽ മാത്രം ഈ മേഖലയിൽ 20,000 കോടി രൂപയുടെ നഷ്ടം സംഭവിച്ചു. വിദേശത്തു നിന്നുള്ള സഞ്ചാരികളുടെ വരവിൽ 71.36 ശതമാനം ഇടിവുണ്ടായി. 2019ൽ 11.89 ലക്ഷം വിദേശ സഞ്ചാരികൾ എത്തിയ സ്ഥാനത്ത് 2020ൽ 3.4 ലക്ഷം പേർ മാത്രമാണ് എത്തിയത്.***

***ടൂറിസം മേഖലയുടെ സാമൂഹ്യ, സാമ്പത്തിക നേട്ടങ്ങൾ പരമാവധി വർദ്ധിപ്പിക്കുന്നതിനൊപ്പം ദോഷകരമായ വശങ്ങൾ പരിമിതപ്പെത്തുകയും ചെയ്യുക എന്നത് ഈ മേഖലയിൽ സുസ്ഥിര വികസന ലക്ഷ്യങ്ങൾ നേടുന്ന കാര്യത്തിൽ നിർണ്ണായകമാണ്. ടൂറിസം രംഗത്ത് നിർമ്മിത ബുദ്ധിയുടെ പ്രയോഗത്തിന് അനന്ത സാധ്യതകളാണ് ഉള്ളത്.***

കുറിച്ച് അറിവ് പകരൽ തുടങ്ങിയ കാര്യങ്ങളെ നിർമിത ബുദ്ധിയുമായി എങ്ങനെ ബന്ധിപ്പിക്കാൻ കഴിയും എന്നും പരിശോധിക്കുന്നുണ്ട്.

നിർമ്മിത ബുദ്ധി, ആഗ്മെന്റഡ് റിയാലിറ്റി തുടങ്ങിയ നൂതനമായ സാങ്കേതിക വിദ്യ ടൂറിസം പ്രവർത്തനങ്ങളുടെ മുന്നേറ്റത്തിന് ആവശ്യമായ ഘടകങ്ങളാണ്. സുരക്ഷിതവും കൂടുതൽ പേർക്ക് ടൂറിസം പ്രവർത്തനങ്ങളിൽ പങ്കെടുക്കാൻ സൗകര്യമൊരുക്കുന്നു എന്നതുമാണ് അതിന്റെ പ്രത്യേകത. ഇതിനു പുറമെ, ലോകത്തെമ്പാടുമുള്ള വിനോദസഞ്ചാരികൾക്ക് നവ്യമായ ഒരു അനുഭവം അത് പ്രദാനം ചെയ്യുകയും ചെയ്യുന്നു. പ്രധാനപ്പെട്ട ചില വാക്കുകൾ: നിർമ്മിത ബുദ്ധി, ആഗ്മെന്റഡ് റിയാലിറ്റി, സ്മാർട്ട് ടൂറിസം, സുസ്ഥിര വികസന ലക്ഷ്യങ്ങൾ, സുസ്ഥിര വിനോദ സഞ്ചാരം.

**ആമുഖം**

ഇന്ത്യയിലാദ്യമായി വിനോദ സഞ്ചാര മേഖലയെ ഒരു വ്യവസായമായി കണ്ട സംസ്ഥാനം കേരളമാണ്. കേരളം, ലോക ടൂറിസം ഭൂപടത്തിൽ നിർണ്ണായകമായ ഒരു സ്ഥാനം അലങ്കരിക്കുന്നു. സംസ്ഥാനത്തെ പ്രാദേശിക സമൂഹങ്ങളെ പല രീതിയിൽ ടൂറിസം മേഖല സ്വാധീനിക്കുന്നതായി കാണാം. സംസ്ഥാനത്തിന്റെ ജി ഡി പിയുടെ വളർച്ചയിലും പ്രാദേശികമായി ജോലി സാധ്യത വർദ്ധിപ്പിക്കുന്നതിലും അത് നിർണ്ണായകമായ പങ്ക് വഹിക്കുന്നു. പ്രത്യക്ഷമായും പരോക്ഷമായും 15 ലക്ഷം പേർക്ക് തൊഴിൽ നൽകുന്ന ടൂറിസം മേഖല 2019–ൽ ജി ഡി പിയിൽ 8 ശതമാനം സംഭാവന നൽകി (സാമ്പത്തിക റിവ്യൂ–2022). 2021–ൽ ഈ മേഖല നേടിയത് 12,285.91 കോടി രൂപയുടെ വരുമാനമാണ്. എന്നാൽ 2020 ആയി താരതമ്യം ചെയ്യുമ്പോൾ 2021–ൽ ടൂറിസ്റ്റുകളുടെ വരവിൽ 82.25 ശതമാനം ഇടിവ് രേഖപ്പെടുത്തി. 2021ൽ പക്ഷെ ആഭ്യന്തര ടൂറിസ്റ്റുകളുടെ വരവിൽ 51.09 ശതമാനം വളർച്ച രേഖപ്പെടുത്തിയതായി 2023–ലെ സാമ്പത്തിക റിവ്യൂ വ്യക്തമാക്കുന്നു.

കോവിഡ് മഹാമാരി പൊട്ടിപ്പുറപ്പെട്ട സാഹചര്യത്തിൽ സംസ്ഥാനത്തെ വിനോദ സഞ്ചാര മേഖല വലിയ തിരിച്ചടിയാണ് നേരിട്ടത്. 2020–21 സാമ്പത്തിക വർഷത്തിൽ മാത്രം 20,000 കോടി രൂപയുടെ നഷ്ടമാണ് ഈ മേഖലയ്ക്ക് ഉണ്ടായത്. വിദേശത്തു നിന്നുള്ള ടൂറിസ്റ്റുകളുടെ വരവ് 71.36 ശതമാനം കണ്ട് കുറഞ്ഞു. 2019ൽ 11.89 ലക്ഷമായിരുന്ന അവരുടെ എണ്ണം 2020ൽ 3.4 ലക്ഷമായി ചുരുങ്ങി. 2020ൽ വരുമാനം 74.81 ശതമാനം ഇടിഞ്ഞ് 11,335.96 കോടി രൂപയിലെത്തി (സാമ്പത്തിക റിവ്യൂ

***സുസ്ഥിര ടൂറിസം വികസനം കൈവരിക്കുന്നതിന് ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗിക്കുന്ന കാര്യത്തിൽ സംസ്ഥാന സർക്കാരിന്റെ നയപരമായ മുൻകൈകൾ വളരെ നിർണ്ണായകമാണ്. സ്മാർട്ട് ടൂറിസത്തിന്റെ രംഗത്ത് നിർമ്മിത ബുദ്ധി, ആഗ്മെന്റഡ് റിയാലിറ്റി തുടങ്ങിയ നൂതന സാങ്കേതിക വിദ്യകളുടെ പ്രയോഗ സാദ്ധ്യത ഏറെയാണ്.***

***തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, സാംസ്കാരികമായ തനിമ സംരക്ഷിക്കുക, ഉയർന്ന നിലവാരത്തിലുള്ള സേവനങ്ങൾ ലഭ്യമാക്കുക, സ്വകാര്യ മേഖലയുടെ സഹകരണത്തോടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുക, കായൽ ടൂറിസം പ്രോത്സാഹിപ്പിക്കുക, ആയുർവേദത്തിൽ അധിഷ്ഠിതമായ മെഡിക്കൽ ടൂറിസം തുടങ്ങിയവ വളരെ പ്രധാനമാണ്.***

–2022). അടിസ്ഥാന സൗകര്യങ്ങളുടെ വികസനം, ശക്തമായ വിപണന പ്രവർത്തനം ഇത്യാദി നടപടികൾ വഴിയായി ഈ തിരിച്ചടി മറി കടക്കാനുള്ള ശ്രമത്തിലാണ് കേരള ടൂറിസം. എന്നാൽ മറ്റു സംസ്ഥാനങ്ങളും രാജ്യങ്ങളും ടൂറിസം രംഗത്ത് ശക്തമായ മത്സരം ഉയർത്തുന്ന സാഹചര്യത്തിൽ കേരളം മാർക്കറ്റിംഗ് പ്രവർത്തനങ്ങൾ കൂടുതൽ ശക്തമാക്കേണ്ടതുണ്ട്.

ഈ സാഹചര്യത്തിൽ, സുസ്ഥിര വികസന ലക്ഷ്യങ്ങളുടെ കൂട്ടത്തിലെ ഒൻപതാം ലക്ഷ്യം നേടുന്നതിന് നയസമീപനങ്ങളിൽ കാതലായ മാറ്റം ആവശ്യമാണ്. മികച്ച അടിസ്ഥാന സൗകര്യങ്ങളുടെ നിർമ്മാണം, എല്ലാവരെയും ഉൾക്കൊള്ളുന്ന സുസ്ഥിരമായ വ്യവസായ വൽക്കരണം, നവീന ആശയങ്ങളുടെ പ്രോത്സാഹനം എന്നിവ അടങ്ങുന്നതാണ് ഈ ലക്ഷ്യം. കേരള ടൂറിസത്തിന്റെ വിപണന സാദ്ധ്യതകൾ ശക്തമായി മുന്നോട്ട് കൊണ്ടു പോകുന്നതിനും ഇത് ആവശ്യമാണ്. സംസ്ഥാനത്തിന്റെ ടൂറിസം ഉത്പന്നങ്ങൾ, അനുഭവങ്ങൾ തുടങ്ങിയവയുടെ കാര്യത്തിൽ നവീന ആശയങ്ങൾ ഉൾക്കൊണ്ട് മുന്നോട്ട് പോവുക എന്നത് നിർണ്ണായകമായ ഒന്നാണ്. അതുപോലെ തന്നെയാണ് പരിശീലനം സിദ്ധിച്ച കഴിവുള്ള ജീവനക്കാരെ ലഭ്യമാക്കുക എന്നത്. ഈ മേഖലയുടെ സാമൂഹ്യവും സാമ്പത്തി കവുമായ നേട്ടങ്ങൾ പരമാവധി പ്രയോജനപ്പെടു ത്തുന്നതിനൊപ്പം ദോഷകരമായ ഫലങ്ങൾ പരിമിതപ്പെടുത്തുക എന്നതും ടൂറിസം രംഗത്തെ ശക്തിപ്പെടുത്തുന്നതിനും സുസ്ഥിര വികസന ലക്ഷ്യം നേടുന്നതിനും ആവശ്യമായഘട കങ്ങളാണ്. നിർമ്മിത ബുദ്ധി, ഓഗ്മെന്റഡ് റിയാലിറ്റി എന്നീ സങ്കേതങ്ങൾ ടൂറിസം രംഗവുമായി കൂട്ടിയിണക്കുന്നതിന്റെ സാദ്ധ്യത കൾ പരിശോധിക്കുകയാണ് ഈ ലേഖനം.

താഴെകാണുന്ന വിഷയങ്ങളെ ആഴത്തിൽ വിശകലനം ചെയ്യുകയാണ് ഈ ലേഖനം.

1. ടൂറിസം രംഗത്തെ സുസ്ഥിര വികസനം കൈവരിക്കുന്നതിന് സർക്കാർ നയങ്ങൾ എങ്ങനെയാകണം? ഏതു തരം സാങ്കേതിക വിദ്യകളാണ് അനുയോജ്യമാവുക?

2. സ്മാർട്ട് ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന് നിർമ്മിത ബുദ്ധി, ഓഗ്മെന്റഡ് റിയാലിറ്റി എന്നീ സാങ്കേതിക വിദ്യകൾ എങ്ങനെ പ്രയോജനപ്പെ ടുത്താം? ഈ ചോദ്യങ്ങൾ അക്കാദമിക് മേഖലക്കും ടൂറിസം ബിസിനസ് മേഖലയ്ക്കും ഒരു പോലെ ബാധകമാവുന്നവയാണ്. നിലവിലെ രീതിശാസ്ത്രത്തിന്റെ സങ്കേതങ്ങളെ

***കേരളത്തിന്റെ ഗ്രാമീണ ടൂറിസം പദ്ധതിയുടെ തുടക്കം എറണാകുളം ജില്ലയിലെ കുമ്പളങ്ങി എന്ന ഗ്രാമത്തിലാണ്. പിന്നീട് നിരവധി ഗ്രാമങ്ങൾ ഈ പദ്ധതിയുടെ ഭാഗമായി മാറിയിട്ടുണ്ട്.***

***2021ലെ വിനോദ സഞ്ചാര നയത്തിന്റെ ഭാഗമായി, കേരളം 'കാരവൻ കേരളം' എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. സഞ്ചാരികൾക്ക് സുരക്ഷിതവും പാരിസ്ഥിതിക സൗഹൃദവുമായ വൈയക്തികവുമായ യാത്രാ അനുഭവങ്ങൾ സമ്മാനിക്കുന്ന ഒരു പദ്ധതിയാണ് ഇത്.***

പ്രയോജനപ്പെടുത്തുക എന്നതാണ് പഠനത്തിനായി ഉപയോഗിക്കുന്നത്. ഇതിനെല്ലാം പുറമെ സംസ്ഥാനത്തെ വിനോദസഞ്ചാര മേഖല സ്വീകരിച്ചിരിക്കുന്ന സാങ്കേതിക വിദ്യകളുടെ ഒരു വിശകലനവും ഈ പഠനത്തിന്റെ ഭാഗമാണ്.

**സംസ്ഥാനത്തിന്റെ ടൂറിസം നയങ്ങളും സുസ്ഥിര വികസന ലക്ഷ്യവും (എസ് ഡി ജി)**

1986–ൽ തന്നെ ടൂറിസത്തെ ഒരു വ്യവസായമായി കേരളം അംഗീകരിക്കുകയുണ്ടായി. അതു കൊണ്ട് ഈ മേഖലയുടെ അനന്ത സാദ്ധ്യതകൾ വികസിപ്പിക്കുന്നതിനുതകുന്ന തരത്തിലുള്ള നയസമീപനങ്ങൾ നടപ്പാക്കു കയുണ്ടായി. താമസ സൗകര്യം, മറ്റു അടിസ്ഥാന സൗകര്യങ്ങൾ മുതലായ കാര്യങ്ങളാണ് ആദ്യഘട്ടത്തിൽ കേരളത്തിന്റെ വിനോദ സഞ്ചാര നയങ്ങളിൽ ഏറ്റവും നിർണ്ണായകമായി മാറിയത് (സംസ്ഥാന ആസൂത്രണ ബോർഡ്–2017).

1997 മുതൽ 2002 വരെ തുടർന്ന ഒമ്പതാം പഞ്ചവത്സര പദ്ധതിയുടെ ഘട്ടത്തിൽ ചരിത്രപരമായ പ്രാധാന്യമുള്ള പ്രദേശങ്ങളുടെ സംരക്ഷണം, പരിസ്ഥിതി സൗഹൃദമായ വിനോദ സഞ്ചാര സാധ്യതകളുടെ വികസനം തുടങ്ങിയ കാര്യങ്ങളിൽ ഊന്നിയുള്ളതായിരുന്നു കേരളത്തിന്റെ നയപരമായ സമീപനങ്ങൾ. 2007–08 മുതൽ 2011–12 വരെ തുടർന്ന പതിനൊന്നാം പഞ്ചവത്സര പദ്ധതിയുടെ കാലത്ത് ഫണ്ട് സമാഹരിക്കുന്നതിനായി സംസ്ഥാന ടൂറിസം വകുപ്പ് സുസ്ഥിര വികസന ലക്ഷ്യങ്ങളെ കാര്യമായി ഉപയോഗിക്കുകയുണ്ടായി. ഈ ഘട്ടത്തിൽ ഉത്തരവാദ ടൂറിസം എന്നതിനൊപ്പം സംസ്കാരം, ചരിത്രം എന്നിവയുടെ സംരക്ഷണം, പ്രചാരണം തുടങ്ങിയ മേഖലകൾക്കാണ് മുന്തിയ പരിഗണന നൽകിയത്.

2001–ൽ കേരള സർക്കാർ 'ടൂറിസം വിഷൻ 2025' എന്ന ഒരു രേഖ അവതരിപ്പിക്കുകയുണ്ടായി. ഈ മേഖലയെ കൂടുതൽ ഊർജസ്വലമാക്കുന്നതിന് ഹ്രസ്വകാല, മധ്യകാല, ദീർഘകാലാടിസ്ഥാനത്തിൽ പദ്ധതികൾ ആവിഷ്കരിക്കുക എന്നതായിരുന്നു ഇതിന്റെ ലക്ഷ്യം. കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, സാംസ്കാരികമായ പൈതൃകങ്ങൾ സംരക്ഷിക്കുക, അതിനെ പ്രോത്സാഹിപ്പിക്കുക, ഉന്നത നിലവാരത്തിലുള്ള സേവനങ്ങൾ നൽകുക, സ്വകാര്യ മേഖലയുടെ സഹകരണത്തോടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുക, കായൽ മേഖലയിൽ വിനോദസഞ്ചാരം പ്രോത്സാഹിപ്പിക്കുക, ആയുർവേദത്തെ അടിസ്ഥാനമാക്കിയുള്ള മെഡിക്കൽ ടൂറിസം പ്രോത്സാഹിപ്പിക്കുക തുടങ്ങിയ കാര്യങ്ങൾക്കാണ് ഈ രേഖ കൂടുതൽ ഊന്നൽ നൽകിയത്.

2003–ൽ കേന്ദ്ര സർക്കാർ 27 സംസ്ഥാനങ്ങളിൽ ഗ്രാമീണ ടൂറിസം പദ്ധതിക്ക് തുടക്കം കുറിച്ചു. യുണൈറ്റഡ് നേഷൻസ് പോപ്പുലേഷൻ ഫണ്ടിന്റെ (യു എൻ ഡി പി) സഹകരണത്തോടെ ആരംഭിച്ച ടൂറിസം പദ്ധതിയുടെ ഭാഗമായാണ് ഇതാരംഭിച്ചത്.

***കഴിഞ്ഞ വർഷം നവംബറിൽ വിനോദ സഞ്ചാര വകുപ്പ് 'ഡെസ്റ്റിനേഷൻ വെഡിങ്' പദ്ധതി പ്രഖ്യാപിക്കുകയുണ്ടായി. തിരുവനന്തപുരം, കൊച്ചി, ആലപ്പുഴ എന്നിവിടങ്ങളിലാണ് ആദ്യ ഘട്ടമായി ഇത് നടപ്പാക്കിയിരിക്കുന്നത്.***

സന്ദർശകർക്കുണ്ടാകുന്ന അനുഭവങ്ങൾ, പ്രകൃതിയുമായോ, കൃഷിയുമായോ, ഗ്രാമീണ ജീവിത രീതി, സംസ്കാരം എന്നിവയുമായോ, വിവിധതരം കാഴ്ചകൾ ആസ്വദിക്കുന്നതു മായോ ബന്ധപ്പെട്ടിരിക്കുന്ന വിവിധ ഘടകങ്ങളുമായി ചേർന്ന് നിൽക്കുന്ന തരത്തിലുള്ള വിനോദസഞ്ചാരത്തെയാണ് 2021–ൽ യു എൻ ഡബ്ള്യു ടി ഒ, ഗ്രാമീണ ടൂറിസം എന്ന് വിവക്ഷിക്കുന്നത്. ഇത്തരം അനുഭവങ്ങളാകട്ടെ സാമൂഹ്യമായും സുസ്ഥിര വികസനവുമായും പ്രദേശങ്ങളുമായും ബന്ധപെട്ടതാണെന്ന് കാണാം (റോസലിന, ഡ്യൂപ്രെ, വാങ്–2021). കേരളത്തിൽ ഇത്തര ത്തിലുള്ള ഗ്രാമീണ ടൂറിസം പദ്ധതിക്ക് തുടക്കം കുറിച്ചത് 2005ൽ എറണാകുളം ജില്ലയിലെ കുമ്പളങ്ങി എന്ന ഗ്രാമത്തിലാണ്. ഇതാണ് സംസ്ഥാനത്തെ ആദ്യത്തെ ടൂറിസം ഗ്രാമം. പദ്ധതിയുടെ ഭാഗമായി പല ഗ്രാമങ്ങളും ഇപ്പോൾ വിനോദ സഞ്ചാര ഗ്രാമങ്ങളായി ഇതിനകം പ്രചാരം നേടിയിട്ടുണ്ട്.

2008–ലാണ് ഉത്തരവാദിത്വ ടൂറിസം പദ്ധതിക്ക് സംസ്ഥാനത്ത് തുടക്കമിട്ടത്. ടൂറിസം പ്രവർത്തനങ്ങളിൽ സാമൂഹ്യമായ പങ്കാളിത്തം ഉറപ്പ് വരുത്തുന്ന പദ്ധതിയാണ് ഇത്. സാമൂഹ്യവും പാരിസ്ഥിതികവും സാമ്പത്തിക വുമായ മൂന്ന് കാര്യങ്ങൾക്കാണ് ഇത് ഊന്നൽ നൽകുന്നത്. ഇത്തരത്തിൽ പ്രാദേശിക ജനത കൈവരിക്കുന്ന നേട്ടങ്ങളെയാണ് യു എൻ ഡബ്ള്യു ടി ഒ ഇതിന്റെ ഗുണഫലങ്ങളായി വിലയിരുത്തുന്നത്. കേരളത്തിലെ വിനോദ സഞ്ചാര വകുപ്പിന് ദേശീയതലത്തിലും രാജ്യാന്തരതലത്തിലും നിരവധി അവാർഡുകൾ നേടാൻ കഴിഞ്ഞിട്ടുണ്ട്. 2013–ൽ കുമരകത്തെ ഉത്തരവാദിത്വ ടൂറിസം പദ്ധതിക്ക് ലഭിച്ച യുലീസസ് അവാർഡ് ഇതിൽ പ്രധാനപ്പെട്ട താണ് (വർക്കിങ് ഗ്രൂപ്പ് റിപ്പോർട്ട് ഓൺ ടൂറിസം–2017).

2012–ൽ 5 പ്രധാനപ്പെട്ട ദൗത്യങ്ങൾ ഉൾക്കൊള്ളുന്ന സമഗ്രമായ ഒരു ടൂറിസം നയം കേരള ഗവണ്മെന്റ് പ്രഖ്യാപിക്കുകയുണ്ടായി. 1. വരുന്ന സന്ദർശകർക്ക് കേരളത്തെ ഏറ്റവും മികച്ച ഒരു അനുഭവമാക്കി മാറ്റുക, 2 പ്രാദേശിക സമൂഹങ്ങൾക്ക് ഇതിന്റെ നേട്ടം ലഭ്യമാക്കുക, 3. ഈ മേഖലയിൽ നിക്ഷേപം നടത്തുന്നതിന് അനുയോജ്യമായ സാഹചര്യം സൃഷ്ടിക്കുക, 4. സ്ഥിരതയാർന്ന ഒരു വിപണി സാധ്യമാക്കുക, 5. ഈ മേഖലക്കാവശ്യമായ മികച്ച മാനവശേഷി വികസിപ്പിക്കുക എന്നിവയാണ് അവ. വിനോദ സഞ്ചാര മേഖലയിൽ സുസ്ഥിരമായ വികസനം എന്നതാണ് ഈ നയത്തിന്റെ ലക്ഷ്യം. ഇതിനു പുറമെ, പ്രാദേശിക സമൂഹങ്ങളെ കൂടി ടൂറിസം

***'കേരള ടൂറിസം സോഫ്റ്റ്‌വെയർ' എന്ന പേരിൽ ഔദ്യോഗികമായ ടൂറിസം ആപ്ലിക്കേഷന് തുടക്കം കുറിച്ചിട്ടുണ്ട്. തങ്ങൾ താമസിക്കുന്ന സ്ഥലത്തിന് അടുത്തുള്ള വിനോദ സഞ്ചാര കേന്ദ്രങ്ങളെ കുറിച്ചുള്ള വിവരങ്ങൾ ഇതുവഴി സഞ്ചാരികൾക്ക് ലഭിക്കുന്നു. ഇതിനു പുറമെ, പ്രധാന ടൂറിസം കേന്ദ്രങ്ങളുടെ ചിത്രങ്ങൾ, വിഡിയോകൾ എന്നിവയും ലഭിക്കുന്നു.***

***സാംസ്കാരിക ടൂറിസത്തിന്റെ പ്രോത്സാഹനത്തിനായി 'എക്സ്പ്രെഷൻസ്' എന്ന പേരിൽ ഒരു മൊബൈൽ ആപ്ലിക്കേഷൻ ലഭ്യമാണ്. സ്മൈലികൾക്ക് പകരമായി കേരളത്തിന്റെ കലാരൂപങ്ങളെ കുറിച്ചുള്ള ദൃശ്യങ്ങൾ ഇത് നൽകുന്നു. കഥകളി, തുള്ളൽ, മോഹിനിയാട്ടം, കൂടിയാട്ടം, കൂത്ത്, നങ്യാർകൂത്ത് തുടങ്ങിയ കലാരൂപങ്ങൾ ഇതിൽ ലഭ്യമാണ്.***

പദ്ധതികളുടെ ഭാഗമാക്കി മാറ്റുന്നതിന് മുന്തിയ പരിഗണന നൽകുക എന്നതിനും ഇത് അടിവരയിടുന്നു.

സുസ്ഥിര ടൂറിസം വികസനത്തിന്റെ ഭാഗമായി പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിക്കാലത്ത് സംസ്ഥാനത്ത് ഇക്കോ ടൂറിസം പദ്ധതികൾക്ക് തുടക്കമായി. 2015–ൽ അന്താരാഷ്ട്ര ഇക്കോ ടൂറിസം സൊസൈറ്റി, ഇക്കോ ടൂറിസത്തെ നിർവചിക്കുന്നത് ഇപ്രകാരമാണ്. 'പരിസ്ഥിതിയെ സംരക്ഷിക്കുന്ന, പ്രാദേശിക സമൂഹങ്ങളുടെ സ്വൈര്യ ജീവിതത്തിന് ഭംഗം വരുത്താത്ത, വിദ്യാഭ്യാസപരമായ നേട്ടം നൽകുന്ന തരത്തിൽ സ്വാഭാവികമായ പ്രകൃതി കേന്ദ്രങ്ങളിലേക്കുള്ള യാത്ര'. പ്രദേശങ്ങളെ കുറിച്ചും വന്യജീവികൾ, സസ്യജാലങ്ങൾ, സംസ്ക്കാരം എന്നിവയെയും കേന്ദ്രീകരിച്ചുള്ള യാത്രകൾ കൂടിയാണ് ഇത്. കൂടുതൽ ആളുകൾക്ക് യാത്ര ചെയ്യുന്നതിന് ഇത് പ്രചോദനമായി മാറുന്നു.

2014–ൽ സംസ്ഥാന ആസൂത്രണ ബോർഡ്, 2030–ലേക്കുള്ള ദീർഘവീക്ഷണത്തോടെയുള്ള ഒരു വിനോദ സഞ്ചാര പദ്ധതിക്ക് രൂപം നൽകുകയുണ്ടായി. പരിസ്ഥിതി, സമ്പദ്ഘടന, സമൂഹം എന്നിവയോട് ഇണങ്ങി നിന്നുകൊണ്ട് ടൂറിസം മേഖലയെ പ്രോത്സാഹിപ്പിക്കുക എന്നതായിരുന്നു ഇതിന്റെ അടിസ്ഥാനം. ആറ് സ്തംഭങ്ങളാണ് ഇതിനുണ്ടായിരുന്നത്, പ്രാദേശിക സർക്കാരുകളുടെ ഉടമസ്ഥത, നൈപുണ്യ വികസനം, ഗവേഷണം, സാമൂഹ്യമായ കാര്യങ്ങൾ, പരിസ്ഥിതി, സമ്പദ്ഘടന എന്നിവയായിരുന്നു അവ.

2017–ലെ വിനോദ സഞ്ചാര നയം സുരക്ഷിതവും സന്ദർശക സൗഹൃദവുമായ വിനോദ സഞ്ചാര കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് ഊന്നൽ നല്കികൊണ്ടുള്ളതായിരുന്നു. കേരള ടൂറിസം സംരംഭകത്വ ഫണ്ടിന്റെ (കെ ടി ഇ എഫ്) രൂപീകരണം, സുസ്ഥിര വികസനത്തിനുള്ള പദ്ധതി എന്നിവയും ഇതിന്റെ ഭാഗമായിരുന്നു. 2021–ൽ കേരളം 'കേരാവാൻ കേരളം' എന്ന പേരിൽ കാരവൻ ടൂറിസം നയവും ആവിഷ്കരിക്കുകയുണ്ടായി. തികച്ചും സ്വകാര്യമായ വിധത്തിൽ വിനോദസഞ്ചാര കേന്ദ്രങ്ങളിലേക്ക് സഞ്ചാരം നടത്തുന്നതിന് അവസരമൊരുക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം. സഞ്ചാരികൾക്കായുള്ള കാരവനുകൾ, കാരവൻ പാർക്കുകൾ എന്നിവയാണ് ഇതിന്റെ രണ്ടു പ്രധാന ഭാഗങ്ങൾ. പ്രാദേശിക ഉത്പന്നങ്ങളുടെ വിപണനം, ഉത്തരവാദിത്വ ടൂറിസം എന്നിവ ഇതിന്റെ ഭാഗമാണ്. 2023 നവംബറിൽ മൂന്ന് ഡെസ്റ്റിനേഷൻ വെഡിങ് പദ്ധതിയും ടൂറിസം വകുപ്പ് പ്രഖ്യാപിക്കുകയുണ്ടായി. തിരുവനന്തപുരം, ആലപ്പുഴ, കൊച്ചി എന്നിവയാണ് ഈ കേന്ദ്രങ്ങൾ.

ചുരുക്കത്തിൽ ഗവണ്മെന്റ് ലക്ഷ്യം വയ്ക്കുന്നത് സുരക്ഷിതവും, പ്രകൃതിയോടിണങ്ങുന്ന തരത്തിലുള്ള യാത്രാനുഭവവും ഓരോ സഞ്ചരിക്കും നൽകുക എന്നതാണ്. 1995, 2012, 2017 എന്നീ വർഷങ്ങളിൽ പ്രഖ്യാപിച്ച വിനോദ സഞ്ചാര നയങ്ങളും 2025–ലേക്കുള്ള വിഷൻ രേഖകളും 2021–ലെ കാരവൻ ടൂറിസം നയവും ഇത് കൂടുതൽ വ്യക്തമാക്കുന്നുണ്ട്. മികച്ച നേട്ടം ഈ മേഖലയിൽ നിന്നും ഉണ്ടാക്കാൻ കഴിയുമെന്ന പ്രതീക്ഷയിൽ സംസ്ഥാന സർക്കാർ വലിയ നിക്ഷേപമാണ് ടൂറിസം മേഖലയിൽ നടത്തി വരുന്നത്.

***മുസിരിസ് പ്രദേശങ്ങൾ സന്ദർശിക്കുന്നവർക്ക് സഹായമായ ഒരു മൊബൈൽ ആപ്ലിക്കേഷനാണ് മുസിരിസ് വിർച്ചൽ ടൂർ ഗൈഡ്. മുസിരിസ് പദ്ധതിക്ക് വേണ്ടി പ്രത്യേകം തയാറാക്കിയ ഒരു ആഗ്മെന്റഡ് റിയാലിറ്റി ട്രാവൽ ആപ്ലിക്കേഷനാണ് ഇത്.***

**സാങ്കേതിക വിദ്യ ടൂറിസം വ്യവസായത്തിൽ**

ടൂറിസം വ്യവസായത്തിന്റെ സാദ്ധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുന്ന കേരളത്തിന്റെ ഇക്കാര്യത്തിലെ നയപരമായ സമീപനങ്ങൾ സുവിദിതമാണ്. എന്നാൽ കോവിഡ് മഹാമാരിയുടെ ഘട്ടത്തിൽ ഈ മേഖല ഏറെക്കുറെ നിശ്ചലമായ അവസ്ഥയിലായി എന്ന് പറയാം. വിദേശത്തു നിന്നുള്ള വരുമാനം കുറഞ്ഞു. വലിയ തോതിലുള്ള തൊഴിൽനഷ്ടവും ഈ രംഗത്തുണ്ടായി. ഈ ആഘാതത്തിൽ നിന്നും മുക്തി നേടുന്നതിന് വിനോദ സഞ്ചാര മേഖലയിലെ സേവനങ്ങളുടെ കാര്യത്തിലും സഞ്ചാരികൾക്ക് ലഭ്യമാകുന്ന അനുഭവങ്ങളുടെ കാര്യത്തിലും നൂതനമായ ആശയങ്ങൾ പ്രവർത്തികമാക്കേണ്ടതുണ്ട്. നിർമിത ബുദ്ധി പ്രത്യേകിച്ച് ആഗ്മെന്റഡ് റിയാലിറ്റി അടക്കമുള്ള നവീന സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തുകയാണ് വേണ്ടത്. ഇത്തരമൊരു പശ്ചാത്തലത്തിൽ ടൂറിസം മേഖലയുമായി ബന്ധപ്പെട്ട സാങ്കേതിക വിദ്യകളിലേക്ക് വെളിച്ചം വീശുകയാണ് ഈ ലേഖനത്തിന്റെ മറ്റൊരു ഉദ്ദേശ്യം.

അടുത്തകാലത്തായി കൂടുതൽ വിപണന സാദ്ധ്യതകൾ തുറന്നെടുക്കുക എന്ന ലക്ഷ്യത്തോടെ കേരളം ചില നൂതന സാങ്കേതിക വിദ്യകൾ പ്രയോജനപ്പെ ത്തുന്നുണ്ട്. സാമൂഹ്യ മാധ്യമങ്ങൾ വഴിയുള്ള പ്രചാരണം, ഡിജിറ്റൽ സേവനങ്ങൾ നൽകുക തുടങ്ങിയ കാര്യങ്ങൾ ഇതിന് ഉദാഹരണമാണ്. കേരളത്തിലെ ജനങ്ങളുടെ ദൈനംദിന ജീവിതത്തെ കുറിച്ചും സംസ്കാരത്തെ കുറിച്ചും ടൂറിസ്റ്റുകൾക്ക് ധാരണ പകരുന്ന 'ഹ്യുമൻ ബൈ നേച്ചർ' എന്ന പ്രചരണ പരിപാടിക്കും തുടക്കം കുറിക്കുകയുണ്ടായി. 2018–ലെ പ്രളയവും നിപ്പ വൈറസ് ബാധയും ദോഷകരമായി ബാധിച്ച സംസ്ഥാനത്തിന്റെ ടൂറിസം മേഖലയെ തിരിച്ചു കൊണ്ടു വരികയായിരുന്നു ഇതിന്റെ പ്രധാന ലക്ഷ്യം. 2022ലെ സാമ്പത്തിക അവലോകന റിപ്പോർട്ട് പ്രകാരം ഓൺ ലൈനായി ഈ പരിപാടി 3.10 കോടി ആളുകൾ കണ്ടുവെന്നാണ് മനസിലാക്കുന്നത്.

കേരളത്തിന്റെ ടൂറിസം വകുപ്പിന് 30 ദശലക്ഷം വരിക്കാരുള്ള ഒരു യു ട്യൂബ് ചാനലുണ്ട്. ടൂറിസം രംഗവുമായി ബന്ധപ്പെട്ട വീഡിയോകളുടെ വലിയൊരു ശേഖരം ഇതിന്റെ ഭാഗമായി സമാഹരിക്കാൻ കഴിഞ്ഞിട്ടുണ്ട്. ചില ടൂറിസം കേന്ദ്രങ്ങൾക്കായി റിസോഴ്സ് മാപ്പിങ് സംവിധാനം വികസിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. ക്യൂ ആർ കോഡ് സംവിധാനം പ്രയോജനപ്പെടുത്തുന്നതിനായി ജിയോ ടാഗ്ഗ്ഡ് മൊബൈൽ ഫോട്ടോകൾ ഉപയോഗപ്പെടുത്താനും കഴിഞ്ഞു. പ്രളയത്തിന് ശേഷമുള്ള പ്രത്യേക പ്രചരണ പരിപാടികൾ വഴിയായി 15,000 ലൊക്കേഷനുകളിൽ നിന്നുള്ള 4.4 ദശലക്ഷം പേരെ ഇത്തരം പരിപാടികളിൽ പങ്കാളികളാക്കാൻ കഴിഞ്ഞുവെന്നതും ശ്രദ്ധേയമാണ്. വിനോദ സഞ്ചാര കേന്ദ്രങ്ങളെ കുറിച്ചുള്ള വിവരങ്ങൾ, ഹോട്ടൽ സൗകര്യങ്ങൾ, ടൂർ ഓപ്പറേറ്റർമാരെ കുറിച്ചുള്ള വിവരങ്ങൾ തുടങ്ങിയ വിവരങ്ങൾ ടൂറിസം വകുപ്പിന്റെ വെബ് സൈറ്റിൽ നിന്നും ലഭ്യമാണ് (കേരള ടൂറിസം വകുപ്പ്, 2022).

കേരള ടൂറിസം സോഫ്റ്റ്വെയർ എന്ന പേരിൽ പുതിയ സാങ്കേതിക സേവനവും ടൂറിസം വകുപ്പ് ആരംഭിക്കുകയുണ്ടായി. ഇതുവഴി ഒരു ടൂറിസ്റ്റിന് അദ്ദേഹം താമസിക്കുന്ന സ്ഥലത്തിന് തൊട്ടടുത്തുള്ള പ്രധാന കേന്ദ്രങ്ങളെ കുറിച്ചുള്ള വിവരങ്ങൾ ലഭ്യമാകുന്നു.

അതുപോലെ വിവിധ ടൂറിസം കേന്ദ്രങ്ങളെ കുറിച്ചുള്ള ഫോട്ടോകൾ, വിഡിയോകൾ എന്നിവയും ലഭിക്കുന്നു. ഈ ആപ്പിലൂടെ ഒരു ട്രിപ്പ് പ്ലാനർ ലഭ്യമാണ്. വിനോദ സഞ്ചാര രംഗത്ത് വരുന്ന പ്രധാനപ്പെട്ട പരിപാടികളെ കുറിച്ചുള്ള വിവരങ്ങളും ഇതുവഴി ലഭിക്കുന്നു. പുതിയ ടൂറിസം കേന്ദ്രങ്ങളെ കുറിച്ചും അറിവ് ലഭിക്കുന്നു. സന്ദർശകർക്ക് ഇത് വളരെ പ്രയോജനകരമാണെന്ന് അവരിൽ നിന്നുള്ള പ്രതികരണങ്ങളിൽ നിന്ന് മനസിലാക്കാൻ കഴിയും.

സാംസ്കാരിക ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന് ലക്ഷ്യമിട്ടുകൊണ്ട് 'എക്സ്പ്രെഷൻസ്' എന്ന മൊബൈൽ ആപ്പിനും തുടക്കം കുറിക്കുകയുണ്ടായി. കേരളത്തിന്റെ വിവിധ കലാരൂപങ്ങളെ കുറിച്ചുള്ള ഹ്യസ്വ ചിത്രങ്ങൾ ഇതിലൂടെ ലഭ്യമാണ്. കഥകളി, തുള്ളൽ, മോഹിനിയാട്ടം, കൂടിയാട്ടം, കൂത്ത്, നങ്യാർകൂത്ത് തുടങ്ങിയ കലാരൂപങ്ങളുടെ വിഡിയോകൾ ഇതിൽ ലഭ്യമാണ്. കലാകാരന്മാരെ കുറിച്ചുള്ള വിവരണങ്ങളും ഇതിൽ നിന്ന് ലഭിക്കും.

ഇതിനു പുറമെ, വിവിധ കേന്ദ്രങ്ങളെ കുറിച്ചുള്ള വിവരങ്ങൾ നൽകുന്ന, ടൂറിസം കേന്ദ്രങ്ങൾ എന്ന ആപ്ലിക്കേഷനും ടൂറിസം വകുപ്പ് നൽകുന്നു. ഓരോ കേന്ദ്രത്തെ കുറിച്ചുള്ള സമഗ്രമായ വിവരങ്ങൾ ഇത് നൽകുന്നു. എന്നാൽ ഇത്തരം ആപ്ലിക്കേഷനുകൾ പലതും പൂർണ്ണമായ വിവരങ്ങളും നിർദേശങ്ങളും നല്കുന്നില്ലെന്ന ആക്ഷേപം ഉയരുന്നുണ്ട്.

മുസിരിസ് പ്രദേശങ്ങൾ സന്ദർശിക്കുന്ന വ്യക്തികൾക്ക് വിവരങ്ങൾ നൽകുന്ന 'മുസിരിസ് വിർചൽ ടൂർ ഗൈഡ്' ശ്രദ്ധേയമാണ്. ഇത് ഒരു ഓഗ്മെന്റഡ് റിയാലിറ്റി ട്രാവൽ ആപ്ലിക്കേഷനാണ്. വിനോദ സഞ്ചാരികൾക്ക് സഹായകമായ പല പ്രത്യേകതകളും ഇതിലുണ്ട്. ട്രാൻസ്പോർട്ട്, ഹോട്ടൽ ബുക്കിങ് സേവനങ്ങൾ, ഓഗ്മെന്റഡ് റിയാലിറ്റി വഴിയായി ടൂറിസ്റ്റ് കേന്ദ്രങ്ങളിലേക്കുള്ള റൂട്ടുകളുടെ വിവരങ്ങൾ എന്നിവ ഇതിന്റെ പ്രത്യേകതയാണ്. ടൂറിസ്റ്റ് കേന്ദ്രത്തിന്റെ ചരിത്രപരമായ പ്രത്യേകതകൾ, കലാപരമായ അവശേഷിപ്പുകൾ തുടങ്ങിയ കാര്യങ്ങളെ കുറിച്ച് ഇത് അറിവ് പകരുന്നു. 12 പ്രത്യക കേന്ദ്രങ്ങളെ കുറിച്ചുള്ള വിവരങ്ങൾ ഉൾക്കൊള്ളുന്നതാണ് ഇത്. ഒരു വിർചൽ ടൂർ ഗൈഡും ഇതിലൂടെ ലഭിക്കും.

ടൂറിസം പ്രവർത്തനങ്ങളുടെ പ്രോത്സാഹനാർത്ഥം ടൂറിസം വകുപ്പ് സാങ്കേതികമായ നിരവധി മുന്നേറ്റങ്ങൾ നടത്തിയിട്ടുണ്ട്. സന്ദർശകരുടെ സംതൃപ്തി, യാത്ര, താമസസൗകര്യങ്ങൾ തുടങ്ങിയ സേവനങ്ങൾക്കായി നിർമിത ബുദ്ധി സൃഷ്ടിക്കുന്ന സാദ്ധ്യതകൾ പലതാണ്. അതുപോലെ ടൂറിസ്റ്റുകൾക്ക് ഏറ്റവും മികച്ച അനുഭവം ലഭിക്കുന്നതിന് ആഗ്മെന്റഡ് റിയാലിറ്റിയുടെ സാധ്യതകളും വളരെ വലുതാണ്. ഇത് സ്മാർട്ട് ഫോൺ, ടാബ്ലറ്റുകൾ തുടങ്ങിയ ഉപകരണങ്ങളുടെ സഹായത്തോടെ ജി പി എസ്, ഹൈ സ്പീഡ് ഇന്റർനെറ്റ് കണക്ഷൻ തുടങ്ങിയ സൗകര്യങ്ങൾ പ്രയോജനപ്പെടുത്തി സന്ദർശകർക്ക് മികച്ച അനുഭവം നല്കാൻ കഴിയുന്നതാണ്.

**സ്മാർട്ട് ടൂറിസം പദ്ധതിയിൽ എ ഐ, എ ആർ എന്നിവയുടെ പ്രയോഗം**

മഹാമാരിയുടെ ഘട്ടത്തിൽ കേരളത്തിലെ ടൂറിസം രംഗം കടുത്ത മാന്ദ്യം നേരിടുകയുണ്ടായി (സാമ്പത്തിക അവലോകന റിപ്പോർട്ട്–2022). നിർമ്മിത ബുദ്ധി ,എ ആർ എന്നീ സാങ്കേതിക വിദ്യകളുടെ സമന്വയം വഴിയായി പല രാജ്യങ്ങളിലും വിനോദ സഞ്ചാര മേഖലയുടെ തിരിച്ചുവരവ് വേഗത്തിലാക്കുകയുണ്ടായി. ചില രാജ്യങ്ങളിലെങ്കിലും കോവിഡ് ഘട്ടത്തിൽ പോലും വളർച്ചാ പാതയിൽ തന്നെ തുടരാൻ കഴിഞ്ഞുവെന്നതും ശ്രദ്ധേയമാണ്. ടൂറിസവുമായി ബന്ധപ്പെട്ട ഗവേഷണ മേഖലയിൽ നിർമിത ബുദ്ധിയുടെ

പ്രയോഗം വിവിധ രീതിയിൽ പ്രയോജനപ്രദമായിട്ടുണ്ട്. ഉദാഹരണത്തിന് ഹോട്ടൽ മുറികളുടെ ലഭ്യത, ടൂറിസം രംഗത്തെ ഡിമാൻഡ്, ഈ മേഖലയിലെ വിഭവങ്ങളുടെ മാനേജ്മെന്റ്, സാമൂഹ്യമായ വിവര നെറ്റ് വർക്കിന്റെ വിശകലനം, ഓൺ ലൈൻ വഴിയായുള്ള ഫീഡ് ബാക്ക്, വിനോദ സഞ്ചാരികളുടെ എണ്ണം കണക്കാക്കൽ, സഞ്ചാരികളുടെ സംതൃപ്തിയുടെ നിർണ്ണയം തുടങ്ങിയ കാര്യങ്ങളിൽ ഇത് വലിയ പങ്ക് വഹിക്കുന്നതായി കാണാം. ഇനങ്ക്-ഡെമിർ, കൊസാക് (2019) എന്നിവരുടെ അഭിപ്രായത്തിൽ ടൂറിസം മേഖലയുടെ വിപ്ലവാത്മകമായ പരിവർത്തനത്തിന്റെ കാര്യത്തിൽ നിർമ്മിത ബുദ്ധിക്ക് നിർണ്ണായകമായ പങ്ക് നിർവഹിക്കാൻ കഴിയും. ഇത്തരത്തിൽ സാങ്കേതിക വിദ്യ കാര്യമായി പ്രയോജനപ്പെടുത്തിയിട്ടും ആഗോള തലത്തിൽ ടൂറിസ്റ്റുകളെ ആകർഷിക്കാൻ ഇന്ത്യക്ക് കഴിയുന്നില്ല (റീജോ-2023). ആഗ്മെന്റഡ് റിയാലിറ്റി സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തുന്ന കാര്യത്തിൽ നിലവിൽ ഇന്ത്യ വളരെ പിന്നിലാണെന്ന് കാണാം. ഇതിനായുള്ള പ്രത്യേക നയരൂപീകരണം വഴിയായി സാമ്പത്തിക നേട്ടം കൈവരിക്കാൻ കഴിയുന്നതാണ് (റീജോ-2023).

ടെക്സ്റ്റ്, വിഷ്വൽസ്, ഓഡിയോ തുടങ്ങിയ ഡേറ്റ യഥാർത്ഥത്തിലുള്ള കാര്യങ്ങളുമായി സംയോജിപ്പിച്ച് തയാറാക്കുന്ന ഒന്നാണ് ആഗ്മെന്റഡ് റിയാലിറ്റി. വിർചൽ ലോകത്തെ വിവരങ്ങൾ യഥാർത്ഥ ലോകത്തിന്റേതുമായി സംയോജിപ്പിക്കുന്ന ഒരു പ്രയോഗ രീതി എന്ന നിലയിൽ ആഗ്മെന്റഡ് റിയാലിറ്റിയെ ഉപയോഗിക്കാൻ കഴിയുന്നതാണ്. ഒരു പ്രദേശത്തെ നദികൾ, മരങ്ങൾ, മനോഹരമായ ചെടികൾ, മൃഗങ്ങൾ, കെട്ടിടങ്ങൾ, ചരിത്രപരമായ കേന്ദ്രങ്ങൾ തുടങ്ങിയ നിരവധിയായ കാര്യങ്ങളെ സംബന്ധിച്ച സമഗ്രമായ വിവരങ്ങൾ ഇതുവഴി ലഭ്യമാകുന്നതാണ്. കേരളത്തിലെ ടൂറിസം മേഖലയുടെ പ്രചാരണത്തിന്റെ കാര്യത്തിൽ എ ആർ സാങ്കേതിക വിദ്യക്ക് വലിയ പങ്ക് വഹിക്കാൻ കഴിയുന്നതാണ്.

ബ്രോഷർ, നോട്ടീസ്, പ്രാദേശിക ഭാഷകളിലുള്ള സൂചന ബോർഡുകൾ, ടൂറിസ്റ്റ് ഗൈഡുകൾ തുടങ്ങിയവക്ക് പകരമായി എ ആർ സാങ്കേതിക വിദ്യ വഴിയായി വേറിട്ട അനുഭവം ടൂറിസ്റ്റുകൾക്ക് നല്കാൻ കഴിയും. ടൂറിസം രംഗത്തെ ഇതിന്റെ പ്രയോഗത്തിന് രണ്ടു തലങ്ങളുണ്ട്. മാർക്കർ അധിഷ്ഠിതമായ എ ആർ, അല്ലാത്ത എ ആർ എന്നിവയാണ് അവ. ഇതിൽ ആദ്യത്തേതിൽ തങ്ങളുടെ താല്പര്യങ്ങൾ ആഗ്മെന്റഡ് സാങ്കേതിക വിദ്യ വഴിയായി പ്രകടമാക്കാൻ കഴിയുന്നു. മൾട്ടിമീഡിയ ഇനങ്ങൾ ഇതിലൂടെ സാധ്യമാകുന്നു. മാർക്കർലെസ്സ് എ ആർ മേഖലയിൽ നാലു വ്യത്യസ്ത തലങ്ങൾ കാണാം. ലൊക്കേഷൻ അടിസ്ഥാനമായുള്ള എ ആർ, ഓവർലേ എ ആർ, കോൺടൂർ എ ആർ എന്നിവയാണവ. യഥാർത്ഥ ലൊക്കേഷനുകളുടെ 3 ഡി ഇമേജുകൾ നല്കാൻ കഴിയുന്നു എന്നതാണ് ഇതിന്റെ പ്രത്യേകത. സ്മാർട്ട് ഫോൺ അടക്കമുള്ള ഉപകരണങ്ങൾ ഉപയോക്താക്കൾക്ക് ഡിജിറ്റൽ ഡേറ്റ ലഭ്യമാക്കുന്നു. ഇത് അവർക്ക് സൗകര്യപ്രദമായി ഉപയോഗിക്കാൻ കഴിയുന്നു. സ്മാർട്ടഫോണുകളിലെ ഒരു ഗെയിമായ 'പോക്കിമോൻ ഗോ' ലൊക്കേഷൻ അധിഷ്ഠിതമായ എ ആർ സാങ്കേതിക വിദ്യയ്ക്ക് നല്ല ഉദാഹരണമാണ്. പരിസ്ഥിതി സൗഹൃദ ടൂറിസം, ഉത്തരവാദിത്വ ടൂറിസം, ഗ്രാമീണ ടൂറിസം, കാർഷിക ടൂറിസം, തുടങ്ങിയ രംഗങ്ങളിൽ ലൊക്കേഷൻ അധിഷ്ഠിതമായ എ ആർ സാങ്കേതിക വിദ്യ കാര്യക്ഷമമായി ഉപയോഗിക്കാൻ കഴിയുന്ന ഒന്നാണ്.

എ ആർ അധിഷ്ഠിത മൊബൈൽ ആപ്ലിക്കേഷൻ, അഡ്വാൻസ്ഡ് ഹാർഡ്വെയർ സാങ്കേതിക വിദ്യ , സ്മാർട്ട് ഫോൺ , ഇന്റർനെറ്റ് കണക്ഷൻ എന്നിവ വഴിയായി ഒരു ടൂറിസ്റ്റിന് തന്റെ സന്ദർശനാനുഭവം അവിസ്മരണീയ

മാക്കാൻ കഴിയുന്നതാണ്. എ ആർ സാങ്കേതിക വിദ്യ ഉപയോഗിക്കുന്നത് വഴിയായി സന്ദർശകർക്ക് തങ്ങൾ ഉദ്ദേശിക്കുന്ന സ്ഥലങ്ങളിലേക്ക് സ്വന്തം നിലയിൽ തന്നെ നീങ്ങാൻ കഴിയുന്നു. ഹോട്ടൽ ബുക്ക് ചെയ്യുന്നതിനും ടാക്സി ഏർപ്പാടാക്കുന്നതിനും മറ്റും ഇത് പ്രയോജനപ്പെടുത്താൻ കഴിയുന്നു. കൂടുതൽ സുഗമമായും ലളിതമായും കാര്യങ്ങൾ ചെയ്യാൻ ഇത് സഹായകമാണ്.

ഇതിന്റെ സ്റ്റാൻഡേഡ് എഡിഷൻ അഭ്യന്തര ടൂറിസ്റ്റുകൾക്കും അതിന്റെ പ്രീമിയം എഡിഷൻ അന്തരാഷ്ട്ര സന്ദർശകർക്കും മറ്റാവശ്യക്കാർക്കും നല്കാൻ കഴിയുന്നതാണ്. ആദ്യം ഇത് കേരള ടൂറിസം വെബ്സൈറ്റ് വഴിയായി നൽകാവുന്നതാണ്. വിവിധ മേഖലകളിൽ നിന്നുള്ള വിദഗ്ധരുടെ വിലയിരുത്തലിന് ശേഷം ഇത് ഒരു ഏകജാലക സംവിധാനത്തിലൂടെ ലഭ്യമാക്കാവുന്നതാണ്.

**ഭാവി ഗവേഷണത്തിന്റെ അജണ്ട**

എ ആർ അധിഷ്ഠിതമായ സാങ്കേതിക വിദ്യ കേരളത്തിലെ ഓരോ ടൂറിസ്റ്റ് കേന്ദ്രത്തിലും സജ്ജമാക്കേണ്ടതാണ്. കാരണം, സുസ്ഥിര ടൂറിസം പ്രവർത്തനങ്ങളുടെ ഒരു പ്രധാന ഭാഗമാണ് ഇത്. ഇത്തരത്തിലുള്ള സംവേദനം സഞ്ചാരിക്ക് അവരുടെ യാത്രകൾ കൂടുതൽ സന്തോഷകരവും മികച്ച അനുഭവവുമാക്കി മാറ്റുന്നു . വിവിധ എ ആർ അധിഷ്ഠിത ടൂറിസം കേന്ദ്രങ്ങളെ സമന്വയിപ്പിച്ച് ഒരു എ ആർ ടൂറിസം സർക്യൂട്ട് സാധ്യമാക്കാവുന്നതാണ്. ഇത് സംസ്ഥാനത്തിന്റെ വരുമാനം ഉയർത്തുന്നതിനും സഹായകമാണ്. ഓരോ ടൂറിസം കേന്ദ്രത്തിന്റെയും സാദ്ധ്യതകൾ അനന്തമാക്കുന്നതിന് എ ആർ അധിഷ്ഠിതമായ സാങ്കേതിക വിദ്യ സഹായകരമാണ്. ലോകത്തെവിടെ നിന്നുമുള്ള യാത്രക്കാർക്ക് പ്രധാന ടൂറിസം കേന്ദ്രങ്ങളിലേക്ക് വിർചൽ അധിഷ്ഠിത യാത്ര നടത്താൻ ഈ സാങ്കേതിക വിദ്യ സഹായകമാകുന്നു. ഇത് പണം നൽകി ലഭ്യമാക്കുന്ന ഒരു സേവനമായി നല്കാൻ കഴിയും. വിനോദ സഞ്ചാര കേന്ദ്രങ്ങളുടെ സ്വാഭാവികമായ പ്രകൃതിക്ക് കോട്ടം തട്ടാത്ത വിധത്തിൽ ഇത്തരം സാങ്കേതിക സൗകര്യങ്ങൾ പ്രയോജനപ്പെടുത്താൻ കഴിയുന്നതാണ്. അതുകൊണ്ട് എ ഐ, എ ആർ സാങ്കേതിക വിദ്യകളിൽ അധിഷ്ഠിതമായ സൗകര്യങ്ങൾ ഏർപ്പെടുത്തുക എന്നത് ഭാവിയിൽ ഒഴിവാക്കാൻ കഴിയാത്ത കാര്യങ്ങളാണ്. കേരളത്തിൽ സുസ്ഥിര ടൂറിസം വികസനത്തിന് ഈ സാങ്കേതിക വിദ്യകൾക്ക് നിർണ്ണായകമായ പങ്കാണ് വഹിക്കാനുള്ളത്.

**ഉപസംഹാരം**

ടൂറിസം മേഖലയിൽ സുസ്ഥിര വികസനം സാധ്യമാക്കുന്നതിന് ഒൻപതാം പഞ്ചവത്സര പദ്ധതിയുടെ കാലത്ത് (1997–2002) കേരളം നിരവധിയായ കാര്യങ്ങൾ നടപ്പാക്കുകയുണ്ടായി. ഗ്രാമീണ ടൂറിസം, ഉത്തരവാദിത്വ ടൂറിസം, പരിസ്ഥിതി സൗഹൃദ ടൂറിസം തുടങ്ങിയ നിരവധി സാദ്ധ്യതകൾ ഈ പ്രവർത്തനത്തിൽ ഉൾപ്പെട്ടിട്ടുള്ളതായി കാണാം. കൂടുതൽ വരുമാനം ഉറപ്പാക്കുക, പ്രാദേശിക സമൂഹങ്ങൾക്ക് നേട്ടമുണ്ടാക്കുക, നിലവാരമുള്ള തൊഴിലവസരങ്ങൾ ലഭ്യമാക്കുക, സാമൂഹ്യമായ സുരക്ഷ ഉറപ്പാക്കുക, സന്ദർശകർക്ക് സുരക്ഷിതമായ സാഹചര്യമൊരുക്കുക, സാംസ്കാരിക തനിമ സംരക്ഷിക്കുക, പരിസ്ഥിതി സംരക്ഷണം തുടങ്ങിയ കാര്യങ്ങൾ ഇതിന്റെ ഭാഗമായി വരുന്നു. അതായത് ഐക്യ രാഷ്ട്ര സംഘടനയുടെ 2015–ൽ പ്രഖ്യാപിക്കപ്പെട്ട 2030–ലേക്കുള്ള വികസന അജണ്ടയുടെ അടിസ്ഥാനത്തിലുള്ള സുസ്ഥിര വികസന ലക്ഷ്യം 8,12,14 എന്നിവയിൽ പറയുന്ന ലക്ഷ്യങ്ങൾക്ക് അനുഗുണമായവയാണെന്ന് പറയാം.

ആഗ്മെന്റഡ് റിയാലിറ്റി പോലുള്ള നൂതന സാങ്കേതിക വിദ്യയുടെ പ്രയോഗം കേരളത്തിന്റെ സുസ്ഥിര ടൂറിസം പ്രവർത്തനങ്ങളുടെ ഭാഗമാണ്. മുസിരിസ് ടൂറിസം ടൂർ ഗൈഡ് എന്ന സ്മാർട്ട് ഫോൺ ആപ്ലിക്കേഷൻ വഴിയായി ഇത് സാധ്യമാക്കാൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ

ടൂറിസം വിപണന പദ്ധതിയുടെ ഭാഗമായി സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ടെങ്കിലും ആഗോള തലത്തിൽ സഞ്ചാരികളെ ആകർഷിക്കുന്നതിൽ ഇത് വേണ്ടത്ര ഫലപ്രദമല്ലെന്ന് കാണാം. അതുകൊണ്ട് നിർമ്മിത ബുദ്ധി, ആഗ്മെന്റഡ് റിയാലിറ്റി എന്നിവയിൽ അധിഷ്ഠിതമായ സാങ്കേതിക വിദ്യകൾ സംയോജിപ്പിച്ച് സംസ്ഥാനത്തിന്റെ നയരൂപീകരണം വിപുലമാക്കേണ്ടതിന്റെ ആവശ്യകത പ്രസക്തമാണ്. മഹാമാരിക്ക് ശേഷമുള്ള ഘട്ടത്തിൽ വിനോദ സഞ്ചരികളെ കൂടുതലായി ആകർഷിക്കാൻ ഇത് സഹായകമാകും.

■

(തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിലെ ജ്യോഗ്രഫി വകുപ്പിൽ അസിസ്റ്റന്റ് പ്രൊഫസറാണ് ലേഖകൻ)

## References

1. Attila, Kajos, and Bányai Edit. "Beyond reality: The possibilities of augmented reality in cultural and heritage tourism." In *2nd International Tourism and Sport Management Conference, Debrecen,* vol. 5, no. 6. 2012.

2. Government of India. *India's climate vision - Success Story*, New Delhi, 2021.

3. Hannam, Kevin, Gareth Butler, and Cody Morris Paris. *"Developments and key issues in tourism mobilities."* Annals of tourism research 44 (2014): 171-185.

4. http://dspace.iimk.ac.in/xmlui/bitstream/handle/2259/168/13-17.pdf?sequence=1&isAllowed=y (accessed on 21 September 2022).

5. https://datareportal.com/reports/digital-2022-global-overview-report (accessed on 23 September 2022).

6. https://economictimes.indiatimes.com/news/india/kerala-attracts-3-8-mn-domestic-tourists-in-q-1-2022-registers-72-48-per-cent-growth/articleshow/91793005.cms (accessed on 21 September 2022).

7. https://www.keralatourism.org/touriststatistics/ (accessed on 19 September 2022).

8. Kerala State Government. *Tourism Vision 2025.* Thiruvananthapuram, 2001.

9. Kerala State Planning Board. *Annual Plan Proposal.* Thiruvananthapuram, 2011

10. Kerala State Planning Board. *Economic Review 2021.* Thiruvananthapuram, 2022.

11. Kerala State Planning Board. *Economic Review 2022.* Thiruvananthapuram, 2023.

12. Kerala State Planning Board. *Working Group Report on Tourism.* Thiruvananthapuram, 2017

13. Kounavis, Chris D., Anna E. Kasimati, and Efpraxia D. Zamani. "Enhancing the tourism experience through mobile augmented reality: Challenges and prospects." *International Journal of Engineering Business Management* 4 (2012): 10.

14. Kounavis, Chris D., Anna E. Kasimati, and Efpraxia D. Zamani. "Enhancing the tourism experience through mobile augmented reality: Challenges and prospects." *International Journal of Engineering Business Management* 4 (2012): 10.

15. Manuri, Federico, and Andrea Sanna. "A survey on applications of augmented reality." ACSIJ Advances in Computer Science: An International Journal 5, no. 1 (2016): 18-27.

16. Mekni, Mehdi, and Andre Lemieux. "Augmented reality: Applications, challenges and future trends." Applied computational science 20 (2014): 205-214.

17. Nair, Lekshmi R., and D. Dhanuraj. "Kerala tourism-The role of the government and economic impacts." *Centre for Public Policy Research (Centre for Public Policy Research, Issue. C. f. PP Research* (2018). UNWTO. Rural Tourism. Available online: https://www.unwto.org/rural-tourism (accessed on 23 September 2022).

18. National Strategy Roadmap for Sustainable Tourism, (2021), Ministry of Tourism, Government of India, June 2.

19. Reejo, R. J. (2023). A Review on Marketing Tourism in the Era of AI: Future Scope for Sustainable Tourism in India. In B. Bhardwaj, D. Sharma, & M. Dhiman (Eds.), *AI and Emotional Intelligence for Modern Business Management* (pp. 321-347). IGI Global. https://doi.org/10.4018/979-8-3693-0418-1.ch021

20. Rosalina, P.D.; Dupre, K.; Wang, Y. Rural tourism: A systematic literature review on definitions and challenges. J. Hosp. Tour. Manag. 2021, 47, 134-149.

21. Rural tourism scheme for infrastructure development scheme guidelines http://164.100.158.43/sites/default/files/Guideline_12.pdf.

22. Smith, Valene L., and William R. Eadington, eds. *Tourism alternatives: Potentials and problems in the development of tourism.* University of Pennsylvania Press, 1992.

23. Vlahakis, Vassilios, M. Ioannidis, John Karigiannis, Manolis Tsotros, Michael Gounaris, Didier Stricker, Tim Gleue, Patrick Daehne, and Luis Almeida. "Archeoguide: an augmented reality guide for archaeological sites." *IEEE Computer Graphics and Applications* 22, no. 5 (2002): 52-60.

24. www.forest.kerala.gov.in (accessed on 23 September 2022).

25. www.ibef.org. (accessed on 23 September 2022).

26. www.ijisrt.com, volume 6, Issue 7 VR Kerala: An Integrated tourism application, July 2021. (accessed on 23 September 2022).

കേരള ഇക്കോണമി
പുസ്തകം 4 ലക്കം 4
ഒക്ടോബർ – ഡിസംബർ 2023

# ആഗോള പണപ്പെരുപ്പവും പലിശനിരക്കുകളിലെ മാറ്റവും ഇന്ത്യൻ സാഹചര്യവും

അശ്വതി റേച്ചൽ വർഗീസ്

**ആമുഖം**

അമേരിക്കയിലെ ഫെഡറൽ റിസർവ്, പലിശ നിരക്കിൽ ഈ വർഷം കുറവുണ്ടാകുമെന്ന സൂചന നൽകിയത് ആഗോള തലത്തിൽ തന്നെ വായ്പാ നയത്തെ കാര്യമായി സ്വാധീനിച്ചിട്ടുണ്ട്. ഡിസംബർ മാസത്തിൽ നടന്ന യോഗത്തിൽ ഫെഡറൽ റിസർവ് ഈ വർഷം പലിശ നിരക്കിൽ 75 ബേസിസ് പോയിന്റിന്റെ ഇളവ് അനുവദിക്കുന്നതിനുള്ള നിർദേശം മുന്നോട്ട് വയ്ക്കുകയുണ്ടായി. ഇത് ലോകമെമ്പാടുമുള്ള കേന്ദ്ര ബാങ്കുകളുടെ കാര്യത്തിൽ വായ്പാ നയത്തിൽ തൽസ്ഥിതി തുടരുന്നതിനുള്ള സമ്മർദ്ദം ശക്തമാക്കുകയുണ്ടായി. ഒരേ സമയം വളർച്ചാ സാധ്യത ശക്തമാക്കുക, ഒപ്പം പണപ്പെരുപ്പം നിയന്ത്രണ വിധേയമാക്കുക എന്നീ ലക്ഷ്യങ്ങളോടെയായിരുന്നു ഈ നീക്കം. നിലവിൽ യു എസ് ഫെഡറൽ റിസർവിന്റെ ഫണ്ട് നിരക്ക് 5.25 ശതമാനത്തിനും 5.50 ശതമാനത്തിനുമിടയിലാണ്. സാമ്പത്തിക പ്രവർത്തനങ്ങൾ മന്ദഗതിയിലായതും പണപ്പെരുപ്പം നിയന്ത്രിക്കുന്നതിനുള്ള ശ്രദ്ധാപൂർവ്വമായ നീക്കങ്ങളുമാണ് വായ്പാനയത്തിന്റെ കാര്യത്തിലെ വ്യതിയാനത്തിന് പിന്നിൽ.

2024ലെ പോളിസി റേറ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ബ്ലൂംബെർഗ്ഗ് പുറത്തു വിട്ട വിവരങ്ങൾ പ്രകാരം, അടിസ്ഥാന നിരക്കുകളിൽ ആഗോളതലത്തിൽ 128 ബേസിസ് പോയിന്റിന്റെ കുറവുണ്ടായതായി കാണാം. വികസ്വര സമ്പദ്ഘടനകളാണ് ഇതിന് മുന്നിൽ നിന്നത് എന്നത് ശ്രദ്ധേയമാണ്. ഈ വിവരങ്ങൾ വ്യക്തമാക്കുന്നത്, ആഗോള തലത്തിൽ വായ്പാനയത്തിന്റെ കാര്യത്തിൽ വ്യാപകമായ നീക്കുപോക്കുകൾ നടക്കുന്നു എന്നാണ്. പ്രത്യേകിച്ചും വികസ്വര മാർക്കറ്റ് സമ്പദ്ഘടനകളുടെ കാര്യത്തിൽ. ബ്രസീൽ, ചെക്ക് റിപ്പബ്ലിക് പോലുള്ള രാജ്യങ്ങൾ നിരക്കുകൾ താഴ്ത്തി നിശ്ചയിച്ചത് ഇതിന് ഉദാഹരണമാണ്. അർജന്റീന, റഷ്യ തുടങ്ങിയ രാജ്യങ്ങൾ വളർച്ചക്ക് ഉതകുന്ന സമീപനം തുടരുന്നതിന് തീരുമാനിച്ച സാഹചര്യത്തിൽ നിരക്കുകൾ കുറയ്ക്കുന്ന ഘട്ടത്തിലേക്ക് ഈ രാജ്യങ്ങൾ കടക്കുമെന്നാണ് സൂചനകൾ. യൂറോപ്യൻ സെൻട്രൽ ബാങ്ക് , ബാങ്ക് ഓഫ് ഇംഗ്ലണ്ട് തുടങ്ങിയവയും ഇതേ പാത പിൻതുടരുമെന്നാണ് പ്രതീക്ഷിക്കുന്നത്. അതായത് ആഗോളതലത്തിൽ പണപരമായ കാര്യങ്ങളിൽ കൂടുതൽ അയവാർന്ന നിലപാടുകൾ ഇതുമൂലം ഉണ്ടാകുമെന്നാണ് പൊതുവെ കരുതുന്നത്.

പല കേന്ദ്ര ബാങ്കുകളും പലിശ നിരക്ക് കുറയ്ക്കുന്ന ഘട്ടത്തിന് തുടക്കം കുറിച്ചിരി ക്കുകയാണ്.

***സാമ്പത്തിക വളർച്ചയുടെയും പണപരമായ നയങ്ങളുടെയും കാര്യത്തിൽ ആഗോളതലത്തിൽ ശക്തമായ വൈരുധ്യം പ്രകടമാണ്.***

***തുടർച്ചയായി അഞ്ചാം തവണയും റിസർവ് ബാങ്കിന്റെ പണനയ അവലോകന സമിതി (എം പി സി) റീപോ നിരക്ക് 6.5 ശതമാനമായി തുടരുന്നതിന് തീരുമാനിച്ചു. വിപണിയിലേക്ക് കൂടുതൽ പണമെത്തിക്കുന്ന തരത്തിലുള്ള സമീപനത്തിൽ തുടരുക എന്നതായിരുന്നു മറ്റൊരു തീരുമാനം. അതായത്, പണപരമായ നയത്തിന്റെ കാര്യത്തിൽ സ്ഥിരത പുലർത്തുക എന്ന നിലപാടിനാണ് സമിതി ഊന്നൽ നൽകിയത്.***

മഹാമാരിക്ക് ശേഷമുള്ള ഘട്ടത്തിൽ പലിശ നിരക്കിലെ നിയന്ത്രണങ്ങൾ പണപ്പെരുപ്പം കുറയ്ക്കുന്നതിൽ കാര്യമായി ഏശാതെ പോകുന്നു എന്ന വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ കൂടിയാണ് ഇത്. അതായത്, പണപ്പെരുപ്പം പല വഴികളിലൂടെ പെരുകുന്നത് മൂലം വില നിയന്ത്രിക്കുന്ന കാര്യത്തിൽ വായ്പനയം അത്ര കണ്ട് ഫലപ്രദമാകുന്നില്ലെന്ന് സാരം. ഈ സാഹചര്യത്തിൽ പലിശ നിരക്ക് ഉയർത്തുന്ന രീതി അത്ര അഭികാമ്യമല്ലെന്ന വിലയിരുത്തലാണ് പല കേന്ദ്ര ബാങ്കുകൾക്കുമുള്ളത്. എന്നാൽ ഏഷ്യൻ രാജ്യങ്ങളുടെ കാര്യത്തിൽ ഇത് അല്പം ഭിന്നമാണെന്ന് കാണാം. അതുകൊണ്ട് ഇവിടെ കേന്ദ്ര ബാങ്കുകളുടെ നയസമീപനവും നിലപാടും വേറിട്ട് നിൽക്കുകയാണ്. ഏഷ്യൻ രാജ്യങ്ങളുടെ കാര്യത്തിൽ ഇക്കാര്യത്തിൽ പ്രത്യേകമായ ചില പരിഗണനകൾ ആവശ്യമാവുകയാണ് (പട്ടിക 1).

പലിശ നിരക്ക് നിർണ്ണയിക്കൽ – വേറിട്ട ഇന്ത്യൻ പാത ഡിസംബർ മാസത്തിൽ നടന്ന ദ്വിമാസ അവലോകന യോഗത്തിൽ റിസർവ് ബാങ്ക് റിപ്പോ നിരക്ക് 6.5 ശതമാനത്തിൽ നിലനിർത്തുകയുണ്ടായി. അതായത് വളർച്ചാ സാധ്യതക്ക് പരിഗണന നൽകുന്ന നിലപാടിൽ നിന്ന് ഏറെക്കുറെ പിന്നോക്കം പോകുന്ന ഒരു രീതി. പണപ്പെരുപ്പ നിരക്ക് 4 ശതമാനമെന്ന സഹന പരിധിയിലേക്ക് കൊണ്ടുവരുന്നതിനും അതനുസരിച്ച് പണത്തിന്റെ ഒഴുക്ക് ക്രമപ്പെടുത്തുന്നതിനുമായിരുന്നു ഇത്. പണപ്പെരുപ്പ നിയന്ത്രണത്തിന്റെ തുടർച്ചയായ ശ്രദ്ധ പതിപ്പിക്കുകയാണ് ആർ ബി ഐ. എന്നാൽ ഭക്ഷ്യ പണപ്പെരുപ്പവും ഒപ്പം ഭക്ഷ്യ വസ്തുക്കളുടെ വിലയും തുടർച്ചയായി ഉയരുന്നത് റിസർവ് ബാങ്കിന് ആശങ്ക നൽകുന്നുണ്ട്. അതുകൊണ്ട് നിരക്കുകൾ ഉയർത്തുക എന്നതിലെ അപകട സാധ്യത ഈ സമീപനത്തിലൂടെ റിസർവ് ബാങ്ക് വ്യക്തമാക്കുകയാണ്. ഭക്ഷ്യ ഉത്പന്നങ്ങളുടെ വില ഉയരുന്നതിനുള്ള സാദ്ധ്യതകൾ പൊതുവിലുള്ള പണപ്പെരുപ്പത്തെ കാര്യമായി സ്വാധീനിക്കുന്നതാണ് എന്ന വസ്തുതയും ഇവിടെ ചേർത്ത് വായിക്കേണ്ടതുണ്ട്

**മുൻതൂക്കം പണപ്പെരുപ്പ ആശങ്കകൾക്ക്**

ഭക്ഷ്യവിലകളിലെ ചാഞ്ചാട്ടമാണ് പണപ്പെരുപ്പ നിയന്ത്രണലക്ഷ്യങ്ങൾ നേടുന്നതിനുള്ള പ്രധാന വെല്ലുവിളി. കോവിഡ് മഹാമാരിക്കു ശേഷം, റഷ്യ – യുക്രൈൻ യുദ്ധം ഉൾപ്പടെയുള്ള നിരവധി കാരണങ്ങളാൽ ഭക്ഷ്യ ഉത്പന്നങ്ങളുടെ വില പ്രകടമായി ഉയരുകയാണ്. 2022 ഏപ്രിൽ മുതൽ 2023 നവംബർ വരെയുള്ള ഘട്ടത്തിൽ ഭക്ഷ്യ പണപ്പെരുപ്പം ശരാശരി 6.7 ശതമാനം എന്ന നിലയിലായി. ഉപഭോക്തൃ വില സൂചിക (സി പി ഐ) കണക്കാക്കുന്നതിന് 45.9 ശതമാനം വെയ്റ്റേജ് ഭക്ഷ്യവസ്തുക്കൾക്കാണ്. എന്നാൽ പണപ്പെരുപ്പ നിരക്കിൽ, 2022 ഏപ്രിലിൽ 48 ശതമാനമായിരുന്നു ഇതിന്റെ പങ്കെങ്കിൽ 2023 നവംബറിൽ അത് 67 ശതമാനമായി ഉയർന്നു.

ഭക്ഷ്യ പണപ്പെരുപ്പം ഉയർന്ന തോതിൽ തുടരുന്നത് നയരൂപീകരണകർത്താക്കൾക്ക് മേൽ ഉയർത്തുന്ന വെല്ലുവിളികൾ ചില്ലറയല്ല. ഡിസംബർ മാസത്തെ കണക്കുകൾ നോക്കുമ്പോൾ ഭക്ഷ്യ ഉൽപന്നങ്ങളുടെ ഉയർന്ന വിലയും ബെസ്‌ലൈനിലെ പ്രതികൂല സ്ഥിതിയും ചേർന്ന് ചില്ലറ വില്പന വിലയെ

**Table 1:** Interest rate and inflation of major central banks vis-à-vis India (In percentage)

| Central Banks | Policy Rates | Last Policy Action | Date of Last Change | Latest Inflation |
|---|---|---|---|---|
| Federal Reserve | 5.25-5.50 | ↑ 0.25 | Aug-23 | ↑ 3.4 |
| European Central Bank | ↑ 4.5 | ↑ 0.25 | Sep-23 | ↑ 2.9 |
| Bank of England | ↑ 5.25 | ↑ 0.25 | Aug-23 | ↓ 3.9 |
| Bank of Japan | ↓ -0.1 | ↓ -0.2 | Jan-16 | ↓ 2.6 |
| Reserve Bank of India | ↑ 6.5 | ↑ 0.5 | Dec-22 | ↑ 5.7 |

*Source: Respective Central Banks*

*Notes: Last policy actions are bps; Policy and inflation rates are in percentage*

ആധാരമാക്കിയുള്ള പണപ്പെരുപ്പത്തെ നാലു മാസത്തിനിടയിലെ ഏറ്റവും ഉയർന്ന നിരക്കായ 5.7 ശതമാനത്തിലെത്തിച്ചു. മൊത്തവിലയെ ആധാര മാക്കിയുള്ള പണപ്പെരുപ്പം 3.90 ശതമാനം മാത്രമായിരുന്നു. ഭക്ഷ്യ ഉത്പന്നങ്ങളുടെ രംഗത്ത് തുടർച്ചയായ വിലവർധന പ്രകടമായി കണ്ടത് ധാന്യങ്ങൾ, പരിപ്പ് വർഗ്ഗങ്ങൾ, സുഗന്ധ വ്യഞ്ജനങ്ങൾ എന്നിവയുടെ കാര്യത്തി ലായിരുന്നു. ഇവയുടെ വില ഇനിയും ഉയരുമോ എന്നത് ആശങ്കയുണർത്തുന്ന ഘടകമാണ്. പഴങ്ങൾ, പച്ചക്കറികൾ തുടങ്ങിയ ഇനങ്ങളുടെ കാര്യത്തിൽ പണപ്പെരുപ്പം ഇരട്ട അക്കത്തിലാ യിരുന്നുവെന്ന് കാണാം. പഴവർഗ്ഗങ്ങളുടെ കാര്യത്തിൽ ഇത് 11.1 ശതമാനവും പച്ചക്കറികളുടെ കാര്യത്തിൽ 27.6 ശതമാനവുമാണ്. ഖരീഫ് സീസണിൽ ഉത്പാദനം കുറവായിരിക്കുമെന്ന നിഗമനവും റബി സീസണിലെ വിത്ത് വിതയ്ക്കലിന്റെ കാര്യത്തിലെ അനിശ്ചിതാ വസ്ഥയും കണക്കിലെടുക്കുമ്പോൾ ഭക്ഷ്യ രംഗത്തെ വിതരണ ശ്രിംഖലകൾ കൂടുതൽ സമ്മർദ്ദത്തിലാകുന്നുണ്ട്. റബി സീസണിൽ വിത്ത് വിതയ്ക്കൽ ഏതാണ്ട് 4.7 ശതമാനം കണ്ട് കുറയുമെന്നാണ് കണക്കുകൾ വ്യക്തമാകുന്നത്. അണക്കെട്ടുകളിൽ വെള്ളം കുറവായതിനാൽ ധാന്യങ്ങൾ, പരിപ്പ് വർഗ്ഗങ്ങൾ എന്നിവയുടെ കൃഷിയിൽ കാര്യമായ ഇടിവുണ്ടാകുമെന്ന് സൂചനയുണ്ട്. പുതിയ വിളവെടുപ്പ് സീസണിലെ ഉത്പന്നങ്ങൾ ഏപ്രിൽ മാസത്തോടെ മാത്രമേ വിപണികളിലേക്കെത്തൂ. അതുകൊണ്ട് തല്ക്കാലം ഉയർന്ന വില തുടരുന്നതിനുള്ള സാദ്ധ്യതകൾ ശക്തമാണ്. പരിപ്പ് ഇനങ്ങളുടെ കാര്യത്തിൽ സ്ഥിതി കൂടുതൽ പരിതാപകരമാണ്. അതുകൊണ്ട് സർക്കാരിന്റെ സമയബന്ധിതമായ വിപണി ഇടപെടൽ ഈ ഘട്ടത്തിൽ വളരെ അനിവാര്യമാണ്.

പൊതുവിലുള്ള പണപ്പെരുപ്പത്തെ കാര്യമായി സ്വാധീനിക്കുന്ന ഒരു ഘടകമാണ് ഭക്ഷ്യ പണപ്പെരുപ്പം. അതുകൊണ്ട് പണപ്പെരുപ്പത്തിന്റെ കാര്യത്തിലെ ഏറ്റക്കുറച്ചിലിൽ നിർണ്ണായക സ്വാധീനം ചെലുത്തുന്ന ഭക്ഷ്യവിലക്കയറ്റം ഉയർത്തുന്ന വെല്ലുവിളി ചെറുതല്ല (രേഖാചിത്രം 1 ).

എന്നാൽ ആഗോള തലത്തിൽ വിവിധ ഉൽപ്പന്നങ്ങളുടെയും ഭക്ഷ്യ എണ്ണകളുടെയും വിലയിൽ നേരിയ തോതിലാണെങ്കിലും കുറവുണ്ടാകുന്നത് പ്രതീക്ഷയുണർത്തുന്ന കാര്യമാണ്. അടുത്തകാലത്തായി ക്രൂഡ് ഓയിൽ

***പണപ്പെരുപ്പ നിരക്ക് 4 ശതമാനത്തിലേക്ക് താഴ്ത്തുക എന്നതിനാണ് റിസർവ് ബാങ്ക് ലക്ഷ്യമിടുന്നത്. എന്നാൽ അതോടൊപ്പം തന്നെ സമ്പദ്ഘടനയിൽ ലികിഡിറ്റി നിലനിർത്തുക എന്ന ലക്ഷ്യത്തിനും പ്രാധാന്യം നൽകിയിട്ടുണ്ട്.***

**Figure 1:** Headline inflation pushed up by food prices




*Source: MOSPI*

വില കുറഞ്ഞ തോതിലാണെങ്കിലും ആഗോള രാഷ്ട്രീയ രംഗത്തെ അനിശ്ചിതത്വം വലിയ ഭീഷണിയാണ് ഉയർത്തുന്നത്. ഈ സാഹചര്യത്തിൽ 2023–24ലെ മൂന്നാം പാദത്തിൽ പണപ്പെരുപ്പം 5.6 ശതമാനത്തിലും നാലാം പാദത്തിൽ 5.2 ശതമാനവുമായിരിക്കുമെന്നാണ് കണക്കാക്കുന്നത്. 2024–25 സാമ്പത്തിക വർഷത്തിന്റെ തുടക്കത്തിൽ ഇത് 5.2 ശതമാനമെന്ന തോതിലായിരിക്കുമെന്നും പ്രതീക്ഷിക്കുന്നു (രേഖാചിത്രം 2).

സാധനങ്ങളുടെ വില കുറയുന്നതിനും ഡിമാൻഡ് സമ്മർദ്ദം ലഘൂകരിക്കപ്പെടുന്നതിനുമൊപ്പം പണപ്പെരുപ്പം തുടർച്ചയായി കുറയുന്നു എന്നത് നല്ല ലക്ഷണമാണ്. എന്നാൽ ഭക്ഷ്യ പണപ്പെരുപ്പം ഉയർന്ന തലത്തിൽ തുടരുന്നത് കടുത്ത ആശങ്കയായി നില കൊള്ളുന്നു. ഇതിനൊപ്പം ഖരീഫ് വിളവ് കുറയുന്നു എന്ന വിലയിരുത്തലും റബി സീസണിലെ കൃഷിപ്പണികൾ മന്ദഗതിയിലായതും ഭക്ഷ്യ പണപ്പെരുപ്പം വീണ്ടും ഉയരുന്ന സ്ഥിതിയുണ്ടാക്കുന്നു. അത് പൊതുവിലുള്ള പണപ്പെരുപ്പത്തെ കാര്യമായി സ്വാധീനിക്കുകയും ചെയ്യും. ഈ സാഹചര്യത്തിൽ പൊതുവിതരണ രംഗത്ത് സർക്കാർ ഇടപെടൽ ശക്തമാക്കുക എന്നത് നിർണ്ണായകമാണ്.

2023–24 സാമ്പത്തിക വർഷത്തിലുടനീളം ബേസ് എഫക്ടിന്റെ മികച്ച സ്വാധീനം പ്രതീക്ഷിക്കുന്നു. ഇത് വില നിലവാരത്തിന്റെ കാര്യത്തിൽ ആശ്വാസം പകരുമെന്ന് പ്രതീക്ഷിക്കാം. ജനുവരി മുതൽ മാർച്ച്

**Figure 2:** Headline inflation forecast by RBI for three periods




*Source: RBI*

വരെയുള്ള മാസങ്ങളിൽ പുതിയ വിളവുകൾ വിപണിയിലെത്തുന്നതും അനുകൂലമായ സാഹചര്യമുളവാക്കുമെന്ന് പ്രതീക്ഷിക്കുകയാണ്.

**ആഗോള വളർച്ചയിലെ ആശങ്ക**

ആഗോളതലത്തിൽ വിവിധ രാജ്യങ്ങളിൽ വളർച്ചാ നിരക്ക് താഴുന്നു എന്നതാണ് സ്ഥിതി . അന്താരാഷ്ട്ര നാണയനിധിയും (ഐ എം എഫ്) ആഗോള സാമ്പത്തിക വിലയിരുത്തലും സൂചിപ്പിക്കുന്നത് 2023ൽ 3 ശതമാനം വളർച്ചാ നിരക്ക് ഉണ്ടാകുമെന്നാണ്. 2024ൽ അത് 2.9 ശതമാനത്തിലേക്ക് താഴുമെന്നും കണക്കാക്കുന്നു. അതായത് ഈ ദശകത്തിലെ ഏറ്റവും മിതമായ തോതിലുള്ള വളർച്ച മാത്രമാണ് 2024ൽ പ്രതീക്ഷിക്കുന്നത്. വികസിത രാജ്യങ്ങളിലാണ് കൂടുതൽ രൂക്ഷമായ സ്ഥിതി. 2022ൽ വളർച്ച 2.6 ശതമാനമായിരുന്നെങ്കിൽ 2023ൽ അത് 1.5 ശതമാനത്തിലേക്ക് താഴ്ന്നു. 2024ൽ പ്രതീക്ഷിക്കുന്നത് 1.4 ശതമാനം വളർച്ചയാണ്. പണപ്പെരുപ്പം നിയന്ത്രിക്കുന്നതിന് സ്വീകരിച്ച നയപരമായ നടപടികൾ വളർച്ചയെ പ്രതികൂലമായി ബാധിച്ചുവെന്ന് വിലയിരുത്താം.

ആഗോള സാമ്പത്തിക മേഖല തിരിച്ചുവരവിന്റെ ലക്ഷണങ്ങൾ പ്രകടമാക്കുന്നുണ്ടെങ്കിലും അത് കോവിഡ് മഹാമാരിക്ക് മുൻപുണ്ടായിരുന്ന സ്ഥിതിയിലേക്ക് ഇനിയും എത്തിയിട്ടില്ല. ഈ പ്രതിസന്ധി വികസ്വര രാജ്യങ്ങളിലാണ് രൂക്ഷമായി പ്രകടമാകുന്നത്. പ്രാദേശികമായ അസമത്വത്തിലേക്കാണ് ഇത് ലോകത്തെ നയിക്കുക. ആഗോളതലത്തിൽ രാജ്യങ്ങൾ തങ്ങളുടെ സമ്പദ് വ്യവസ്ഥകൾ ശക്തമാക്കുന്നതിനുള്ള കർശന നിലപാടുകൾ സ്വീകരിക്കുകയാണ്. ഇത് ലോകവ്യാപാരത്തെ വളരെ പ്രതികൂലമായി ബാധിക്കുന്നു. വിതരണ ശ്രിംഖല ശക്തമാക്കുന്നതിനുള്ള ശ്രമങ്ങൾ തുടരുന്നുണ്ടെങ്കിലും കടബാധ്യത പെരുകുന്നതും രാഷ്ട്രീയമായ സംഘർഷ സ്ഥിതിയും കാലാവസ്ഥാ വ്യതിയാനവും അടക്കമുള്ള കാര്യങ്ങൾ രാജ്യങ്ങൾക്ക് മേൽ ചെറുതല്ലാത്ത വെല്ലുവിളിയാണ് ഉയർത്തുന്നത്. ഇത് ആഗോള വളർച്ചയെയും പണപ്പെരുപ്പ നിയന്ത്രണത്തെയും പ്രതികൂലമായി ബാധിക്കുന്ന ഘടകങ്ങളാണ്.

**രാഷ്ട്രീയമായ വെല്ലുവിളികൾ**

മധ്യേഷ്യൻ രാജ്യങ്ങളിൽ ഉണ്ടായിരിക്കുന്ന പ്രതിസന്ധി ആഗോളതലത്തിൽ കാര്യങ്ങൾ കൂടുതൽ സങ്കീർണ്ണമാക്കുകയാണ്. റഷ്യ – യുക്രൈൻ യുദ്ധം തുടരുന്നതും അമേരിക്ക, തായ്

***വളരെ പോസിറ്റീവായി ജി ഡി പി വളർച്ചയെ വിലയിരുത്തിയ റിസർവ് ബാങ്ക് പിന്നീട് പ്രതീക്ഷിക്കുന്ന വളർച്ചാ നിരക്ക് 7 ശതമാനമാക്കി.***

വാൻ തുടങ്ങിയ രാജ്യങ്ങളിൽ ഈ വർഷം തിരഞ്ഞെടുപ്പ് നടക്കുന്നതും ഒപ്പം ചൈനയുമായുള്ള ശീതസമരവുമെല്ലാം ഇത്തരം അപകട സാധ്യത ഉയർത്തുകയാണ്. ചൈനയിൽ നിന്നുള്ള ഇലക്ട്രിക് വാഹനങ്ങളുടെ ഇറക്കുമതിയെ കുറിച്ച് യൂറോപ്യൻ യൂണിയൻ നടത്തുന്ന പരിശോധന രാജ്യാന്തര വ്യാപാര മേഖലയിൽ സമ്മർദ്ദം ശക്തമാക്കുകയാണ്.

**സ്റ്റാഗ്ഫ്ളേഷൻ ആശങ്ക**

പല പ്രമുഖ രാജ്യങ്ങളിലും പണപ്പെരുപ്പ നിരക്ക് മെല്ലെ താഴുന്നുണ്ടെങ്കിലും ഉപഭോക്തൃ വില സൂചികയെ അടിസ്ഥാനമാക്കിയുള്ള പണപ്പെരുപ്പം (സി പി ഐ) ഉയർന്നു നില്ക്കുന്നവെന്നത് മറ്റൊരു ആശങ്കയാണ്. പലിശ നിരക്കുകൾ കൂടിയിട്ടും ഉയർന്ന പണപ്പെരുപ്പത്തിന്റെ പ്രശ്നത്തിന് ഇനിയും അറുതി വന്നിട്ടില്ല. അതുപോലെ തൊഴിലില്ലായ്മ നിരക്ക് ചരിത്രത്തിലെ ഏറ്റവും ഉയർന്ന തോതിലേക്ക് കടക്കുന്നു. കൂലിയിലെ വർധനയും ജീവിതച്ചെലവും തമ്മിൽ പൊരുത്തപ്പെടുന്നില്ല. യൂറോപ്പിലെ പല രാജ്യങ്ങളിലും വേതന വർദ്ധനവിന് വേണ്ടിയുള്ള സമരങ്ങൾ ശക്തമാവുകയാണ്. അമേരിക്കയിലെ മോട്ടോർ വാഹന മേഖലയിലുണ്ടായ പണിമുടക്ക് മറ്റു രാജ്യങ്ങളിലേക്ക് പടരുമോ എന്ന ആശങ്കയും ശക്തമായിട്ടുണ്ട്. ഈ സാഹചര്യത്തിൽ പാവപെട്ട ജനങ്ങൾക്ക് ആശ്വാസം നൽകുന്നതിന് ലക്ഷ്യമിട്ടുകൊണ്ടുള്ള ധനനയങ്ങളും പണപ്പെരുപ്പം നിയന്ത്രിക്കുന്നതിനായുള്ള പണനയവും നേർക്ക് നേർ വരുമ്പോൾ ധനനയങ്ങൾക്ക് കൂടുതൽ പ്രാമുഖ്യം വരുന്നത് കാണാം. ഇത് ഹൃസ്വകാലത്തേക്ക് ഒരു 'സ്റ്റാഗ്ഫ്ളേഷൻ' അവസ്ഥയിലേക്ക് കാര്യങ്ങളെ എത്തിച്ചേക്കാം.

**പണനയത്തിലെ പോരായ്മകൾ**

വിവിധ രാജ്യങ്ങളിലെ കേന്ദ്ര ബാങ്കുകൾ ശക്തമായ നടപടികൾ സ്വീകരിക്കുമ്പോഴും പണപ്പെരുപ്പത്തിന്റെ കാര്യത്തിലെ അനിശ്ചിതത്വം ഇനിയും വഴി മാറിയിട്ടില്ല. ഇത്തരം നടപടികൾ കൂടുതൽ കർക്കശമാക്കുന്നതിനും ഒപ്പം കൂടുതൽ കാലത്തേക്ക് തുടരുന്നതിനുമുള്ള സാദ്ധ്യതകൾ ശക്തമാണ്. ഇത് ആത്യന്തികമായി ഒരു സാമ്പത്തിക മാന്ദ്യത്തിലേക്ക് നയിച്ചേക്കാം എന്ന പ്രശ്നമുണ്ട്. ഇത്തരം വസ്തുതകൾ കണക്കിലെടുക്കുമ്പോൾ കേന്ദ്ര ബാങ്കുകൾ വിശ്വാസ്യതയുടെ കാര്യത്തിൽ വലിയ വെല്ലുവിളി തന്നെയാണ് നിലവിൽ നേരിട്ടുകൊണ്ടിരിക്കുന്നത്. ഇതിനെല്ലാം പുറമെ ഓരോ കേന്ദ്ര ബാങ്കും സ്വീകരിക്കുന്ന പ്രത്യേക നടപടികൾ ആഗോള സാമ്പത്തിക മേഖലയിൽ കൂടുതൽ അനിശ്ചിതത്വത്തിന് വഴിയൊരുക്കുന്നതാണ്.

**യൂറോപ്യൻ മേഖലയിലെ ഊർജപ്രതിസന്ധി**

മധ്യേഷ്യൻ രാജ്യങ്ങളിലെ പ്രതിസന്ധി എണ്ണയുടെയും വാതകങ്ങളുടെയും വിതരണത്തെ കാര്യമായി ബാധിച്ചേക്കാമെന്ന ആശങ്ക കനക്കുകയാണ്. യൂറോപ്യൻ രാജ്യങ്ങളിൽ ഊർജ വില ഉയരുന്നത് വ്യാവസായിക ഉത്പാദനത്തെ പ്രതികൂലമായി ബാധിക്കുന്നുണ്ടെന്നാണ് നിഗമനം. ഇത് ജീവിതച്ചെലവുകൾ ഉയർത്തുന്നതിന് പുറമെ മത്സരക്ഷമത കുറയുന്നതിനും ഉപഭോക്താക്കൾ ചെലവ് ചെയ്യുന്നതിൽ കുറവ് വരുത്തുന്നതിനും വഴിയൊരുക്കുന്നുണ്ട്. ആഗോള എണ്ണ വിലയിലെ ചാഞ്ചാട്ടം പണപ്പെരുപ്പത്തിന്റെ ആശങ്കയെ കൂടുതൽ ശക്തമാക്കുകയാണ്.

***പണത്തിന്റെ ഒഴുക്കിന്റെ കാര്യത്തിലെ നിയന്ത്രണങ്ങൾ കൂടുതൽ കർക്കശമാക്കുക എന്ന നിലപാട് ശ്രദ്ധാപൂർവം വേണ്ട ഒന്നാണെന്നാണ് റിസർവ് ബാങ്ക് കരുതുന്നത്.***

### ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയിലെ പ്രതിഫലനം

ഫസ്റ്റ് അഡ്വാൻസ്ഡ് എസ്റ്റിമേറ്റ് പ്രകാരം 2023–24ൽ കേന്ദ്ര സർക്കാർ ജി ഡി പി വളർച്ച 7.3 ശതമാനമാകുമെന്ന് പ്രതീക്ഷിക്കുമ്പോൾ റിസർവ് ബാങ്ക് കണക്കാക്കുന്നത് 7 ശതമാനമാണ്. മറ്റു രാജ്യങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ഇന്ത്യ മികച്ച വളർച്ചയാണ് പ്രതീക്ഷിക്കുന്നതെങ്കിലും സ്വകാര്യ ഉപഭോഗ ഡിമാൻഡിലെ തളർച്ചയും സേവന മേഖലയുടെ മന്ദഗതിയും ആശങ്ക ഉയർത്തുന്ന ഘടകങ്ങളാണ്. കാരണം, മുതൽമുടക്കിന്റെ കാര്യത്തിലെ വളർച്ച ഉപഭോഗ രംഗത്തെ വളർച്ചയുടെ കാര്യത്തിൽ നിർണ്ണായക ഘടകമാണ്. ആഗോളതലത്തിൽ പ്രകടമാകുന്ന പ്രതിസന്ധികളും വളർച്ചാ സാധ്യതയുടെ മേൽ കരിനിഴൽ വീഴ്ത്തുന്നു.

### റിസർവ് ബാങ്കിന്റെ വളർച്ചാ അനുമാനം

2023–24 സാമ്പത്തിക വർഷത്തിൽ റിസർവ് ബാങ്ക് പ്രതീക്ഷിക്കുന്ന ജി ഡി പി വളർച്ച 7 ശതമാനമാണ്. ഈയടിസ്ഥാനത്തിൽ മൂന്നാം പാദത്തിൽ കണക്കാക്കിയിരിക്കുന്നത് 6.5 ശതമാനമാണ്. 2023 ആഗസ്റ്റിൽ ഇത് 6 ശതമാനമായാണ് കണക്കാക്കി യിരുന്നത്. നാലാം പാദത്തിൽ നേരത്തെ കണക്കാക്കിയിരുന്നത് 5.7 ശതമാനമായിരുന്നെങ്കിൽ ഇപ്പോൾ കണക്കാക്കിയിരിക്കുന്നത് 6 ശത മാനമാണ്. 2024–25 സാമ്പത്തിക വർഷത്തെ ഒന്നാം പാദത്തിൽ 6.7 ശതമാനം വളർച്ച പ്രതീക്ഷി ക്കുമ്പോൾ രണ്ടാം പാദത്തിൽ 6.5 ശതമാനവും മൂന്നാം പാദത്തിൽ 6.4 ശതമാനവുമാണ് പ്രതീക്ഷിക്കുന്ന വളർച്ച.

മൂന്നാം പാദത്തിൽ മാനുഫാക്റ്ററിങ് മേഖല കൂടുതൽ മികവ് പ്രകടമാക്കുമെന്ന് റിസർവ് ബാങ്ക് കണക്കാക്കുന്നു. എട്ടു സുപ്രധാന മേഖല കളിലെ വളർച്ചയും പർച്ചേസിംഗ് മാനേജേഴ്സ് സൂചികയും (പി എം ഐ) വിലകളിലെ കുറവുമാണ് ഇതിന് ആധാരമായി റിസർവ് ബാങ്ക് എടുത്തിരിക്കുന്നത്. ഇ –വേ ബിൽ, ടോൾ പിരിവ്, തുറമുഖങ്ങളിലെ ചരക്ക് നീക്കം, റെയിൽവേ ചരക്കിന്റെ ഉയർന്ന വ്യാപ്തം, ഡീസൽ ഉപയോഗം, ജി എസ് ടി വരുമാനം തുടങ്ങിയ ഘടകങ്ങൾ സേവന മേഖലയിലെ ഉത്തേജനത്തിന്റെ സൂചകങ്ങളായി റിസർവ് ബാങ്ക് കണക്കാക്കി യിരിക്കുന്നു.

ഡിമാൻഡ് സൈഡ് പരിഗണിക്കുമ്പോൾ നഗര മേഖലയിൽ അത് താരതമ്യേന സ്ഥിരത പുലർത്തുന്നതായി കാണാം. വിമാനയാത്രികരുടെ എണ്ണം, കാറുകളുടെ വില്പന, കുടുംബ വായ്പ തുടങ്ങിയ ഘടകങ്ങൾ ഇത് വ്യക്തമാക്കുന്നുണ്ട്. എഫ് എം സി ജി കമ്പനികളുടെ വിൽപ്പനയിലെ വളർച്ച കണക്കിലെടുക്കുമ്പോൾ ഗ്രാമീണ മേഖലയിലും ഡിമാൻഡ് ഉയരുന്നുവെന്ന് വിലയിരുത്താൻ കഴിയും. ഉത്സവ സീസണിലെ അധിക ഡിമാൻഡ് കൂടുതൽ ഉത്തേജനം പകരുന്നതാണ്. സർക്കാരിന്റെ പൊതുചെലവുകൾ ഉയരുന്നത് നിക്ഷേപ രംഗത്തെ ചെലവുകൾക്ക് ഉത്തേജനം നൽകുന്നതാണ്. സ്വകാര്യ മാനുഫാക്റ്ററിങ് കമ്പനികളുടെ കാര്യത്തിലും ഉൽപ്പാദനശേഷി വിനിയോഗം മികച്ച തോതിൽ നടക്കുന്നുവെന്നത് പ്രധാനമാണ്.

വളർച്ചയുടെ കാര്യത്തിൽ പിന്നോക്കം പോകുന്നതിന് ചില നിർണ്ണായക സാദ്ധ്യതകൾ അംഗീകരിക്കുന്നുണ്ടെങ്കിലും റിസർവ് ബാങ്ക് ശുഭാപ്തി വിശ്വാസത്തോടെയാണ് വളർച്ചാ സാധ്യതകളെ കാണുന്നത്. എൽ നിനോ പ്രതിഭാസം റബി സീസണിലെ വിതയ്ക്കലിന്റെ കാര്യത്തിൽ ഉണ്ടാക്കുന്ന പ്രതിസന്ധി ഉൾപ്പടെയുള്ള വശങ്ങളാണ് റിസർവ് ബാങ്ക്

***പണപ്പെരുപ്പം 4 ശതമാനം എന്ന തോതിൽ നിയന്ത്രിക്കുന്നതിനാണ് റിസർവ് ബാങ്ക് ഊന്നൽ നൽകുന്നത്. ഈ ലക്ഷ്യത്തിനനുസൃതമായി പണത്തിന്റെ ഒഴുക്ക് ക്രമപ്പെടുത്തുക എന്ന ലൈനാണ് സ്വീകരിച്ചത്. സാധ്യമായ റിസ്ക് പരിഗണിച്ചും സാമ്പത്തിക മേഖലയിലെ ഡേറ്റയുടെയും പണപ്പെരുപ്പത്തിന്റെ തോതിനെയും കണക്കിലെടുത്തുകൊണ്ട് വളരെ ശ്രദ്ധാപൂർവം പണത്തിന്റെ നിയന്ത്രണം കർശനമാക്കുക എന്നതാണ് റിസർവ് ബാങ്ക് സ്വീകരിക്കുന്ന നിലപാട്.***

നിർണ്ണായകമായി കാണുന്നത്. ഇത് കാർഷിക മേഖലയുടെ വളർച്ചയെയും അതുവഴി ഗ്രാമീണ ഡിമാൻഡിനെയും പ്രതികൂലമായി സ്വാധീനിച്ചേക്കാം. ഇതിനു പുറമെ, ബേസ് എഫക്ടിന്റെ പ്രതിഫലനം മെല്ലെ മായുന്നതും വളർച്ചാ കണക്കുകളെ പ്രതികൂലമായി സ്വാധീനിക്കുന്ന ഘടകമാണ്.

### റിസർവ് ബാങ്കിന്റെ പുതുക്കിയ വളർച്ചാ അനുമാനം

ശുഭാപ്തിവിശ്വാസത്തിനിടയിലെ അപായ സൂചനകൾ വളർച്ചയുടെ കാര്യത്തിലെ ശുഭാപ്തി വിശ്വാസം പങ്ക് വച്ചുകൊണ്ട് 2023–24 സാമ്പത്തിക വർഷത്തിൽ റിസർവ് ബാങ്ക് പ്രതീക്ഷിക്കുന്നത് 7 ശതമാനം വളർച്ചയാണ്. നിരവധി ഘടകങ്ങൾ ഇതിനെ സ്വാധീനിക്കുന്നുണ്ട്. ആഗോള സാമ്പത്തിക രംഗത്തെ, പ്രത്യേകിച്ച് അമേരിക്ക, യൂറോപ്പ്, ജപ്പാൻ എന്നിവിടങ്ങളിലെ, മാന്ദ്യവും ഇതിൽ പ്രധാനമാണ്. പലിശ നിരക്കുകളിൽ ഇളവ് വരുത്തുന്നതിനുള്ള യു .എസ് ഫെഡറൽ റിസർവിന്റെ തീരുമാനത്തിലെ അനിശ്ചിതത്വവും ഇന്ത്യയിൽ റബി സീസണിലെ വിതയുടെ കാര്യത്തിൽ എൽ–നിനോ പ്രതിഭാസത്തിന്റെ ആഘാതം തുടങ്ങിയ കാര്യങ്ങൾ വളർച്ചയുടെ കാര്യത്തിലെ പ്രതികൂല ഘടകങ്ങളാണ്.

എൽ–നിനോ പ്രതിഭാസം അടക്കമുള്ള ഘടകങ്ങളുടെ സ്വാധീനം കാരണം കാർഷികോല്പാദനത്തിൽ ഇടിവ് സംഭവിച്ചാൽ അത് ഗ്രാമീണ ഡിമാന്റിനെയും കോർപറേറ്റ് ലാഭത്തെയും ദോഷകരമായി ബാധിക്കും. അതുകൊണ്ട് ഏറെ ശ്രദ്ധയോടെയുള്ള ഒരു സമീപനമാണ് ആവശ്യമായി വരുന്നത്. റബി സീസണിലെ വിത്ത് വിതയ്ക്കലിനെ കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ ലഭ്യമായാൽ മാത്രമേ ജി ഡി പിയുടെ കാര്യത്തിൽ അത് എന്ത് ആഘാതമാണ് ഉളവാക്കുക എന്ന് വിലയിരുത്താൻ കഴിയൂ.

ഇക്കാര്യങ്ങൾ കണക്കിലെടുത്ത് ഐ സി ആർ എ പോലുള്ള റേറ്റിംഗ് ഏജൻസികൾ ഇന്ത്യയുടെ വളർച്ചയുടെ അനുമാനം 50 ബേസിസ് പോയിന്റ് താഴ്ത്തി 6 ശതമാനമായി നിജപ്പെടുത്തിയിരിക്കുകയാണ്. മഴലഭ്യതയിലെ ഏറ്റക്കുറച്ചിൽ. ഉത്പന്ന വിലയിലെ വ്യതിയാനം, സർക്കാരിന്റെ മൂലധനച്ചെലവുകളിലെ ഇടിവ്, വിദേശ ഡിമാൻഡിലെ ഇടിവ്, പണമൊഴുക്ക് നിയന്ത്രിക്കുന്നതിനുള്ള ശക്തമായ നടപടികൾ തുടങ്ങിയ കാരണങ്ങളാണ് ഇത്തരത്തിൽ വളർച്ചാ നിരക്ക് താഴ്ത്തി നിശ്ചയിക്കുന്നതിന് കാരണം. ഗോൾഡ്മാൻ സാക്സ് പ്രതീക്ഷിക്കുന്നത് 6.3 ശതമാനം വളർച്ചയാണ് . കേന്ദ്ര സർക്കാരും റിസർവ് ബാങ്കും കണക്കാക്കുന്നതിനേക്കാൾ താഴെയാണ് ഇത് .

### ഉപസംഹാരം

2023–24 സാമ്പത്തിക വർഷത്തിൽ പണപ്പെരുപ്പ നിരക്ക് 5–5.5 ശതമാനം എന്ന നിലയിൽ തുടരുന്നതിനാണ് സാധ്യത. എന്നാൽ ഭക്ഷ്യ വിഭവങ്ങൾ, ക്രൂഡ് ഓയിൽ എന്നിവയുടെ വിലയിലെ ചാഞ്ചാട്ടം പണപ്പെരുപ്പ നിരക്കിനെ സമ്മർദ്ദത്തിലാക്കുന്നു . ഗോതമ്പ്, പരിപ്പിനങ്ങൾ, സുഗന്ധവ്യഞ്ജനങ്ങൾ എന്നിവയുടെ വില ഉയരുന്നത് ഈ ആശങ്ക കൂടുതൽ ശക്തിപ്പെടുത്തുന്നു. ആഗോളതലത്തിൽ അരി, പഞ്ചസാര എന്നിവയുടെ വിലയിലും പ്രകടമായ

**Figure 3:** RBI's growth projections revised upwards




*Source: RBI*

മുന്നേറ്റമുണ്ട്. എന്നാൽ, സർക്കാരിന്റെ ഫലപ്രദമായ ഇടപെടലും ആഗോള തലത്തിൽ ഉത്പന്ന വിലയിൽ കാണുന്ന നേരിയ ഇടിവും നേരിയ ആശ്വാസം പകരുന്നുണ്ട്. നടപ്പ് സാമ്പത്തിക വർഷത്തിൽ പണപ്പെരുപ്പത്തിന്റെ മേഖലയിൽ ഏറെക്കുറെ സമതുലിതമായ അവസ്ഥ പ്രതീക്ഷിക്കാൻ കഴിയും.

സാമ്പത്തിക വളർച്ചയെ സ്വാധീനിക്കുന്ന പല ഘടകങ്ങളുമുണ്ട്. അമേരിക്ക, യൂറോപ്പ്, ജപ്പാൻ എന്നിവിടങ്ങളിലെ മാന്ദ്യം, ഒപ്പം പലിശ നിരക്കിൽ ഇളവ് വരുത്തുന്ന കാര്യത്തിൽ യു എസ് ഫെഡറൽ റിസർവ് പ്രകടമാക്കുന്ന അനിശ്ചിതത്വം തുടങ്ങിയ കാര്യങ്ങൾ ഇതിൽ പ്രധാനമാണ്. അതുപോലെ എൽ– നിനോ പ്രതിഭാസം ഇന്ത്യയിൽ റബി സീസണിലെ കാർഷിക വൃത്തികളെ എത്രത്തോളം സ്വാധീനിക്കും എന്നതടക്കമുള്ള കാര്യങ്ങളും ഏറെ നിർണ്ണായകമാണ്. കാർഷിക മേഖലയിൽ വളർച്ച കുറയുന്നത് സ്വാഭാവികമായും ഗ്രാമീണ ഡിമാന്റിനെയും കോർപറേറ്റ് ലാഭത്തെയും ദോഷകരമായി സ്വാധീനിക്കും. ഇത്തരം ഘടകങ്ങൾ കൂടി കണക്കിലെടുക്കുമ്പോൾ സാമ്പത്തിക വളർച്ചയുടെ കണക്കുകളുടെ കാര്യത്തിൽ വളരെ ശ്രദ്ധാപൂർവ്വമായ ഒരു സമീപനം ആവശ്യമാണെന്ന് കാണാൻ കഴിയും.

■

(ഗുലാത്തി ഇൻസ്റ്റിട്യൂട്ട് ഓഫ് ഫിനാൻസ് ആൻഡ് ടാക്സേഷനിലെ അസിസ്റ്റന്റ് പ്രഫസറാണ് ലേഖിക)

കേരള ഇക്കോണമി
പുസ്തകം 4 ലക്കം 4
ഒക്ടോബർ – ഡിസംബർ 2023



Relfi Paul

# GST revenue growth dips to a 3-month low in December, 2023

The average monthly GST collection for the third quarter of financial year 2023-24 stands at Rs1.68 lakh crore, compared to Rs1.49 lakh crore of same period last year. In October, November and December 2023, the gross GST collection witnessed a robust 12% y-o-y growth, reaching Rs5,04,814 lakh crore, as against Rs4,47,092 lakh crore collected in the same period of the previous year. In October, the gross GST collection was Rs172003 lakh crore which marked the second highest monthly receipts from the date of inception. In November it marginally down to Rs167929 lakh crore. In December 2023, the GST collection was Rs1,64,882 crore, with year-on-year growth slowing to a three-month low of 10.3% from a 15.1% rise in the previous month. December's GST collection, is about 1.8% lower than previous month. The total December GST revenue includes CGST of Rs 30,443 crore, SGST of Rs 37,935 crore and IGST of Rs 84,255 crore (including Rs 41,534 crore from the import of goods), and cess amounted to Rs 12,249 crore (including Rs 1,079 crore from the import of goods). The details of CGST, SGST, IGST and Cess collection during the third quortor of FY 2023-24 are given in the below chart (Figure -1).

In October, 2023 the government has settled Rs 42,873 crore to CGST and Rs 36,614 crore to SGST from IGST. The total revenue of Centre and the States is Rs 72,934 crore Rs 74,785 crore respectivily. In November, the Centre and the States received Rs 68,297 crore and Rs 69,783 crore respectively after regular settlement. In December, 2023 it increased to Rs 70,501 crore and Rs 71,587 crore. This figures shows that the earlier growth rate is not going in that same pace (Figure -2).

The State of Kerala has collected a total of Rs 7217 crore from GST during the third quarter of financial year 2023-24 which is Rs 920 crore lower than the collection of same period of last financial year. The main cause of this lower collection is because of the compensation arrear of Rs 772 crore received in November 2022 which is discontinued. The State has collected Rs 2542 crore in October 2023, both from SGST and share of IGST. It was ?2,252 crore in November and Rs 2,422 crore in December 2023.

### Highlights of 52$^{nd}$ GST Council Meeting

The 52nd GST Council met under the Chairpersonship of Hon'ble Union Minister for Finance & Corporate Affairs Smt. Nirmala Sitharaman in New Delhi on




*Note: Rs in lakh crore*

*Source: Compiled from various PIB press releases*




*Note: Rs. In crore*

*Source: State GST Department*

7th October, 2023. The meeting was also attended by Union Minister of State for Finance Shri Pankaj Chaudhary, besides Finance Ministers of States & UTs and senior officers. The meeting, inter-alia the following recommendations relating to changes in tax rates, measures for trade facilitation and streamlining compliances in GST were made:

**A. Recommendations relating to GST rates on Goods and Services**

**I. Changes in GST rates of Goods**

1. GST rates on "Food preparation of millet flour in powder form, containing at least 70% millets by weight", falling under HS 1901, with effect from date of notification, have been prescribed as:

(a) 0% if sold in other than pre-packaged and labelled form

(b) 5% if sold in pre-packaged and labelled form

2. To clarify that imitation zari thread or yarn made out of metallised polyester film /plastic film, falling under HS 5605, are covered by the entry for imitation zari thread or yarn attracting 5% GST rate. However, no refund will be allowed on polyester film (metallised) /plastic film on account of inversion.

3. Foreign going vessels are liable to pay 5% IGST on the value of the vessel if it converts to coastal run. GST Council recommends conditional IGST exemption to foreign flag foreign going vessel when it converts to coastal run subject to its reconversion to foreign going vessel in six months.

**II. Other changes relating to Goods**

1. GST Council recommended to keep Extra Neutral Alcohol (ENA) used for manufacture of alcoholic liquor for human consumption outside GST.

2. Council recommended to reduce GST on molasses from 28% to 5%. This step will increase liquidity with mills and enable faster clearance of cane dues to sugarcane farmers.

3. A separate tariff HS code has been created at 8 digit level in the Customs Tariff Act to cover rectified spirit for industrial use. The GST rate notification will be amended to create an entry for ENA for industrial use attracting 18% GST.

**III. Changes in GST rates of Services**

1. Entries at Sl. No. 3 and 3A of notification No. 12/2017-CTR dated 28.06.2017 exempts pure and composite services provided to Central/State/UT governments and local authorities in relation to any function entrusted to Panchayat/ Municipality under Article 243G and 243W of the Constitution of India. The GST Council has recommended to retain the existing exemption entries with no change.

2. The Council has also recommended to exempt services of water supply, public health, sanitation conservancy, solid waste management and slum improvement and upgradation supplied to Governmental Authorities.

**IV. Other changes relating to Services**

1. To clarify that job work services for processing of barley into malt attracts GST @ 5% as applicable to "job work in

relation to food and food products" and not 18%.

2. With effect from 1st January 2022, liability to pay GST on bus transportation services supplied through Electronic Commerce Operators (ECOs) has been placed on the ECO under section 9(5) of CGST Act, 2017. This trade facilitation measure was taken on the representation of industry association that most of the bus operators supplying service through ECO owned one or two buses and were not in a position to take registration and meet GST compliances. To arrive at a balance between the need of small operators for ease of doing business and the need of large organized players to take ITC, GST Council has recommended that bus operators organised as companies may be excluded from the purview of section 9(5) of CGST Act, 2017. This would enable them to pay GST on their supplies using their ITC.

3. To clarify that District Mineral Foundations Trusts (DMFT) set up by the State Governments across the country in mineral mining areas are Governmental Authorities and thus eligible for the same exemptions from GST as available to any other Governmental Authority.

4. Supply of all goods and services by Indian Railways shall be taxed under Forward Charge Mechanism to enable them to avail ITC. This will reduce the cost for Indian Railways.

**B. Measures for trade facilitation**

1. Amnesty Scheme for filing of appeals against demand orders in cases where appeal could not be filed within the allowable time period: The Council has recommended providing an amnesty scheme through a special procedure under section 148 of CGST Act, 2017 for taxable persons, who could not file an appeal under section 107 of the said Act, against the demand order under section 73 or 74 of CGST Act, 2017 passed on or before the 31st day of March, 2023, or whose appeal against the said order was rejected solely on the grounds that the said appeal was not filed within the time period specified in sub-section (1) of section 107. In all such cases, filing of appeal by the taxpayers will be allowed against such orders upto 31st January 2024, subject to the condition of payment of an amount of pre-deposit of 12.5% of the tax under dispute, out of which at least 20% (i.e. 2.5% of the tax under dispute) should be debited from Electronic Cash Ledger. This will facilitate a large number of taxpayers, who could not file appeal in the past within the specified time period.

2. Clarifications regarding taxability of personal guarantee offered by directors to the bank against the credit limits/loans being sanctioned to the company and regarding taxability of corporate guarantee provided for related persons including corporate guarantee provided by holding company to its subsidiary company: The Council has inter alia recommended to:

(a) issue a circular clarifying that when no consideration is paid by the company to the director in any form, directly or indirectly, for providing personal guarantee to the bank/ financial institutes on their behalf, the

open market value of the said transaction/ supply may be treated as zero and hence, no tax to be payable in respect of such supply of services.

(b) to insert sub-rule (2) in Rule 28 of CGST Rules, 2017, to provide for taxable value of supply of corporate guarantee provided between related parties as one per cent of the amount of such guarantee offered, or the actual consideration, whichever is higher

(c) to clarify through the circular that after the insertion of the said sub-rule, the value of such supply of services of corporate guarantee provided between related parties would be governed by the proposed sub-rule (2) of rule 28 of CGST Rules, 2017, irrespective of whether full ITC is available to the recipient of services or not.

3. Provision for automatic restoration of provisionally attached property after completion of one year: The Council has recommended an amendment in sub-rule (2) of Rule 159 of CGST Rules, 2017 and FORM GST DRC-22 to provide that the order for provisional attachment in FORM GST DRC-22 shall not be valid after expiry of one year from the date of the said order. This will facilitate release of provisionally attached properties after expiry of period of one year, without need for separate specific written order from the Commissioner.

4. Clarification on various issues related to Place of Supply: The Council has recommended to issue a Circular to clarify the place of supply in respect of the following supply of services:

(i) Supply of service of transportation of goods, including by mail or courier, in cases where the location of supplier or the location of recipient of services is outside India;

(ii) Supply of advertising services;

(iii) Supply of the co-location services.

5. Issuance of clarification relating to export of services-: The Council has recommended to issue a circular to clarify the admissibility of export remittances received in Special INR Vostro account, as permitted by RBI, for the purpose of consideration of supply of services to qualify as export of services in terms of the provisions of subclause (iv) of clause (6) of section 2 of the IGST Act, 2017.

6. Allowing supplies to SEZ units/ developer for authorised operations for IGST refund route by amendment in Notification 01/2023- Integrated Tax dated 31.07.2023: The Council has recommended to amend Notification No. 1/2023-Integrated Tax dated 31.07.2023 w.e.f. 01.10.2023 so as to allow the suppliers to a Special Economic Zone developer or a Special Economic Zone unit for authorised operations to make supply of goods or services (except the commodities like pan masala, tobacco, gutkha, etc. mentioned in the Notification No. 1/2023-Integrated Tax dated 31.07.2023) to the Special Economic Zone developer or the Special Economic Zone unit for authorised operations on payment of integrated tax and claim the refund of tax so paid.

**C. Other measures pertaining to law and procedures:**

1. Alignment of provisions of the CGST Act, 2017 with the provisions of the Tribunal Reforms Act, 2021 in respect of Appointment of President and Member of the proposed GST Appellate Tribunals: The Council has recommended amendments in section 110 of the CGST Act, 2017 to provide that:

- an advocate for ten years with substantial experience in litigation under indirect tax laws in the Appellate Tribunal, Central Excise and Service Tax Tribunal, State VAT Tribunals, by whatever name called, High Court or Supreme Court to be eligible for the appointment as judicial member;
- The minimum age for eligibility for appointment as President and Member to be 50 years;
- President and Members shall have tenure up to a maximum age of 70 years and 67 years respectively.

2. Law amendment with respect to ISD as recommended by the GST Council in its 50th meeting: GST Council in its 50th meeting had recommended that ISD (Input Service Distributor) procedure as laid down in Section 20 of the CGST Act, 2017 may be made mandatory prospectively for distribution of ITC in respect of input services procured by Head Office (HO) from a third party but attributable to both HO and Branch Office (BO) or exclusively to one or more BOs. The Council has now recommended amendments in Section 2(61) and section 20 of CGST Act, 2017 as well amendment in rule 39 of CGST Rules, 2017 in respect of the same.

*Source: PIB Press Release dated 07.10.2023*

## Notifications & Circulars

### Amend Notification No 11/2017-Central Tax (Rate) dated 28.06.2017

The Central Government vide the said Notification has amended the entry no. 8 and 10 related to passenger transport services and rental services of transport vehicles with operators respectively in Notification No. 11/2017-Central Tax (Rate) dated 28.06.2017 to provide that if the supplier of an input service charges central tax at a rate higher than 2.5%, the credit of input tax charged on the input service in the same line of business in excess of the tax paid or payable at the rate of 2.5% will not be allowed. Similar notifications have been passed under the Integrated Goods and Services Tax Act, 2017 and the Union Territory Goods and Services Tax Act, 2017 under Notification No. 15/2023- Integrated Tax (Rate) dated 19.10.2023 and Notification No. 12/2023-Union Territory Tax (Rate) dated 19.10.2023 respectively.

*Source: Notification No. 12/2023 - Central Tax (Rate) dated 19.10.2023*

### Amend Notification No 12/2017-Central Tax (Rate) dated 28.06.2017

The Central Government vide the said Notification has inserted a new serial number 3B in Notification No 12/2017- Central Tax (Rate) dated 28.06.2017, specifying services provided to Governmental Authorities i.e.

water supply, public health, sanitation conservancy, solid waste management, and slum improvement and upgradation which have been exempted from GST. It also amends the entries at serial no. 6, 7, 8 and 9 to insert "and the Ministry of Railways (Indian Railways)" after the words "Department of Posts". It shall come into force with effect from 20.10.2023. Similar notifications have been passed under the Integrated Goods and Services Tax Act, 2017 and the Union Territory Goods and Services Tax Act, 2017 under Notification No. 16/2023- Integrated Tax (Rate) dated 19.10.2023 and Notification No. 13/2023- Union Territory Tax (Rate) dated 19.10.2023 respectively.

*Source: Notification No. 13/2023 - Central Tax (Rate) dated 19.10.2023*

**Amend Notification No 13/2017- Central Tax (Rate) dated 28.06.2017**

The Central Government vide the said Notification has amended Notification No 13/2017- Central Tax (Rate) dated 28.06.2017 the entry at serial no. 5 and 5A so that supply of goods and services by Indian Railways shall be taxed under the Forward Charge Mechanism (FCM) and not Reverse Charge Mechanism to enable Indian Railways to avail ITC which would reduce the cost of Indian Railways. It shall come into force with effect from 20.10.2023. Similar notifications have been passed under the Integrated Goods and Services Tax Act, 2017 and the Union Territory Goods and Services Tax Act, 2017 under Notification No. 17/2023- Integrated Tax (Rate) dated 19.10.2023 and Notification No. 14/2023- Union Territory Tax (Rate) dated 19.10.2023 respectively.

*Source: Notification No. 14/2023 - Central Tax (Rate) dated 19.10.2023*

**Amend Notification No 15/2017- Central Tax (Rate) dated 28.06.2017**

